
അധികാരം ജനങ്ങളിലേക്ക്


ഒൻപതാം പദ്ധതി ജനകീയ പദ്ധതി



രായമംഗലം ഗ്രാമപഞ്ചായത്ത്
വികസന റിപ്പോർട്ട് 1996


കേരളം

ജില്ല : എറണാകുളം
താലൂക്ക് : കുന്നത്തുനാട്
പഞ്ചായത്ത് : രായമംഗലം




വാർഡുതിരിച്ചുള്ള ഭൂപടം

ജില്ല : എറണാകുളം
താലൂക്ക് : കുന്നത്തുനാട്
ബ്ലോക്ക് : കൂവപ്പടി
ഗ്രാമപഞ്ചായത്ത് : രായമംഗലം
വാർഡുകൾ : 12




രായമംഗലം ഗ്രാമപഞ്ചായത്ത് ഭരണസമിതി



എസ്. മോഹനൻ
(പ്രസിഡന്റ്)



കെ. കെ. മാധവൻ
(വൈസ് പ്രസിഡന്റ്)



അഡ്വ. ആർ. അജന്തകുമാർ
(സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ)

കമ്മിറ്റി അംഗങ്ങൾ	വാർഡ്
ശ്രീ. കെ. കെ. മാത്യൂക്കുഞ്ഞ്	1
ശ്രീമതി. അമ്മിണി വറുഗീസ്	2
ശ്രീ. എം. കെ. കൃഷ്ണൻകുട്ടി	3
ശ്രീ. പി. യു കോരത്	6
ശ്രീ. കെ. ശിവരാമൻ നായർ	7
ശ്രീമതി. ശ്യാമള സുധാകരൻ	8
ശ്രീമതി. സി. കെ. ശാന്ത	10
ശ്രീ. ടി. കെ. തോമസ്	11
ശ്രീമതി. ഉഷാദേവി ജയകൃഷ്ണൻ	12

എഡിറ്റർ

അഡ്വ. ആർ. അജന്തകുമാർ

എഡിറ്റോറിയൽ ബോർഡ്

ഇ. വി. ജോർജ്ജ്

കെ. എൻ. ഹരിദാസ്

ടി. എൻ. പുരുഷോത്തമൻ

വി. നാരായണൻ നായർ

കെ. എൻ. ശാരദ

സാബുപോൾ

മുഖചിത്രം തയ്യാറാക്കൽ


പി. ജി. ജോർജ്ജ്

ജീവനക്കാർ

1)	എൻ. കെ. സാവിത്രി	സെക്രട്ടറി (സ്പെഷ്യൽ ഗ്രേഡ്)
2)	ആർ. ശ്രീധരൻ കർത്താ	ഹെഡ് ക്ലാർക്ക്
3)	കെ. എസ്. രവി	യു. ഡി. ക്ലാർക്ക്
4)	ടി. എം. വിജയലക്ഷ്മി കുഞ്ഞമ്മ	യു. ഡി. ക്ലാർക്ക്
5)	എൻ. അംബികാദ്ദേവി	യു. ഡി. ക്ലാർക്ക്
6)	എൻ. നീലകണ്ഠൻ നായർ	എൽ. ഡി. ക്ലാർക്ക്
7)	എ. വി. വറുഗീസ്	എൽ. ഡി. ക്ലാർക്ക്
8)	സി. ഇ. നാരായണൻ	എൽ. ഡി. ക്ലാർക്ക്
9)	പി. പി. പത്മനാഭൻ നായർ	പ്യൂൺ
10)	സി. കെ. കുഞ്ഞൻ	പ്യൂൺ
11)	വറുഗീസ് ശോശ	ഫുടെം സ്വീപ്പർ
12)	ഭാർഗ്ഗവി തങ്കപ്പൻ	ഫുടെം സ്വീപ്പർ

ഉള്ളടക്കം

1. ജനകീയ ആസൂത്രണ പ്രസ്ഥാനം
2. പഞ്ചായത്ത്, പൊതുവിതരണം
3. സാമൂഹ്യ, ഭരണചരിത്രം
4. ഭൂപ്രകൃതിയും വിഭവങ്ങളും
5. കൃഷിയും ജലസേചനവും
6. മൃഗസംരക്ഷണവും മത്സ്യബന്ധനവും
7. വ്യവസായം
8. ഊർജ്ജം, ഗതാഗതം
9. ആരോഗ്യം, കുടിവെള്ളം, പരിസരശുചിത്വം
10. വിദ്യാഭ്യാസം
11. ഭവനനിർമ്മാണം, സാമൂഹ്യക്ഷേമം
12. സംസ്ക്കാരം
13. വനിത
14. സഹകരണ മേഖല
15. പട്ടികജാതി, പട്ടികവർഗ്ഗം
16. വിഭവസമാഹരണം
17. ഉപസംഹാരം



1

ജനകീയ ആസൂത്രണ പ്രസ്ഥാനം

ആസൂത്രണ ചരിത്രത്തിലെ ധീരമായ കാൽവയ്പ്

വികസന പരിപാടികൾ ഏറ്റവും താഴെ തട്ടിൽ നിന്നും, ജനപങ്കാളിത്തത്തോടെ രൂപപ്പെടുത്തുകയും, നടപ്പിലാക്കുകയും ചെയ്യുകയാണ് ജനകീയാസൂത്രണപദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. അങ്ങിനെ ജനങ്ങളുടെ ആശയാഭിലാഷങ്ങളോട് ഏറ്റവും അടുത്തു നിൽക്കുന്നതും, അതുകൊണ്ട് തന്നെ കൂടുതൽ ഫലപ്രദവുമായ ഒരു പഞ്ചവത്സരപദ്ധി രൂപപ്പെടുത്താനും, നടപ്പിലാക്കാനും കഴിയുന്നതാണ്. വികസന പദ്ധതികളുടെ രൂപീകരണവും അവയുടെ നിർവ്വഹണവും ജനങ്ങളുടെ കൈകളിൽ എത്തിചേരുന്നതോടെ, പദ്ധതി പ്രവർത്തനങ്ങളോടുള്ള അവരുടെ നിസ്സംഗതയും നിസ്സഹകരണവും മാറുകയും, വികസന പരിപാടികളിലെ ജനപങ്കാളിത്തം വർദ്ധിക്കുകയും ചെയ്യും. ഒൻപതാം പദ്ധതി അടങ്കലിന്റെ35 40 ശതമാനം തുകയ്ക്ക് വരുന്ന പദ്ധതികൾ താഴെത്തട്ടിൽ രൂപപ്പെടുത്തപ്പെടുന്നതോടെ ജനകീയാസൂത്രണം ഒരു ചരിത്രസംഭവമായി മാറുകയാണ്.

നാലുപതിറ്റാണ്ടുകളിലെ എട്ടു പഞ്ചവത്സരപദ്ധതികളുടെ ഫലമായി കേരളത്തിൽ സേവന മേഖലകളിൽ ശ്രുതഗതിയിലുള്ള വളർച്ച ഉണ്ടായെങ്കിലും ഉല്പാദന മേഖലയിൽ ഭയാനകമായ മുരടിപ്പും തളർച്ചയും ഉണ്ടായിട്ടുണ്ടെന്ന തിരിച്ചറിവാണ്, പരമ്പരാഗത ആസൂത്രണ പ്രക്രിയയിൽ നിന്നും മാറിച്ചിന്തിക്കുവാൻ നമ്മെ നിർബദ്ധിതരാക്കിയത്. വിദ്യാഭ്യാസരംഗത്ത് നാം വികസിത രാജ്യങ്ങളുടെ നിലവാരത്തിലാണ്. ആരോഗ്യരംഗത്ത് ലോകരാജ്യങ്ങളുടെ മുൻപന്തിയിൽ എത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. നമ്മുടെ പൊതുവിതരണ ശ്രംഘല ഏറ്റവും മികച്ചതാണ്. കുടിവെള്ളം, ഗതാഗതം തുടങ്ങിയ മേഖലകളിൽ മുൻപന്തിയിൽ നിൽക്കാൻ നമ്മുക്ക് കഴിഞ്ഞിട്ടുണ്ട്. പക്ഷെ കാർഷിക, വ്യാവസായിക മേഖലകളിൽ നാം വളരെ പിറകിലാവുകയാണ്. അതുകൊണ്ട് തന്നെ അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ ക്രമാതീതമായി ഉയരുന്നു. ഗൾഫ് മലയാളികളിലൂടെയും, റബ്ബർ ഉൾപ്പെടെയുള്ള നാണ്യവിളകളുടെ വില്പനയിലൂടെയും കേരളത്തിലെത്തിചേരുന്ന വലിയ സമ്പത്തിനെ ഉല്പാദമേഖലകളിൽ ഫലപ്രദമായരീതിയിൽ ഉപയോഗിക്കേണ്ടതിനുപകരം, കെട്ടിടനിർമ്മാണം ഉൾപ്പെടെയുള്ള ആഡംബരകാര്യങ്ങൾക്കായി ചിലവഴിച്ചു കൊണ്ടിരിക്കുന്ന സാഹചര്യമാണ് ഉള്ളത്. വിദ്യാസമ്പന്നമായ തൊഴിൽ സേനയും, നല്ലതോതിലുള്ള സാമ്പത്തിക വിഭവശേഷിയും,ഉല്പന്നങ്ങൾക്കുള്ള നല്ല വിപണിയും ഉണ്ടായിട്ടും ഇവയെ പലപ്രദമായി പ്രയോജനപ്പെടുത്തുന്നതിൽ നമ്മുടെ ഉല്പാദന മേഖല ദയനീയമാംവിധം പരാജയപ്പട്ടിരിക്കുന്നു. ഈ പ്രതിസന്ധിയെ ഒരു സാമൂഹ്യ, സാമ്പത്തിക, രാഷ്ട്രീയ വെല്ലുവിളിയായി തിരിച്ചറിഞ്ഞ് പരിഹാരം കാണാനുള്ള ധീരമായ ശ്രമമാണ് കേരള സർക്കാരിന്റെ ജനകീയ ആസൂത്രണ പദ്ധതി. ജനങ്ങളിൽ അചഞ്ചലമായ വിശ്വാസവും, രാഷ്ട്രീയമായ ഇച്ഛാശക്തിയും ഉള്ളതുകൊണ്ടാണ്, ചരിത്രത്തിൽ സമാനതകളോ, മാതൃകകളോ ഇല്ലാത്ത ഈ പരീക്ഷണത്തിന് കേരളാ ഗവൺമെന്റ് തയ്യറായിട്ടുള്ളത്.

അധികാര വികേന്ദ്രീകരണത്തോടൊപ്പം ആസൂത്രണപ്രക്രിയയും വികേന്ദ്രീകരിച്ചുകൊണ്ട് പുതിയൊരു വികസന രാഷ്ട്രീയ സംസ്കാരത്തിലൂടെ, പഞ്ചായത്തിരാജ് എന്ന ആശയം അതിന്റെ എല്ലാ അർത്ഥങ്ങളോടെയും നമ്മുടെ സംസ്ഥാനത്ത് യാഥാർത്ഥ്യമാവുകയാണ്. തദ്ദേശസ്വയഭരണ വകുപ്പിന്റെ സഹകരണത്തോടെ സംസ്ഥാന ആസൂത്രണ ബോർഡിനാണ് ഈപരിപാടിയുടെ ചുമതല. ബഹുഃ മുഖ്യമന്ത്രി ശ്രീ. ഇ.കെ. നായനാർ രക്ഷാധികാരിയും, ഐക്യകേരളത്തിന്റെ പ്രഥമ മുഖ്യമന്ത്രി ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട് അദ്ധ്യക്ഷനും, മുൻ മുഖ്യമന്ത്രിമാരും, രാഷ്ട്രീയ നേതാക്കളും, സാംസ്കാരിക നായകരും, വിദ്യാഭ്യാസ വിചക്ഷണരും, ശാസ്ത്ര സാങ്കേതിക വിദഗ്ധരും അഗംങ്ങളുമായി വിപുലമായ ഒരു ഉന്നതല മാർഗ്ഗ നിർദ്ദേശകസമിതി രൂപീകരിക്കപ്പെട്ടിട്ടുണ്ട്. ഈ സമിതിയുടെ മാർഗനിർദ്ദേശത്തിൻ കീഴിൽരൂപം കൊള്ളുന്ന വമ്പിച്ച ജനകീയാസൂത്രണ പ്രസ്ഥാനം ഭാവി കേരളത്തിന്റെ വളർച്ചയിൽ നിർണായക പങ്ക് വഹിക്കുക തന്നെ ചെയ്യും. ജില്ലാതലത്തിൽ ജില്ലാ ആസൂത്രണ സമിതിക്കാണ് പ്രവർത്തനങ്ങളെ ഏകോപിപ്പിക്കു ന്നതിനുള്ള ചുമതല. പദ്ധതിയുടെ രൂപീകരണത്തിനായി സംസ്ഥാന,ജില്ലാ, പഞ്ചായത്ത് തലങ്ങളിൽ വിപുലമായ പരിശീലക നിരയും രൂപപ്പെട്ടുകഴിഞ്ഞിരിക്കുകയാണ്.


സെപ്തംബർ 10,11,12 തീയതികളിലായി പെരുമ്പാവൂരിൽ വച്ച് നടന്ന ജില്ലാതല പരിശീലന പരിപാടിയിൽ നമ്മുടെ പഞ്ചായത്തിൽ നിന്നും അഡ്വ.ആർ. അജന്ത്കുമാർ, ഇ.വി. ജോർജ്ജ് , പി. നാരായണൻ നായർ, ടി.എൻ. പുരുഷോത്തമൻ, കെ.എൻ. ഹരിദാസ്, സാബു പോൾ, ഒ.കെ. ബാബു, സി.പി. ദാനിയേൽ, അഡ്വ.എ. സിന്ധു, ജി. ആനന്ദ്കുമാർ, എൻ.സി. ബേബി, എം.എം. പുരുഷോത്തമൻ എന്നിവർ പങ്കെടുത്തു. തുടർന്ന് സെപ്തംബർ 19 നു കുറുപ്പുംപടിയിലുള്ള കമ്മ്യൂണിറ്റി ഹാളിൽ വച്ച് പഞ്ചായത്ത് തല ഏകദിന ശില്പശാല സംഘടിപ്പിക്കപ്പെട്ടു. വിവിധ വാർഡുകളിൽ നിന്നും ഉള്ള 47 പേർക്ക് അന്ന് പരിശീലനം നൽകുകയുണ്ടായി. ഒന്നാംഘട്ട പരിശീലന പരിപാടികൾ പൂർത്തീകരിക്കപ്പെട്ടതോടെ, വിപുലമായ പ്രചാരണ പരിപാടികളുടെ മുന്നൊരുക്കത്തോടെ ഗ്രാമസഭായോഗങ്ങൾ വിളിച്ചു ചേർക്കപ്പെട്ടു.

സെപ്തംബർ 21 മുതൽ ഒക്ടോബർ 5 വരെയുള്ള അവധി ദിവസങ്ങളിൽ ചേർന്ന ഗ്രാമസഭകൾ വർദ്ധിച്ച ജനപങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി. എന്നാൽ വനിതകളുടെയും, ദുർബ്ബലവിഭാഗങ്ങളുടെയും പങ്കാളിത്തം ശരാശരിയിൽ താഴെയായിരുന്നു. ശരാശരി നൂറിഅൻപതിൽ കൂടുതൽ പേർ ഗ്രാമസഭകളിൽ പങ്കെടുത്തിട്ടുണ്ട്. ഉദ്യോഗസ്ഥ പങ്കാളിത്തം പല വാർഡുകളിലും നാമമാത്രമായിരുന്നു. ഗ്രാമസഭായോഗങ്ങളുടെ ഉൽഘാടന ചടങ്ങിനെ തുടർന്ന് ജില്ലാതല പരിശീലനം ലഭിച്ചവർ, "ഒൻപതാം പദ്ധതിയും, ജനകീയ ആസൂത്രണ പ്രസ്ഥാനവും" എന്ന വിഷയത്തെ അധികരിച്ച് സംക്ഷിപ്തമായി ക്ലാസ്സുകൾ എടുത്തു. ജനങ്ങളിലുള്ള പരമ്പരാഗത വികസന സങ്കല്പത്തിന്റെ സ്ഥാനത്ത്

പുതിയ വികസന ദർശനം ഫലപ്രദമായി പകർന്നു കൊടുക്കാൻ ഒരു പരിധിവരെ പരിശീലകർക്ക് കഴിഞ്ഞിട്ടുണ്ട്. തുടർന്ന് 12 വിഷയഗ്രൂപ്പുകളെ സൗകര്യാർത്ഥം 5 ഗ്രൂപ്പായി തിരിച്ച് ഗ്രൂപ്പ് ചർച്ചകളാണ് നടന്നത്. രണ്ട് മണിക്കൂറിൽ കുറയാത്ത വിധം ഫലപ്രദമായ ചർച്ചകൾ ഗ്രൂപ്പുകളിൽ നടന്നിട്ടുണ്ട്. ചർച്ചയിലെ നിർദ്ദേശങ്ങൾ കൺവീനർമാർ എഴുതി റിപ്പോർട്ടാക്കുകയും, തുടർന്ന് പഞ്ചായത്ത് വികസന സെമിനാറിൽ പങ്കെടുക്കേണ്ട പ്രതിനിധികളെ തിരഞ്ഞെടുക്കുകയും ചെയ്തു. ഗ്രൂപ്പ് ചർച്ചയുടെ മിനിറ്റ്സ് റിപ്പോർട്ടുകൾ കൺവീനർമാർ ഗ്രാമസഭയിൽ അവതരിപ്പിച്ചതോടെ ഗ്രാമസഭാ നടപടികൾ സമാപിക്കുകയുണ്ടായി. "ഒന്നും ശരിയാവില്ല" എന്ന ചിന്താഗതി ജനമനസ്സുകളിൽ നിന്നും അകറ്റിക്കൊണ്ട്, നാം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെപ്പറ്റിയുള്ള തികഞ്ഞ അവബോധത്തോടെ, കക്ഷിരാഷ്ട്രീയ ചിന്താഗതികൾക്കതീതമായി ക്രിയാത്മകവും സജീവവുമായ ചർച്ചയും നിർദ്ദേശങ്ങളും ഒരു പരിധിവരെ ഗ്രാമസഭകളിൽ നടന്നിട്ടുണ്ടെന്നത് പ്രതീക്ഷയ്ക്ക് വകനൽകുന്നു.

വസ്തുതകളുടെ അടിസ്ഥാനത്തിൽ മാത്രമേ ആസൂത്രണം യാഥാർത്ഥ്യമാക്കാൻ കഴിയുകയുള്ളൂ. ഇതിനായി സ്ഥിതി വിവരക്കണക്കുകൾ അനിർവാര്യമായി മാറുന്നു. ഇത്തരം സ്ഥിതി വിവരണക്കണക്കുകൾ ദേശീയ തലത്തിലും, സംസ്ഥാന തലത്തിലും വിപുലമായി ശേഖരിക്കപ്പെട്ടിട്ടുണ്ടെങ്കിലും പ്രാദേശിക തലത്തിൽ ഇവ ലഭ്യമല്ല. ഈ ദൗർബല്യം പരിഹരിക്കപ്പെടാതെ പ്രാദേശിക ആസൂത്രണം പൂർണ്ണമാക്കാൻ കഴിയുകയില്ല. ആയതിനാൽ ഇത്തരം സ്ഥിതി വിവരക്കണക്കുകൾ സമാഹരിക്കുന്നതിനുള്ള ശ്രമങ്ങളാണ് തുടർന്ന് നടന്നത്. വിവിധ സർക്കാർ ഏജൻസികളിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കപ്പെട്ട ഇത്തരം സ്ഥിതി വിവരക്കണക്കുകൾ വസ്തുതാപരമായി ശരിയാവണമെന്നില്ല. ഈ പോരായ്മ ദൂരീകരിക്കുന്നതിനായി പഞ്ചായത്തിലൂടെ ചിട്ടപ്പെടുത്തിയ രീതിയിൽ തലങ്ങും, വിലങ്ങും നടന്ന് പ്രാഥമിക വിവരങ്ങളും ശേഖരിക്കപ്പെട്ടിട്ടുണ്ട്. പ്രാഥമിക വിവരങ്ങളുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് തല വിഭവ ഭൂപടവും തയ്യാറാക്കപ്പെട്ടിട്ടുണ്ട്. വിവിധ സർക്കാർ ആഫീസുകളുമായി ബന്ധപ്പെട്ട് 8 ാം പദ്ധതിക്കാലത്ത് നടന്നതും നടന്നുകൊണ്ടിരിക്കുന്നതുമായ സ്കീമുകളുടെ അവലോകന റിപ്പോർട്ടും തയ്യാറാക്കപ്പെട്ടിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിന്റെ സാമൂഹിക സാംസ്ക്കാരിക ചരിത്രവും ഇതോടൊപ്പം തയ്യാറാക്കപ്പെട്ടിരിക്കുന്നു. ഇതോടൊപ്പം ഗ്രാമസഭാറിപ്പോർട്ടുകളും ദ്വിതീയ സ്ഥിതി വിവരക്കണക്കുകളും ക്രോഡീകരിക്കപ്പെട്ടതോടെ, വികസന റിപ്പോർട്ടിനുള്ള എല്ലാ പശ്ചാത്തല വിഭവങ്ങളും, സാഹചര്യങ്ങളും സജ്ജമാക്കപ്പെട്ടു. താഴെ പറയുന്ന ജില്ലാപരിശീലകരുടെ ചുമതലയിലാണ് വിവിധ പ്രവർത്തനങ്ങൾ സംഘടിക്കപ്പെട്ടത്.

പ്രവർത്തനം	ചുമതലക്കാർ
1. വികസന റിപ്പോർട്ട് എഴുതി തയ്യാറാക്കൽ	അഡ്വ: ആർ.അജന്ത്കുമാർ, ഇ.വി. ജോർജ്ജ് പി. നാരായണൻനായർ, ടി.എൻ. പുരുഷോത്തമൻ, കെ.എൻ. ഹരിദാസ്, സാബു പോൾ,എൻ.സി. ബേബി
2. ഭൂപട നിർമ്മാണം	പി.ജി. ജോർജ്ജ്
3. ചരിത്രസമാഹരണം	പി.കെ. ഗോപാലൻ നായർ, കെ.കെ. മാധവൻ
4. ദ്വിതീയ സ്ഥിതിവിവരക്കണക്കുകളുടെയും ഗ്രാമസഭാ റിപ്പോർട്ടുകളുടെയും ക്രോഡീകരണം	ജി. ആനന്ദ് കുമാർ, ഒ.കെ. ബാബു, എൻ.പി. അജയകുമാർ, ബെന്നി വറുഗീസ്




2

പഞ്ചായത്ത് പൊതുവിവരണം

പഞ്ചായത്ത് പൊതുവിവരണം

പഞ്ചായത്തിന്റെ പേര്	:	രായമംഗലം ഗ്രാമപഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജുകൾ	:	രായമംഗലം വില്ലേജും, പെരുമ്പാവൂർ വില്ലേജിലെ ഇരിങ്ങോൾ, കുറുപ്പുംപടി , വടക്കാട്ടുപടി ഭാഗവും
ബ്ലോക്ക്പഞ്ചായത്ത്	:	കൂവ്വപ്പടി ബ്ലോക്ക് പഞ്ചായത്ത്
ബ്ലോക്ക്പഞ്ചായത്ത് ഡിവിഷനുകൾ	:	1. കുറുപ്പംപടി 2. പുല്ലുവഴി
താലൂക്ക്	:	കുന്നത്തുനാട്
അസ്സംബ്ലിമണ്ഡലം	:	പെരുമ്പാവൂർ
വിസ്തീർണ്ണം	:	36.77 ചതുരശ്രകിലോമീറ്റർ
അതിർത്തികൾ	:	വടക്ക് : കൂവ്വപ്പടി, മുടക്കുഴ പഞ്ചായത്തുകൾ കിഴക്ക് : അശമന്നൂർ, പായിപ്ര പഞ്ചായത്തുകൾ തെക്ക് : മഴുവന്നൂർ പഞ്ചായത്ത് പടിഞ്ഞാറ് : വെങ്ങോല പഞ്ചായത്ത്, പെരുമ്പാവൂർ മുനിസിപ്പാലിറ്റി
ജനസംഖ്യ	:	30,259 (91 ലെ സെൻസസ്സ്) പുരു. : 15,250 സ്ത്രീ. : 15,009
വാർഡുകൾ	:	12
പ്രസിഡന്റ്	:	ശ്രീ. എസ്സ്. മോഹനൻ
വൈ. പ്രസിഡന്റ്	:	ശ്രീ. കെ.കെ. മാധവൻ
സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ	:	അഡ്വ. ആർ. അജന്ത് കുമാർ



൩

സാമൂഹ്യഭരണ ചരിത്രം

ഇപ്പോഴത്തെ എറണാകുളം ജില്ലയിൽ ആദ്യകാലത്ത് രൂപികരിക്കപ്പെട്ട പഞ്ചായത്തുകളിലൊന്നാണ് രായമംഗലം. 1953 ൽ രൂപികരിക്കപ്പെട്ട പഞ്ചായത്തിന്റെ വിസ്തീർണ്ണത്തിലും അതിർത്തികളിലും നാളിതുവരെ മാറ്റങ്ങളൊന്നും ഉണ്ടായിട്ടില്ല. പുരാതനമായ കുറുപ്പംപടി മർത്തമറിയംപള്ളിയും, പ്രസിദ്ധമായ കൂട്ടുമഠം ക്ഷേത്രവും ഈ പഞ്ചായത്തിലാണ് സ്ഥിതിചെയ്യുന്നത്. പഞ്ചായത്ത് രൂപികരണത്തിന് മുൻപ്, തിരുവിതാകൂറിലെ ചില ഗ്രാമങ്ങളിൽ മാത്രം രൂപികരിക്കപ്പെട്ടിരുന്ന "വില്ലേജ് അപ്ലിഫ്റ്റ് സെന്റർ" രായമംഗലത്തും നിലവിൽ വന്നിരുന്നു. അന്നത്തെ ശ്രീമൂലം പ്രജാസഭയിൽ എം.എൽ.സി ആയിരുന്ന കെ.പി. കൊച്ചുകോരിതു തരകന്റെ നേത്രത്വത്തിലായിരുന്നു അപ്ലിഫ്റ്റ് സെന്റർ രൂരികരിക്കപ്പെട്ടത്. തുടർന്ന് തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളോടെ വില്ലേജ് യൂണിയൻ പ്രവർത്തനം ആരംഭിച്ചു. ശ്രീ. എം.വി. ഇട്ടൂപ്പായിരുന്നു പ്രസിഡന്റ്. പിന്നീട് തിരു-കൊച്ചി പഞ്ചായത്ത് ആക്ട് അനുസരിച്ച് പഞ്ചായത്ത് രൂപികരണത്തോടൊപ്പം നിലവിലുണ്ടായിരുന്ന വില്ലേജ് യൂണിയൻ ഭരണസമിതിയെ പഞ്ചായത്ത് കമ്മിറ്റിയായും പ്രഖ്യാപിച്ചു. 1953 ൽ തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് കമ്മിറ്റിയുടെ പ്രസിഡന്റ് ശ്രീ. എം.വി. ഇട്ടൂപ്പ് തന്നെയായിരുന്നു. അതിനുശേഷം 1963 ൽ നടന്ന തിരഞ്ഞെടുപ്പിൽ ശ്രീ. പി.കെ.ഗോപാലൻ നായർ പ്രസിഡന്റും, ശ്രീ. എം.ജി. രാമകൃഷ്ണനായർ വൈസ് പ്രസിഡന്റും ആയുള്ള ഭരണസമിതിയും 1979 ൽ ശ്രീ. ആർ. എം.രാമചന്ദ്രൻ പ്രസിഡന്റും, ശ്രീ. കെ.എം. കുര്യാക്കോസ് വൈസ് പ്രസിഡന്റും ആയുള്ള ഭരണ സമിതിയും തെരഞ്ഞെടുക്കപ്പെട്ടു. 1988 ൽ ശ്രീ. ആർ. എം. രാമചന്ദ്രൻ വീണ്ടും പ്രസിഡന്റായും ശ്രീ. പി.പി. വറുഗീസ് വൈസ് പ്രസിഡന്റായും ഉള്ള ഭരണസമിതിയും നിലവിൽ വന്നു. 1995 ലെ തിരഞ്ഞെടുപ്പിനെ തുടർന്ന് ശ്രീ.എസ്സ്. മോഹനൻ പ്രസിഡന്റും, ശ്രീ. കെ.കെ. മാധവൻ വൈസ് പ്രസിഡന്റും, ശ്രീമാന്മാർ കെ.കെ. മാത്തുക്കുഞ്ഞ്, എം.കെ. കൃഷ്ണൻകുട്ടി, അഡ്വ.ആർ. അജന്ത്കുമാർ, പി.യു. കോരത്, കെ.ശിവരാമൻനായർ, ടി.കെ. തോമസ്, ശ്രീമതിമാർഅമ്മിണി വറുഗീസ്, ശ്യാമള സുധാകരൻ, സി.കെ. ശാന്ത, ഉഷാദേവി ജയകൃഷ്ണൻ എന്നിവർ അംഗങ്ങളായും ഉള്ള ഭരണസമിതിയും നിലവിൽ വന്നു.

കൃഷിയാണ് പഞ്ചായത്തിലെ ജനങ്ങളുടെ മുഖ്യതൊഴിൽ. നെല്ല്, തെങ്ങ്, റബ്ബർ എന്നിവയാണ് പ്രധാന കൃഷികൾ. പഞ്ചായത്തിന്റെ കിഴക്കൻ ഭാഗങ്ങൾ പൊതുവേ ഉയർന്ന പ്രദേശമാണ്. ഏറ്റവും ഉയർന്ന പ്രദേശം വാർഡിലെ 606 ഭാഗവും, താഴ്ന്ന പ്രദേശങ്ങൾ XI-ാം വാർഡിലെ വട്ടയ്ക്കാട്ടുപടി പാടശേഖരവുമാണ്. കിഴക്കുനിന്നും പടിഞ്ഞാറോട്ട് ചരിഞ്ഞാണ് പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പ്. പെരിയാറിന്റെയും, മൂവാറ്റുപുഴയാറിന്റെയും ഇടയിലാണ് പഞ്ചായത്തിന്റെ സ്ഥാനം. പെരിയാർവാലി ഇറിഗേഷൻ പ്രോജക്ടിന്റെ ഹൈലവൽക്കനാലും മെയിൻകനാലും പഞ്ചായത്തിലൂടെ കടന്നുപോകുന്നതിനാൽ നെൽപാടങ്ങൾ ഭൂരിഭാഗവും മൂന്ന് പൂവ് കൃഷി ചെയ്യാൻ സാധിക്കുന്നുണ്ട്. പണ്ട് കാലത്ത് പുൽതൈലം, ഇഞ്ചി, എന്നിവയുടെ പ്രധാന വിപണന കേന്ദ്രമായിരുന്നു പഞ്ചായത്തിന്റെ വടക്കനതിർത്തിയിലുള്ള കുറുപ്പുംപടി ടൗൺ. എന്നാൽ ഇപ്പോൾ കുറുപ്പുംപടിയുടെ വാണിജ്യപ്രാധാന്യം നഷ്ടപ്പെട്ടിരിക്കുകയാണ്. എം.സി. റോഡും, ആലുവ മൂന്നാർ റോഡുമാണ് പഞ്ചായത്തിലൂടെ കടന്നു പോകുന്ന പ്രധാന റോഡുകൾ. എങ്കിലും പഞ്ചായത്തിനുള്ളിൽ ഇപ്പോഴുള്ള ഗതാഗത സൗകര്യങ്ങൾ തീർത്തും അപര്യാപ്തമാണ്. വ്യവസായ രംഗത്ത് പഞ്ചായത്ത് ഇപ്പോഴും പിന്നോക്കമാണ്. ജലസേചനം, ഗതാഗതം, വിദ്യുച്ഛക്തി, വ്യവസായം ,എന്നീ രംഗങ്ങളിൽ നേട്ടങ്ങൾ ഉണ്ടാക്കാനായാൽ പഞ്ചായത്തിന്റെ സമഗ്ര വികസനം ഉറപ്പുവരുത്താൻ കഴിയും. ഏകദേശം 12 ലക്ഷം രൂപായോളം വാർഷിക വരുമാനമുള്ള രായമംഗലം, സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്താണ്.

ദേശീയ പ്രസ്ഥാനത്തിന്റെയും, കർഷക പ്രസ്ഥാനത്തിന്റെയും പ്രവർത്തനങ്ങൾ തുടക്കത്തിൽ തന്നെ പഞ്ചായത്തുപ്രദേശത്തും നടന്നിരുന്നു. തിരുവിതാംകൂറിൽ സ്റ്റേറ്റ് കോൺഗ്രസ്സ് പ്രവർത്തനം ആരംഭിച്ച കാലയളവിൽ തന്നെ ശ്രീ. ടി.എം. ഐസക്കിന്റെയും, എ.കെ. കേശവപിള്ളയുടെയും നേതൃത്വത്തിൽ പഞ്ചായത്തിലും പ്രവർത്തനങ്ങൾ നടന്നിരുന്നു. ജാതി ചിന്തയ്ക്കും അനാചാരങ്ങൾക്കും അയിത്താചരണത്തിനും എതിരായുള്ള നവോത്ഥാനപ്രസ്ഥാനവും നമ്മുടെ പഞ്ചായത്തിൽ ശക്തിയാർജ്ജിച്ചിരുന്നു. ഈ രംഗത്ത് ശ്രീ. പി.കെ.പി. നമ്പൂതിരിയുടെ നേതൃത്വത്തിൽ സവർണ്ണരും, അവർണ്ണരും ഒരുമിച്ച് നടത്തിയ മിശ്രഭോജനം എടുത്തു പറയേണ്ടതാണ്. ഇടതുപക്ഷ പുരോഗമന പ്രസ്ഥാനങ്ങളുടെ ശക്തിയും, സ്വാധീനവും, നവോത്ഥാന ദേശീയ പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകരുന്നതിന് സഹായിച്ചിട്ടുണ്ട്. പഞ്ചായത്തിനുള്ളിലെ ആദ്യ വിദ്യാലയം 1890 ൽ കീഴില്ലത്താരംഭിച്ച എൽ. പി. സ്കൂളാണ്.

30 കളിലും 40 കളിലും കേരളമെങ്ങും ശക്തിയാർജ്ജിച്ച സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിനും, കർഷക പ്രസ്ഥാനത്തിനും പഞ്ചായത്തിൽ ആഴത്തിൽ വേരോട്ടമുണ്ടായിരുന്നു. അതോടൊപ്പം വിദ്യാർത്ഥി യൂണിയൻ പ്രവർത്തനങ്ങളും ശ്രീമാന്മാർ പി. ഗോവിന്ദപിള്ള, എസ്സ് ശിവശങ്കരപ്പിള്ള (ഇടപ്പിള്ളി ശിവൻ), കെ.പി. ഗംഗാധരൻ നായർ എന്നിവരുടെ നേതൃത്വത്തിൽ ശക്തിപ്പെട്ടിരുന്നു. ശ്രീ പി.കെ. ഗോപാലൻ നായരുടെയും, ശ്രീ. കെ.എൻ.ജി. കർത്തായുടെയും, പി.എൻ. കൃഷ്ണൻ നായരുടെയും (മേതല) നേതൃത്വത്തിൽ കർഷക പ്രസ്ഥാനവും പഞ്ചായത്തിനുള്ളിൽ സജീവ സാന്നിദ്ധ്യം ഉറപ്പിച്ചിരുന്നു. ദിവാനായിരുന്ന സർ. സി.പി. യുടെ നേതൃ

ത്വത്തിൽ സ്വതന്ത്ര്യ തിരുവിതാംകൂർ വാദം ശക്തിപ്പെട്ടപ്പോൾ കോൺഗ്രസ്സിന്റെയും, വിദ്യാർത്ഥിയൂണിയന്റെയും, കർഷക പ്രസ്ഥാനത്തിന്റെയും നേതൃത്വത്തിൽ എതിർ പ്രവർത്തനങ്ങളും പ്രചരണങ്ങളും ഉയർന്നു വന്നിരുന്നു. പഞ്ചായത്തിൽ ഉൾപ്പെടുന്ന പുല്ലുവഴി പ്രദേശം ആദ്യകാല ഇടതുപക്ഷ പുരോഗമന പ്രസ്ഥാനങ്ങളുടെ ശക്തിസ്രോതസ്സായിരുന്നു. കമ്മ്യൂണിസ്റ്റ് പാർട്ടി രൂപീകരിക്കപ്പെട്ടതിനെ തുടർന്ന് ഇവിടെയും സംഘടിത പ്രവർത്തനങ്ങൾ നടന്നിരുന്നു. സർവ്വശ്രീ. **പി. ഗോവിന്ദപിള്ള, പി.കെ.പി. നമ്പൂതിരി, ഇടപ്പിള്ളി ശിവൻ, പി.എസ്. ജനാർദ്ദനൻ പിള്ള, കെ. മാധവൻകർത്താ, എം.റ്റി. തോമസ്സ്, കെ.എസ്. നാരായണൻ കർത്താ** എന്നിവരായിരുന്നു. ആദ്യകാല കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് സാരഥ്യം വഹിച്ചവരിൽ ചിലർ.

ഭൂപരിഷ്ക്കരണം നടപ്പിലാക്കുന്നതിന് മുൻപ് കുറെ ജന്മിമാരുടെ വകയായിരുന്നു ഭൂമിയെല്ലാം. കല്ലറയ്ക്കൽ തരകൻ, ഞാളൂർ കർത്താക്കന്മാർ, കാരിമറ്റത്ത് കർത്താക്കന്മാർ, കക്കുഴിക്കാട്ടിൽ കർത്താക്കന്മാർ, ചേനക്കര കർത്താക്കന്മാർ, കിടങ്ങൂർ ദേവസ്വം, പൂത്തില്ലം മന, മുണ്ടോർക്കര മന, താഴഞ്ചേരി മന, കുറുപ്പുംപടി പള്ളി, എന്നിവരായിരുന്നു പ്രധാന ജന്മിമാർ. ഫ്യൂഡൽ ജന്മിത്വത്തിന്റെ സ്വാധീനത്തെയും കരുത്തിനെയും അതിജീവിച്ച് സ്വന്തം പേരിൽ ഭൂമിയുണ്ടാക്കാൻ വളരെക്കുറച്ചുപേർക്കു മാത്രമേ സാധിച്ചിരുന്നുള്ളൂ. ഭൂപരിഷ്ക്കരണം നടപ്പിലായതോടെ, ഏകദേശം മൂവ്വായിരത്തോളം കുടുംബക്കാർ ഭൂവുടമകളായി മാറി. 85 ശതമാനത്തോളം പേർ ഭൂമിയുടെ ഉടമകളായത് ഭൂപരിഷ്ക്കരണ നിയമം പ്രാബല്യത്തിലായതോടുകൂടിയാണ്. ഈ നിയമം നടപ്പിലാക്കുന്നതിനു വേണ്ടി കർഷക സംഘത്തിന്റെ നേതൃത്വത്തിൽ ഉജ്ജ്വലമായ സമര പരിപാടികൾ പഞ്ചായത്തിലും നടന്നിരുന്നു. ഭൂരിപക്ഷം ജനങ്ങളും ഭൂവുടമകളായതോടുകൂടി വിദ്യാഭ്യാസ, ആരോഗ്യ, സാമൂഹ്യക്ഷേമരംഗങ്ങളിൽ വമ്പിച്ച മുന്നേറ്റം തന്നെ ഉണ്ടായി. രായമംഗലം പഞ്ചായത്തിന്റെ കാർഷിക മുഖച്ഛായയിൽ പ്രകടമായ മാറ്റം ഭൂപരിഷ്ക്കരണത്തെ തുടർന്നാണ് ഉണ്ടായിട്ടുള്ളത്. നെല്ല് പോലെയുള്ള ഹ്രസ്വകാല വിളകൾക്ക് പകരം തെങ്ങ് ഉൾപ്പെടെയുള്ള ദീർഘകാലവിളകൾ പ്രാബല്യത്തിലായതും ഭൂപരിഷ്ക്കരണത്തെ തുടർന്നായിരുന്നു. കാർഷിക രംഗത്തെ പഴയ പ്രശ്നങ്ങൾക്ക് പകരം, പുതിയ പ്രശ്നങ്ങൾ ഉടലെടുത്തത് തുടർന്നാണ്. കാർഷിക സമ്പദ്ഘടന, നാണ്യവിളകളുടെ കൃഷി വർദ്ധിച്ചതിലൂടെ, കരുത്താർജ്ജിച്ചെങ്കിലും ഭക്ഷ്യധാന്യോല്പാദനത്തിൽ പ്രകടമായ കുറവ് അനുഭവപ്പെട്ടതായി കാണാം. റബ്ബർ തുടങ്ങിയ നാണ്യവിളകളുടെ വരവോടെ കാർഷിക മേഖലയിൽ ഉണ്ടായ വരുമാനം പ്രത്യുല്പാദനപരമായ മേഖലകളിലേക്ക് തിരിച്ചുവിടാൻ കഴിയാതിരുന്നത് വലിയൊരു പ്രതിസന്ധിക്ക് കാരണമായിരിക്കുകയാണ്. വ്യവസായ മേഖലയിൽ സാദ്ധ്യതക്കനുസരിച്ച തോതിലുള്ള മുതൽ മുടക്ക് ഇനിയും ഉണ്ടായിട്ടില്ലെന്ന് കാണാം.

രായമംഗലം പഞ്ചായത്ത് ഇന്നഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ താഴെ പറയുന്നവയാണ്.

1. **റബ്ബർ ഒഴികെയുള്ള കാർഷിക മേഖലയിൽ ഉണ്ടായിട്ടുള്ള മുരടിപ്പും, കുറഞ്ഞ ഉല്പാദനക്ഷമതയും**


2. **പരമ്പരാഗത, ചെറുകിട, ഇടത്തരം വ്യവസായമേഖലയിലെ കുറഞ്ഞ മുതൽമുടക്ക്.**

3. **ഉല്പാദന മേഖലയുടെ മുരടിപ്പുമൂലം ഉണ്ടായിട്ടുള്ള അഭ്യസ്ഥവിദ്യരുടെ തൊഴിലില്ലായ്മ. എന്നാൽ കാർഷിക മേഖലയിൽ പണിയെടുക്കുന്നതിന് തൊഴിലാളികളെ കിട്ടാനില്ലാത്ത അവസ്ഥയും ഉണ്ട്.**

4. **വിദ്യാഭ്യാസ രംഗത്തെ ഗുണനിലവാരക്കുറവ്.**


5. **ഗതാഗതം, ഊർജ്ജം, കുടിവെള്ളം, ഭവന നിർമ്മാണം, ശുചിത്വം എന്നീ രംഗങ്ങളിലെ പിന്നോക്കാവസ്ഥ.**

6. **സാമ്പത്തിക സാമൂഹ്യ രംഗങ്ങളിൽ സ്ത്രീകളുടെയും ദുർബ്ബലവിഭാഗങ്ങളുടെയും പങ്കാളിത്തക്കുറവ്.**



4

ഭൂപ്രകൃതിയും വിഭവങ്ങളും


FROM PBR
To VENGADAM
To KOTTAPADY
To KOTHAMANGALUM
MAIN CANAL
FROM P.B.PDR
MAIN CANAL
HIGH LEVEL CANAL
P.V.J.P.
K.W.B. CANAL
RYM.B.C
ROAD B.C
DPHC
MPHC
I
II
III
IV
V
VI
VII
VIII
IX
X
XI

3847 ഹെക്ടർ വിസ്തൃതിയുള്ള രായമംഗലത്തെ ഭൂപ്രകൃതിയനുസരിച്ച് മൂന്ന് മേഖലകളായിത്തിരിക്കാം.

1 കുന്നിൻ പ്രദേശങ്ങൾ

2 ചരിവു പ്രദേശങ്ങൾ

3 താഴ്വരകൾ

ഓരോ മേഖലകളുടെയും വിസ്തൃതി താഴെപ്പറയും വിധമാണ്.

പട്ടിക

ക്രമ നമ്പർ	തരം	വിസ്തീർണ്ണം (ഹെക്ടർ)	ആകെ	ശതമാനം
1	ഉയർന്നകുന്നിൻ പ്രദേശങ്ങൾ			
	മണ്ണില്ലാത ഭാഗം	32		
	നേരിയ മണ്ണുള്ള ഭാഗം	44.94	76.94	2
2	ചരിവുപ്രദേശങ്ങൾ			
	കുത്തനെ ചരിവ്	646.30		
	ഇടത്തരം ചരിവ്	577.5		
	ചെറുചെരിവ്	1084.4	2308.20	60
3	താഴ്വരകൾ	1461.86	1461.86	28
	ആകെ		3847.00	100

1 ഉയർന്ന കുന്നിൻ പ്രദേശങ്ങൾ

മൊത്തവിസ്തൃതിയിൽ 2 ശതമാനം വരുന്നു. പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങൾ ഇതിലുൾപ്പെടുന്നു. പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശങ്ങളാണ് പ്രധാനമായും ഉയർന്ന പ്രദേശങ്ങൾ. മണ്ണ് അല്പം പോലും ഇല്ലാത്ത കരിമ്പാറകൾ ഈ വിഭാഗത്തിൽ ഉൾപ്പെടുന്നു. കുറച്ചുമാത്രം മേൽ മണ്ണും അതിനടിയിൽ പാറകളും ഉള്ളപ്രദേശങ്ങളും ഇതിൽപ്പെടുന്നു

വാർഡുകളുടെ ഭാഗങ്ങളാണ് ഇതിൽ ഉൾപ്പെടുന്നത്. ഈ പാറകൾ പൊട്ടിക്കുന്നതിനുള്ളകരിങ്കൽ ക്വാറികൾ ഈ പ്രദേശങ്ങളിൽ പ്രവർത്തിച്ചു വരുന്നുണ്ട്.

2 ചരിവു പ്രദേശങ്ങൾ


വിസ്തൃതിയിൽ 60 ശതമാനം വരുന്ന ഭാഗമാണിത്. ഏറവും കൂടുതൽ വിസ്തൃതിയുള്ള ഭാഗവും ഇതാണ്. നിരവധി ചെറുകുന്നുകളും അവയുടെ ചെരിവുകളുമാണ് ഇതിലുൾപ്പെടുന്നത്. ഈ പ്രദേശങ്ങളിലാണ് വേനൽക്കാലത്ത് രൂക്ഷമായ ജലക്ഷാമം അനുഭവപ്പെട്ടുവരുന്നത്. തെങ്ങും, കശുമാവും കൃഷിചെയ്തിരുന്ന ഈ ഭാഗങ്ങൾ അടുത്തകാലത്തായി വൻതോതിൽ റബ്ബർ തോട്ടങ്ങളായി മാറിക്കഴിഞ്ഞു. മഴക്കാലത്ത് മണ്ണൊലിപ്പ് ഏറ്റവും കൂടുതൽ അനുഭവപെടുന്നതും ഈ ഭാഗത്താണ്. കൃഷിചെയ്യാത്ത ഭൂമി ഈ പ്രദേശത്ത് കുറവാണ്. എന്നാൽ ഗതാഗതത്തിന് അനുയോജ്യമായ റോഡുകൾ ഈ ഭാഗത്ത് വളരെക്കുറവാണ് II, X ഒഴികെയുള്ള വാർഡുകളുടെ നല്ലൊരു ഭാഗം സ്ഥലവും ഈ വിഭാഗത്തിലാണ് ഉൾപ്പെടുന്നത്. ചെങ്കല്ല് കലർന്ന ഫലപുഷ്ടിയുള്ള മണ്ണാണ് ഈ പ്രദേശങ്ങളിൽ കൂടുതലും കണ്ടുവരുന്നത്.

3 താഴ്വരകൾ


വിസ്തൃതിയിൽ 28 ശതമാനം വരുന്ന ഈ വിഭാഗത്തിൽ പ്രധാനമായും നെല്പാടങ്ങളും അവയോട് ചേർന്നുള്ള കരഭൂമിയുമാണ് ഉൾപ്പെടുന്നത്. പെരിയാർവാലിയുടെ ജലസേചന സൗകര്യം ഉള്ളതു കൊണ്ട് പാടശേഖരങ്ങളിൽ 85% വും 3 പുവ്വ് കൃഷി ചെയ്യുവാൻ സാധിക്കുന്നുണ്ട് മഴവെള്ളം ഒഴുകിയെത്തുന്ന പ്രദേശമായതിനാൽ ഈ ഭാഗങ്ങളിൽ ഫലപുഷ്ടിയുള്ള ചെളി മണ്ണാണ് കണ്ടു വരുന്നത് പാടശേഖരങ്ങളോട് ചേർന്നുള്ള സ്ഥലങ്ങളിൽ പ്രധാനമായും ജാതി, തെങ്ങ്, കമുക് എന്നിവ കൃഷി ചെയ്തു വരുന്നുണ്ട്. ജലസേചന സൗകര്യമുള്ള പ്രദേശമാണ് ഇത്. അടുത്തകാലത്തായി ഈ നെല്പാടങ്ങൾ നികത്തിയെടുക്കുന്ന പ്രവണത വർദ്ധിച്ചു വരുന്നു. മിക്കവാറും എല്ലാ വാർഡുകളിലും താഴ്വര പ്രദേശവും നെല്പാടങ്ങളും ഉണ്ട്.

പഞ്ചായത്തിന്റെ പൊതുവായ കിടപ്പ് കിഴക്കു നിന്നും പടിഞ്ഞാറോട്ട് ചരിഞ്ഞാണ്. ജനസാന്ദ്രത ഏതാണ്ട് എല്ലാ വാർഡുകളിലും തുല്യമായ വിധത്തിലാണ്. പഞ്ചായത്ത് Central Midland Zone എന്ന കാർഷിക മേഖലയിലാണ് ഉൾപ്പെടുന്നത്.

ശരാശരി 3254 മി. മീറ്റർ മഴ വർഷം തോറും പഞ്ചായത്തിൽ ലഭിക്കുന്നുണ്ട്. ഏറ്റവും കൂടുതൽ മഴ (740 മി. മീറ്റർ) ജൂൺ മാസത്തിലും ഏറ്റവും കുറവ് (15 മി. മീറ്റർ) ജനുവരി മാസത്തിലുമാണ് ലഭിക്കുന്നത്. കാലവർഷക്കാലത്ത് 2400 മി. മീറ്ററും, തുലാവർഷക്കാലയളവിൽ 682 മി. മീറ്ററും മഴ ലഭിച്ചു വരുന്നുണ്ട്. അന്തരീക്ഷ താപനില ഏറ്റവും കൂടുതൽ 32.5° Celcius ഏപ്രിൽ മാസത്തിലും, കുറവ് ഡിസംബർ മാസത്തിലും(22.9) ആണ് അനുഭവപ്പെടുന്നത് ജൂൺ, ജൂലൈ, ആഗസ്റ്റ്, സെപ്തംബർ എന്നീ മാസങ്ങളിൽ കൂടിയ തോതിലും ഒക്ടോബർ, നവംബർ മാസങ്ങളിൽ കുറഞ്ഞതോതിലും മഴ ലഭിച്ചു വരുന്നു. ഡിസംബർ, ജനുവരി എന്നീ മാസങ്ങളിൽ തണുപ്പു കാലവും, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ വേനലും അനുഭവപ്പെടുന്നു ഇടമഴകൾ കാര്യമായി



അന്തരീക്ഷ ഊഷ്മാവ് (മാസം തോറും)



ലഭിക്കുന്ന മഴ (മാസക്കണക്കിന്)

ലഭിക്കാറില്ല.

മഴയുടെ അടിസ്ഥാനത്തിൽ ശരാശരി ജലലഭ്യതയുണ്ടെങ്കിലും ഈ ജലത്തിൽ ഭൂരിഭാഗവും മൂവാറ്റുപുഴയാറിലും, പെരിയാറിലും എത്തിച്ചേർന്ന് നഷ്ടപ്പെടുകയാണ്. മുടത്തോട്, കോഴിക്കത്തോട്, വലിയതോട്, ചെറിയതോട്, വായ്ക്കരത്തോട്, മണ്ണപ്പിള്ളിത്തോട് എന്നിവയാണ് പ്രധാന തോടുകൾ. ഇവയിൽ ചെറിയതോടും, വലിയതോടും, മൂവാറ്റുപുഴയാറിലും, മറ്റുള്ളവ പെരിയാറിലും എത്തിച്ചേരുന്നു. ചെറുതും വലുതുമായ 32 കുളങ്ങൾ പഞ്ചായത്തിൽ ഉണ്ട്. ഇവയിൽ പകുതുയിലധികം കുളങ്ങളിലും വേനൽക്കാലത്ത് ആവശ്യത്തിന് വെള്ളം ഉണ്ടാകാറില്ല. ഭൂഗർഭജലം നാളിതുവരെ ഫലപ്രദമായി ചൂഷണം ചെയ്യാൻ നമുക്ക് കഴിഞ്ഞിട്ടില്ല.

ഫലപുഷ്ടിയുള്ള മണ്ണാണ് പഞ്ചായത്തിൽ പൊതുവേയുള്ളത്. വളരെ ആഴത്തിൽ മണ്ണുണ്ട്. കളിമണ്ണും ചരലും ചേർന്ന മണ്ണാണ് പൊതുവേ കണ്ടുവരുന്നത്. നല്ലവണ്ണം നീർവാഴ്ചയുള്ള ചെറിയ ചെരുവ് പ്രദേശമാണ് പൊതുവേയുള്ളത്.

പഞ്ചായത്തിൽ തരിശുസ്ഥലം വളരെ കുറവാണ്. മൊത്തം ഭൂമിയുടെ 90 ശതമാനവും കാർഷികഭൂമിയാണ്. ഇവയിൽ തന്നെ $^{2}/_{3}$ ഭാഗവും പുരയിടവും. 30 ശതമാനത്തിൽ താഴെ മാത്രമാണ് നിലം.

ജൈവ സമ്പത്ത്

പഞ്ചായത്തിലെ പ്രധാന മൃഗസമ്പത്ത് ആട്, മാട്, കോഴി എന്നിവയാണ്. അപൂർവ്വ ഇനത്തിലുള്ള പക്ഷി മൃഗങ്ങളൊന്നും കാണപ്പെടുന്നില്ല. സസ്യസമ്പത്തിൽ പ്രധാനം കാർഷിക വിളകളിൽ ഉൾപ്പെടുന്ന ഇനങ്ങളാണ്. വനവൃക്ഷങ്ങളുടെ ഇനത്തിൽപ്പെട്ട തേക്ക്, മഹാഗണി, തമ്പകം, ഇരുപുള്ള് എന്നിവ കാണപ്പെടുന്നു.

മനുഷ്യവിഭവം


1991 സെൻസസ്സ് കണക്കനുസരിച്ച് 6272 വീടുകളിലായി 30259 ആണ് ജനസംഖ്യ. പുരുഷന്മാർ 15250 ഉം സ്ത്രീകൾ 15009 ഉം ആണ്. 6 വയസ്സിൽ താഴെയുള്ള 1665 ആൺകുട്ടികളും 1562 പെൺകുട്ടികളും ഉണ്ട്. പട്ടികജാതി വിഭാഗത്തിൽ 1885 പുരുഷന്മാരും, 1919 സ്ത്രീകളും ആണ് ഉള്ളത്. പട്ടികവർഗ്ഗ വിഭാഗത്തിൽ 12 പുരുഷന്മാരും 2 സ്ത്രീകളും ആണ് ഉള്ളത്. പുരുഷന്മാരിൽ 12901 പേരും, സ്ത്രീകളിൽ 11803 പേരും സാക്ഷരരാണ്. 6 വയസ്സിനുമേൽ പ്രായമുള്ള 27032 പേരിൽ 24704 പേരാണ് സാക്ഷരരായിട്ടുള്ളത്. ഇത് ഏകദേശം 91.39% വരും. ജനസംഖ്യാവർദ്ധനവിന്റെ തോത് സംസ്ഥാനജില്ലാ ശരാശരിയേക്കാൾ കുറവാണ്. ജനന നിരക്കിലെ കുറവാണ് ഇതിന് കാരണം. പഞ്ചായത്തിലെ സ്ഥിരതാമസക്കാരായിട്ടുള്ളവർ മറ്റു സ്ഥലങ്ങളിലേക്ക് കുടിയേറുന്ന പ്രവണത കുറവാണ്. ശരാശരി വീടൊന്നിന് 4.82 ആളുകൾ ഉണ്ട്. ചതുരശ്ര കി. മീറ്ററിന് 822.92 ആണ് ജനസാന്ദ്രത. സംസ്ഥാനതല ജനസാന്ദ്രതയായ 749 നേക്കാൾ കൂടുതലാണ് ഇത്.

വിഭവഭൂപട നിർമ്മാണം

പ്രകൃതി വിഭവങ്ങളെ സംബന്ധിച്ചും അവയുടെ വിനിയോഗത്തെ സംബന്ധിച്ചും സമഗ്രമായ വിവരങ്ങൾ ഉൾക്കൊള്ളുന്നതാണ് വിഭവ ഭൂപടം. വില്ലേജ് തലത്തിലുള്ള സർവ്വേ നമ്പർ അടിസ്ഥാനത്തിലാണ് വിവരങ്ങൾ രേഖപ്പെടുത്തുന്നത്. ഓരോ സർവ്വേ നമ്പരിലെയും പ്രശ്നങ്ങളും വിഭവസാദ്ധ്യതയും രേഖപ്പെടുത്തുന്ന ഈ പ്രിക്രിയയ്ക്ക് ദീർഘനാളത്തെ പരിശ്രമവും വിപുലമായ ജനപങ്കാളിത്തവും അനിവാര്യമാണ്. പരിമിതമായ സമയത്തിനുള്ളിൽ സമഗ്രമായ വിഭവഭൂപടം തയ്യാറാക്കാൻ പരിമിതികളുള്ളതുകൊണ്ട് ഭൂപ്രകൃതി, കൃഷി, സ്ഥാപന, ജലവിഭവ, ഗതാഗത മേഖലകളെ ഉൾപ്പെടുത്തിയുള്ള ഭൂപടമാണ് തയ്യാറാക്കപ്പെട്ടിട്ടുള്ളത്. വമ്പിച്ച തോതിലുള്ള ജനപങ്കാളിത്തവും സന്നദ്ധ പ്രവർത്തനവും ഉൾപ്പെടുത്തി വിപുലവും, ആധികാരികവും, സമഗ്രവുമായ ഒരു വിഭവ ഭൂപടം തയ്യാറാക്കുന്നതാണ്.

സാമൂഹിക സാമ്പത്തിക സർവ്വേ

ആസൂത്രണപ്രക്രിയ പൂർണ്ണമാകണമെങ്കിൽ, അത് പഞ്ചായത്തിലെ പക്ഷിമൃഗസമ്പത്ത്, മനുഷ്യ വിഭവം, ജനങ്ങളുടെ ജീവീത നിലവാരം, കുടുംബവിവരങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി തയ്യാറാക്കുന്നതായിരിക്കണം. വിഭവഭൂപട സർവ്വേ, സർവ്വേ പ്ലോട്ടടിസ്ഥാനത്തിലാണെങ്കിൽ, സാമൂഹിക, സാമ്പത്തിക സർവ്വേ കുടുംബാടിസ്ഥാനത്തിലായിരിക്കും. വീടുകൾ തോറും കയറിയിറങ്ങി വിവരങ്ങൾ ശേഖരിക്കുന്നതിന് സന്നദ്ധ പ്രവർത്തനവും സാമാന്യം ദീർഘമായ സമയവും ആവശ്യമാണ്. ജനകീയ ആസൂത്രണത്തിനായുള്ള ചുരുങ്ങിയ സമയം കൊണ്ട് ഇത് നടപ്പിലാക്കാൻ കഴിയുന്നതല്ല. എങ്കിലും തുടർപ്രവർത്തനങ്ങളുടെ ഭാഗമായി പഞ്ചായത്ത് അടിസ്ഥാനത്തിൽ സാമ്പത്തിക, സാമൂഹ്യ സർവ്വേ നടത്താൻ തീരുമാനിച്ചിട്ടുണ്ട്.



5

കൃഷിയും ജലസേചനവും

കൃഷിയും ജലസേചനവും

ഒരു കാർഷികപഞ്ചായത്താണ് രായമംഗലം ഭൂരിപക്ഷം ജനങ്ങളുടേയും മുഖ്യതൊഴിൽ കൃഷിയാണ്. ഈ നൂറ്റാണ്ടിന്റെ മധ്യത്തോടെ ജന്മികുടിയാൻ ബന്ധത്തിൽ വന്നമാറ്റം വളരെയധികം ഭൂഉടമകളെ സൃഷ്ടിച്ചു. ദേവസ്വങ്ങളുടേയും പള്ളികളുടേയും ഒരു കൂട്ടം ജന്മിമാരുടേയും പേരിലുണ്ടായിരുന്ന കൃഷിഭൂമികൾ ഭൂപരിഷ്കരണ നിയമത്തെതുടർന്ന് കൈവശകൃഷികാർക്ക് ലഭിച്ചു. ഏതാണ്ട് മുവ്വായിരത്തോളം പേരാണ് ഇങ്ങിനെ ഭൂഉടമകളായി മാറിയത്. സ്വന്തം ഭൂമിയിൽ കൃഷിചെയ്യാൻ അവസരവും അവകാശവും ലഭിച്ചതിനെതുടർന്ന് കാർഷികരംഗത്ത് എൺപതുകളുടെ തുടക്കംവരെ വൻപിച്ച കുതിച്ചു ചാട്ടം ഉണ്ടായി. അത്യുൽപാദന ശേഷിയുള്ള വിത്തിനങ്ങളുടെ കണ്ടുപിടുത്തം, രാസവളപ്രയോഗരീതി, കൂട്ടുകൃഷി സമ്പ്രദായം, യന്ത്രവൽക്കരണ കൃഷിരീതി, എന്നീ ഘടകങ്ങൾ ഈ കുതിച്ചുചാട്ടത്തിന് വഴിയൊരുക്കി.

പഞ്ചായത്തിലെ പ്രധാനകൃഷിയായിരുന്ന നെൽകൃഷിയുടെ സ്ഥാനത്ത് തെങ്ങ് കൃഷിയും, പിന്നീട് തെങ്ങ് കൃഷിരോഗബാധയും മറ്റും മൂലം ലാഭകരമല്ലാതായപ്പോൾ, കൂടുതൽ ആദായകരമായ റബ്ബർ കൃഷിയും സ്ഥാനം പിടിച്ചിരിക്കുകയാണ്. ഇപ്പോൾ പഞ്ചായത്തിലെ മുഖ്യകൃഷി റബ്ബർകൃഷിയാണ്. അടുത്ത കാലങ്ങളിൽ റബ്ബറിനുണ്ടായ നല്ല വിലയാണ് കർഷകരെ റബ്ബർ കൃഷിയിലേക്ക് തിരിയാൻ പ്രേരിപ്പിച്ചിട്ടുള്ളത്. ജലസേചനസൗകര്യം ആവശ്യമില്ലെന്നതും റബ്ബർ കൃഷിയെ ആകർഷകമാക്കുന്നു. കഴിഞ്ഞ 10 വർഷക്കാലയളവിനുള്ളിൽ ഉല്പാദനത്തിലും ഉല്പാദനക്ഷമതയിലും വർദ്ധനവുണ്ടായിട്ടുള്ളത് റബ്ബർ കൃഷിയിൽ മാത്രമാണ്.

ഒരു കാലത്ത് കുറുപ്പംപടി ചുക്കിനും പുൽതൈലത്തിനും വലിയ പ്രശസ്തിഉണ്ടായിരുന്നു. എന്നാൽ ഇന്ന് ആ പ്രാധാന്യം നമുക്ക് കൈമോശം വന്നിരിക്കുകയാണ്. ഇഞ്ചിയുടെയും പുൽതൈലത്തിന്റെയും ഉല്പാദനം പഞ്ചായത്തിൽ വളരെ പിറകോട്ട് പോയിരിക്കുകയാണ്. ഇവ കൃഷിചെയ്യിരിക്കുന്ന ഭൂമിയിൽ റബ്ബറും പൈനാപ്പിളും മറ്റും കൃഷിചെയ്യുതുടങ്ങിയതും ഇഞ്ചിക്കും മറ്റും ഉണ്ടാകുന്ന വർദ്ധിച്ച കീടബാധയും ഇവയുടെ കൃഷി കുറയാനിടയാക്കിയിട്ടുണ്ട്. ജനസംഖ്യയിലുണ്ടായ വർദ്ധനവ് കാർഷികഭൂമിയെ കൂടുതൽ തുണ്ട് വൽക്കരിച്ചതും കാരണമാണ്. പഞ്ചായത്തിലെ പ്രധാന കൃഷികളുടെ അവസ്ഥ നമുക്ക് പ്രത്യേകം പരിശോധിക്കാം.

നെൽകൃഷി

പഞ്ചായത്തിലെ ഏതാണ്ട് 28 ശതമാനം സ്ഥലത്ത് നെൽകൃഷി നിലവിലുണ്ട്. ഏതാണ്ട് 85 ശതമാനം പാടശേഖരങ്ങളിലും പെരിയാർ വാലി ജലസേചനപദ്ധതിയുടെ വെള്ളം ഉപയോഗിക്കുന്നുണ്ട്. താഴ്വാരപ്രദേശമാണ് കൂടുതലും പാടശേഖരമായി മാറിയിട്ടുള്ളത്. പതിനൊന്നാം വാർഡിലാണ് ഏറ്റവും കൂടുതൽ പാടശേഖരമുള്ളത്. രണ്ടാം വാർഡിൽ മൊത്തം വിസ്തൃതിയുടെ പകുതിയിലധികവും പാടശേഖരമാണ്. നെൽകൃഷി സ്ഥലമില്ലാത്ത ഏക വാർഡ് മൂന്നാം വാർഡാണ്. പതിനഞ്ച് വർഷം മുൻപുവരെ നമ്മുടെ പഞ്ചായത്ത് നെൽകൃഷിയുടെ രംഗത്ത് സ്വയം പര്യാപ്തമായിരുന്നു. ആ സമയങ്ങളിൽ പഞ്ചായത്തിലെ പുല്ലുവഴി, വട്ടക്കാട്ടുപടി പ്രദേശങ്ങളുടെ പ്രധാന വ്യവസായമായിരുന്നു. നെല്ലുകുത്തു വ്യവസായം. ഈ മില്ലുകളിലേക്ക് എത്തിയിരുന്ന നെല്ലിൽ ഭൂരിഭാഗവും പഞ്ചായത്തിലെ പാടശേഖരങ്ങളിൽ നിന്നായിരുന്നു. എന്നാൽ ഇന്ന് ഗതാഗതയോഗ്യമായ സ്ഥാനങ്ങളിലുള്ള പാടങ്ങൾ മിക്കവയും മണ്ണിട്ട് നികത്തി പുരയിടങ്ങളാക്കുന്ന പ്രവണതയാണ് കാണുന്നത്. ഇങ്ങനെയുള്ള മണ്ണിട്ട് നികത്തൽ പരിസ്ഥിതിപ്രശ്നങ്ങൾക്കും വെള്ളക്കെട്ടിനും കാരണമാകുന്നു. നെൽകൃഷി ചെയ്തിരുന്ന ഒരുപ്പുനിലങ്ങളും ഇരുപ്പുനിലങ്ങളും ഇന്ന് റബ്ബർ തോട്ടങ്ങളാക്കി മാറ്റുന്ന പ്രവണതയും കണ്ടുവരുന്നു.

പട്ടിക

	ഭൂവിനിയോഗം.	വിസ്തീർണ്ണം.
1.	നെല്ല് ഒന്നാം വിള	810 ഹെക്ടർ
2.	നെല്ല് രണ്ടാം വിള	810 ഹെക്ടർ
3.	നെല്ല് മൂന്നാം വിള	730 ,,
4.	തെങ്ങ്	780 ,,
5.	റബർ	550 ,,
6.	പൈനാപ്പിൾ	150 ,,
7.	വാഴ	140 ,,
8.	മരച്ചീനി	30 ,,
9.	കുരുമുളക്	30 ,,
10.	കശുമാവ്	4 ,,
11.	കമുക്	22 ,,
12.	ജാതി	50 ,,
13.	കൊക്കൊ	50 ,,
14.	ഗ്രാമ്പൂ	1.5 ,,
15.	ഇഞ്ചി	55 ,,
16.	മഞ്ഞൾ	5 ,,
17.	വെറ്റില	4 ,,
18.	എള്ള്	12 ,,
19.	പയർ	15 ,,
20.	പച്ചക്കറി	12 ,,

ഈ പഞ്ചായത്തിൽ 12 വാർഡുകളിലായി ഒൻപതു പാടശേഖരനെല്ലുൽപാദക സമിതികൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം നടത്തിവരുന്നു. കർഷകരുടെ കൂട്ടായ കൃഷിരീതികൾക്ക് ഈ സമിതികൾ രൂപം നൽകി പ്രവർത്തിക്കുന്നു.

പട്ടിക

നമ്പർ	പാടശേഖരസമിതിയുടെ പേര്	വാർഡുകൾ
1.	ഇരിങ്ങോൾ നോർത്ത് പാടശേഖരസമിതി	I
2.	പൊന്നിടായി പാടശേഖരസമിതി	II
3.	രായമംഗലം പാടശേഖരസമിതി	IV
4.	വായ്ക്കര പാടശേഖരസമിതി	V
5.	കീഴില്ലം പാടശേഖരസമിതി	VI, VII
6.	പുല്ലുവഴി ഈസ്റ്റ് പാടശേഖരസമിതി	VIII
7.	പുല്ലുവഴി സൗത്ത് പാടശേഖരസമിതി	IX
8.	പുല്ലുവഴി നോർത്ത് പാടശേഖരസമിതി	X XI
9.	ഇരിങ്ങോൾ സൗത്ത് പാടശേഖരസമിതി	XII

അഞ്ചാം വാർഡായ വായ്ക്കരയിലെ പാടശേഖരങ്ങളിൽ 85 ശതമാനം സ്ഥലത്തും ഇരുപ്പുകൃഷിയാണ് നടക്കുന്നത്. ജലസേചനസൗകര്യമില്ലാത്തതുകൊണ്ടാണ് മൂന്ന് പൂവ് കൃഷി ചെയ്യാൻ സാധിക്കാത്തത്.

പഞ്ചായത്തിൽ മൂന്ന് പൂവ് കൃഷിചെയ്യുന്ന പാടങ്ങൾ പൊതുവെ ഫലപുഷ്ടിക്കുറവുള്ളതായാണ് കാണുന്നത്. ജൈവവളങ്ങൾ കാര്യമായി ഉപയോഗിക്കാത്തത് ഫല പുഷ്ടിക്കുറവിനുള്ള പ്രധാനകാരണമാണ്. പാടശേഖരങ്ങളിൽ വെള്ളം കെട്ടിക്കിടക്കുന്നതും വായു സഞ്ചാരക്കുറവും വിളവ് കുറയുന്നതിനുള്ള കാരണമാണ്. നമ്മുടെ പാടശേഖരങ്ങളിലെ ശരാശരി ഉല്പാദനം സംസ്ഥാന ശരാശരിയേക്കാൾ കൂടുതലാണ്. പാടശേഖരങ്ങളിൽ വെള്ളക്കെട്ടുകൂടി ഫലപ്രദമായി നിയന്ത്രിക്കാനായാൽ വിളവ് ഇനിയും വർദ്ധിപ്പിക്കാനാകും. കൂട്ടുകൃഷിസമ്പ്രദായം നടപ്പിലാക്കിയാൽ കീടനാശിനികളുടെ ഉപയോഗം കുറച്ചും കാർഷികപണികൾ ലഘൂകരിച്ചും ചിലവുകൾ കുറക്കാൻ കഴിയുന്നതിലൂടെ ലാഭം വർദ്ധിപ്പിക്കുവാൻ കഴിയും. പാടശേഖരങ്ങളിലേക്ക് ട്രാക്ടർ ഉൾപ്പെടെയുള്ള കൃഷിയന്ത്രങ്ങൾ കൊണ്ടുവരുന്നതിനും വിളവെടുപ്പിനുശേഷം ഉല്പന്നങ്ങൾ തിരിച്ച് വാഹനങ്ങളിൽ കൊണ്ടുപോകുന്നതിനും, ആവശ്യമായ ഫാം റോഡുകൾ ഇല്ലെന്ന പോരായ്മയുണ്ട്. കർഷകകുടുംബങ്ങളിലെ അഭ്യസ്ഥവിദ്യരായ ചെറുപ്പക്കാർ കാർഷിക വൃത്തിയോട് വിമുഖതകാട്ടുന്നതും കർഷകതൊഴിലാളികൾ ഈ രംഗത്തുനിന്നും കൂടുതൽ കൂലി കിട്ടുന്ന മേഖലകളിലേക്ക് മാറുന്നതും വലിയ പ്രശ്നങ്ങളാണ്.

കർഷകതൊഴിലാളികളുടെ കൂലി നിരക്ക്

പുരുഷന്മാർ	120 രൂ
സ്ത്രീകൾ	70 രൂ

ഇതിനേക്കാൾ കൂലി കിട്ടുന്ന നിർമ്മാണ ജോലിക്കും, കരിങ്കൽ ക്വാറി പണികൾക്കും പോകാനാണ് കർഷക തൊഴിലാളികൾ താല്പര്യം കാണിക്കുന്നത്. കൃഷിയുടെ തുടക്കം മുതൽ കൊയ്യും മെതിക്കലും വരെ യന്ത്രവൽക്കരിക്കേണ്ടതിന്റെ ആവശ്യകതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

രോഗബാധയും നെല്ല് കൃഷിഅനാദായകരമാക്കുന്നതിൽ പങ്കുവഹിക്കുന്നു. പ്രധാന രോഗങ്ങൾ പോളരോഗങ്ങൾ മുട് ചീയൽ, ബ്ലാസ്റ്റ് എന്നിവയാണ്. പ്രധാന കീടങ്ങൾ തണ്ടുതുരപ്പൻ, മുഞ്ഞ, ചാഴി

ശാസ്ത്രീയമായ മണ്ണ് പരിശോധന നടത്തി അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ വളപ്രയോഗം നടത്തിയും ആവശ്യം വേണ്ട ശാസ്ത്രീയകൃഷിരീതികൾ അവലംബിച്ചും പാടശേഖരങ്ങളിലെ വെള്ളക്കെട്ട് മാറ്റിയും, നെൽകൃഷി കൂടുതൽ ലാഭകരമാക്കി മാറ്റാൻ സാധിക്കേണ്ടതുണ്ട്.

തെങ്ങ്

ഭൂപരിഷ്ക്കരണ നിയമത്തെ തുടർന്ന് കൃഷിക്കാരന് സ്വന്തം പേരിൽ ഭൂമി ലഭിച്ചതോടെ ദീർഘകാലവിളകൾ വ്യാപകമായി. തെങ്ങായിരുന്നു അവയിൽ ഏറ്റവും പ്രധാനം. ഏതാണ്ട് 1980 വരെ സാധാരണ കൃഷിക്കാരുടെ പ്രധാന വരുമാനം നാളികേരത്തിൽ നിന്നായിരുന്നു. ഒരു പൂവ് കൃഷി ചെയ്തിരുന്ന പാടങ്ങളിലും പ്രധനപാടശേഖരങ്ങളുടെ പാർശ്വങ്ങളിലും തെങ്ങ് കൃഷിവ്യാപകമായി. കേരളത്തനിമ തോന്നിക്കുന്ന ഒരു പഞ്ചായത്തായിരുന്നു നമ്മുടേത്. എന്നാൽ ഇന്ന് ആ സ്ഥിതിക്കാകെ മാറ്റം വന്നിരിക്കുന്നു. തെങ്ങിനെ മാരകമായി ബാധിച്ചിരിക്കുന്ന കാറ്റുവീഴ്ച, മഞ്ഞളിപ്പ് എന്നീ രോഗങ്ങൾ ഉല്പാദനം കുത്തനെ ഇടിയുന്നതിന് കാരണമായിരിക്കുന്നു. ഇടത്തരം കാർഷികകുടുംബങ്ങളെയാണ് ഇത് പ്രധാനമായും ബാധിച്ചിട്ടുള്ളത്. പെരിയാർവാലി ജലസേചനപദ്ധതിയുടെ പ്രയോജനം , നെൽകൃഷി കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ലഭിച്ചിട്ടുള്ളത് തെങ്ങ് കൃഷിക്കാണ്. ഇപ്പോൾ സംസ്ഥാന ശരാശരി ഉല്പാദനത്തേക്കാൾ കുറവാണ് പഞ്ചായത്തിലെ ഉല്പാദനം.

പെരിയാർവാലി കനാലിന്റെ മെയിൻ, ഹൈലെവൽ എന്നീ കനാലുകളും അവയുടെ ഉപകനാലുകളും പഞ്ചായത്തിലൂടെ പോകുന്നുണ്ടെങ്കിലും ഉയർന്ന പ്രദേശങ്ങളിൽ ജലസേചന സൗകര്യം കിട്ടാത്ത ഹെക്ടർ കണക്കിന് തെങ്ങിൻ തോട്ടങ്ങൾ ഇപ്പോഴും ഉണ്ട്. 780 ഹെക്ടർ സ്ഥലത്താണ് പഞ്ചായത്തിൽ തെങ്ങ് കൃഷി ഉള്ളത്. തെങ്ങ് കൃഷി ചെയ്തിരുന്ന പല സ്ഥലങ്ങളും ഇന്ന് റബർ കൃഷിയിലേക്കും പൈനാപ്പിൾ കൃഷിയിലേക്കും മാറിയിട്ടുണ്ട്. ഇപ്പോഴുള്ള തെങ്ങുകളുടെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ ജലസേചന സൗകര്യം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളിലൂടെ ഉയർന്ന പ്രദേശങ്ങളിൽ നടപ്പിലാക്കിയും കേടുവന്ന തെങ്ങുകൾ വെട്ടി മാറ്റി പകരം അത്യുൽപാദനശേഷിയുള്ള ഇനങ്ങൾ കൃഷിചെയ്യും ഈ രംഗത്ത് നിന്ന് ലാഭം നേടാൻ കഴിയേണ്ടതുണ്ട്. തെങ്ങ് കൃഷിയെ സാരമായി ബാധിക്കുന്ന കാറ്റ് വീഴ്ച രോഗത്തിന് പ്രതിവിധി കണ്ടെത്തണം. തെങ്ങ് കയറ്റതൊഴിലാളികളുടെ അഭാവം പരിഹരിക്കുന്നതിന് യന്ത്രസാമഗ്രികൾ വികസിപ്പിച്ചെടുക്കണം. പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് നാളികേരത്തിന്റേയും വെളിച്ചെണ്ണയുടെയും ഉപോൽപ്പന്നങ്ങൾ വ്യാവസായികമായി നിർമ്മിക്കാൻ സാദ്ധ്യത കണ്ടെത്തണം. സഹകരണ രീതിയിൽ കൃഷിരീതികൾ അവലംബിക്കുകയും മരുന്ന് തളിക്കുന്നതിന് കൂലി , തുരിശ് എന്നിവ സബ്സിഡി നിരക്കിൽ കൃഷിക്കാർക്ക് നൽകുകയും ചെയ്യണം. പ്രധാന രോഗങ്ങൾ കാറ്റുവീഴ്ച മഞ്ഞളിപ്പ്, ഓലചീയൽ എന്നിവയും കീടങ്ങൾ, കൊമ്പൻചെല്ലി, ചെമ്പൻചെല്ലി തെങ്ങോലപ്പുഴു എന്നിവയുമാണ്. പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു കേരവികസനസമിതി രജിസ്റ്റർ ചെയ്ത് പ്രവർത്തനം നടത്തി വരുന്നുണ്ട്.

റബർ

അടുത്തകാലത്ത് വൻതോതിൽ വ്യാപിച്ചകൃഷിയാണ് റബർ. പഞ്ചായത്തിലെ മൂന്ന്, അഞ്ച്. ആറ് വാർഡുകളിലെ പ്രധാന കൃഷി റബറാണ്. കന്നിൻചെരുവുകളിലെ ജലസേചന സൗകര്യം ഇല്ലാത്ത സ്ഥലങ്ങളിൽ ആണ് റബർകൃഷി വ്യാപകമായിട്ടുള്ളത്. നെൽവയലുകളും തെങ്ങിൻതോപ്പുകളും റബർതോട്ടങ്ങളായി മാറിക്കൊണ്ടിരിക്കുന്നു. ഇപ്പോൾ പഞ്ചായത്തിലെ നല്ലൊരു വിഭാഗം കൃഷിക്കാരുടെ മുഖ്യവരുമാനമാർഗ്ഗം റബറാണ്. നല്ലൊരു വിഭാഗം തൊഴിലാളികൾ ഈ മേഖലയിൽ പണിയെടുക്കുന്നു. 550 ഹമ. സ്ഥലത്ത് റബർകൃഷിയുണ്ട് സംസ്ഥാന ശരാശരിയേക്കാൾ ഉൽപാദനക്ഷമത കൂടുതലുണ്ടെങ്കിലും പട്ടമരപ്പ് ചിക്കപൊട്ടൽ എന്നീ രോഗങ്ങൾ ഇതിനെ ബാധിച്ചിട്ടുണ്ട്.

പൈനാപ്പിൾ

അടുത്തകാലം വരെ കാര്യമായി ഇല്ലായിരുന്നതും ഇപ്പോൾ അതിവേഗം വ്യാപിച്ചുവരുന്നതുമായ ഒരു കൃഷിയാണ് പൈനാപ്പിൾ. തെങ്ങിൻ തോപ്പുകളിലും തൈറസുറുകൾക്കിടയിലും ഇടവിളയായി ഇത് കൃഷിചെയ്യാം. ജസസേചനസൗകര്യം കൂടി ഉണ്ടായാൽ നല്ല ആദായം കിട്ടും. എന്നാൽ നമ്മുടെ പഞ്ചായത്തിൽ വിപണനകേന്ദ്രമോ സംസ്കരണകേന്ദ്രമോ ഇല്ലാത്തത് ന്യായവിലകിട്ടാതിരിക്കുന്നതിന് കാരണമാകുന്നു.

വാഴ

കുറെ നാൾമുമ്പുവരെ വ്യാപകമായയിണ്ടായിരുന്ന (നേന്ത്രനും മറ്റു നാടൻ ഇനങ്ങളും) ഇന്ന് വളരെക്കുറച്ചു സ്ഥലങ്ങളിൽ മാത്രമാണുള്ളത്. തെങ്ങിൻ തോപ്പിൽ ഇടവിളയായും തൈറബ്ബറുകൾക്കിയിലും കൃഷിചെയ്യാൻ സാധിക്കുന്ന വാഴ ജലസേചനസൗകര്യം കൂടി ഉണ്ടങ്കിൽ നല്ലലാഭം നേടാൻ

കഴിയുന്നതാണ്. അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങൾ ഇനിയും വ്യാപകമായി പ്രചാരത്തിലായിട്ടില്ല. മണ്ടയടപ്പ്, കുറുനാണ്, എന്നീരോഗങ്ങളും ചെല്ലിയുടെ ഉപദ്രവും കാറ്റും മൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങളും വലിയ ഭീഷണിയാണ്.

ജാതി

അതിവേഗം നശിച്ചുകൊണ്ടിരിക്കുന്ന ഒരു കൃഷിയാണ് ഇന്ന് ജാതി. വർഷങ്ങൾക്ക് മുൻപ് നല്ല ആദായം കിട്ടുന്ന മേഖലയായിരുന്നു ജാതികൃഷി. ദീർഘകാലാദായം കിട്ടുന്ന കൃഷിയാണ് ജാതി. വൻതോതിലുള്ള ഇറക്കുതിയെ തുടർന്ന് ജാതി വില ഇടഞ്ഞതാണ് ഈ കൃഷി അനാദായകര മാക്കിയിട്ടുള്ളത്. അതിനെ തുടർന്ന് ജാതിമരങ്ങൾ വെട്ടിമാറ്റി അവിടെ മറ്റ് കൃഷികൾ ചെയ്യുന്ന പ്രവണതയാണുള്ളത്.

കമുക്

അടുത്തകാലത്ത് വൻതോതിൽ കുറവു വന്ന മറ്റൊരു കൃഷിയാണ് കമുക്. ഇതിനെ ബാധിച്ച മഹാളി, മഞ്ഞളിപ്പ് തുടങ്ങിയ രോഗങ്ങളെ തുടർന്ന് ഉൽപാദനക്ഷമത വലിയ തോതിൽ കുറഞ്ഞതാണ് കർഷകർ മറ്റ് കൃഷികളിലേക്ക് മാറുവാൻ കാരണമായിട്ടുള്ളത്.

പച്ചക്കറി

നെൽപാടങ്ങളിൽ ഒന്നും രണ്ടും വിളവെടുപ്പിനെ തുടർന്ന് നമ്മുടെ കർഷരിൽ ഭൂരിപക്ഷവും പച്ചക്കറികൾ കൃഷി ചെയ്യാറുണ്ടായിരുന്നു. പയർ, പാവലം പടവലം, വെള്ളരി, മത്തൾ തുടങ്ങിയവ ഇങ്ങിനെ കൃഷിചെയ്യുമായിരുന്നു. എന്നാൽ പാടങ്ങളിൽ മൂന്ന് കൃഷിവ്യാപകമായതോടെ ഈ സാധ്യത ഇല്ലാതായി. റബ്ബർ കൃഷി വ്യാപകമായതോടെ ജലസേചിതമായ സ്ഥലങ്ങൾ കുറഞ്ഞതും പച്ചക്കറി കൃഷി കുറയുന്നതിന് കാരണമായിട്ടുണ്ട്. ഇപ്പോൾ നമുക്കാവശ്യമുള്ള പച്ചക്കറിക്കായി ഏതാണ്ട് പൂർണ്ണമായും മറ്റുസ്ഥലങ്ങളെ ആശ്രയിക്കേണ്ട അവസ്ഥയാണുള്ളത്. പഞ്ചായത്തിനുള്ളിൽ വിപുലമായി പച്ചക്കറികൃഷിനടത്തുന്ന കൃഷിക്കാരുടെ എണ്ണം വളരെ കുറവാണ്. ന്യായമായ വില ലഭിക്കുമെങ്കിലും വിപണനത്തിന് മറ്റ് പ്രദേശങ്ങളെ ആശ്രയിക്കേണ്ടതായിവരുന്നതും പ്രശ്നമാണ്.

നല്ലയിനം പച്ചക്കറിവിത്തുകൾ ലഭ്യമായി അടുക്കള ത്തോട്ടങ്ങൾ വ്യാപകമാക്കി അവരവർക്കാവശ്യമുള്ള പച്ചക്കറി എങ്കിലും ഉല്പാദിപ്പിക്കാൻ കഴിയേണ്ടതാണ്. കൂടുതൽ ഉല്പാദിപ്പിക്കുന്നവർക്ക് പഞ്ചായത്തിനുള്ളിൽതന്നെ വിപണന സൗകര്യം ഏർപ്പെടുത്തണം. കീടബാധയെ നിയന്ത്രിക്കാൻ മാരകമായ കാടനാശിനികൾക്ക് പകരം ജൈവകീടനാശിനികൾ ഉപയോഗിക്കാൻ പ്രചാരണവും നടത്തേണ്ടതുണ്ട്.

ഇഞ്ചി

ഒരു കാലത്ത് പ്രസിദ്ധമായിരുന്ന കുറുപ്പംപടിഇഞ്ചിക്ക് ഇന്ന് ഉൽപാദനത്തിന്റേയും വപണനത്തിന്റേയും മേഖലകളിൽ വളരെ പന്നോക്കം പോയിരിക്കുകയാണ്. വൻതോതിൽതന്നെ സംഭവിക്കുന്ന മൂടുചീയൽ തുടങ്ങിയ രോഗങ്ങളും മറ്റ് കീടബാധയും കാരണം പലപ്പോഴും കൃഷി നഷ്ടത്തിലാക്കുന്ന അവസ്ഥയാണുള്ളത്. വിളവെടുപ്പു സമയത്ത് വില തകർച്ചയുണ്ടായി കർഷകന് ന്യായവില കിട്ടാതെ വരുന്നതും സാധാരമാണ്. ഇടനിലക്കാർ ലാഭം മുഴുവൻ തട്ടിയെടുക്കുന്ന അവസ്ഥയ്ക്ക് പരിഹാരം കാണണം. സഹകരണാടിസ്ഥാനത്തിൽ റെഗുലേറ്ററി മാർക്കറ്റിംഗ് സംവിധാനം ഉണ്ടായാൽ കൃഷി കുറേക്കൂടി ലാഭകരമാക്കാനും അതു വഴിവ്യാപാകമാക്കാനും സാധിക്കുന്നതാണ്.

പുഷ്പകൃഷിയും ഔഷധകൃഷിയും പഞ്ചായത്തിൽ വികസിപ്പച്ചെയുക്കാവുന്നതാണ്. വളരെ ചെറിയ സ്ഥലത്തുപോലും പുഷ്പകൃഷി ചെയ്യാം. ആദായകരമായ വരുമാനം വീടുകലിലെ സ്ത്രീകൾക്ക് ഉണ്ടാക്കാൻ ഈ കൃഷി ഉപകരിക്കും. ആയുർവ്വേദമരുന്നുകളുടെ പ്രചാരണം വൻതോതിൽ വർദ്ധച്ചിട്ടുള്ളത് ഔഷധസസ്യകൃഷി ലാഭകരമാക്കാൻ കാരണമായിട്ടുണ്ട്. കൃഷിയോടൊപ്പം വിപണന സൗകര്യങ്ങൾ മെച്ചപ്പെടുത്തി ന്യായവിലയും ലാഭവും ഉറപ്പുവരുത്താനായാൽ തളർച്ച നേരിടുന്ന മുഴുവൻ കൃഷികളേയും പുനരുദ്ധരിക്കാൻ കഴിയും.


ജലസേചനം

കാർഷികമേഖലയിലെ വളർച്ചക്ക് ജലസേചന സൗകര്യങ്ങൾ അനിവാര്യമാണ്. റബ്ബർ ഒഴികെയുള്ള മിക്ക കൃഷിക്കും ജലസേചനം കൂടിയേ തീരൂ. പഞ്ചായത്തിലെ താഴ്വരപ്രദേശങ്ങൾ എല്ലാം തന്നെ ജലസേചതമാണ്. പെരിയാർ വാലി ജലസേചനപദ്ധതിയുടെ മെയിൻ ഹൈലവൽ കനാലുകളും അവയുടെ ഉപകനാലുകളും പഞ്ചായത്തിലെ ഒട്ടുമിക്ക വാർഡുകളിലൂടെയും കടന്നു പോകുന്നുണ്ട്. പഞ്ചായത്തിന്റെ കാർഷികമേഖലയുടെ വളർച്ചക്ക് ഏറ്റവും കൂടുതൽ പ്രയോജനപ്പെട്ടിട്ടുള്ള ജലസേചനപദ്ധതി നടപ്പിലാക്കികിട്ടുന്നതിനും വേണ്ടി നമ്മുടെ പഞ്ചായത്തുകാരനായിരുന്ന മുൻ പെരുമ്പാവൂർ എം. എൽ. എ. Dr.K.M. ചാക്കോ നടത്തിയിട്ടുള്ള പരിശ്രമങ്ങൾ പ്രത്യേകം സ്മരണീയമാണ്. വലിയ തോതിൽ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനും ഇത് പ്രയോജനപ്പെട്ടിട്ടുണ്ട്.

എന്നാൽ പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശങ്ങളും ഉയർന്നയിടങ്ങളുമായ മൂന്ന് അഞ്ച് ആറ് വാർഡുകളിൽ ഇപ്പോഴും അതിരൂക്ഷമായജലക്ഷാമം അനുഭവപ്പെടുന്നു. മൂന്നാം വാർഡിന്റെ മൂന്ന് അതിരുകളിലും കനാൽ ഉണ്ടെങ്കിലും ഉയർന്ന പ്രദേശങ്ങളിൽ വെള്ളം ലഭിക്കുന്നില്ല. ആറാം വാർഡിന്റെ അവസ്ഥയും വ്യത്യസ്തമല്ല. എന്നാൽ അഞ്ചാം വാർഡിൽ ഒരു ഭാഗത്തും കനാൽ വെള്ളം ലഭിക്കുന്നില്ല. ഇതിന് പരിഹാരം കാണാൻ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളെപ്പറ്റി ചിന്തിക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തിലെ എല്ലാ വാർഡുകളിലും പാടശേഖരങ്ങളി ലൂടെ തോടുകൾ ഒഴുകുന്നുണ്ട്. ഇവയുടെ മൊത്തം നീളം 22 കി. മീറ്റർ വരും മൂന്നു പൂവ് കൃഷി ചെയ്യുന്ന പാടങ്ങളിലെ തോടുകളിലെല്ലാം എല്ലായിപ്പോഴും വെള്ളമുണ്ടാകാറുണ്ട്. എന്നാൽ രണ്ട് പൂവ് കൃഷിചെയ്യുന്ന തോടുകളിൽ വേനൽക്കാലത്ത് വെള്ളം ഉണ്ടാകാറില്ല. പാടശേഖരങ്ങളിലെ തോടുകളുടെ കരയിൽ കൈതയും മറ്റും വച്ചുപിടിപ്പിക്കുന്ന പ്രവണതയുള്ളതുകൊണ്ട് അവയുടെ വീതി കുറഞ്ഞു വരികയും അതിനാൽ മഴക്കാലത്ത് വെള്ളക്കെട്ടുണ്ടായി കൃഷിക്ക് നാശം നേരിടുന്നതും സർവ്വസാധാരണമാണ്. രണ്ടു പൂവ് കൃഷി ചെയ്യുന്ന പാടശേഖരങ്ങളിലെ തോടുകളിൽ ജലസംഭരിക്കുന്നതിനു വേണ്ടി തടയിണകൾ കെട്ടിയട്ടുണ്ട്.

ഗ്രാഫ്(വിവിധ വാർഡുകളിലെ കനാൽ, ബ്രാഞ്ച് കനാൽ സംബന്ധിച്ച്)



പഞ്ചായത്ത് വിവിധ വാർഡുകളിലായി ധാരാളം ചിറകളും കുളങ്ങളും ഉണ്ട് ഇവയിൽ ഉയർന്ന പ്രദേശങ്ങലിലുള്ള കുളങ്ങളിൽ വേനൽക്കാലത്ത് വെള്ളമുണ്ടാകാറില്ല. കാലാകാലാങ്ങളിൽ അറ്റകുറ്റപണി നടത്തി ഇവ സംരക്ഷിക്കുന്നതിനും ശ്രദ്ധിക്കാറില്ല. പ്രധാനപ്പെട്ട കുളങ്ങളുടേയും ചിറകളുടേയും പട്ടിക താഴെ കൊടുക്കുന്നു.

പഞ്ചായത്തിലെ കുളങ്ങളും, ചിറകളും

വാർഡ്		ചിറ / കുളത്തിന്റെ പേര്	വിസ്തീർണ്ണം.
I	1.	ചീയംകുളം	1 ഏക്കർ
	2.	ഇരവച്ചിറ	50 സെന്റ്
	3.	ഞാളുകുളം	1 ഏക്കർ
II	1.	മുളപ്പൻ ചിറ	2 ഏക്കർ
III		ചിറയില്ല.	
IV	1.	മാണിയാട്ടുചിറ	1 ഏക്കർ
	2.	ഇടമനകുളം	20 സെൻറ്
	3.	ചെണ്ടനാരിക്കൽ ചിറ	3 ഏക്കർ
	4.	മരോട്ടിക്കടവ് ചിറ	15 സെന്റ്
V	1.	വരാപ്പിള്ളി ചിറ	1 ഏക്കർ
	2.	രാമൻ ചിറ	1 ഏക്കർ
	3.	പാറക്കുളം	75 സെന്റ്
	4.	പുറക്കുളം	1 ഏക്കർ
	5.	കാരൂർ ചിറ	1 ഏക്കർ
VI	1.	കോടിയാട്ടിൽചിറ	1 ഏക്കർ
	2.	മറ്റപ്പാടം ചിറ	60 സെന്റ്
	3.	നാലാം ചിറ	1 ഏക്കർ
VII	1.	പെരും ചിറ	1 ഏക്കർ
VIII	1.	കടിഞ്ഞൂൽ ചിറ	1 ഏക്കർ
IX	1.	ഉമ്മാച്ചിറ	60 സെന്റ്
	2.	ചെങ്ങചിറ	3 ഏക്കർ
X	1.	വളയൻചിറ	1 ഏക്കർ
	2.	തായ്ക്കരചിറ	1 ഏക്കർ 50 സെന്റ്
	3.	കണിച്ചുകുളം	50 സെന്റ്
	4.	തവണമാലിചിറ	60 സെന്റ്
	5.	വാഴക്കുളത്തുചിറ	1 ഏക്കർ
XI	1.	വാഴയത്ത് ചിറ	2 ഏക്കർ
	2.	കുണ്ടംകുളം	1 ഏക്കർ
XII	1.	പുതുകുളം	50 സെന്റ്
	2.	കുളിക്കുളം	40 സെന്റ്
	3.	വടക്കുംചേരി ചിറ	60 സെന്റ്

കാർഷികജലസേചന മേഖലകളിലെ പ്രധാന പ്രശ്നങ്ങൾ താഴെ പറയുന്നവയാണ്.


1. ഉയർന്ന പ്രദേശങ്ങളിലെ ജലസേചനസൗകര്യം ഇല്ലായമ
2. താഴ്ന്ന പാടങ്ങളിലെ വെള്ളക്കെട്ട്
3. നെൽപ്പാടങ്ങളിലേക്ക് ട്രാക്ടർ ഉൾപ്പെടു.യുള്ള കാർഷിക യന്ത്രങ്ങൾ കൊണ്ടുപോകുന്നതിനു വിളവെടുപ്പിനുശേഷം ഉൽപന്നങ്ങൾ തിരിച്ച് വാഹനങ്ങളിൽ കൊണ്ടു പോകുന്നതിന് ആവശ്യമായ ഫാം റോഡുകളുടെ അഭാവം
4. കൃഷി പണികൾക്ക് തൊഴിലാളികളെ കിട്ടാനില്ലാത്ത അവസ്ഥ.
5. മണ്ണിന്റെ ഫല പുഷ്ടിക്കുറവ്
6. കാർഷിക ഉൽപന്നങ്ങൾക്ക് വിളവെടുപ് സമയത്ത് ന്യായവില കിട്ടാത്ത അവസ്ഥ.
7. തെങ്ങിനുണ്ടാകുന്ന രോഗബാധ.
8. നെൽകൃഷിക്ക് മുടക്കിന് അനുസരിച്ച് ലാഭം കിട്ടാത്ത അവസ്ഥ.
9. രാസവളങ്ങളുടെയും കീടനാശിനികളുടെയും ഉയർന്ന വില.
10. ജൈവവളത്തിന്റെ ലഭ്യതക്കുറവ്
11. കർഷകതൊഴിലാളികളിൽനിന്നും കൂലിനിരക്കിന് അനുസരിച്ച് സേവനം കിട്ടാത്ത അവസ്ഥ.
12. അത്യുൽപാദനശേഷിയുള്ള നടീൽ വസ്തുക്കളുടേയും വിത്തിന്റേയും ലഭ്യതക്കുറവ്
13. മണ്ണ് പരിശോധനയുടെ പ്രയോജനത്തെക്കുറിച്ച് ബോധമില്ലായ്മ.
14. കൃഷിഭൂമിയുടെ തുണ്ടവൽക്കരണം
15. കൃഷിക്കാരുടെ കൂട്ടായ്മക്കുറവ്
16. എലിശല്യം മൂലമുണ്ടാകുന്ന നഷ്ടം
17. ഉദ്യോഗസ്ഥരായ കർഷകരുടെ കൃഷിചെയ്യാനുള്ള

താൽപര്യക്കുറവ്

18. കൃഷിഭൂമിയുടെ വാണിജ്യവൽക്കരണവും വ്യാപകമായ മണ്ണിട്ടുനികത്തലും
19. പെരിയാർ വാലി കനാലുകളുടെ സ്ലയിസുകളും പാർശ്വ ഭാഗങ്ങളും കാലാകാലങ്ങളിൽ അറ്റകുറ്റപ്പണിനടത്താത്തതും ആവശ്യമായ സമയത്ത് വെള്ളം തുറന്നു വിടാത്തതും മൂലമുള്ള പ്രശ്നങ്ങൾ.

സാദ്ധ്യതകൾ, നിർദ്ദേശങ്ങൾ

1. സാമൂഹ്യജലസേചനപദ്ധതി ഉൾപ്പെടെയുള്ള ചെറുകിട ജലസേചന പദ്ധതികൾ (ലിഫ്റ്റ് ഇറിഗേഷൻ) പൊതുജനപങ്കാളിത്തത്തോടെ മുൻഗണനാക്രമത്തിൽ നടപ്പിലാക്കുക.
2. വെള്ളക്കെട്ട് തടയുന്നതിന് ആവശ്യമുള്ള സ്ഥലങ്ങളിൽ ജലനിർഗമനപാലുകൾ.
3. കാർഷിക ഉൽപന്നങ്ങളും യന്ത്രോപകരണങ്ങളും കൊണ്ടുപോകുന്നതിനും ആവശ്യമായ ഫാം റോഡുകൾ മുൻഗണനാ ക്രമത്തിൽ നിർമ്മക്കുക.
4. ആധുനിക കൃഷിരീതികളും യന്ത്രവൽക്കരണവും, പ്രയോഗത്തിൽ വരുത്തുകയും അവയുടെ ലഭ്യത ഉറപ്പു വരുത്തുകയും ചെയ്യുക.
5. തുണ്ടുഭൂമിയിലെ കൃഷിചിലവ് കുറക്കുന്നതിന് കൂട്ടുകൃഷിസമ്പ്രദായം നടപ്പാലാക്കുക.
6. അത്യുൽപാദനശേഷിയുള്ള നടീൽ വസ്തുക്കളും വിത്തും ലഭ്യമാക്കാൻ പഞ്ചായത്ത് അടിസ്ഥാനത്തിൽ വിത്ത് ഉൽപാദന കേന്ദ്രങ്ങളും നഴ്സറികളും ആരംഭിക്കുക.
7. പാടശേഖരങ്ങളിലെ തോടുകളുടെ വീതിയും ആഴവും കൂട്ടി സംരക്ഷണ ഭിത്തികൾ കെട്ടുക.
8. കാർഷിക ഉൽപന്നങ്ങളുടെ ക്രയവിക്രയത്തിന് പഞ്ചായത്ത് അടിസ്ഥാനത്തിൽ മാർക്കറ്റ് സ്ഥാപിക്കുക. കുറുപ്പംപടിയിലെ നിർദ്ദിഷ്ടമാർക്കറ്റ് തുടങ്ങിയാൽ സമീപ പഞ്ചായത്തുകൾക്കും പ്രയോജനം ലഭിക്കും.
9. വിളവെടുപ്പ് സമയത്തുള്ള കാർഷിക ഉൽപന്നങ്ങളുടെ വിലയിടിവ് തടയുന്നതിനായി റഗുലേറ്ററി മാർക്കറ്റിങ്ങ് പദ്ധതി നടപ്പിലാക്കുക. ഇതിനായി കർഷിക സഹകരണസംഘങ്ങൾ സംഘടിപ്പിച്ചാൽ ഉൽപന്നങ്ങളുടെ വിപണനത്തോടൊപ്പം സംസ്കരണവും നടത്തുവാൻ സാധിക്കുന്നതാണ്.
10. പച്ചക്കറി, പഴം എന്നിയുടെ ക്രയവിക്രയത്തിനായി വാർഡുകൾതോറും ആഴ്ച ചന്തകൾ ആരംഭിക്കുക.
11. ജൈവവളം ലഭ്യമാക്കാൻ പച്ചിലവളവിത്തും കമ്പോസ്റ്റ് നിർമ്മാണത്തിനാവശ്യമായ സഹായവു ലഭ്യമാക്കുക.
12. രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റി പ്രതിരോധ ശേഷിയുള്ള പുതിയ ഇനം തെങ്ങുകൾ വച്ച് പിടിപ്പിക്കുന്നതിന് സഹായം അനുവദിക്കുക.
13. കാർഷിക യന്ത്രോപകരണങ്ങൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കുക.
14. [illegible] പരിശോധനയുടെ ആവശ്യകതയെക്കുറിച്ച് കൃഷിക്കാരെ [illegible]ധവൽക്കരിക്കുക.
15. [illegible]ലിനശീകരണം ത്വരിതപ്പെടുത്തുകയും 1990ൽ ചെയ്തതുപോലെ ഒരേസമയം വിഷം വക്കുന്നതിന് അവ കർഷകർക്ക് ആവശ്യാനുസരണം ലഭ്യമാക്കുകയും ചെയ്യുക.
16. വളം, കീടനാശിനി എന്നിവക്കുള്ള സബ്സിഡി വർദ്ധിപ്പിക്കുക.
17. വാർഡ് അടിസ്ഥാലത്തിൽ അഗ്രോക്ലിനിക്കുകളും കാർഷിക ക്ലബ്ബുകളും പ്രവർത്തനം ആരംഭിക്കുക.
18. എല്ലാ കൃഷികൾക്കും വിള ഇൻഷുറൻസ് ഏർപ്പെടുത്തുക.
19. പാടശേഖരങ്ങൾ മണ്ണിട്ട് നികത്തുന്നതിനെതിരെ ബഹുജന പ്രസ്ഥാനം ആരംഭിക്കുക.
20. പച്ചക്കറി കൃഷി വിപുലീകരിക്കുന്നതിന് ആവശ്യമായ വിത്തുകളും വളങ്ങളും ജൈവകീടനാശിനികളും സൗജന്യനിരക്കിൽ ലഭ്യമാക്കുക.
21. മണ്ണൊലിപ്പ് തടയുന്നതിന് ഇടക്കയ്യാലകളും മറ്റും പണിയുന്നതിന് ധനസഹായം അനുവദിക്കുക.
22. കർഷകർക്ക് ആവശ്യമായ വായ്പകൾ ഉദാരവ്യവസ്ഥയിൽ നൽകുക.
23. കാർഷിക ഉൽപ്പന്നങ്ങളുടെ ഉപോൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് വ്യവസായസ്ഥാപനങ്ങൾ തുടങ്ങുക.
24. വിദേശനാണ്യം നേടിത്തരുന്ന സുഗന്ധവിളകളുടെ കൃഷി വ്യാപകമാക്കുക.
25. കനാൽ പുറമ്പോക്കുകളും മറ്റ് സർക്കാർ ഭൂമികളും കൃഷിക്കുവേണ്ടി ദീർഘകാലഅടിസ്ഥാനത്തിൽ പാട്ടത്തിന് കൊടുക്കുക.
26. കാഡതോടുകളുടെ നിർമ്മാണം മുഴുവൻ പ്രദേശത്തും വെള്ളം കിട്ടത്തക്കവിധത്തിൽ വിപുലീകരിക്കുക.
27. കനാലുകളുടെ അറ്റകുറ്റപണികൾ യഥാസമയം നടത്തുക.
28. പുഷ്പകൃഷിക്കും ഔഷധസസ്യകൃഷിക്കും ആവശ്യമായ സാങ്കേതികസാമ്പത്തിക സഹായം ലഭ്യമാക്കുകയും വിപണനത്തിനു വേണ്ടസൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.
29. കൃഷിയിലേക്ക് പുതിയ തലമുറയെ ആകർഷിക്കുന്നതിനു വേണ്ടി ഹൈസ്ക്കൂൾ തലത്തിൽ മണ്ണു പരിശോധനനടത്തുവാനും വിവിധകൃഷിരീതികളെക്കുറിച്ചും ആവശ്യമായ പരിശീലനം നൽകുക.
30. കൃഷിക്കാർക്ക് വാർദ്ധക്യകാല പെൻഷൻ ലഭിക്കുന്നതിന് നടപടികൾ സ്വികരിക്കുക.
31. കൃഷിവകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ സമയോചിതമായിരിക്കാൻ ശ്രദ്ധിക്കുക.



5

മൃഗസംരക്ഷണവും മത്സ്യബന്ധനവും

/

മൃഗസംരക്ഷണം

കാർഷിക വൃത്തിയുടെ ഉപതൊഴിലായി കന്നുകാലി സംരക്ഷണം കണക്കാക്കപ്പെടുന്നു. കുറച്ചുനാൾ മുമ്പുവരെ ഒട്ടുമിക്ക കാർഷിക കുടുംബങ്ങളിലും ഇതായിരുന്നു അവസ്ഥ. എന്നാൽ ഇന്ന് അതിന് വലിയ മാറ്റം വന്നിട്ടുണ്ട്. ഉഴവുമാടുകളെ കാണാനില്ലാത്ത അവസ്ഥയാണ് ഉള്ളത്. പാൽ ഉല്പാദനത്തിന് വേണ്ടി അത്യുൽപാദനശേഷിയുള്ള പശുക്കളെ വളർത്തുന്നതാണ് ഇന്ന് പ്രധാനമായും കാണപ്പെടുന്നത്. കന്നുകാലി തീറ്റയുടെ വില വർദ്ധനവും കാലികൾക്ക് മേയുന്നതിനുള്ള സ്ഥലപരിമിതിയുമാണ് ഉഴവുമാടുകളുടെ എണ്ണത്തിൽ കുറവുവരാൻ ഉണ്ടായ കാരണം. കാർഷികരംഗത്തെ യന്ത്രവൽക്കരണവും ഒരു കാരണമാണ്. കറവമാടുകളുടെ എണ്ണത്തിൽ കുറവു വന്നിട്ടുണ്ടങ്കിലും അത്യുൽ പാദനശേഷിയുള്ള സങ്കരയിനം പശുക്കളുടെ വർദ്ധനവും മൂലം പാൽ ഉല്പാദനത്തിൽ നേട്ടങ്ങൾ ഉണ്ടാക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. എങ്കിലും ക്ഷീരകർഷകർക്ക് അവർ ഉല്പാദിപ്പിക്കുന്ന പാലിന് ചിലവിന്റെ അടിസ്ഥാനത്തിൽ ന്യായമായ വില ലഭിക്കുന്നില്ല. എന്നാൽ പാൽ വിൽക്കുന്ന വിലയും വാങ്ങുന്ന വിലയും തമ്മിലുള്ള അന്തരം വളരെ വലിയതാണ്. ഈ അവസ്ഥക്ക് മാറ്റം വരുത്തി കർഷകർക്ക് ന്യായവില ഉറപ്പവരുത്താൻ കഴിയേണ്ടതുണ്ട്. പാൽ സംസ്കരണവും ക്ഷീരോൽപ്പന്ന നിർമ്മാണവും പഞ്ചായത്ത് തലത്തിൽ ആക്കുവാൻ കഴിയേണ്ടതാണ്.

ആടുവളർത്തലിന് അനുയോജ്യമായ സാഹചര്യങ്ങൾ പണ്ട് ഉണ്ടായിരുന്നെങ്കിലും വ്യാപകമായ റബ്ബർ കൃഷിമൂലം തീറ്റുന്നതിനുള്ള സ്ഥലസൗകര്യക്കുറവുള്ളതുകൊണ്ട് ഈ കൃഷി തകർച്ചയിലാണ്. മാംസത്തിനുവേണ്ടി നല്ലയിനം ആടുകളെ ശാസ്ത്രീയമായി വളർത്തുന്നതിന് കർഷകർക്ക് ആവശ്യമായ പരിശീലനവും സഹായവും നൽകിയാൽ ഈ മേഖലയെ പുഷ്ടിപ്പെടുത്തുവാൻ കഴിയും.

ഒരു കാലത്ത് ഉഴവുമാടുകൾ നമ്മുടെ പഞ്ചായത്തിൽ ധാരാളമുണ്ടായിരുന്നു. ഉഴവുന്നതിനും ചരക്ക് ഗതാഗതത്തിനും ഇവയെ വ്യാപകമായി ഉപയോഗിച്ചിരുന്നു. എന്നാൽ കന്നുകാലികളുടെ സംരക്ഷണ ചെലവിൽ വന്ന വർദ്ധനവും മോട്ടോർവാഹനങ്ങൾ വ്യാപകമായതും കാർഷികരംഗത്തെ യന്ത്രവൽക്കരണവും ഉഴവുമാടുകളുടെ നാശത്തിനുതന്നെ കാരണമായി. ഇപ്പോൾ മാംസ ആവശ്യത്തിനുവോണ്ടി മാടുകൾക്കായി മറ്റു സംസ്ഥാനങ്ങളെയാണ് നാം ആശ്രയിക്കുന്നത്. കോഴിവളർത്തൽ അടുത്തകാലത്തായി നമ്മുടെ പഞ്ചായത്തിൽ വികാസം പ്രാപിച്ചുട്ടുണ്ടെങ്കിലും ഉദ്ദേശിച്ച വളർച്ച നേടാൻ കഴിഞ്ഞിട്ടില്ല. മുട്ടക്കോഴികളേയും ഇറച്ചിക്കോഴികളേയും വ്യാവസായിക അടിസ്ഥാനത്തിൽ വൻതോതിൽ വളർത്തുന്നത് ലാഭകരമായ ഒരു തൊഴിലാണ്. ഇറച്ചിക്കോഴിയുടെ കാര്യത്തിൽ കുറെ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും മുട്ടക്കോഴികളുടെ കാര്യത്തിൽ നാം വളരെ പിറകിലാണ്. മുട്ടക്ക് വേണ്ടി മറ്റുപ്രദേശങ്ങളെയാണ് നാം ആശ്രയിക്കുന്നത്. അത്യുൽപാദന ശേഷിയുള്ള മുട്ടക്കോഴിഇനങ്ങളെ വ്യാവസായികാടിസ്ഥാനത്തിൽ വളർത്തിയാൽ ഈ അവസ്ഥക്ക് പരിഹാരം കാണാൻ കഴിയും. എറണാകുളം ജില്ലയിലെ ഏക പൗൾട്രിഫാം നമ്മുടെ പഞ്ചായത്തിലാണെങ്കിലും അതിന്റെ സേവനം വേണ്ടവിധത്തിൽ നമുക്ക് ലഭ്യമാകുന്നില്ല.

കുറെക്കാലം മുൻപുവരെ നമ്മുടെ പഞ്ചായത്തിൽ താറാവുവളർത്തൽ ഒരു പരിധിവരെ ഉണ്ടായിരുന്നു. എന്നാൽ ഇന്ന് വിരലിൽ എണ്ണാവുന്ന ആളുകൾ മാത്രമാണ് ഈ രംഗത്ത് ഉള്ളത്. മുട്ടക്ക് സാമാന്യം തരക്കേടില്ലാത്ത വില ലഭിക്കുന്ന സാഹചര്യത്തിൽ ഈ രംഗം പരിപോഷിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

രായമംഗലം പഞ്ചായത്തിൽ കന്നുകാലി സെൻസസ് 1987

1.	കന്നുകാലി	7205
2.	ഉത്പാദനക്ഷമമായ സങ്കരയിനം പശു	3916
3.	എരുമ	322
4.	ആട്	1146
5.	പന്നി	58
6.	കോഴി	25405

1987ലേതിൽ നിന്നും കന്നുകാലികളുടെ കാര്യത്തിൽ കുറവ് ഉണ്ടായിട്ടുണ്ട്. എന്നാൽ ധവളവിപ്ലവത്തിന്റെ ഭാഗമായി കൂടുതൽ ക്ഷീരസംഘങ്ങൾ നിലവിൽ വന്നിട്ടുള്ളതിനാൽ അത്യുൽപാദന ശേഷിയുള്ള പശുക്കളുടെയും എരുമകളുടെയും എണ്ണം വർദ്ധിച്ചിട്ടുണ്ട്. പന്നിവളർത്തൽ ഇനിയും സജ്ജമായിട്ടില്ല. നല്ലവിലയും ലാഭവും കിട്ടുന്ന ഈ രംഗം കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്.

കന്നുകാലികളെ വളർത്തുന്ന കർഷകർക്ക് പുൽ വിത്തുകളും കറഞ്ഞവിലക്ക് കാലിത്തീറ്റയും ലഭിക്കുവാൻ അവസരമുണ്ടാവേണ്ടതാണ്. കാലിവളം നല്ലൊരു ജൈവവളമായി കൃക്ഷിക്ക് ഉപയോഗിക്കാനും സാധിക്കും.

ഈ പഞ്ചായത്തിൽ അഞ്ച് ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കുറുപ്പംപടി, വായ്ക്കര, ഇരിങ്ങോൾ, പുല്ലുവഴി, കീഴില്ലം എന്നീ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന ക്ഷീരസംഘങ്ങളുടെ ഫലമായി അതാതിടങ്ങളിൽ പാൽ ഉല്പാദനം വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. പതിനൊന്ന് സ്വകാര്യ പാൽസൊസൈറ്റികളും ഇവിടെ പ്രവർത്തിക്കുന്നു. തരക്കേടില്ലാത്തവിധം പാൽ സംഭരിക്കുവാൻ ഇവർക്ക് കഴയുന്നുണ്ട്.

വളയൻചിറങ്ങരയിൽ ഒരു സർക്കാർ മൃഗാശുപത്രിയും കുറുപ്പംപടിയിൽ സഞ്ചരിക്കുന്ന മൃഗാശുപത്രിയും പ്രവർത്തിക്കുന്നുണ്ട്. എന്നാൽ വിപുലമായ പഞ്ചായത്തിന്റെ എല്ലാ മേഖലകളിലും സേവനം എത്തിക്കുവാൻ ഇവർക്ക് കഴിയുന്നില്ല. കൂടുതൽ മൃഗാശുപത്രികൾ ഉണ്ടാകേണ്ടതുണ്ട്. അലഞ്ഞുതിരിയുന്ന നായ്ക്കളെ പിടികൂടി നശിപ്പിക്കുന്നതിന് വർഷം തോറും പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ പരിപാടികൾ ഇടാറുണ്ടെങ്കിലും ജനങ്ങളുടെ സഹകരണക്കുറവുമൂലം അവ വിജയിക്കാറില്ല. അതുകൊണ്ടുതന്നെ നായ്ക്കളുടെ ഭീഷണി ഇപ്പോഴും തുടരുന്നുണ്ട്.

ഈ പഞ്ചായത്തിൽ മാംസം കിട്ടുന്നതിനുള്ള കശാപ്പു ശാലകൾ വ്യാപകമായുണ്ട്. എങ്കിലും ഇവടെയൊന്നും ശാസ്ത്രീയമായ രീതിയിൽ അല്ല കശാപ്പും സംസ്കരണവും നടത്തുന്നത്. മാടുകളുടെ ഗുണനിലവാരം പരിശോധിക്കാനും സംവിധാനമില്ലാത്തതുകൊണ്ട് രോഗബാധിതമായ മാടുകളെ കശാപ്പുചെയ്ത് മാംസം വിൽക്കുന്നു. കശാപ്പുശാലയും പരിസരവും ഏറ്റവും വൃത്തിഹീനവും മായിരിക്കും. ശാസ്ത്രീയമായ രീതിയിൽ മാടുകളെ കശാപ്പുചെയ്യുന്നതിന് ആധുനികമായ കശാപ്പുശാല

സ്ഥാപിച്ച് മാംസം സൂക്ഷിക്കുന്നതിന് കോൾഡ് സ്റ്റോറേജ് സംവിധാനം ഉണ്ടാക്കുകയും ചെയ്താൽ നല്ല മാംസം എല്ലായ്പ്പോഴും ലഭിക്കുന്നതാണ്.

മത്സ്യബന്ധനം

പരമ്പരാഗത മത്സ്യബന്ധന പ്രശ്നങ്ങൾ


നമ്മുടെ പഞ്ചായത്തിന് കടൽത്തീരമില്ലാത്തതുകൊണ്ട് ഒന്നും തന്നെ ഇല്ല. നമുക്കാവശ്യമായ മത്സ്യം പുറമെ നിന്നാണ് എത്തികൊണ്ടിരിക്കുന്നത് ഇവയുടെ ഗുണനിലവാരം പലപ്പോഴും ശരാശരിയിൽ കുറവാണ്. ശുദ്ധജല മത്സ്യകൃഷിക്ക് സാദ്ധ്യതയുള്ള പഞ്ചായത്താണ് നമ്മുടേത്. പഞ്ചായത്ത് വകയായും, വ്യക്തികളുടേ വകയായും നിരവധി കുളങ്ങളും ചിറകളും ഇവിടെയുണ്ട്. നല്ലയിനം മത്സ്യക്കുഞ്ഞുങ്ങളെ ശാസ്ത്രീയമായി ഈ കുളങ്ങളിൽ വളർത്താൻ ആയാൽ നമ്മുടെ മത്സ്യ ആവശ്യത്തിന്റെ ഒരു ഭാഗമെങ്കിലും നിറവേറ്റാൻ കഴിയുന്നതാണ്. പുറമേനിന്നും വരുന്ന മത്സ്യത്തിന് അന്യായവില കൊടുക്കേണ്ട അവസ്ഥക്ക് പരിഹാരം കാണുന്നതിന് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ഒരു മത്സ്യഭവൻ തുടങ്ങുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

പ്രശ്നങ്ങൾ

1. കാലത്തീറ്റക്കുള്ള അമിതമായ വിലക്കയറ്റം
2. പുല്ല്, വൈക്കോൽ എന്നിവ ലഭിക്കാൻ അനുഭവപ്പെടുന്ന ബുദ്ധിമുട്ട്.
3. പശുക്കളുടെ വന്ധ്യത
4. ആധുനികരീതിയിലുള്ള തൊഴുത്തുകളുടെ കുറവ്.
5. ശരിയായ വൈദ്യസഹായം ലഭിക്കുന്നില്ല.
6. ഉത്പാദനക്ഷമതയുള്ള നല്ലയിനം കന്നുകുട്ടികളുടെ ലഭ്യതക്കുറവ്
7. കുളമ്പുരോഗം, അകിടുവീക്കം മുതലായ രോഗങ്ങളിൽ നിന്നുള്ള ബുദ്ധിമുട്ട്.
8. അത്യുൽപാദനശേഷിയുള്ള മുട്ടക്കോഴിക്കുഞ്ഞുങ്ങളുടെ ലഭ്യതക്കുറവ്.
9. മുട്ടയുടേയും ഇറച്ചിക്കോഴികളുടേയും വിപണനസൗകര്യക്കുറവ്
10. ധനകാര്യസ്ഥാപനങ്ങളിൽ നിന്നുള്ള വായ്പാസംവിധാനത്തിന്റെ അപര്യാപ്തത.
11. പാലിന് ഉൽപാദനചിലവിനനുസൃതമായി വില ലഭിക്കാത്ത അവസ്ഥ.
12. മത്സ്യം വളർത്തുന്നതിന് ആവശ്യമായ സങ്കേതിക വിദ്യയുടേയും നല്ലയിനം മത്സ്യക്കുഞ്ഞുങ്ങളുടേയും ലഭ്യതക്കറവ്.

പരിഹാരമാർഗ്ഗങ്ങൾ

1. പഞ്ചായത്ത് അടിസ്ഥാനത്തിൽ സഹകരണമേഖലയിൽ ഒരു കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കുക. പഞ്ചായത്തിലെ വിവിധ പാൽസംഘങ്ങളേയും സൊസൈറ്റികളേയും ക്ഷീരകർഷകരേയും ഉൾപ്പെടുത്തി സഹകരണസംഘം രൂപീകരിച്ച് ഫാക്ടറി തുടങ്ങാൻ കഴിയണം.
2. കർഷകർ ഉൽപാദിപ്പിക്കുന്ന മുട്ടസംഭരിക്കുന്നതിനും വിപണനം നടത്തുന്നതിനും സഹകരണസംഘങ്ങൾ രൂപീകരിക്കുക. വാർഡ് അടിസ്ഥാനത്തിൽ കളക്ഷൻ സെന്റർ വഴി മുട്ട സംഭരിച്ച് കേന്ദ്രസംഘം വഴി വിപണനം നടത്താൻ കഴിയുന്നതാണ്.
3. കുറുപ്പംപടിയിലുള്ള പൗൾട്രിഫാമിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുകയും അവിടെനിന്ന് ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളേയും മുട്ടക്കോഴിക്കുഞ്ഞുങ്ങളേയും വിതരണം നടത്തുകയും ചെയ്യുക.
4. എല്ലാ വീടുകളിലും സ്ഥലപരിമിതിക്ക് അനുസൃതമായി മുട്ടക്കോഴി വളർത്തുന്നതിന് പ്രോത്സാഹനം നൽകുക.
5. പുരയിടങ്ങളിലുള്ള മണ്ണ് കൃഷികളുടെ ഇടവിളയായി തീറ്റപുൽ കൃഷി വിപുലപ്പെടുത്തുന്നതിന് പ്രോൽസാഹനം നൽകുക.
6. രണ്ട് വാർഡിന് ഒന്ന് എന്ന തോതിൽ മൃഗാശുപത്രികൾ അനുവദിക്കുക.
7. അത്യുൽപാദനശേഷിയുള്ള സങ്കരയിനം പശുക്കുട്ടികളെ വേണ്ടവിധം ലഭ്യമാക്കുക.
8. പാലിന്റെ വിൽക്കൽ വാങ്ങൽ വിലകളിലുള്ള അന്തരം കുറക്കുക.
9. പഞ്ചായത്തിൽ ആധുനികരിതിയിലുള്ള അറവുശാലയും മാംസസംസ്കരണശാലയും സ്ഥാപിക്കുക.
10. കന്നുകാലുകളുടെ ക്രയവിക്രയത്തിനായി നെല്ലിമോളത്ത് പഞ്ചായത്ത് വകസ്ഥലത്ത് കന്നുകാലി ചന്ത സ്ഥാപിക്കുക. സമീപ പഞ്ചായത്തുകൾക്കും ഇത് പ്രയോജനപ്പെടുന്നതാണ്.
11. കന്നുകുട്ടി പരിപാലന പദ്ധതിയിൽപ്പെടുത്തി പശുക്കുട്ടികളെ ദത്തെടുക്കുന്ന പരിപാടി വിപുലീകരിക്കുകയും ഈ പദ്ധതിയിൻ കീഴിൽ മാംസോൽപാദനത്തിനുള്ള കാളക്കുട്ടികളേയും ഉൾപ്പെടുത്തുകയും ചെയ്യുക.
12. ആടുവളർത്തലിന് സൗകര്യപ്രദമായ പ്രദേശങ്ങളിൽ ശാസ്ത്രീയമായ ആടുവളർത്തൽ പ്രോത്സാഹിപ്പിക്കുകയും സഹായം നൽകുകയും ചെയ്യുക.
13. കന്നുകാലികളെ വളർത്തുന്ന വീടുകളിൽ ഇന്ധന ക്ഷാമം പരിഹരിക്കുന്നതിന് സൗജന്യനിരക്കിൽ ഗൊബർഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുക.
14. കാലിവസന്ത നിർമ്മാർജ്ജനപദ്ധതി ജനപങ്കാളിത്തത്തോടെ നടപ്പാക്കുക.
15. രോഗനിർണ്ണയത്തിന് ആവശ്യമായ ലബോറട്ടറി സൗകര്യങ്ങൾ മൃഗാശുപത്രികളിൽ ലഭ്യമാക്കുക.
16. കൂടുതൽ പശുക്കളെ കൂട്ടായി വളർത്താൻ താൽപര്യമുള്ളവർക്ക് കന്നുകുട്ടികളേയും തൊഴുത്തും സബ്സിഡി നിരക്കിൽ കൊടുക്കുകയും ദീർഘകാല വായ്പ ഏർപ്പെടുത്തുകയും ചെയ്യുക.
17. സ്കൂൾ കുട്ടികളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് കോഴിവളർത്തലിൽ താൽപര്യമുള്ളവരെ ചേർത്ത് സ്ക്കൂൾ പൗൾട്രി ക്ലബ്ബുകൾ രൂപീകരിക്കുക.
18. സ്ഥലസൗകര്യങ്ങൾ ഉള്ളസ്ഥലങ്ങളിൽ വളരെ ലാഭകരമായി നടത്താൻ കഴിയുന്ന പന്നി വളർത്തലിന് പ്രോത്സാഹനം നൽകുക.
19. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ ബഹുജന പങ്കാളിത്തത്തോടെ ഉന്മൂലനം ചെയ്യുക.
20. മത്സ്യകൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിന് നല്ലയിനം മത്സ്യക്കുഞ്ഞുങ്ങളെ ലഭ്യമാക്കുകയും പഞ്ചായത്തിനകത്തുള്ള പൊതുകുളങ്ങളും ചിറകളും കെട്ടിസംരക്ഷിച്ച് മത്സ്യവളർത്തലിനുവേണ്ടി വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ പാട്ടത്തിന് കൊടുക്കുകയും ചെയ്യുക.



7

വ്യവസായം

വ്യവസായം

ഒരു രാഷ്ട്രത്തിന്റെ വികസനം അവിടത്തെ കാർഷിക വ്യാവസായിക മേഖലകളിലെ ഉല്പാദനത്തിന്റെയും ഉല്പാദന ക്ഷമതയുടെയും ഏറ്റക്കുറച്ചിലിനെ ആശ്രയിച്ചാണ് നില നിൽക്കുന്നത്. എന്നാൽ ഇന്ന് മേൽപറഞ്ഞ രണ്ടുമേഖലകളും മുരടിപ്പിന്റെ അതിപ്രസരത്തിൽപെട്ടുപോയി എന്നു തന്നെ പറയാം. ഇതിന് ഒരു മാറ്റം വരേണ്ടതാവശ്യമാണ്. അതുകൊണ്ടു തന്നെ ജനകീയാസൂത്രണ പ്രക്രിയയോടനുബന്ധമായി കേരളത്തിന്റെ വ്യാവസായിക മേഖലയുടെ മുഖഛായക്കുതന്നെ മാറ്റം വരുമെന്ന് പ്രത്യാശിക്കാം. അതിലേക്ക് കേരള ജനതയാകെ യുദ്ധകാലാടിസ്ഥാനത്തിൽ ഉണർന്നു പ്രവർത്തിച്ചേ തീരൂ. ഇതിന്റെ മുന്നോടിയായി കേരളത്തിലെ മുഴുവൻ ഗ്രാമപഞ്ചായത്തുകളും ബ്ലോക്ക, ജില്ലാ പഞ്ചായത്തുകളും മുൻസിപ്പാലിറ്റികളും കോർപ്പറേഷനുകളും വ്യാവസായിക വികസന മേഖലയിലേക്ക് കടന്നുവരണം.

മേൽപറഞ്ഞപ്രകാരം ചിന്തിച്ചാൽ വ്യാവസായികമായി വളരെ അധികം പിന്നോക്കം നിൽക്കുന്ന ഒരു പഞ്ചായത്താണ് രായമംഗലം പഞ്ചായത്ത്. വൻകിടവ്യവസായയൂണിറ്റുകൾ ഒന്നും തന്നെ പഞ്ചായത്തിലില്ല. ചെറുകിട വ്യവസായയൂണിറ്റുകൾ തന്നെ പഞ്ചായത്തിന്റെ വിസ്തൃതമായ മേഖലക്കും ജനസാന്ദ്രതക്കും അനുസരിച്ച് ഇല്ല. ആയതുകൊണ്ട് തന്നെ പഞ്ചായത്തിന് വ്യാവസായിരമേഖലയിൽനിന്നുള്ള വരുമാനം കുറവാണ്. 1980 വരെയുള്ള കാലഘട്ടത്തിൽ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ കളിമൺപാത്രനിർമ്മാണ വ്യവസായം, ഈറ്റകൊണ്ടുള്ള നെയ്ത്ത് വ്യവസായം തഴപായ നെയ്ത്ത് ഓലക്കുട നിർമ്മാണം, ബീഡിതെറുപ്പ്, മരകലപ്പനിർമ്മാണം ഇവയൊക്കെ നിലനിന്നിരുന്നു. എന്നാൽ ടി വ്യവസായങ്ങൾ എല്ലാം തന്നെ നിലച്ചമട്ടായി. കാരണം ഇതിലേക്കുള്ള അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം, ടി ജോലികളിലെ മാന്യതയെപറ്റിയുള്ള തെറ്റായ സങ്കൽപ്പം, കൂലിക്കുറവ്, വിപണനസാദ്ധ്യതകൾ കുറവ് മുതലായവയും കൂട്ടായ്മകുറവുമാണ് കൈത്തറി, കയർ, ചെരുപ്പു നിർമ്മാണം ഫർണ്ണീച്ചർ നിർമ്മാണം, തുടങ്ങിയ മേഖലകൾ കൂടുതൽ ആളുകൾക്ക് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാനുതകുന്നവയാണ്. എന്നാൽ എല്ലാ മേഖലകളിലും യന്ത്രവൽക്കരണം വന്നതോടെ തൊഴിലവസരങ്ങളും തൊഴിൽദിനങ്ങളും കുറയാനിടയായിട്ടുണ്ട്. അതുകൊണ്ടുതന്നെ തൊഴിലാളികളുടെ വരുമാനത്തിലും കുറവുവരുന്നു. കമ്പോളങ്ങളിലെ കിടമത്സരങ്ങളും വിദേശനിർമ്മിത വസ്തുക്കളുടെ സുലഭ്യതയും നമ്മുടെ വ്യാവസായികമേഖലയെ ബാധിക്കുന്നു. പരമ്പരാഗത വ്യവസായങ്ങൾക്ക് സാമ്പത്തികവും സാങ്കേതികവുമായ സഹായങ്ങൾ നൽകി നിലനിറുത്തിയാൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും നല്ല ഉല്പന്നങ്ങൾ ഉണ്ടാക്കുവാനും കഴിയും. ഉല്പന്നങ്ങളുടെ ഗുണനിലവാരം കൂടുന്നതനുസരിച്ച് കുറച്ച് പ്രചരണം കൂടി ആയാൽ വിപണനസാദ്ധ്യതയും വർദ്ധിക്കും.

വ്യവസായ യൂണിറ്റുകൾ സംബന്ധിച്ച വിവരം.

Table I

പരമ്പരാഗതവ്യവസായങ്ങളും ചെറുകിട വ്യവസായങ്ങളും

ക്രമ നമ്പർ	വ്യവസായങ്ങളുടെ ഇനം	ഏണ്ണം	തൊഴിലാളികളുടെ എണ്ണം		
			പുരുഷൻ	സ്ത്രീ	ആകെ
1.	ചൂരൽ വ്യവസായം	6	30	30	60
2.	ഫർണിച്ചർ വ്യവസായം (തടി)	5	15		15
3.	ഇരുമ്പുപണി (ആല)	6	6		6
4.	മെഴുകുതിരിനിർമ്മാണം	1	1	5	6
5.	ബാർസോപ്പ് നിർമ്മാണം	2	2	6	8
6.	പരമ്പരാഗത ചെത്തുവ്യവസായം		100		100
	ആകെ	20	154	41	195

പരമ്പരാഗതവ്യവസായയൂണിറ്റുകൾ 20 എണ്ണവും 201 തൊഴിലാളികളും ഉണ്ട്. പനമ്പുനെയ്ത്ത്, ചൂരൽവ്യവസായം ഇവയും പപ്പടനിർമ്മാണം, ചെത്ത്വ്യവസായം, പായനെയ്ത്ത് മുതലായവയും പഞ്ചായത്തിന്റെ ചിലമേഖലകളിൽ നടന്നുവരുന്നുണ്ട്. എന്നാൽ ഇങ്ങനെയുള്ള വ്യവസായങ്ങൾ പിന്നോക്കാവസ്ഥയിലാണ്. പഞ്ചായത്തിൽ ബാംബു കോർപ്പറേഷന്റെ വക ഒരു ഡിപ്പോ പ്രവർത്തിക്കുന്നുണ്ട്. പരമ്പരാഗത വ്യവസായങ്ങളും ചെറുകിട വ്യവസായയൂണിറ്റുകളും പിന്നോക്കം പോകുന്നതിന് പലകാരണങ്ങളുണ്ട്.

കാരണങ്ങൾ

1. അസംസ്കൃതവസ്തുക്കളുടെ ദൗർലഭ്യം
2. തൊഴിലിന്റെ മാന്യതയെ കുറിച്ചുള്ള സങ്കല്പം.
3. അസംഘടിത തൊഴിൽശൃംഖല
4. വൈദഗ്ദ്ധ്യക്കുറവ്
5. കമ്പോളത്തിലെ കിടമത്സരം
6. മൂലധനക്കുറവ്
7. തൊഴിൽ സാധ്യതകളെക്കുറിച്ചുള്ള അജ്ഞത.
8. അസംസ്കൃതവസ്തുക്കൾ ശേഖരിക്കുന്നതിന് സ്ഥലം കുറവ്.
9. തെങ്ങ്, പന ഇവയുടെ കുറവ് ചെത്ത് വ്യവസായത്തെ ബാധിക്കുന്നു.

പരിഹാരങ്ങൾ

1. മിതമായ നിരക്കിൽ അസംസ്കൃതവസ്തുക്കൾ ലഭ്യമാക്കുക.

ഉദാ:- ചൂരൽനെയ്ത്ത്, ഈറ്റനെയ്ത്ത്, മെഴുകുതിരി നിർമ്മാണം. തുടങ്ങിയ മേഖലകളിലെ തൊഴിലാളികളെ സംഘടിപ്പിച്ച് സഹകരണസംഘങ്ങൾ രൂപീകരച്ച് ടിസംഘങ്ങൾ വഴി മെഴുക് ചൂരൽ, ഈറ്റ മുതലായവ സബ്സിഡി നിരക്കിൽ ലഭ്യമാക്കുകയും, ഇവ വീടുകളിൽ കൊണ്ടുപോയി വസ്തുവകകൾ നിർമ്മിച്ച് സംഘത്തിൽ വാങ്ങി വിപണനം നടത്തി തൊഴിലാളിക്ക് മാന്യമായ കൂലിലഭ്യമാക്കുകയും

സംഘത്തിന് നിശ്ചിതവരുമാനം ഉറപ്പുവരുത്തുകയും ചെയ്യുക.

2. പരമ്പരാഗതതൊഴിലുകൾ മാന്യതയുള്ള തൊഴിലുകളായി കണക്കാക്കി സംഘടിപ്പിച്ച് ഏകീകൃതരീതിയിലാക്കുക.
3. തൊഴിലാളികൾക്ക് സാങ്കേതിക വൈദഗ്ദ്ധ്യം ഉറപ്പവരുത്തുക.
4. തൊഴിലാളികൾക്ക് തൊഴിലിനെകുറിച്ചും അതിന്റെ എല്ലാ വശങ്ങളെക്കുറിച്ചും ബോധവൽക്കരണം നടത്തുക
5. കമ്പോളകിടമത്സരത്തിൽനിന്നും രക്ഷപ്പെടുവാൻ ഗുണനിലവാരമുള്ള സാധനങ്ങൾ ഉല്പാദിപ്പിക്കുകയും മാധ്യമങ്ങൾ വഴിയും മറ്റുബോധവൽക്കരണത്തിലൂടെയും വില നിയന്ത്രണത്തിലൂടെയും ആളുകളെ പ്രാദേശിക ഉൽപന്നങ്ങൾ ഉപയോഗിക്കുവാൻ പ്രേരിപ്പിക്കുക.
6 സബ്സിഡി നിരക്കിൽ അസംസ്കൃതസാധനങ്ങൾ ഉല്പാദിപ്പിക്കുമ്പോൾ വില നിയന്ത്രിക്കുവാൻ കഴിയും.
7. അസംഘടിതതൊഴിലാളികളെ സംഘടിതരാക്കാൻ സഹകരണസംഘത്തിൽ കീഴിൽ പ്രവർത്തിക്കുക.
8. തെങ്ങ്, പന ഇവ കൃഷിചെയ്യുക.

ആധുനിക ചെറുകിട വ്യവസായങ്ങൾ

Table II

ക്രമ നമ്പർ	വ്യവസായങ്ങളുടെ ഇനം	ഏണ്ണം	തൊഴിലാളികളുടെ എണ്ണം		
			പുരുഷൻ	സ്ത്രീ	ആകെ
1.	തടിവ്യവസായം (പെട്ടി, പലക)	60	192	247	
2.	തീപ്പെട്ടി, പെൻസിൽ	17	16	190	
3.	ചെറുകിട ഫാക്ടറികൾ	11	98	65	
4.	മറ്റു വ്യവസായയൂണിറ്റുകൾ	65	187	106	
5.	എൻജിനീയറിംഗ് വർക്സ്	27	80	-	
	ആകെ	180	573	608	

ആധുനിക വ്യവസായങ്ങൾ പ്രധാനമായും പഞ്ചായത്തിലുള്ളത് റബ്ബർ തടി അധിഷ്ഠിത പായ്ക്കിംഗ്കെയ്സ്, തീപ്പെട്ടി കൊള്ളിയും പെൻസിൽ മുതലായവയുടെ നിർമ്മാണവുമാണ്. മൊത്തം 77 യൂണിറ്റുകളിൽ 1181 തൊഴിലാളികൾ ഉണ്ട്. 608 സ്ത്രീ തൊഴിലാളികൾ ഈ മേഖലയിൽ പണിയെടുക്കുന്നു. തീപ്പെട്ടി നിർമ്മാണമേഖലയിൽ കൂടുതലുള്ളത് സ്ത്രീ തൊഴിലാളികൾ ആണ്. റബ്ബർ തടിയാണ് പ്രധാനമായും ഉപയോഗിക്കുന്നത്. സിംഹഭാഗവും മറ്റ് ജില്ലകളിൽ നിന്നാണ് കൊണ്ടുവരുന്നത്. തീപ്പെട്ടിമരത്തിന് ആവശ്യമായ വെള്ളമരം ലഭ്യമല്ലാ എന്നുള്ളത് കൊണ്ട് ഈ വ്യവസായം വളരെയധികം പ്രതിസന്ധിയിലേക്ക് നിങ്ങുന്നു. അന്യമോല്പന്നങ്ങൾ ഉണ്ടാകുന്നത് മറ്റ് സംസ്ഥാനങ്ങളിലാണ്. അതുകൊണ്ടുതന്നെ അസംസ്കൃതവസ്തുക്കൾ വാങ്ങുന്നതിനും ഉല്പന്നങ്ങൾ കയറ്റി അയക്കുമ്പോഴും ഇടനിലക്കാരുടെ ചൂഷണത്തിന് വിധേയമായിതീരുന്നു. ഈ കാരണങ്ങളാൽ തൊഴലാളികൾക്ക് കൂലി കുറച്ചു മാത്രമേ കൊടുക്കുവാൻ കഴിയുന്നുള്ളു.

പ്രധാന പ്രശ്നങ്ങൾ

1. വൈദ്യുതി പ്രതിസന്ധി
2. വെള്ളമരവും റബ്ബറും ലഭ്യതകുറവ്.
3. ഘന മരം കിട്ടുന്നില്ല.
4. ഉല്പന്നങ്ങൾ കയറ്റി അയക്കുമ്പോഴും അസംസ്കൃത വസ്തുക്കൾ ഇറക്കുമതി ചെയ്യുമ്പോഴും ഇടത്തട്ടുകാരുടെ ചൂഷണത്തിന് വിധേയമാകുന്നു.
5. തൊഴിലാളികളുടെ കുറഞ്ഞ കൂലിനിരക്ക് കാരണം തൊഴിലാളികളെ കിട്ടിന്നില്ല. ഈ മേഖലകളിൽ അന്തിമ ഉല്പന്നം ഉണ്ടാക്കുന്ന ഫാക്ടറി ഇല്ല.
6. പുത്തൻസാങ്കേതികവിദ്യയുടെ അഭാവം.
8. വ്യവസായസംരഭം തുടങ്ങുന്നതിനാശ്യമായ സ്ഥലസൗകര്യം, വാർത്താവിനിമയം ഗതാഗതസൗകര്യക്കുറവ്.
9. യന്ത്രസാമഗ്രികൾ എല്ലാം മറ്റു സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്നു.
10. ലൈസൻസ് കിട്ടുന്നതിന് കാലതാമസം.
11. ബാങ്കുകളിൽ നിന്ന് വായ്പാലഭിക്കുന്നതിന് കൂട്ടുതൽ കാലതാമസവും നൂലാമാലകളും
12. വ്യവസായ സംരംഭങ്ങൾക്ക് വർക്കിംഗ് ക്യാപ്പിറ്റൽ കുറവ്.

പരിഹാരമാർഗ്ഗം

1. വ്യവാസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുക
2. വെള്ളമരവും ഘനമരവും വച്ചുപിടിപ്പക്കാൻ ആവശ്യമായ പ്രോത്സാഹനവും ധാസഹായവും.
3. ഉല്പന്നങ്ങൾ സംഭരിക്കുമ്പോഴും കയറ്റി അയക്കുമ്പോഴും ഇടത്തട്ടുകാരെ ഒഴിവാക്കാൻ സംവിധാനം ഏർപ്പെടുത്തുക.
4. അന്തിമഉല്പന്നം ഇവിടെത്തന്നെ ഉണ്ടാക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തുക.
5. യന്ത്രസാമഗ്രികൾ നിർമ്മിക്കാനുള്ള പദ്ധതി ആവിഷ്കരിച്ച് പുതിയ സംരഭകരെ കണ്ടെത്തി ജില്ലാ പഞ്ചായത്ത തിസ്ഥാനത്തിൽ തുടങ്ങുക.
6. ആധുനിക സാങ്കേതികവിദ്യ ലഭ്യമാക്കുക
7. പുതിയസംരഭം തുടങ്ങുന്നവർക്ക് ഗതാഗത വാർത്താവിനിമയ മാർഗ്ഗങ്ങൾ ലഭ്യമാക്കാനുള്ള നടപടി ആവശ്യമാണ്.
8. ബാങ്ക് വായ്പകൾക്കുള്ള നടപടിക്രമങ്ങൾ ഉദാരമാക്കുയും ചെയ്യുക.

ചെറുകിട ഫാക്ടറികൾ

പഞ്ചായത്തിൽ പതിനൊന്ന് ചെറുകിയ ഫാക്ടറികൾ ഉണ്ട്. 163 തൊഴിലാളികൾ വിവിധ സംരഭങ്ങളിലായി തൊഴിൽ ചെയ്യുന്നുയ ട്രാൻസ്ഫോർമർ, ആലം സോഫ്റ്റ് ഡ്രിംഗ്, ഇരുമ്പാണി, സ്റ്റൗ, സ്ക്രൂ ആയുർവ്വേദമരുന്ന് മുതലായവ നിർമ്മിക്കുന്ന വ്യവസായങ്ങളാണ് പ്രധാനം. കൂടുതൽ സംരഭകർ ഈ രംഗത്ത് വരേണ്ടതുണ്ട്. വിവിധ സംരഭങ്ങളെക്കുറിച്ചുള്ള

ആശങ്ക മൂലം വലിയ ഉത്തരവാദിത്വം ഏറ്റെടുക്കുവാൻ സംരഭകർക്ക് കഴിയുന്നില്ല. അതുപോലെതന്നെ ബാങ്കുവായ്പകൾ സംഘടിപ്പിച്ച് സംരഭങ്ങൾ നടത്തുന്നതിന് പ്രോത്സാഹനം ലഭിക്കുന്നില്ല എന്നതുകൊണ്ടും സംരഭകർ മാറിനിൽക്കുന്നു. ഈ അവസ്ഥക്ക് അടിയന്തിരമായി പരിഹാരം കാണേണ്ടതുണ്ട്. നമ്മുടെ പദ്ധതികളെല്ലാം സ്വകാര്യ മേഖലയിലാണ് എന്നതുകൊണ്ട് സംരംഭം വിജയിപ്പിക്കേണ്ടത് സ്വന്തം ഉത്തരവാദിത്വം മാത്രമായി മാറിയിരിക്കുന്നു. എന്നാൽ സംരഭങ്ങൾ എല്ലാം വിജയിക്കേണ്ടത് പൊതുആവശ്യമായി കാണുകയും പോരായ്മകൾ പരിഹരിക്കാൻ വേണ്ട നടപടികൾ പഞ്ചായത്ത് തലങ്ങളിൽ നിന്ന് ഉണ്ടാകണം. പഞ്ചായത്ത് തലങ്ങളിൽ നടക്കുന്ന വ്യവസായങ്ങളുടെ കുറഞ്ഞ ഉൽപാദനക്ഷമത മനസ്സിലാക്കുകയും ആധുനികവൽക്കരണ സംവിധാനങ്ങളിലൂടെ സംരഭകരെ നയിക്കാൻ ആവശ്യമായ നടപടികൾ ഉണ്ടാകണം. ഉല്പാദിതവസ്തുക്കൾക്ക് വിപണന സൗകര്യങ്ങൾ ഉറപ്പുവരുത്തുവാനും കഴിയണം. മാതൃക വ്യവസായ സംരഭങ്ങളും വിപണനകേന്ദ്രങ്ങളും ത്രിതല പഞ്ചായത്തിൽ ഉണ്ടാകണം. ഇങ്ങനെ ഉല്പാദനവും ഉല്പാദനക്ഷമതയും മൂലം കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയണം.

Table III

ആധുനിക ചെറുകിട വ്യവസായങ്ങൾ (സൊസൈറ്റി)

ക്രമ നമ്പർ	വ്യവസായങ്ങളുടെ ഇനം	ഏണ്ണം	തൊഴിലാളികളുടെ എണ്ണം		
			പുരുഷൻ	സ്ത്രീ	ആകെ
1.	പ്രിന്റിംഗ് പ്രസ്സ്	1		10	10
2.	റെഡിമെയ്ഡ് യൂണിറ്റ്	1		10	10
	ആകെ	2		20	20

നടപ്പുപദ്ധതിയുടെ പ്രശ്നങ്ങൾ

1. അസംസ്കൃതവസ്തുക്കളുടെ ക്രമാതീതമായ വിലവർദ്ധനവ്.
2. വൻകിട ആധുനിക ഫാക്ടറികളിൽ നിന്നുള്ള മത്സരം.
3. വിദഗ്ദ്ധതൊഴിലാളികളുടെ അഭാവം.
4. ഉല്പാദനക്ഷമതക്കുറവ്.
5. കൂടുതൽ മുടക്കുമുതലിനുള്ള സാധ്യതകുറവ്.
6. സഹകരണബാങ്കുകളിൽനിന്നു വാണിജ്യബാങ്കുകളിൽ നിന്നും അത്യാവശ്യഘട്ടങ്ങളിൽ വായ്പലഭിക്കാൻ താമസം നേരിടുന്നു.
7. സ്വകാര്യ ബാങ്കുകൾ അമിതമായ രീതിയിൽ പലിശ ഈടാക്കുന്നു.

പരിഹാരങ്ങൾ

1. ആവശ്യമായ അസംസ്കൃത സാധനങ്ങൾ ന്യായമായ നിരക്കിൽ ലഭ്യമാക്കുക.
2. തദ്ദേശീയ ഉൽപ്പന്നങ്ങളോട് ആഭിമുഖ്യം വളർത്താനുള്ള പ്രവർത്തനം ജില്ലാ പഞ്ചായത്തടിസ്ഥാനത്തിൽ എറ്റെടുത്ത് നടത്തുക.
3. വൈദ്യുതി തടസ്സം പൂർണ്ണമായും ഒഴിവാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുക.
4. പഞ്ചായത്തിൽ വ്യവസായികളുടെ യോഗം വിളിച്ച് പ്രശ്ന പരിഹാരങ്ങളെക്കുറിച്ച് മനസ്സിലാക്കി ലാഭകരമാക്കാൻ വേണ്ട സഹായങ്ങൾ ചെയ്യുക.
5. സ്വകാര്യബാങ്കുകളുടെ പ്രവർത്തനത്തിൽ കർശനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുക.

ചെറുകിട ഇടത്തര വ്യവസായങ്ങൾ

ചെറുകിട ഇടത്തരവ്യവസായയൂണിറ്റുകൾ 65 എണ്ണം പഞ്ചായത്ത്തലത്തിൽ ഉണ്ട്. 293 തൊഴിലാളികൾ വിവിധമേകലകളിലായി തൊഴിൽ ചെയ്യുവരുന്നു. ക്രഷർ മെറ്റൽ നിർമ്മാണം, കരിങ്കൽ വ്യവസായം, യന്ത്രവൽകൃത ചെങ്കൽ നിർമ്മാണം, ഓയിൽ, ഫ്ലവർ, റൈസ്മില്ലുകൾ, ഹോളോബ്രിക്സ് സിമന്റ്, ക്രാസി മൊസൈക്ക്, ടൈൽസ് നിർമ്മാണം, തുടങ്ങിയവയാണ് കൂടുതലും. പുരുഷന്മാർ പ്രധാനമായും ഈ മേഖലയിൽ തൊഴിൽ ചെയ്യുവരുന്നു. നിർമ്മാണ പ്രവർത്തനങ്ങളിലെ വൈവിദ്ധ്യവൽക്കരണം മൂലം തൊഴിൽ സാധ്യത ചില മേഖലകളിലെങ്കിലും കൈതൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്നുണ്ട്.

ഉദാ: ചെങ്കല്ല്, കരിങ്കല്ല് നിർമ്മാണത്തിൽ വന്ന വൈവിദ്ധ്യ വൽക്കരണം.

പ്രശ്നങ്ങൾ

1. ആവശ്യമായ കരിങ്കല്ല് ലഭ്യമല്ല.
2. ക്രഷർ ജോലിക്കാരെ കിട്ടാനില്ല.
3. ക്രഷർപൊടി തൊഴിലാളികളുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്നു.
4. പരിസ്ഥിതി മലിനീകരണം ഉണ്ട്.
5. വൈദ്യുതി തകരാറ്
6. പാറമടലൈസൻസ് കിട്ടാൻ ബുദ്ധിമുട്ട്.
7. കൂലി കൂടി വരുന്നു.
8. ലൈസൻസ് ഇല്ലത്തതുകൊണ്ട് തൊഴിലാളികൾക്ക് ഇൻഷുറൻസ് സംരക്ഷണം കിട്ടുന്നില്ല.
9. റൈസ്, ഫ്ലവർ, ഓയിൽ മില്ലുകൾ 123 എണ്ണം ഉണ്ട്. 844 H.P കറന്റ് കണക്ഷൻ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്നില്ല.
10. ഹോളോ ബ്രിക്സ് കട്ടില, ജനല തുടങ്ങിയ സിമന്റ് ഉൽപന്നങ്ങൾക്ക് അസംസ്കൃതവസ്തുക്കളുടെ വില വർദ്ധനവുമൂലം വില വർദ്ധിക്കുന്നു.
11. ക്വാളിറ്റി കുറഞ്ഞ സിമന്റ് ഉൽപന്നങ്ങൾ മാർക്കറ്റിൽ ലഭ്യമാകുന്നതുകൊണ്ട് വിശ്വാസ്യത നഷ്ടപ്പെടുന്നു.
12. കരിങ്കൽ, ഇഷ്ടിക നിർമ്മാണ വിദഗ്ദ്ധതൊഴിലാളികൾക്ക് തൊഴിൽകുറവാണ്.

പരിഹാരം.

1. പാറമടകൾക്ക് പഞ്ചായത്തിൽ നിന്ന് ലൈസൻസ് കൊടുക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തുക.

2. ക്രഷറുകൾ വഴി ഉണ്ടാകുന്ന മലിനീകരണം തടയുന്നതിന് വേണ്ട ആധുനിക സജ്ജീകരണങ്ങൾ ഉണ്ടാക്കുകയും ഉറപ്പുവരുത്തുകയും ചെയ്യുക.
3. അനുയോജ്യമായ ഒരു സ്ഥലം തെരഞ്ഞെടുത്ത് അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കികൊടുക്കുക.
4. വൈദ്യുതി തകരാറ് പരിഹിക്കുന്നതിന് ട്രാൻസ്ഫോർമർ വച്ചോ പഞ്ചായത്തുതലത്തിൽ ഒരു സബ്സ്റ്റേഷൻ സ്ഥാപിച്ചോ വൈദ്യുതി ലഭ്യത ഉറപ്പുവരുത്തുക.
5. പഞ്ചായത്തിലുള്ള എല്ലാ പാറമടതൊഴിലാളികളെയും പഞ്ചായത്ത് തലത്തിൽ രജിസ്റ്റർ ചെയ്ത് നിർബന്ധിത ഇൻഷുറൻസ് സംവിധാനം ഏർപ്പെടുത്തുക.
6. റൈസ് മില്ല് പോലുള്ള യൂണിറ്റുകളിൽ അനുബന്ധമായി ചെറുകിട .യൂണിറ്റുകൾ കൂടി വരുത്തി വൈദ്യുതി വേയ്സ്റ്റ് തടയുകയും ഉൽപാദനം ഒരു യൂണിറ്റിന്റെ കീഴിൽ തന്നെ വരുത്തുവാനും കഴിയണം.
7. ഉദാരനിരക്കിൽ സാമ്പത്തികസഹായം കൂടുതൽ പ്രവർത്തനമൂലധനം ഉൾപ്പടെ ലഭ്യമാകണം.
8. ക്വാളിറ്റി കൺട്രോൾ സംവിധാനം ഏർപ്പെടുത്തുക. (പഞ്ചായത്ത് തലത്തിൽ)
9. കരിങ്കൽ ഇഷ്ടിക തൊഴിലാളികളെ സംഘടിപ്പിച്ച് ഒരു സൊസൈറ്റി രൂപീകരിക്കുകയും മൂല്യമുള്ള ഇഷ്ടികകൾ ശേഖരിക്കുകയും വില്പനനടത്തുകയും ചെയ്യുക.

ചെറുകിട എഞ്ചിനീയറിംഗ് വ്യവസായം 27 എണ്ണം ഉണ്ട് 80 തൊഴിലാളികൾ ഉണ്ട്. പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലായി സ്ഥിതിചെയ്യുന്ന വ്യവസായസ്ഥാപനങ്ങൾ കൂടുതലും കുറുപ്പംപടിയിലാണ്. സംരഭങ്ങളെല്ലാം സ്വകാര്യമേഖലയിലുള്ളതുമാണ്.

പ്രശ്നങ്ങൾ

1. അസംസ്കൃതസാധനങ്ങൾ വിലവർദ്ധിക്കുന്നു. അതുകൊണ്ട് കുറഞ്ഞ കൂലി നിരക്ക് കൊടുക്കുവാൻ കഴിയുന്നുള്ളൂ.
2, വിദഗ്ദ്ധതൊഴിലാളികളുടെ കുറവ്
3. വൈദ്യുതി പ്രതിസന്ധി.

പരിഹാരം

1. അസംസ്കൃതസാധനങ്ങൾ ന്യായമായ വിലക്ക് വിതരണം ചെയ്യണം.
2. തൊഴിലില്ലാത്തവർക്ക് അഭിരുചിക്കനുസരിച്ചുള്ള ട്രെയിനിംഗ് സംവിധാനം ഏർപ്പെടുത്തുകയും തൊഴിൽ ഉറപ്പുവരുത്തുകയും ചെയ്യണ്.
3. വൈദ്യുതി തകരാറ് പരിഹരിക്കുക.

വ്യാവസായികമേഖലയിൽ വളരെയധികം വനിതകളെ ഉൾക്കൊള്ളിക്കുവാനുള്ള സാധ്യതകൾ ഉണ്ട്. പഞ്ചായത്തിൽ അസംഘടിതവും തൊഴിൽരഹിതരുമായ പകുതിയോളമുള്ള വനിതകളെ സംഘടിപ്പിച്ചുകൊണ്ട് വിദഗ്ദ്ധവും ആധുനികവുമായ പരിശീലനം ലഭ്യമാക്കികൊണ്ട് വ്യാവസായകരംഗത്തേക്ക് കൊണ്ടുവരാൻ കഴിയും. നിലവിലുള്ള സംവിധാനങ്ങളെ പറ്റിയുള്ള അഞ്ജതയും സമൂഹത്തിൽ ഇവർ ഏറ്റെടുക്കേണ്ട ദൗത്യത്തെക്കുറിച്ചുള്ള അജ്ഞതയും മൂലം പുതിയ പുതിയ സംരഭങ്ങളിലേക്ക് കടന്നുവരുവാൻ കഴിയുന്നില്ല. ഗവൺമെന്റിൽനിന്നും നിരവധി വ്യവസായ സംരഭങ്ങൾ തുടങ്ങുവാനുള്ള സാധ്യതകൾ ഉണ്ട്. എങ്കിലും വനിതാ പങ്കാളിത്തം ഉറപ്പിച്ചുകൊണ്ട് സംരഭങ്ങൾ തുടങ്ങുന്നതിന് ഉള്ള പ്രോത്സാഹനം ബന്ധപ്പെട്ടവരിൽ നിന്ന് കിട്ടുന്നില്ല എന്നതും വ്യവസായങ്ങളെ ഒരു പരിധിവരെ പുറകോട്ട് അടുപ്പിച്ചു.

ഗ്രാമീണ വനിതാ ശിശു സംരക്ഷണപദ്ധതിപ്രകാരം 4 വനിതായൂണിറ്റുകൾ മാത്രമാണ്. പഞ്ചായത്തിനുള്ളിൽ പ്രവർത്തിക്കുന്നുള്ളൂ എന്ന് കാണാം. കൂടുതൽ സാദ്ധ്യതയുള്ള വ്യവസായങ്ങൾ ഈ യൂണിറ്റിൻകീഴിൽ വരേണ്ടതുണ്ട്. നടപ്പുപദ്ധതികളെക്കുരിച്ച് യഥാസമയം തുടർച്ചയായി അവലോകനം നടത്തുന്നതിനും ആവശ്യമായ നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും കൊടുക്കുവാൻ മാറിമാറിവരുന്ന ഉദ്യോഗസ്ഥന്മാർക്ക് കഴിയുന്നില്ല. എന്നതും മൂലം നടപ്പപദ്ധതികളെപോലും വിജയത്തിൽ എത്തിക്കുവാൻ കഴിയുന്നില്ല. ഇതിന് അടിയന്തിരമായി പരിഹാരം കാണേണ്ടതുണ്ട്.

വ്യവസായ അടിസ്ഥാനത്തിൽ D.W.C.R.A യൂണിറ്റിൻ കീഴിൽ പ്രവർത്തിക്കുന്നത് പ്രിന്റിംഗ്പ്രസ്സ്, റെഡിമെയ്ഡ് യൂണിറ്റ് രണ്ട് ഡയറി യൂണിറ്റുകളുമാണ്.

പ്രശ്നങ്ങൾ

1. പ്രിന്റിംഗ് പ്രസ്സിന് ആവശ്യമായ കടലാസ്, മഷി ഇവയുടെ ക്രമാധീതമായ വിലവർദ്ധനവ്
2. വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നു. സ്വന്തമായി സ്ഥലം ഇല്ല.
3. എല്ലാവരും ഉടമസ്ഥരായതുകൊണ്ട് നടത്തിപ്പ് ബുദ്ധിമുട്ടാവുന്നു.
4. മെമ്പർമാരുടെ എണ്ണത്തിനനുസരിച്ച് ആവശ്യത്തിനുള്ള ജോലിലഭിക്കുന്നില്ല.
5. കൂട്ടായ്മ കുറവ്.
6. റെഡിമെയ്ഡ് യൂണിറ്റിന് ഉല്പനങ്ങൾക്ക് വിപണന സൗകര്യം കുറവ്.
7. സ്ഥിരമായ സ്ഥലവും കെട്ടിടവും ഇല്ല.
8. ഉല്പാദനക്ഷമത കുറവ്.
9. വായ്പകൃത്യമായി അടക്കുവാൻ കഴിയുന്നില്ല.

പരിഹാരങ്ങൾ

1. പേപ്പർ, മഷി തുടങ്ങിയ അസംസ്കൃതവസ്തുക്കൾ ഗവൺമെന്റ് ക്വാട്ടയിൽനിന്ന് നേരിട്ട് ലഭ്യമാക്കുക.
2. ഡിപ്പാർട്ട്മെന്റ് തലത്തിലുള്ള പ്രിന്റിംഗ് വർക്കുകൾ D.W.C.RA യൂണിറ്റിന് ജില്ലാ അടിസ്ഥാനത്തിൽ കൊടുക്കുക.
3. ബ്ലോക്കിൽ നിന്ന് പ്രിന്റിംഗ് പ്രസ്സിന് അനുവദിച്ചിട്ടുള്ള കെട്ടിടം ഗ്രാമലക്ഷ്മി പ്രിന്റേഴസിന് ഉടൻ പണിതു കൊടുക്കുവാനുള്ള നടപടി സ്വികരിക്കുക.
4. ഉല്പാദനക്ഷമത വർദ്ധിപ്പിക്കുവാൻ അത്യാധുനിക സംവിധാനം ഏർപ്പെടുത്തുകയും അനുബന്ധ വ്യവസായം

തുടങ്ങുവാനുള്ള സാമ്പത്തികസഹായം തുടർന്നും നൽകുക.

5. റെഡിമെയഡ് ഉൽപ്പന്നങ്ങൾക്ക് വിപണന സംവിധാനം ഉണ്ടാക്കുക,
6. D.W.C.R.A സ്കീമുകളുടെ മേൽനോട്ടം കാര്യക്ഷമമാക്കുവാൻ വേണ്ട് പ്രാദേശിക സമിതി പ്രത്യേകം നിയമിക്കുക.

വിവിധമേഖലകളിലെ കൂലി നിരക്ക്

Table IV

ക്രമ നമ്പർ	ഇനം	കൂലി നിരക്ക്	
		പുരുഷൻ	സ്ത്രീ
1.	തടി വ്യവസായം	120.00	75.00
2.	അച്ചടി	80.00	28.00
3.	ഓയിൽ മിൽ	50.00	--
4.	ആയുർവ്വേദം	60.00	40.00
5.	ഭക്ഷ്യധാന്യം പൊടിക്കൽ	50.00	--
6.	പനമ്പു നെയ്ത്ത്	--	--
7.	ചൂരൽ വ്യവസായം	--	--
8.	സോഡാനിർമ്മാണ്	55. 00	24.00
9.	എൻജിനിയറിംഗ്		
10.	ഫർണിച്ചർ	120. 00	--
11.	വിനീർ	80. 00	45.00
12.	ചെറുകിട ഫാക്ടറി	66. 00	40.00
13	ക്രഷർ	85. 00	50.00
14.	പാറമട	150. 00	80.00
15.	ചെങ്കല്ല് വ്യവസായം	120. 00	75.00
16	സിനിമ തിയറ്റർ	60. 00	--

വ്യവസായം : ഗ്രാമസഭാനിർദ്ദേശങ്ങൾ

1. ബാംബു കോർപ്പറേഷൻ ഡിപ്പോ കൂടുതൽ എണ്ണം തുടങ്ങി ഈറ്റ വിതരണം ചെയ്യുക.
2. എൻജിനിയറിംഗ് വ്യവസായം
3. തടിവ്യവസായം
4. ചൂരൽ വ്യവസായം
5. സഹകരണമേഖലയിൽ കൊപ്രവ്യവസായം
6. നാളികേരഅനുബന്ധവ്യവസായങ്ങൾ
7. ചിരട്ടക്കരി നിർമ്മാണം.
8. ചകിരിനാര് ഉല്പാദനം
9. വ്യവസായ എസ്റ്റേറ്റ് വാർഡടിസ്ഥാനത്തിൽ
10. സാങ്കേതികവൈദ്യഗ്ദ്ധ്യപോഷണം.
11. പുല്ലുവഴിയിലെ സ്റ്റാർച്ച് ഫാക്ടറി നവീകരണം
12. വാർഡടിസ്ഥാനത്തിൽ വനിതാസഹകരണസംഘങ്ങൾ രൂപീകരിച്ച് വ്യവസായയൂണിറ്റുകൾ തുടങ്ങണം.
13. കാർഷിഉപകരണ നിർമ്മാണ യൂണിറ്റ്
13. റബ്ബർ അധിഷ്ഠിത വ്യവസായയൂണിറ്റുകൾ
14. വ്യവസായ ഉല്പന്ന വിപണന മാർക്കറ്റ് പഞ്ചായത്ത ടിസ്ഥാനത്തിൽ
15 മെറ്റൽക്രഷർ
16. പപ്പടം, സോപ്പ്, മെഴുകുതിരി നൂൽനൂല്പ്, ചെരുപ്പ്, നിർമ്മിതികേന്ദ്രം, റബ്ബർ ബാൻഡ്
17. കറിപൗഡർ, എംബ്രോയിഡറി
18. വ്യവസായങ്ങൾക്ക് ആവശ്യമായ ഗതാഗതസൗകര്യം
19. വൈദ്യുതി ദൗർലഭ്യം പരിഹരിക്കുക
20. പ്ലൈവുഡ്വ്യവസായവും സോമില്ലുകളും നവീകരിക്കുക.
21. ഉയർന്ന ഗ്രോഡ് റബ്ബർ ഉണ്ടാക്കാൻ സഹകരണ അടിസ്ഥാനത്തിലും സ്വകാര്യമേഖലയിലും സംരംഭം.
22. കോഴി വളർത്തൽ (2 തരം)
23. പൗൾട്രിഫാം.
24. കരകൗശലയൂണിറ്റ്
25. കൊക്കോ സംഭരണ സംസ്കരണ യൂണിറ്റ്
26. പ്ലാസ്റ്റിക് വ്യവസായം സഹകരണാടിസ്ഥാനത്തിൽ
27. സഹകരണ ബ്രഡ് കമ്പനി.
28. പശുവളർത്തൽ, ആട് കോഴി പന്നി വ്യവസായികാടിസ്ഥാനത്തിൽ
29. തയ്യൽ പരിശീലന കേന്ദ്രം
30. വാഹനസഹകരണസംഘം
31. യന്ത്രകൈത്തറിവ്യവസായം
32. പഴം, പച്ചക്കറി കാർഷിക വിഭവസംസ്കരണവിപണന സഹകരണസംഘം.
33. പൈനാപ്പിൾ സംസ്കരണയൂണിറ്റ്.
34. കെട്ടിട നിർമ്മാണസാമഗ്രി വ്യവസായയൂണിറ്റ്
35. ഓട്ടോ മൊബൈൽ വർക്ക്ഷോപ്പ്
36. ജൈവവളപ്ലാന്റുകൾ
37. ഫർണിച്ചർ വർക്ഷോപ്പ്., സഹകരണസ്വകാര്യമേഖലയിൽ
38. ഷോപ്പിംഗ് കോംപ്ലക്സ്
39. ഓട്ടോമൊബൈൽ സർവിസ് സ്റ്റേഷൻ
40. തൊഴിൽരഹിതർക്ക് ഇൻഫർമേഷൻസെന്റർ പഞ്ചായത്ത് തലത്തിൽ
41. അച്ചാർ നിർമ്മാണ വ്യവസായം
42. ക്ഷീരോൽപന്ന നിർമ്മാണ വ്യവസായം
43. ഹോളോബ്രിക്സ് വ്യവസായം
44. കാലിത്തീറ്റ ഫാക്ടറി
45. മാംസ സംസ്കരണ ഫാക്ടറി
46. സോഫ്റ്റ് ഡ്രിങ്ക്സ്നിർമ്മാണ യിണിറ്റ്
47. കോൺക്രീറ്റ് ജനൽ കട്ടിള ക്രാസി മുതലായവ നിർമ്മാണം.

നിലവിലുള്ള ട്രെയിനിംഗ് സംവിധാനങ്ങളുടെ അപാകതകൾ

1. അശാസ്ത്രീയമായ രീതിയിൽ ട്രെയിനികളെ തെരഞ്ഞെടുക്കുന്നു.
2. സാങ്കേതിക വൈദഗ്ദ്ധ്യമുള്ളവരല്ല മാസ്റ്റർ ക്രാഫ്റ്റ്മാൻമാർ.
3. മാതൃകാസ്ഥാപനങ്ങളിലല്ലാതെ ട്രെയിനിംഗ് കൊടുക്കുന്ന സംവിധാനം.
4. ട്രെയിനിംഗ് കൊടുത്തവരെ കൂട്ടായി ചേർത്ത് സംരംഭം തുടങ്ങുന്നതിനുള്ള പ്രേരണകൾ ഇന്ന് നിലവിലില്ല.
5. ട്രയിനികളുടെ വൈദഗ്ദ്ധ്യം പരിശോധിക്കുന്നില്ല.
6. സ്റ്റൈഫന്റ് വാങ്ങുന്നതിന് മാത്രമായി ട്രെയിനിംഗിന് പോകുന്ന സ്ഥിതിവിശേഷം.

7. IRDP സർവ്വെ ലിസ്റ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ മൂലം ആനുകൂല്യങ്ങൾ അനർഹരുടെ കൈകളിലെത്തുന്നു.

പരിഹാരം

1. ട്രെയിനിംഗ് തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം യഥാർഥലക്ഷ്യബോധമാള്ളവർക്ക് മാത്രമായി പരിമിത പ്പെടുത്തിയും വരുമാന പരിധി നോക്കാതെ പ്രോത്സാഹനം കൊടുക്കുകയും ചെയ്യുക.
2. IRDP സർവ്വെ ലിസ്റ്റ് ജനപങ്കാളിത്തത്തോടെ അർഹരായ വരെ മുഴുവൻ ഉൾപ്പെടുത്തി തയ്യാറാക്കുക.
3. ശ്രിതല പഞ്ചായത്തു തലത്തിൽ ട്രെയിനിംഗ് കേന്ദ്രങ്ങൾ സ്ഥാപിക്കുക.
4. ട്രെയിനിംഗ് ലഭിച്ചിട്ടുള്ളവരെ ചെറുതും വലുതുമായ സംരംഭങ്ങൾ തുടങ്ങുവാൻ അടസ്ഥാനസൗകര്യങ്ങളും മറ്റും ശ്രിതല പഞ്ചായത്തകൾ വഴി ലഭ്യമാക്കികൊടുക്കണം.
5. ട്രെയിനികളുടെ പഠനനിലവാരം കർശനമായി പരിശോധിക്കാനുള്ള സംവിധാനം ഏർപ്പെടുത്തണം.

കുറഞ്ഞ മുതൽ മുടക്കിൽ ലാഭകരമായി നടത്താൻ സാദ്ധ്യതയുള്ള വ്യവസായങ്ങൾ

1. മരം ഫർണച്ചർ
2. പ്ലാസ്റ്റിക് പാത്രങ്ങൾ
3. റബ്ബർ ചെരുപ്പ്
4. തുകൽ ചെരുപ്പ്
5. അലൂമിനിയ പാത്രനിർമ്മാണം
6. അലങ്കാരപണിചെയ്ത മരംകൊണ്ടുള്ള വീട്ടുപകരണം
7. പ്ലാസ്റ്റിക് ബട്ടനുകൾ
8. തുകൽനിർമ്മിത ഫാൻസി ഐറ്റങ്ങൾ
9. ഇഞ്ചക്ഷൻ മോൾഡ് പ്ലാസ്റ്റിക് ഉല്പന്നങ്ങൾ
10. പെയിന്റിംഗ് നിർമ്മാണം.
11. ഇലക്ട്രോണിക് ചോക്ക്, ബൾബ് നിർമ്മാണം.
12. ഇലക്ട്രോണിക് ഫാൻ റെഗുലേറ്റർ
13. ഇരുചക്രവാഹനവർക്ക് ഷോപ്പ്.
14. ഇലക്ട്രോണിക് ഓവർലോഡ് കട്ട് ഓഫ്
15. ഇലക്ട്രിക്കൽ ജനറൽ വർക്ക്ഷോപ്പ്
16. ഓട്ടോ ഇലക്ട്രിക് വർക്ക്ഷോപ്പ്
17. സ്വിച്ച് ബോർഡ്
18. STD BOOTH
19. ഉന്നതനിലവാരമുള്ള റെഡിമെയ്ഡ് വസ്ത്രങ്ങൾ
20. ബാർസോപ്പ്
21. പേപ്പർ കവർ
22. കുട നിർമ്മാണം.
23. നോട്ട്ബുക്ക് നിർമ്മാണം.
24. റക്സിൻ ബാഗ്
25. കറിപൗഡർ
26. സിമന്റ് ജനാല കട്ടില മുതലായവ
27. സ്റ്റീൽ ഫർണിച്ചർ
28. യന്ത്രതറി (കോട്ടൻ, പോളിയസ്റ്റർ)
29. യന്ത്രവൽകൃതകൈത്തറി

ഇവിടെ ലഭ്യമായ വിഭവങ്ങൾ ഉപയോഗിച്ച് ആരംഭിക്കാൻ സാദ്ധ്യതയുള്ള വ്യവസായങ്ങൾ

ചെറുകിട വ്യവസായങ്ങൾ

1. വെളിച്ചെണ്ണ
2. തേങ്ങാവെള്ളമുപയോഗിച്ചുള്ള സോഫ്റ്റ് ഡ്രിംങ്കസ്
3. ചിരട്ടക്കരി നിർമ്മാണം.
4. തെങ്ങുതടികൊണ്ട് ഫർണീച്ചർ
5. യന്ത്രവുമുപയോഗിച്ച് ചകിരിനിർമ്മാണം.
6. യന്ത്രവൽകൃതകയർനിർമ്മാണം.
7. കന്നുകാലി തീറ്റ ഫാക്ടറി
8. ചകിരിനാര് കിടക്ക മുതലായവ
9. നേന്ത്രക്കായ ചിപ്സ് നിർമ്മാണം.
10. ചകിരിച്ചോറ് വള നിർമ്മാണം.
11. കരകൗശല നിർമ്മാണം (ചിരട്ടയും മറ്റും ഉപയോഗിച്ച്)
12. കൈതച്ചക്ക, നേന്ത്രപ്പഴം ചക്ക മാങ്ങ മുതലായവയുടെ സംസ്കരണം
13. ഹോളോബ്രിക്സ് നിർമ്മാണം.
14. തീപ്പെട്ടി നിർമ്മാണം.
15. ഈറ്റ മുള വ്യവസായം
16. ചൂല് നിർമ്മാണം
17. തേനിച്ച വളർത്തൽ
18. ഔഷധചെടിസംഭരണം സംസ്കരണം
19. കൊക്കോ സംസ്കരണം
20 തുകൽ വ്യവസായം
21. മൃഗക്കൊമ്പുകൊണ്ട് കൗതുകവസ്തുനിർമ്മാണം.
22. പൈനാപ്പിൾ നാരും വാഴനാരും ഉപയോഗിച്ചുള്ള വ്യവസായം
23. ചകിരി ഉപയോഗിച്ചുള്ള ഫോം കേക്ക്
24. റബർ ഫോം നിർമ്മാണം.
25. ത്രഡ് റബർ നിർമ്മാണം.
26. കാർഡ് ബോർഡ് പെട്ടികൾ
27. ഇലക്ട്രോണിക് ഉല്പന്നങ്ങൾ

വൻകിട വ്യവസായം (സാദ്ധ്യതയുള്ളത്)

1. ടയർഫാക്ടറി
2. ടെക്സ്റ്റൈൽമില്ല് (ജില്ലാ പഞ്ചായത്ത് തലം)
3. പ്ലൈവുഡ് ഫാക്ടറി

നിർദ്ദേശങ്ങൾ

1. വ്യവസായ എസ്റ്റേറ്റിന് അനുയോജ്യമായ സ്ഥലം കണ്ടുപിടിച്ച് ഏറ്റെടുത്ത് സംരഭകർക്ക് വാടകക്ക് കൊടുക്കുവാനുള്ള നടപടി സ്വീകരിക്കുക
2. ചെറുകിട യൂണിറ്റുകളുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനു വേണ്ടി കച്ചവടപ്രാധാന്യമുള്ള സ്ഥലങ്ങളിൽ ഷോപ്പിംഗ് ക്ലോപ്ലക്സുകൾ നിർമ്മിച്ച് ചുരുങ്ങിയ വാടകയ്ക്ക് കൊടുക്കുക.
3. ചെറുകിട വ്യവസായങ്ങൾ തുടങ്ങാൻ പറ്റിയ

പുറമ്പോക്കുഭൂമി അളവനുസരിച്ച് സംരഭകർക്ക് കെട്ടിടം പണിത് വാടകയ്ക്ക് കൊടുക്കുക.

4. കെട്ടിട നിർമ്മാണത്തിനും വ്യവസായ എസ്റ്റേറ്റുകൾക്കും വേണ്ടി വരുന്ന മൂലധനത്തിന്റെ ഒരംശം സംരഭകരിൽനിന്നും സ്വരൂപിക്കുക.

5. പഞ്ചായത്തിൽ അന്തരീക്ഷമലിനികരണം ഉണ്ടാകാൻ സാദ്ധ്യതയുള്ള മെറ്റൽ ക്രഷർ യൂണിറ്റുകൾ തുടങ്ങാൻ താല്പര്യമുള്ളവർക്ക് ക്രഷർ എസ്റ്റേസ്റ്റിന് പറ്റിയ സ്ഥലം ഏറ്റെടുത്ത് കൊടുക്കുക.

6. ബ്ലോക്കടിസ്ഥാനത്തിൽ ആധുനിക രിതിയിലുള്ള കരിങ്കൽ ക്വാറിയും മെറ്റൽ ക്രഷറും ബ്ലോക്കു പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ സ്ഥാപിക്കുക. പഞ്ചായത്ത് തലത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് കുറഞ്ഞനിരക്കിൽ ഉല്പന്നങ്ങൾ ലഭ്യമാക്കുക.

7. വ്യവസായസംരഭ പരിശീലനത്തിന് പഞ്ചായത്ത് കേന്ദ്രങ്ങൾ വേണം

8. പഞ്ചായത്തുതലത്തിലും ബ്ലോക്കുതലത്തിലും തൊഴിൽ എക്ച്ചേഞ്ച് സ്ഥാപിക്കണം.

9. നാളികേരത്തെഅടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങളെ പറ്റി ബോധവൽക്കരണം ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകളുമായി ബന്ധപ്പെട്ട് നടത്തണം.


10. വ്യവസായം തുടങ്ങാൻ ആഗ്രഹിക്കുന്ന ആളുകളെ കണ്ടുപിടിച്ച് വിദഗ്ദ്ധ പരിശീലനം നൽകുകയും പരിശീലനം നൽകുന്നതിന് ഒരു സ്ഥിരം സ്ഥാപനവും സംവിധാനവും ഉണ്ടാക്കുക

11. താല്പര്യമുള്ള വ്യവസായസംരഭകരെയും വ്യവസായ ഏജൻസികളേയ്യ് മറ്റും ഉൾപ്പെടുത്തി വ്യവസായ സെമിനാർ സംഘടിപ്പിക്കുക.

12. പഞ്ചായയത്തിനു കീഴിൽ വ്യവസായം തുടങ്ങാൻ താല്പര്യമുള്ളവർക്ക് മുഴുവൻ വിവരങ്ങളും പഞ്ചായത്തിൽ നിന്നും അറിയുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക. ലൈസൻസ് മുതൽ വിപണിവരെ ഒരു സ്ഥലത്തു നിന്നും അറിയാൻ കഴിയുന്നത് ഈ മേഖലയിൽ കടന്നു വരുന്നവർക്ക് വലിയൊരു അനുഗ്രഹമാകും.

13. നിലവിലുള്ള സംരഭങ്ങളിൽ വികസന സാദ്ധ്യതയുള്ളവയും കൂടുതൽ യൂണിറ്റുകൾ കണ്ടെത്തി യും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വാണിജ്യബാങ്കുകളിൽനിന്നും ധനസഹായവും സാങ്കേതികവൈദഗ്ദ്ധ്യവും ഉറപ്പുവരുത്തി ഉല്പാദനവർദ്ധനവും തൊഴിൽ സാദ്ധ്യതയും വർദ്ധിപ്പിക്കുക.

14. കാർഷിക ഉല്പന്നങ്ങളും വ്യവാസായിക ഉല്പന്നങ്ങളും വിറഴിക്കുന്നതിനുവേണ്ടി സ്ഥിരമായി ജില്ലാ പഞ്ചായത്തിൽ മാർക്കറ്റിംഗ് സംവിധാനം ഉണ്ടാക്കുക.



3

ഊർജ്ജം ഗതാഗതം

ഊർജ്ജം ഈ പഞ്ചായത്തിലെ ഊർജ്ജ ഉപയോഗത്തെ പ്രധാനമായും ഗാർഹികം, വ്യാവസായികം, വാണിജ്യം, കാർഷികം എന്നിങ്ങനെ നാല് വിഭാഗങ്ങളായി തിരിക്കാം.

1. **ഗാർഹികം:-** വീടുകളിൽ ഏറിയ പങ്കും പാചകാവശ്യത്തിന് വിറകും തെങ്ങുല്പന്നങ്ങളും ആണ് ഉപയോഗിച്ചു വരുന്നത്. ഒരു കുടുംബത്തിന്ശരാശരി പ്രതിദിനം 15 കിലോ വിറക് വേണ്ടതിനാൽ ഇപ്പോഴും വിറക് ലഭ്യത ശരാശരിയിൽ കുറവാണ്. റബ്ബർ തോട്ടങ്ങളിലും തെങ്ങിൻ തോട്ടങ്ങളിലും ധാരാളം വിറക് ലഭിക്കുന്നതിനുള്ള സാഹചര്യം ഉണ്ട്. എങ്കിലും അത് വളരെക്കുറച്ച് കുടുംബങ്ങൾക്ക് മാത്രമേ ഉള്ളൂ. ഏകദേശം മുന്നൂറോളം ഇടത്തരം സമ്പന്ന കുടുംബങ്ങളാണ് പാചക വാതകം ഉപയോഗിക്കുന്നത്. പുകയില്ലാത്ത ഇന്ധന ക്ഷമതയുള്ള അടുപ്പുകൾ കാര്യമായി പ്രചാരത്തിലായിട്ടില്ല. എന്നാൽ പഞ്ചായത്തിലെ 80 ശതമാനം വീടുകളും വൈദ്യുതീകരിക്കപ്പെട്ടിട്ടുണ്ട്. ചുരുക്കം വീടുകളിൽ മാത്രമാണ് മണ്ണെണ്ണ ഉപയോഗിക്കുന്നത്. പാരമ്പര്യേതര ഊർജ്ജസ്രോത്രസ്സായ സൗരോർജ്ജത്തിന്റെ ഉപയേഗം ഗാർഹിക രംഗത്ത് പഞ്ചായത്തിൽ ഇതുവരെ അനുഭവപ്പെട്ടിട്ടില്ല. നമ്മുടെ പഞ്ചായത്തിലെ വൈദ്യുതി വിതരണം കെ. എസി. ഇ. ബി. യുടെ മൂവാറ്റുപുഴ, കുറുപ്പംപടി, വളയൻചിറങ്ങര, പെരുമ്പാവൂർ സെക്ഷനുകളിലൂടെയാണ് നിയന്ത്രിക്കപ്പെടുന്നത്. ഇവിടെ നിന്നും പഞ്ചായത്ത് തിരിച്ച് വിവരങ്ങൾ ലഭ്യമായിട്ടില്ലെന്ന പോരായ്മയുണ്ട്.

വ്യാവസായികം:- പഞ്ചായത്തിലെ വ്യാവസായിക മേഖലയുടെ ആവശ്യത്തിനനുസരിച്ച് വൈദ്യുതി ലഭിക്കുന്നില്ല. വോൾട്ടേജ് ക്ഷാമം പഞ്ചായത്തിൽ ശക്തമായി അനുഭവപ്പെട്ടു വരുന്നുണ്ട്. പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് വൈദ്യുതി കണക്ഷൻ കിട്ടാനും വലിയ ബുദ്ധിമുട്ടുകൾ അനുഭപ്പെടുന്നുണ്ട്.

വാണിജ്യ, കാർഷിക രംഗത്തും പ്രധാനമായും ഊർജ്ജമായി ഉപയോഗിക്കുന്നത് വൈദ്യുതി തന്നെയാണ്.

ഊർജ്ജരംഗത്തെ മുഖ്യപ്രശ്നങ്ങൾ

1. രൂക്ഷമായ വോൾട്ടേജ് ക്ഷാമം. പായിപ്ര, കോതമംഗലം, മുടിക്കൽ സബ്സ്റ്റേഷനുകളിൽ നിന്നാണ് പഞ്ചായത്തിലേക്ക് വൈദ്യുതി പ്രധാനമായും എത്തിച്ചേരുന്നത്. പഞ്ചായത്തിനുള്ളിൽ ഉള്ള ട്രാൻസ്ഫോർമറുകൾ എല്ലാം തന്നെ സ്ഥാപിതശേഷിയിൽ കൂടുതൽ കണക്ഷൻ ഭാരം വഹിക്കുന്നുണ്ട്. ഇതുകൊണ്ടാണ് വോൾട്ടേജ് ക്ഷാമം ശക്തമായി അനുഭവപ്പെടുന്നത്.
2. വ്യാപകമായി വോൾട്ടേജ് സ്റ്റെബിലൈസറുകൾ ഉപയോഗിക്കുന്നതിലൂടെ സൃഷ്ടിക്കപ്പെടുന്ന വോൾട്ടേജ് പ്രശ്നങ്ങൾ
3. പാചക വാതക കണക്ഷൻ ലഭിക്കുന്നതിനുള്ള പ്രശ്നങ്ങൾ
4. പാരമ്പര്യേതര ഊർജ്ജമേഖലയെ ഫലപ്രദമായി ഉപയോഗിക്കാൻ സാധിക്കാത്ത സാഹചര്യം.

സാധ്യതകൾ, നിർദ്ദേശങ്ങൾ

1. ഇന്ധന ക്ഷമതയുള്ള അടുപ്പുകൾ വ്യാപകമാക്കുക.
2. പാചകവാശ്യത്തിന് പ്രഷർ കുക്കർ മുതലായ ഉപകരണങ്ങൾ പ്രചാരത്തിലാക്കുക.
3. വിറകുല്പാദനം വർദ്ധിപ്പിക്കുന്നതിന് സാമൂഹ്യ വനവല്ക്കരണ പദ്ധതികൾ നടപ്പിലാക്കുക
4. വൈദ്യുതിയുടെ പ്രസരണ നഷ്ടം ഒഴിവാക്കുന്നതിന് ലൈനുകളിൽ തട്ടു ന്ന വൃക്ഷശിഖരങ്ങൾ മുറിച്ച് മാറ്റുന്നതിന് സന്നദ്ധ പ്രവർത്തനം സംഘടിപ്പിക്കുക.
5. ഊർജ്ജ ലാഭമുള്ള വൈദ്യുത ദീപങ്ങൾ പ്രചാരത്തിലാക്കുക.
6. കാറ്റ്, സൗരോർജ്ജം എന്നിവ ഉപയോഗിച്ചുള്ള ഉപകരണങ്ങൾ പ്രചരിപ്പിക്കുക.
7. ടവ്വർ ലൈൻ കടന്നു പോകുന്ന പഞ്ചായത്ത് പ്രദേശത്ത് കെ. എസ്. ഇ. ബി. യുടെ സബ് സ്റ്റേഷൻ സ്ഥാപിക്കുക.
8. പഞ്ചായത്തിലുള്ള മുഴുവൻ ട്രാൻസ്ഫോർമറുകളുടെയും ശേഷി വർദ്ധിപ്പിക്കുക.
9. പഞ്ചായത്തിലെ 6-ാം വാർഡിൽ പറമ്പി പീടികക്ക് സമീപം, ഹൈലെവൽ കനാലിലെ വെള്ളം വാളകം ബ്രാഞ്ച് കനാലിലേക്ക് പതിക്കുന്ന സ്ഥാനത്ത് ഒരു മിനി വൈദ്യുതനിലയം സ്ഥാപിക്കുക. ഏകദേശം 30 അടിയോളം ഉയരത്തിൽ നിന്നാണ് വെള്ളം ബ്രാഞ്ച് കനാലിൽ പതിക്കുന്നത്. ജലസേചന പദ്ധതിയുടെ വെള്ളം ആയതുകൊണ്ട് വേനൽക്കാലത്ത് എല്ലായ്പ്പോഴും വെള്ളം ചാടുന്നുണ്ട്. ഹൈലെവൽ കനാലിലൂടെ വരുന്ന വർദ്ധിച്ച അളവിലുള്ള ഈ ജലത്തിന്റെ പതന ശേഷി ഉപയോഗിച്ച് മിനി ജല വൈദ്യുത പദ്ധതി ഫലപ്രദമായി നടപ്പിലാക്കാൻ കഴിയും. ഇതിനാവശ്യമായ സാങ്കേതിക സർവ്വേ നടത്തി സ്വകാര്യമേഖലയിലോ പൊതുമേഖലയിലോ ഈ പദ്ധതി നടപ്പിലാക്കാനായാൽ വൈദ്യുതി നിർമ്മാണ രംഗത്ത് നമുക്ക് സ്ഥാനം ലഭിക്കും.
10. കാർഷിക രംഗത്ത് വെള്ളം പമ്പു ചെയ്യുന്നതിനായി സൗരോർജ്ജ പമ്പുകൾ പ്രചാരത്തിലാക്കുക. കേന്ദ്രസർക്കാരിന്റെ പാരമ്പര്യേതര ഊർജ്ജ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഉയർന്ന സബ്സിഡിയോടു കൂടി ഇത്തരം പമ്പുകൾ വിതരണം ചെയ്യപ്പെടുന്നുണ്ട്. ഇത്തരം പമ്പുകൾ സ്ഥാപിക്കുമ്പോൾ പമ്പ് പ്രവർത്തിക്കാത്ത സമയം സൗരോർജ്ജ വൈദ്യുതി ഉപയോഗിച്ച് ഗാർഹിക ആവശ്യങ്ങളും നിറവേറ്റാൻ കഴിയുന്നതാണ്.
11. പാരമ്പര്യേതര ഊർജ്ജമേഖല പഞ്ചായത്തിൽ വ്യാപകമാക്കുന്നതിനായി നമ്മുടെ ഗ്രാമപഞ്ചായത്തിനെ കേന്ദ്രപാരമ്പര്യേതര ഊർജ്ജ വകുപ്പിനെക്കൊണ്ട് ദത്തെടുപ്പിക്കുക.
12. പഞ്ചായത്തിലെ വൈദ്യുതി ഉപഭോക്താക്കളെ മുഴുവൻ ഒറ്റ സെക്ഷന്റെ കീഴിലാക്കുന്നതിനായി നെല്ലിമോളം കേന്ദ്രമായി പുതിയ സെക്ഷൻ ഓഫീസ് അനുവദിക്കുക.
13. പഞ്ചായത്തിൽ നിലവിലുള്ള വൈദ്യുതലൈനുകൾ കൂടുതൽ സൗകര്യപ്രദമായ രീതിയിൽ പുനർനിർമ്മിക്കുക.
14. രൂക്ഷമായ ഇന്ധന പ്രതിസന്ധി പരിഹരിക്കുന്നതിന് പഞ്ചായത്ത് പ്രദേശത്ത് പാചകവാതക കണക്ഷൻ അനുവദിക്കുക. ഇതിന്റെ വിതരണാവകാശം പഞ്ചായത്തിനെ ചുമതലപ്പെടുത്തുക.


15. വഴി വിളക്കുകൾ സ്ഥാപിക്കുന്നതിനും, പരിപാലിക്കുന്നതിനും പഞ്ചായത്തുകൾക്ക് അധികാരം നല്കുക.

റോഡുകൾ - (ഗതാഗതം)

ഗ്രാമസഭകളിൽ ഏറ്റവും സജീവമായ ചർച്ച നടന്നതും, ഏറ്റവും കൂടുതൽ ആവശ്യങ്ങളും, നിർദ്ദേശങ്ങളും ഉയർന്നു വന്നിട്ടുള്ളതും റോഡുകളുടെ കാര്യത്തിലാണ്. നമ്മുടെ പഞ്ചായത്തിലെ പ്രധാന ഗതാഗത മാർഗ്ഗം റോഡ് ഗതാഗതമാണ്. ജലഗതാഗതം നമ്മുടെ പഞ്ചായത്തിൽ നിലവിലില്ല. റെയിൽ ഗതാഗതവും പഞ്ചായത്തിൽ ഇല്ല. പഞ്ചായത്തിലൂടെ കടന്നുപോകുന്ന ഏറ്റവും പ്രധാനപ്പെട്ടതും വലിയതുമായ റോഡുകൾ, ആലുവ - മൂന്നാർ റോഡും, എം. സി. റോഡുമാണ്. ഏറ്റവും കൂടുതൽ ഗതാഗതം നടക്കുന്നതും ഈ റോഡുകളിലാണ്. ഇതിൽ ആലുവ - മൂന്നാർ റോഡ്, പഞ്ചായത്തിന്റെ വടക്കനതിർത്തിയിലൂടെയാണ് പോകുന്നതെങ്കിൽ, എം. സി. റോഡ് ഏതാണ്ട് മദ്ധ്യഭാഗത്തു കൂടിയാണ് കടന്നു പോകുന്നത്. കീഴില്ലം - കുറിച്ചിലക്കോട് റോഡ്, പുല്ലുവഴി - കല്ലിൽ ടെമ്പിൾ റോഡ്, കുറുപ്പംപടി - വായ്ക്കര റോഡ്, കല്ലിൽ ടെമ്പിൾ - പെരുമ്പാവൂർ സസ്യമാർക്കറ്റ് റോഡ്, കൂട്ടുമഠം - വട്ടക്കാട്ടുപടി റോഡ്, മലമുറി - വളയൻചിറങ്ങര റോഡ്, കീഴില്ലം - ത്രിവേണി റോഡ്, പുല്ലുവഴി - കർത്താവും പടി റോഡ്, ആലുവ - മണ്ണൂർ റോഡ് എന്നിവയാണ് മറ്റ് പ്രധാന റോഡുകൾ. ഈ റോഡുകളെല്ലാം ടാറിംഗ് നടത്തിയിട്ടുള്ളതും തരക്കേടില്ലാത്ത ഗതാഗതം ഉള്ളതുമാണ്. പഞ്ചായത്തിലെ ഒട്ടു മിക്ക കനാൽ ബണ്ട് റോഡുകളും ടാറിംഗ് നടത്തിയിട്ടുള്ളതാണ്, വിവിധ വാർഡുകളിലായി കിടക്കുന്ന മേൽപ്പറഞ്ഞ റോഡുകളെല്ലാം P. W. D വകയാണ്. പഞ്ചായത്തിലെ റോഡുകളെ വാർഡ് തിരിച്ച് ടാറിങ്ങ് നടത്തിയത്, നടത്താനുള്ളത് എന്നിവ കി. മീറ്റർ അടിസ്ഥാനത്തിൽ താഴെപ്പറയും വിധം പട്ടികപ്പെടുത്താവുന്നതാണ്.

	ടാറിംഗ് റോഡ് കി. മീ. (ഉടമസ്ഥത)	മെറ്റൽ റോഡ് കി. മീറ്റർ	മണ്ണ് റോഡ്
1	6. 6. K. M	ഇല്ല	13. 4. K. M
2.	6.9 K. M	ഇല്ല	8.5 K. M
3.	3 K. M	ഇല്ല.	4.2 K. M
4.	10.55 K. M. P. V. I. P P.W.D	1.1 K. M (പഞ്ചായത്ത്)	3.99 K. M
5.	3.1 K. M. P.W.D	ഇല്ല	14.16 K. M (പഞ്ചായത്ത്)
6.	12.700 K. M	5. K. M	13.5. K. M
7.	4.9. K. M	ഇല്ല	7.4 K. M
8.	7. K. M	ഇല്ല	6.7 K. M
9.	8.5 K. M	ഇല്ല	12. K. M
10.	8.1 K. M. P.W.D	1.4K. M	4.3 K. M
11.	8.25 K. M	ഇല്ല.	11.5 K. M
12.	9.2 K. M	1.2 K. M	6.5 K. M

റോഡുകൾ (ടാർ, മെറ്റൽ, മണ്ണ് തിരിച്ച്)



പഞ്ചായത്തിനുള്ളിലെ ടാർ റോഡുകൾ പ്രധാനമായും P.W.D വകയും, ബ്ലോക്കിൽ നിന്നും വിവിധ പദ്ധതികളിൽപ്പെടുത്തിയും ആണ് പണി കഴിപ്പിച്ചിട്ടുള്ളത്. പഞ്ചായത്തിലെ വിവിധ വാർഡുകളിലുള്ള ധാരാളം റോഡുകൾ ടാറിംഗ് നടത്തി സംരക്ഷിക്കേണ്ടതുണ്ടെന്ന് പട്ടികയിൽ നിന്നും മനസ്സിലാക്കാവുന്നതാണ്. മണ്ണ് റോഡുകൾ ഒട്ടു മിക്കവയും മഴക്കാലത്ത് വെള്ളം കുത്തി ഒഴുകന്നതുമൂലം ഗതാഗതയോഗ്യമല്ലാതായി തീരുന്ന സാഹചര്യമാണുള്ളത്. വിവിധ പാടശേഖരങ്ങളുമായി ബന്ധപ്പെട്ടുള്ള നിരവധി ഫാം റോഡുകൾ പഞ്ചായത്തിലുണ്ടെങ്കിലും അവയെല്ലാം തന്നെ മണ്ണ് റോഡുകളായതുകൊണ്ട് മഴക്കാലത്ത് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ഉയർന്ന പ്രദേശങ്ങൾ ഉള്ള വാർഡുകളിലെല്ലാം ഈ പ്രശ്നം രൂക്ഷമായി അനുഭവപ്പെട്ടു വരുന്നുണ്ട്. പഞ്ചായത്തിന്റെ പരിമിതമായ വരുമാനം ഉപയോഗിച്ച് ഈ റോഡുകളെല്ലാം കാലാകാലങ്ങളിൽ അറ്റകുറ്റപ്പണി നടത്താൻ കഴിയാത്ത സാഹചര്യമാണുള്ളത്. എല്ലാ റോഡുകൾക്കും തന്നെ ആവശ്യമായ ഓടകളോ കലുങ്കുകളോ ഇല്ലെന്ന പോരായ്മയും ഉണ്ട്.

ഈ മേഖലയിലെ പ്രശ്നങ്ങളെ താഴെപ്പറയും വിധം സംഗ്രഹിക്കാം.

1. ചില വാർഡുകളിൽ വേണ്ടത്ര റോഡ് സൗകര്യമില്ല.
2. നിലവിലുള്ള മൺറോഡുകളുടെ നിലവാരം വളരെ മോശമാണ്.
3. റോഡുകൾ കാലാകാലങ്ങളിൽ ഫലപ്രദമായി അറ്റകുറ്റപ്പണി നടത്താറില്ല.
4. പല റോഡുകൾക്കും മതിയായ ഓടകൾ ഇല്ല.
5. മൺറോഡുകൾക്ക് ആവശ്യമായ ഭാഗങ്ങളിലെല്ലാം കലുങ്കുകൾ ഇല്ല.
6. റോഡുകൾ ടാറിംഗ് നടത്താത്തതു മൂലം മഴക്കാലത്ത് വെള്ളം കുത്തി ഒഴുകി ഗതാഗതയോഗ്യമല്ലാതാകുന്നു.
7. റോഡുകളിൽ ആവശ്യമായ വഴിവിളക്കുകൾ ഇല്ല.

8. ബസ്സ് ഗതാഗതമുള്ള റോഡുകളിൽ ആവശ്യമായ വെയിറ്റിംഗ് ഷെഡ്ഡുകളും സ്ഥാപിക്കപ്പെട്ടിട്ടില്ല.

9. പല റോഡുകൾക്കും സംരക്ഷണ ഭിത്തികൾ ഇല്ല.

സാധ്യതകൾ, നിർദ്ദേശങ്ങൾ

1. മുൻഗണനാക്രമത്തിൽ മൺറോഡുകൾ ടാറിംഗ് നടത്താൻ പദ്ധതി തയ്യാറാക്കുക.

2. മുൻഗണനാക്രമത്തിൽ പുതിയ റോഡുകൾ നിർമ്മിക്കുക.

3. റോഡുകൾക്ക് ആവശ്യമായ ഓടകളും, സംരക്ഷണ ഭിത്തികളും നിർമ്മിക്കുക.

4. റോഡുകളുടെ അറ്റകുറ്റപ്പണികൾ കൃത്യമായി നടത്താൻ പദ്ധതി.

5. റോഡുകളിൽ ആവശ്യമായ ഭാഗങ്ങളിലെല്ലാം കലുങ്കുകൾ നിർമ്മിക്കുക.

6. ഗതാഗതം കൂടുതലുള്ള റോഡുകളിലെല്ലാം വഴി വിളക്കുകൾ സ്ഥാപിക്കുക.

7. ബസ്സ് ഗതാഗതമുള്ള റോഡുകളിൽ ആവശ്യമായ സ്ഥലങ്ങളിൽ വെയിറ്റിംഗ് ഷെഡ് പണിയുക.

8. ഒമ്പതാം പദ്ധതി കാലയളവിൽ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ചുരുങ്ങിയത് 2 K.M വീതം നീളം റോഡുകളെങ്കിലും ടാറിംഗ് നടത്തുക.


9. റോഡുകളോട് അനുബന്ധിച്ച് ഓടകൾ, കലുങ്കുകൾ, സംരക്ഷണ ഭിത്തികൾ, വെയിറ്റിംഗ് ഷെഡുകൾ എന്നിവ പണിയുന്നതിനായി നിർമ്മാണ സാമഗ്രികളുടെ വില (Material Cost) മാത്രം പഞ്ചായത്തിൽ നിന്നും മുടക്കുകയും അവയുടെ ഗുണഭോക്താക്കളിൽ നിന്നും കൂലിച്ചിലവും അദ്ധ്വാനവും സംഭാവനയായി സ്വീകരിക്കുകയും ചെയ്തുകൊണ്ട് പണി പൂർത്തീകരിക്കുന്നതിനുള്ള സ്കീം നടപ്പിലാക്കുക.

10. റോഡുകളുടെ നിർമ്മാണത്തിനും, അറ്റകുറ്റപ്പണിക്കും, സംരക്ഷണത്തിനും ഗുണഭോക്താക്കളുടെ പ്രാദേശിക ജനകീയ സമിതികൾ രൂപീകരിക്കുക.

11. ഗതാഗതത്തിരക്കുള്ള എം. സി. റോഡ്. നാഷണൽ ഹൈവേ ആയി പ്രഖ്യാപിക്കുക.

12. KK റോഡിന്റെ വീതി വർദ്ധിപ്പിച്ച് സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

13. കുറുപ്പംപടി ടൗണിൽ ബസ് സ്റ്റാൻഡ് നിർമ്മിക്കുക,



9

ആരോഗ്യം കുടിവെള്ളം പരിസര ശുചിത്വം

ആരോഗ്യം

ആരോഗ്യരക്ഷാ രംഗത്ത് നമ്മുടെ സംസ്ഥാനത്തിന് ലോകരാജ്യങ്ങളുടെ ഏറ്റവും മുൻ നിരയിലാണ് സ്ഥാനം. ശിശു മരണനിരക്ക് ഏറ്റവും കുറവുള്ള സംസ്ഥാനമാണ് കേരളം. ജനനനിരക്ക് ഏറ്റവും ഫലപ്രദമായി നിയന്ത്രണത്തിൽ കൊണ്ടു വരാനും നമുക്ക് കഴിഞ്ഞിട്ടുണ്ട്. ആയുർ ദൈർഘ്യം ഏറ്റവും കൂടുതൽ ഉള്ളതും നമ്മുടെ സംസ്ഥാനത്ത് തന്നെയാണ്. നമ്മുടെ പഞ്ചായത്തും ഈ മേഖലകളിലെല്ലാം കേരള ശരാശരിയുടെ ഒപ്പം തന്നെ നില്ക്കുന്നുണ്ട്. നമ്മുടെ പഞ്ചായത്തിലെ ജനന-മരണ നിരക്കിന്റെ കണക്ക് ആധികാരികമല്ല. പഞ്ചായത്തിനുള്ളിൽ താമസിക്കുന്ന കുടുംബങ്ങളിലെ ഒട്ടനവധി ജനനങ്ങളും, മരണങ്ങളും സമീപ നഗരങ്ങളിലെ ആശുപത്രികളിൽ വച്ച് നടക്കാറുള്ളത്, അതാതിടത്തെ പഞ്ചായത്തിലോ മുനിസിപ്പാലിറ്റിയിലോ ആണ് രജിസ്റ്റർ ചെയ്യപ്പെടുന്നത്. ശിശു മരണം അപൂർവ്വമായി മാത്രം ആണ് സംഭവിക്കുന്നത്. പഞ്ചായത്തിലെ ജനന നിരക്ക് സംസ്ഥാന ശരാശരിയിലും കുറവാണെന്നാണ് ഏകദേശ പഠനത്തിൽ നിന്നും മനസ്സിലായിട്ടുള്ളത്. എന്നാൽ മരണ നിരക്ക് സംസ്ഥാന ശരാശരിക്കൊപ്പം തന്നെ നില്ക്കുന്നുണ്ട്. പ്രസവത്തോടനുബന്ധിച്ചുള്ള മാതൃമരണങ്ങൾ തീരെ കുറവാണെന്ന് കാണാം. 1991-ലെ ജനസംഖ്യാകണക്കുകൾ അനുസരിച്ച് ആറുവയസ്സിൽ താഴെയുള്ള കുട്ടികളുടെ എണ്ണം 3227 ആണ്.

ക്ഷയം, കുഷ്ഠം, മലമ്പനി തുടങ്ങിയ രോഗങ്ങൾ പഞ്ചായത്തിൽ നിന്നും ഏതാണ്ട് പൂർണ്ണമായി നിർമ്മാർജ്ജനം ചെയ്യാൻ സാധിച്ചിട്ടുണ്ട്. കാലാവസ്ഥയിൽ പ്രകടമായ മാറ്റം സംഭവിക്കുമ്പോൾ ഉണ്ടാകുന്ന പനി, ജലദോഷം, ചുമ, ചെങ്കണ്ണ് എന്നിവയാണ് പ്രധാനമായും കണ്ടു വരുന്ന സാധാരണ രോഗങ്ങൾ.

കുട്ടികളുടെ പോഷണ നിലവാരം അവർ ഉൾപ്പെടുന്ന കുടുംബങ്ങളുടെ സാമ്പത്തിക സ്ഥിതിയുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇടത്തരം, സമ്പന്ന കുടുംബങ്ങളിലെ കുട്ടികൾ മെച്ചപ്പെട്ട പോഷക നിലവാരം ഉള്ളവരാണ്. എന്നാൽ പാവപ്പട്ട കുടുംബങ്ങളിലെ കുട്ടികൾക്ക് പോഷകക്കുറവ് കാര്യമായി അനുഭവപ്പെടുന്നു. പ്രത്യേകിച്ചും ദുർബ്ബല വിഭാഗങ്ങളിൽപ്പെട്ട കുട്ടികളാണ് ഈ ഇനത്തിൽ വരുന്നത്. ശിശുരോഗങ്ങൾക്ക് അടിപ്പെടുന്നതും ഈ വിഭാഗത്തിൽ പെട്ടവരാണ്.

പഞ്ചായത്തിൽ പഞ്ചായത്ത് ആസ്ഥാനത്ത് ഒരു പബ്ലിക് ഹെൽത്ത്സെൻററും നാല് സബ് സെൻററുകളും ഉണ്ട്. കുറുപ്പംപടിയിലുള്ള രണ്ടും കീഴില്ലത്തുള്ള ഒന്നും സഹകാര്യ ആശുപത്രികളാണ് പ്രധാന ചികിത്സാ കേന്ദ്രങ്ങൾ. കൂടാതെ സർക്കാർ ആയുർവേദ ഹോമിയോ ആശുപത്രികളും പ്രവർത്തിക്കുന്നുണ്ട്. സഹകാര്യരംഗത്ത് നിരവധി ഡിസ്പെൻസറികളും, ഹോമിയോ, ആയുർവേദ ഡിസ്പെൻസറികളും പ്രവർത്തിക്കുന്നുണ്ട്. ആരോഗ്യ മേഖലയിൽ രൂക്ഷമായ പ്രശ്നങ്ങളൊന്നും പഞ്ചായത്തിൽ അനുഭവപ്പെടുന്നില്ല.

പ്രധാന പ്രശ്നങ്ങൾ താഴെപ്പറയുന്നവയാണ്.

1. പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ അനുവദിച്ചിട്ടുള്ള കിടത്തി ചികിത്സിക്കുന്നതിനുള്ള വാർഡ് പ്രവർത്തനം ആരംഭിക്കുവാൻ സാധിച്ചിട്ടില്ല.
2. പ്രാഥമികാരോഗ്യകേന്ദ്രത്തിൽ രാത്രി കാലത്ത് ഡോക്ടറുടെ സേവനം ലഭിക്കുന്നില്ല.
3. കുട്ടികൾക്കുള്ള പ്രതിരോധ കുത്തിവയ്പുകളും, പോഷകാഹാര പരിപാടിയും കൃത്യമായും ഫലപ്രദമായും നടപ്പിലാക്കപ്പെടുന്നില്ല.
4. സ്കൂൾ ആരോഗ്യ പരിപാടി കാര്യക്ഷമമായിട്ടല്ല നടക്കപ്പെടുന്നത്.
5. ഹോമിയോ ആശുപത്രിക്ക് സ്വന്തം കെട്ടിടം പണിയാൻ സാധിച്ചിട്ടില്ല.

പരിസര ശുചിത്വം

പട്ടിക

ആകെ വീടുകൾ	സാനിറ്ററി കക്കൂസുകൾ ഇല്ലാത്തവ	വിവിധ പദ്ധതികളിലായി അനുവദിച്ചകക്കൂസുകൾ	പണി പൂർത്തിയായവ	ഇനി കക്കൂസുകൾ വേണ്ട കുടുംബങ്ങൾ
6272	1196	89	89	1107

പഞ്ചായത്തിലെ 85 ശതമാനത്തോളം വീടുകളിലും വൃത്തിയുള്ള കക്കൂസുകൾ ഉപയോഗിക്കുന്നുണ്ട്. സ്വന്തമായി കക്കൂസുകൾ നിർമ്മിക്കാൻ സാമ്പത്തികശേഷിയുള്ള ഏതാണ്ട് മുഴുവൻ കുടുംബങ്ങളും തന്നെ അവ നിർമ്മിച്ചിട്ടുണ്ട്. ഇനിയും കക്കൂസുകൾ നിർമ്മിക്കാനുള്ള കുടുംബങ്ങൾ എല്ലാം തന്നെ ആയതിന് സാമ്പത്തിക സഹായം ആവശ്യമുള്ളവരാണ്. സുരക്ഷിത കക്കൂസുകളുടെ പ്രാധാന്യം ജനങ്ങൾ പൂർണ്ണമായിട്ടും ഉൾക്കൊണ്ടിട്ടുണ്ടെന്ന് നമുക്കു കാണാൻ കഴിയും.

കുറുപ്പംപടി ടൗൺ ശുചീകരിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ അപര്യാപ്തമാണ്. അതിവേഗം വളരുന്ന ടൗണിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് കൂടുതൽ ഫലപ്രദമായ മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടതുണ്ട്. വ്യവസായിക മാലിന്യങ്ങൾ ഒന്നും തന്നെ പഞ്ചായത്തിൽ ഇല്ല. നാമമാത്രമായ ക്രഷറുകളിൽ നിന്നുള്ള പൊടി ശല്യമാണ് ഈ രംഗത്തുള്ള മാലിന്യം.

ഈച്ച, കൊതുക് എന്നിവയുടെ വർദ്ധിച്ച ശല്യവും പഞ്ചായത്തിൽ അനുഭവപ്പെടുന്നില്ല

കുടിവെള്ളം

ആരോഗ്യരംഗത്തെ പുരോഗതിയുടെ അളവുകോലുകളിലൊന്നാണ് കുടിവെള്ളത്തിന്റെ ലഭ്യതയും, ഗുണനിലവാരവും. ശുദ്ധമായ വെള്ളം ആരോഗ്യരക്ഷയ്ക്ക് അനിവാര്യമായ മുഖ്യ ഘടകമാണ്. പഞ്ചായത്തിലെ മുഖ്യകുടിവെള്ള സ്രോതസ്സുകളെ മുഖ്യമായും താഴെപ്പറയും വിധം തിരിക്കാം.

1. പൊതു കിണറുകൾ
2. ടാപ്പുകൾ
3. കുഴൽക്കിണറുകൾ
4. ഉറവകൾ
5. സഹകാര്യകിണറുകൾ

ഇവയുടെ പൊതു വിവരണം താഴെപ്പറയുന്ന പട്ടികകളിൽ നിന്നും വ്യക്തമാകും.

പൊതുകിണറുകൾ

വാർഡ്	കിണറുകളുടെ എണ്ണം	എത്ര കുടുംബങ്ങൾ ഉപയോഗിക്കുന്നു	വറ്റുന്നവയാണോ	ഏതുമാസങ്ങളിലാണ് വറ്റുന്നത്
1	1	15	അല്ല	---
2	1	22	അല്ല	---
3	2	53	അതെ	ഫെബ്രുവരി, മാർച്ച്, ഏപ്രിൽ, മെയ്
4	6	100	അതെ	ഫെബ്രുവരി, മാർച്ച്, ഏപ്രിൽ, മെയ്
5	4	84	അതെ	ഫെബ്രുവരി, മാർച്ച്, ഏപ്രിൽ, മെയ്
6	7	65	അതെ	ഫെബ്രുവരി, മാർച്ച്, ഏപ്രിൽ, മെയ്.
7	4	55	അല്ല	---
8	1	25	അല്ല	---
9	11	140	അല്ല	---
10	5	32	അല്ല	---
11	7	57	4 എണ്ണം വറ്റും	ഫെബ്രുവരി, മാർച്ച്, ഏപ്രിൽ, മെയ്.
12	4	25	1 എണ്ണം വറ്റും	ഫെബ്രുവരി, മാർച്ച്, ഏപ്രിൽ, മെയ്

പഞ്ചായത്തിലെ പ്രധാന കുടിവെള്ള വിതരണ പദ്ധതികളും സംബന്ധിച്ച പട്ടിക താഴെ കൊടുക്കുന്നു.

ശുദ്ധജല വിതരണ പദ്ധതികൾ - പട്ടിക.

ക്രമ നമ്പർ	പദ്ധതിയുടെ പേര്	ആകെ പൈപ്പ്ലൈൻ	പൊതുടാപ്പുകൾ	ഗാർഹികകണക്ഷൻ
1	കീഴില്ലം വാട്ടർ സപ്ലൈ സ്കീം	15. 5 K. M.	34	52
2.	കുറുപ്പം പടി വാട്ടർ സപ്ലൈ സ്കീം	19 K. M.	86	150
3.	നെല്ലിമോളം വാട്ടർ സപ്ലൈ സ്കീം	21 K. M.	115	50
4	C. W. S. S (Proposed) Comprehensive Water Supply Scheme Pbvr.	77 K. M.	164	

ഒരു ടാപ്പിൽ നിന്നും ശരാശരി 10 കുടുംബങ്ങൾ വെള്ളം ഉപയോഗിക്കു ന്നുണ്ട്. എല്ലാ മാസങ്ങളിലും ആവശ്യാനുസരണം വെള്ളം ലഭിക്കാറില്ല എന്ന പോരായ്മയുണ്ട്. ദിവസങ്ങളോളം തുടർച്ചയായി വെള്ളം ലഭിക്കാത്ത അവസ്ഥയും ഉണ്ട്. ദിവസം മുഴുവൻ വെള്ളം ലഭിക്കാറില്ല. നിലവിലുള്ള സ്കീമുകളിലെ പമ്പിംഗ് ഷിഫ്റ്റ് വർദ്ധിപ്പിച്ചാൽ മാത്രമേ ആവശ്യത്തിന് കുടിവെള്ളം എല്ലാ സമയത്തും ലഭിക്കുകയുള്ളു. അതോടൊപ്പം പെരുമ്പാവൂർ കേന്ദ്രമായുള്ള സമഗ്രശുദ്ധ ജലവിതരണ പദ്ധതി അടിയന്തിരമായി കമ്മീഷൻ ചെയ്യാനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തിനുള്ളിൽ സ്വകാര്യവ്യക്തികളുടെ വകയായി കിണറുകളും കുളങ്ങളും ഉണ്ട്. പക്ഷേ ജലലഭ്യത കുറവുള്ള ഉയർന്ന പ്രദേശങ്ങളിൽ വേനൽക്കാലത്ത് വെള്ളം ഉണ്ടാകാറില്ല.

കുഴൽ കിണറുകൾ

പഞ്ചായത്തിൽ 6 കുഴൽ കിണറുകൾ ഉണ്ട്. എല്ലാ കിണറുകളിലും തന്നെ വേനൽക്കാലത്ത് വെള്ളം ഉണ്ട്. വെള്ളത്തിന് നിറവ്യത്യാസമോ ഭേദമോ അനുഭവപ്പെടാറില്ല. ഈ രംഗത്ത് ജല സാദ്ധ്യത പൂർണ്ണമായും ചൂഷണം ചെയ്യാൻ കഴിഞ്ഞിട്ടില്ല.

വേനൽക്കാലത്ത് കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭപ്പെടുന്ന പ്രദേശങ്ങൾ III-ാം വാർഡിലെ വള്ളോൻ മുകൾ V-ാം വാർഡിലെ മേനോത്തുപാറ, പാണ്ടക്കാട്ടുപാറ, പുലിക്കല്ല്, കള്ളാർമോളം VI-ാം വാർഡിലെ 606, ത്രിവേണി, കൊറ്റംകുളം, XI-ലെ മലമൂറി, XII-ലെ പീച്ചനാംമുകൾ VII-ലെ അമ്പലതുരുത്ത്, IV-ലെ ആട്ടുപടി, കോട്ടമല എന്നിവയാണ്. നിലവിലുള്ള വിതരണ സംവിധാനങ്ങൾ ഫലപദമല്ല.

ഈ രംഗത്തെ പ്രധാനപ്രശ്നങ്ങളെ താഴെപ്പറയും വിധം പട്ടികപ്പെടുത്താം.

1. 3, 4, 5, 6, 11 ,12 വാർഡുകളിൽ സ്ഥിരമായി വേനൽക്കാലത്ത് കുടിവെള്ള ക്ഷാമം അനുഭപ്പെട്ടു വരുന്നു.
2. പൈപ്പു വെള്ളം കൃത്യമായും ഫലപ്രദമായും ലഭിക്കുന്നില്ല.
3. ടാപ്പുകളുടെയും, പൈപ്പുകളുടെയും തകരാറുകാരണം ധാരാളം വെള്ളം നഷ്ടപ്പെട്ടു വരുന്നു.
4. മോട്ടോറുകളുടെ പമ്പിംഗ് ശേഷി, കാലപ്പഴക്കം മൂലം കുറഞ്ഞു വരുന്നു.
5. വൈദ്യുതി പ്രശ്നങ്ങൾ മൂലം പമ്പിംഗ് തടസ്സം നേരിടുന്നു.
6. വാട്ടർടാങ്കുകളുടെ കപ്പാസിറ്റി കുറവാണ്.

സാധ്യതകളും നിർദ്ദേശങ്ങളും

1. നിലവിലുള്ള ശുദ്ധജലവിതരണപദ്ധതികൾ കാര്യക്ഷമമാക്കുക.
2. ടാപ്പുകളുടെയും പൈപ്പുകളുടെയും അറ്റകുറ്റപ്പണി കൃത്യമായി നടത്തുക.
3. കീഴില്ലം, നെല്ലിമോളം, കുറുപ്പംപടി പദ്ധതികളിൽ പമ്പിംഗിന് അഡീഷണൽ ഷിഫ്റ്റ് ഏർപ്പെടുത്തുക.
4. പെരുമ്പാവൂർ ആസ്ഥാനമായുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി അടിയന്തിരമായി കമ്മീഷൻ ചെയ്യുക.
5. പൈപ്പുകളും ടാപ്പുകളും ഇല്ലാത്ത ഭാഗങ്ങളിൽ അവ സ്ഥാപിക്കുക.
6. പഞ്ചായത്തിലാകെ ജലസംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുക.
7. ജലമലിനീകരണം തടയാൻ പ്രായോഗിക നടപടികൾ സ്വീകരിക്കുക.
8. വാട്ടർടാങ്കുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കുക.
9. നിലവിലുള്ള സ്കീമുകളിലെ Filtering സംവിധാനം ശക്തിപ്പെടുത്തുക.

10

വിദ്യാഭ്യാസം

വിദ്യാഭ്യാസം

നമ്മുടെ പഞ്ചായത്തിൽ ആധുനീക വിദ്യാഭ്യാസത്തിന്റെ ചരിത്രം കുറിക്കുന്നത് 1890 ൽ കീഴില്ലത്ത് ഒരു മലയാളം പള്ളിക്കൂടം ആരംഭിക്കുന്നതോടെയാണ്. ഇന്നും നിലനിൽക്കുന്ന ആ സ്ഥാപനം ഇപ്പോൾ ഗവ:യൂപി ആയിരിക്കുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസം ആരംഭിച്ചത് 1922-ൽ കീഴില്ലത്ത് സെൻറ് തോമസ് സ്കൂൾ ആരംഭിക്കുന്നതോടെയും സ്കൂളുകളും അത് ആരംഭിച്ച വർഷവും പട്ടിക 1-ൽ. ഇപ്പോൾ പഞ്ചായത്തിൽ 3 ഹൈസ്കൂളുകളും 3 യൂപി സ്കൂളുകളും 6 എൽ.പി. സ്കൂളുകളും ഒരു ഡയറ്റും ഉണ്ട്. 7 സ്കൂ ളുകൾ മാനേജ്മെൻറ് ഉടമസ്ഥതയിലും 4 എണ്ണം ഗവ: ഉടമസ്ഥതയിലുമാണ്. മാനേജ്മെൻറ് സ്കൂളുകളിൽ 3 എണ്ണം ഒരു കോർപ്പറേറ്റ് മാനേജ്മെൻറിന്റെ കീഴിലുള്ളതാണ്. ഈ സ്കൂളുകളിലെല്ലാം കൂടി 4472 കുട്ടികൾ പഠിക്കുന്നു ഹൈസ്കൂൾ 1567, അപ്പർ പ്രൈമറി 1382, ലോവർ പ്രൈമറി 1523. വിശദവിവരങ്ങൾ പട്ടിക 2-ൽ

സംസ്ഥാനത്തെട്ടാകെ എന്നപോലെ നമ്മുടെ പഞ്ചായത്തിലും ഔപചാരിക വിദ്യാഭ്യാസത്തിലെ മുഖ്യ ധാരയായ പൊതു വിദ്യാഭ്യാസം തകർച്ചയെ നേരിട്ടു കൊണ്ടിരിക്കുകയാണ്. അസാധാരണമാംവിധം അപ്പർപ്രൈമറി തലത്തിൽ വിദ്യാർത്ഥികൾ കുറയുന്നത് ഗൗരവത്തോടെ പരിഗണിക്കപ്പെടണം.

സ്കൂളുകളും ആരംഭിച്ച വർഷവും പട്ടിക –I

GUP കീഴില്ലം	1890
GUP വായ്ക്കര	1911
GLP പുല്ലുവഴി	1913
MTLP ഇരിങ്ങോൾ	1917
MTLP കീഴില്ലം	1919
MGM കുറുപ്പംപടി	1921

St.Thomas കീഴില്ലം	1922
DIETLAB കുറുപ്പംപടി	1929
St. റിതാസ് മുടിക്കരായി	1936
J.K.H.S പുല്ലുവഴി	1955
നിർമ്മല മലമുറി	1976

പട്ടിക –II

പേര്	HS UP LP		ഉടമസ്ഥത			കുട്ടികളുടെ എണ്ണം			അദ്ധ്യാപകരുടെ എണ്ണം				കായസ്ഥിതിനിർവിസ്തീർണ്ണം	കളിസ്ഥലം	മറ്റുള്ളതകിടക്കുന്ന സ്ഥലം
			Govt.	Aided	Un Aided	ആൺ	പെൺ	ആകെ	അനുവദിച്ചPost	ഉള്ളവർ	ഒഴിവ്	അധിക			
J.K.H.S പുല്ലുവഴി	HS			✓		652	388	1040	49	49			5 ഏക്കർ	1 ഏക്കർ	
St.Thomas കീഴില്ലം	HS			✓		351	207	558	22	22			11 ഏക്കർ	4 ഏക്കർ	
MGM കുറുപ്പംപടി	HS			✓		419	288	707	30	32			8 ഏക്കർ	1 ഏക്കർ	
GUPS കീഴില്ലം	UP		✓			196	165	361	15	14	1		55 Cent	ഇല്ല	
GUPS വായ്ക്കര	UP		✓			146	140	288	12	11	1		1 ഏക്കർ		20
DIETLAB കുറുപ്പംപടി	UP		✓			324	305	629	20	20			4.5 ഏക്കർ	150 Cent	
St. റിതാസ് മുടിക്കരായി	LP			✓		166	145	311	10	10			1.5 ഏക്കർ	50 Cent	
MTLPS ഇരിങ്ങോൾ	LP			✓		23	29	52	3	3			1 ഏക്കർ	ഇല്ല	50 Cent
GLPS പുല്ലുവഴി	LP		✓			143	130	273	9	9			75 Cent	5 Cent	
MTLPS കീഴില്ലം	LP			✓		57	51	108	4	4			19 Cent	ഇല്ല	
നിർമ്മല മലമുറി	LP			✓		87	64	151	6	6			1 ഏക്കർ		

സ്കൂളുകളുടെ ഭൗതീക സാഹചര്യങ്ങളിൽ വലിയ അന്തരം നിലനിൽക്കുന്നുണ്ട്. ആവശ്യത്തിലേറെ സ്ഥലവും കെട്ടിടവുമുള്ള സ്കൂളും ഒരു മൂത്രപ്പുരപോലുമില്ലാത്ത സ്കൂളും പഞ്ചായത്തിലുണ്ട്. കുടിവെള്ളത്തിന് ഒരു സംവിധാനവും ഉണ്ടാക്കിയിട്ടില്ലാത്ത രണ്ട് സ്കൂളും, ഇവയെക്കൂടാതെ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന രണ്ടു സ്കൂളും പഞ്ചായത്തിലുണ്ട്. പാചകമുറി ഇല്ലാത്ത രണ്ട് സ്കൂളുകൾ ഉണ്ട്. എൽ.പികൾക്ക് ഒന്നിനും തന്നെ സ്റ്റാഫ് റൂം ഇല്ല. ആറ് സ്കൂളുകളിൽ മൂത്രപ്പുര ആവശ്യത്തിനില്ല.

5 സ്കൂളുകളിൽ നിന്നുമാത്രമാണ് ആവശ്യത്തിനു പഠനോപകരണങ്ങൾ ഇല്ല എന്നുറിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുള്ളത്. 2 സ്കൂളുകളിൽ ഒ.പി.ബി. സ്ക്കീമിലെ കിറ്റ് കിട്ടിയിട്ടില്ല. ഈ പദ്ധതിയിൽപ്പെട്ടു ലഭിച്ച ടൂ-ഇൻ-വൺ രണ്ടു സ്കൂളുകളിൽ പ്രവർത്തന യോഗ്യമല്ല. ഒരു സ്കൂളിലെ സ്ലൈഡ് പ്രോജക്റ്റും മറ്റൊരിടത്തുള്ള മൂവി പ്രോജക്റ്ററും പ്രവർത്തനയോഗ്യമല്ല.

എൽ.പികളിൽ ഒന്നിനും തന്നെ 50 മീറ്ററെങ്കിലും നീളമുള്ള കോർട്ടോ, കളിസ്ഥലമോ ഇല്ല.

പി.ടി എ കളെ സംബന്ധിച്ച ഗ്രാമസഭാ റിപ്പോർട്ടുകളിൽ നിന്നും, സ്ഥിതി വിവരക്കണക്കുകളിൽ നിന്നും ലഭിക്കുന്ന വിവരങ്ങൾ വ്യത്യസ്തമാണ്. മിക്ക സ്കൂളുകളിലും പി.ടി.എ സജീവമാണ്, മാതൃസംഗമം പ്രവർത്തിക്കുന്നുണ്ട്, എന്നെല്ലാം സ്കൂൾ അധികൃതർ അവകാശപ്പെടുമ്പോൾ, ഗ്രാമസഭാറിപ്പോർട്ടുകൾ അനുസരിച്ച് അവ വേണ്ടത്ര സജീവമല്ല. എല്ലാ ഗ്രാമസഭകളിലും നിന്ന് സ്കൂൾ പി.ടി.എ സജീവമാക്കണം എന്ന ആവശ്യം ഉയർന്നിട്ടുണ്ട്. ഏകദേശം 15 ശതമാനം രക്ഷകർത്താക്കൾ മാത്രമാണ് രക്ഷാകർത്തൃ യോഗങ്ങളിൽ പങ്കെടുക്കാറുള്ളത് .

പഞ്ചായത്തിലെ സ്കൂളുകളിൽ 61221 രൂപ പി.ടി.എ ഫണ്ടായി പിരിഞ്ഞു കിട്ടിയിട്ടുണ്ട്. കുട്ടികൾ വഴിയാണ് മിക്ക സ്കൂളുകളിലും ഇതു പിരിച്ചെടുക്കുന്നത്. പ്രധാനമായും ഉച്ചഭക്ഷണപരിപാടിക്കു വേണ്ടിയാണ് ഇതു പിരിച്ചെടുത്തതും, ചെലവഴിച്ചതും.

സ്കൂളുകളിൽ കുട്ടികൾ കുറഞ്ഞു വരുന്നു എന്നാണ് ഗ്രാമസഭാ റിപ്പോർട്ടുകളിൽ നിന്നു മനസ്സിലാക്കുന്നത്. ഇതിന്റെ കാരണങ്ങൾ വിശദമായി പരിശോധിക്കപ്പെടണം. 5-ാം ക്ലാസ് നിലവിലുള്ള ഒരു എൽ.പി സ്കൂളും, 1ഉം, 2ഉം ക്ലാസുകളിൽ ഷിഫ്റ്റുള്ള ഒരു സ്കൂളും പഞ്ചായത്തിലുണ്ട്. എൽ.പി വിഭാഗത്തിൽ ഏറ്റവും കൂടുതൽ കുട്ടികളെ ഉൾക്കൊള്ളുന്നത് DIETLAB സ്കൂളും, യു.പി, എച്ച്.എസ്സ് എന്നിവയിൽ ജയകേരളം ഹൈസ്ക്കൂളുമാണ്. ഏറ്റവും കുറവു കുട്ടികളുള്ളത് MTLP സ്കൂൾ ഇരിങ്ങോളിലാണ്. പഞ്ചായത്തിലെ മൂന്ന് ഹൈസ്കൂളുകളും ഒന്നിൽ കൂടുതൽ ഡിവിഷനുകളുള്ള മിക്കവാറും യൂപി,എൽ.പി കളും ഡിവിഷൻ കുറയുന്നതിന്റെ ഭീഷണിയിലാണ്. MTLPS ന്റെ നിലനിൽപ്പുതന്നെ ഭീഷണിയിലും.

പഞ്ചായത്തു പ്രദേശത്ത് ഗവ:അംഗീകാരത്തോടെ ഇംഗ്ലീഷ് മീഡിയം വിദ്യാഭ്യാസം നടക്കുന്നത് സെൻറ് തോമസ് ഹൈസ്കൂളിൽ മാത്രമാണ്. ഓരോ ഡിവിഷൻ ഇ.എം. അവിടെ പ്രവർത്തിച്ചു വരുന്നു. ഗവ:അംഗീകാരവും അറിവും ഇല്ലാത്ത മൂന്ന് ഇംഗ്ലീഷ് മീഡിയം എൽ.പികൾ കുറുപ്പംപടി, കീഴില്ലം, പുല്ലുവഴി എന്നിവടങ്ങളിലായി നടക്കുന്നുണ്ട്. ഇവയിലെല്ലാം ചേർന്ന് 125 ഓളം കുട്ടികൾ പഠിക്കുന്നുണ്ട്. പഞ്ചായത്തിനു പുറത്തുള്ള റെക്കഗ്നൈസ്ഡ് സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെ കൃത്യമായി കണക്ക് ലഭ്യമായിട്ടില്ല. എങ്കിലും ഒരു മതിപ്പു കണക്കനുസരിച്ച് ഇത് 500നും 600 നും ഇടയ്ക്ക് വരും. കോതമംഗലം,പെരുമ്പാവൂർ, മൂവാറ്റുപുഴ, മണ്ണൂർ എന്നിവിടങ്ങളിലെ അൺ എയ്ഡഡ് സ്കൂളുകളുടെ വാഹനങ്ങൾ നമ്മുടെ പഞ്ചായത്തിൽ നിന്ന് കുട്ടികളെ കൊണ്ടു പോകുന്നുണ്ട്. പഞ്ചായത്തിൽ നിന്ന് നഗരത്തിലെ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കു പോകുന്ന കുട്ടികളുടെ എണ്ണവും കൂടി വരികയാണ്.

ഗ്രാമസഭാ റിപ്പോർട്ടുകളിൽ പഠനനിലവാരം തൃപ്തികരം എന്നു റിപ്പോർട്ടു ചെയ്യപ്പെട്ടത് ഒരു സ്കൂളിനെക്കുറിച്ചു മാത്രമാണ്. മറ്റെല്ലാസ്കൂളുകളെക്കുറിച്ചും ജനങ്ങൾക്ക് ഏറിയും കുറഞ്ഞും പരാതികളുണ്ട്. ശരാശരിയിൽ താഴ്ന്ന പഠനനിലവാരമുള്ള 5 സ്കൂളുകളെക്കുറിച്ചു ഗ്രാമ സഭാ റിപ്പോർട്ടുകളിൽ പരാമർശനമുണ്ട്. സ്ഥിതി വിവരക്കണക്കുകളിൽ നിന്നു ലഭിക്കുന്ന ചിത്രം കുറച്ചു വ്യത്യസ്തമാണ്. പഞ്ചായത്തിലെ വിദ്യാർത്ഥികളിൽ 24.34%ത്തിന് പരീക്ഷയിൽ 30%-ൽ താഴെയാണു മാർക്കു ലഭിച്ചത്. ഇത് കഴിഞ്ഞ വർഷത്തെ ഒരു ഇടക്കാല പരീക്ഷയുടെ അടിസ്ഥാനത്തിലുള്ള കണക്കാണ്. സംസ്ഥാനടിസ്ഥാനത്തിൽ ഇതിനു സമാനമായി കണക്കുകളില്ല. എങ്കിലും വിദ്യാലയങ്ങളിലെ നിരക്ഷരത 33%ആണ് എന്ന് ഏകദേശ കണക്കുണ്ട്. സ്കൂളുകളിലെ ശരാശരി നിലവാരം പരിശോധിക്കുമ്പോൾ ആദ്യം ശ്രദ്ധയിൽപ്പെടുക ഹൈസ്കൂളിലെ നിലവാരക്കുറവാണ്.

സ്കൂളുകളുടെ ഭൗതീക സാഹചര്യം

പട്ടിക - III

പേര്	വിദ്യാർത്ഥികളുടെ എണ്ണം	കെട്ടിടം			മുറികൾ			ഇനി ആവശ്യമുള്ള മുറികൾ	ഇനി മുറി നിർമ്മിക്കാനുള്ള സ്ഥലം	മൂത്രപ്പുരയുടെ എണ്ണം	ശുചിമുറിയുടെ എണ്ണം	ഇനി ആവശ്യമുള്ള മൂത്രപ്പുര/ശുചിമുറി	കക്കൂസുകൾ	ഉപയോഗശൂന്യമായ കക്കൂസുകൾ	കുടിവെള്ള സംവിധാനം	ലൈബ്രറി	പാചകമുറി	സ്റ്റാഫ് റൂം	ഫർണിച്ചർ ആവശ്യത്തിനുണ്ടോ	ആവശ്യമുള്ള ഫർണിച്ചർ				
		സ്ഥിരം	അർദ്ധസ്ഥിരം	താൽക്കാലികം	സ്ഥിരം	അർദ്ധസ്ഥിരം	താൽക്കാലികം													ഡസ്ക്	ബഞ്ച്	മേശ	കസേര	മറ്റുള്ളവ
GUPS. കീഴില്ലം	12	2			12					2	20		2		P	✓	✓	X	X	12	10	4	6	4
J.K.HS. പുല്ലുവഴി	26									6	45		23		P	✓	✓	✓	✓					
GLPS പുല്ലുവഴി	8							1	✓	3		3	1	1	W	✓	✓	X	X	14	12	1	4	1
MTLPS കീഴില്ലം	4	2			06					X	X	2	X	X	X	✓	X	X	X	6	15	4	4	2
NLPS മലമുറി	5	3			01	9			X	3	12		1	X	W	X	X	X	✓					
St.തോമസ് HS. കീഴില്ലം	15				30				✓	4	48	X		X	P	✓	✓	✓	✓					
GUPS വായ്ക്കര	9	2	2		19	hall	X	X	X	1	10	1	1	1	P	✓	✓	✓	X		10	10	2	3
St. റിതാസ് LPS മുടിയ്ക്കരായി	10	10	X					1	✓	2	46	2	1		W	✓	✓	X	X	36	5	5	10	1
MGMHS കുറുപ്പംപടി	20	6			8	2			✓	5	32	X	3	1	p	✓	✓	2	✓					
DIETLab കുറുപ്പംപടി	17	6			38	1		5	✓	2	6	2	X	1	Pw	✓	✓	X	✓					
MTLPS ഇരിങ്ങോൾ	4	1			3	hall			✓	2	4	1	X	X	X	X	✓	X	X	15			4	

സ്കൂളുകളുടെ ഭൗതീക സാഹചര്യം

മൂത്രപ്പുര ഇല്ലാത്തവ	1
കക്കൂസില്ലാത്തവ	3
സ്റ്റാഫ് റൂം ഇല്ലാത്തവ	7
ആവശ്യത്തിന് ബ്ലാക്ക് ബോർഡ് ഇല്ലാത്തവ	6
കളിസ്ഥലമില്ലാത്തവ	8
ആവശ്യത്തിന് പഠനോപകരണങ്ങൾ ഇല്ലാത്തവ	3
ലൈബ്രറി ഇല്ലാത്തവ	5
ആവശ്യത്തിനു മുറികൾ ഇല്ലാത്തവ	3
പാചകമുറി ഇല്ലാത്തവ	2
റേഡിയോ /ടേപ്പ്റിക്കാർഡർ ഇല്ലാത്തവ	3
ആവശ്യത്തിന് കെട്ടിടങ്ങൾ ഇല്ലാത്തവ (ഡയറ്റ്)	1

ഹൈസ്ക്കൂളിനോടു ചേർന്ന അപ്പർ പ്രൈമറികളിൽ മറ്റ് അപ്പർപ്രൈമറിസ്ക്കൂളുകളെ അപേക്ഷിച്ച് നിലവാരം കുറഞ്ഞിരിക്കുന്നതായാണ് കാണപ്പെടുന്നത്. എസ്. എസ്. എൽ.സി വിജയശതമാനത്തിൽ കഴിഞ്ഞ 5 വർഷമായി വലിയ കുറവ് അനുഭവപ്പെടുന്നുണ്ട്

പഠനത്തിൽപിന്നോക്കമായി വിദ്യാർഥികളുടെ എണ്ണം ഉയർന്ന ക്ളാസുകളിലേക്കു പോകുന്തോറും കൂടിവരുന്നു. 6-ാം ക്ളാസിലും 10-ാം ക്ളാസിലുമാണ് ഇവരുടെ എണ്ണം തൊട്ടു താഴ്ന്ന ക്ളാസിനെ അപേക്ഷിച്ച് വളരെ കൂടുന്നത് 60% - ത്തിൽ അധികം മാർക്കുവാങ്ങുന്നവർ 3-ാം ക്ളാസിൽ 47.9 %ഉണ്ടെങ്കിൽ 10-ാം ക്ലാസ്സിൽ അത് 10.2% മാത്രമാണ്. 7-ാം ക്ലാസ്സിൽ 17.3%ഉം.

ജയകേരളം സ്കൂളിൽ മാത്രം ഹയർ സെക്കൻഡറി ക്ലാസ്സുകൾ ഉണ്ട്. രണ്ടു ക്ലാസ്സുകളിലുമായി 139 കുട്ടികൾ പഠിക്കുന്നു.

സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് പഞ്ചായത്ത് വളരെ പിന്നോക്കമാണ്. ഒരു ഐ.ടി.സി യാണ് പറയത്തക്ക സ്ഥാപനം. കൂടാതെ രണ്ട് ലാബറട്ടറി ഇൻസ്റ്റിറ്റ്യൂട്ട്, ഒരു കമ്പ്യൂട്ടർ സെൻറർ, ഏഴ് റ്റെപ്പ് റൈറ്റിങ്ങ് ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നിവയും ഉണ്ട്.

ഏറ്റവും ദയനീയമായ അവസ്ഥയിലാണ് പഞ്ചായത്തിലെ പ്രീ-പ്രൈമറി വിദ്യാഭ്യാസ രംഗം. ബാലവാടി, നേഴ്സറി, പ്രീ-പ്രൈമറി എന്നീ പേരുകളിലെല്ലാം കൂടി പഞ്ചായത്തിൽ 25 ശിശു വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അങ്കൺ വാടികളൊന്നും പഞ്ചായത്തിലില്ല. ഹരിജൻ വെൽഫയർ ഡിപ്പാർട്ടുമെൻറിൻെറ സഹകരണത്തോടെ ഒരു ബാലവാടി നെല്ലിമോളത്തു പ്രവർത്തിക്കുന്നുണ്ട്. ഇവയ്ക്കു പുറമേ കണക്കിൽ പെടാത്ത ആശാൻകളരികളും, വീടുകളിൽ തന്നെ നടത്തുന്ന ബാലവിദ്യാലയങ്ങളും പഞ്ചായത്തിലുണ്ട്. ഈ സ്ഥാപനങ്ങളിലൊന്നും തന്നെ വേണ്ടത്ര യോഗ്യതയുള്ള അദ്ധ്യാപികമാരോ ഏറ്റവും ചുരുങ്ങിയ ഭൗതീക സാഹചര്യമോ ഇല്ല.

പ്രശ്നങ്ങൾ

നഗരത്തിലെ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്കും മറ്റു സ്കൂളുകളിലേക്കും കുട്ടികളുടെ വലിയ ഒഴുക്കുണ്ട്. ഇതു മൂലം പഞ്ചായത്തിലെ സ്കൂളുകളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞു വരുന്നു. പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങൾ വേണ്ടത്ര ആകർഷണീയമായി സമൂഹത്തിനു തോന്നാത്തതും, ഇംഗ്ലീഷ് നോട്ടുള്ള അമിത ഭ്രമവുമാണ് കാരണം. അക്കാഡമിക് രംഗത്തു സാമാന്യം ഭേദപ്പെട്ട നിലവാരം പുലർത്തുന്ന സ്ഥാപനങ്ങളെക്കുറിച്ചു പോലും സമൂഹത്തിനു വേണ്ടത്ര മതിപ്പില്ല. സ്കൂളിനകത്തു നടക്കുന്ന ഗുണപരമായ പ്രവർത്തനങ്ങൾ സമൂഹത്തിലെത്തുന്നില്ല എന്നതാണിതിന് കാരണം. പി.ടി.എ.കൾ വേണ്ടത്ര ഫലപ്രദമാകാത്തതു കൊണ്ടാണിങ്ങനെ സംഭവിക്കുന്നത്. മിക്കവാറും പി.ടി.എ.കൾ ഔപചാരിക സംഘടനകൾ മാത്രമായി നിലനിൽക്കുന്നു. ക്ലസ്സ് റൂം പി.ടി.എ.കൾ അചിന്ത്യം പോലുമാണ്. കീഴ്വഴക്കങ്ങളനുസരിച്ച് രക്ഷാകർത്താക്കൾക്കു മാത്രമായി പി.ടി.എ യിലെ അംഗത്വം പരിമിതപ്പെടുത്തിയിരിക്കുന്നതു കൊണ്ട് സ്കൂൾ വികസനത്തിൽ താൽപര്യമുള്ള ഒരു വലിയ വിഭാഗം, പി.ടി.എ.കൾക്കു പുറത്തു നിൽക്കേണ്ടി വരുന്നു. സമൂഹത്തിൻെറ ഗുണപരമായ ഇടപെടൽ ഉറപ്പുവരുത്താൻ ഒരു പുതിയ സംവിധാനം ഉണ്ടാക്കേണ്ടിയിരിക്കുന്നു. എല്ലാ ഗ്രാമസഭകളിൽ നിന്നും പി.ടി.എ.കൾ പുനസംഘടിപ്പിക്കണം എന്ന നിർദ്ദേശം ഉയർന്നു വന്നിട്ടുണ്ട്. മിക്കവാറും സ്കൂളുകളിൽ മാതൃസംഘങ്ങൾ സംഘടിപ്പിച്ചിട്ടുണ്ടെങ്കിലും അവയുടെ പ്രവർത്തനം ഫലപ്രദമല്ല. മാതൃസംഗമം സംഘടിപ്പിച്ചിട്ടില്ലാത്ത വിദ്യാലയങ്ങളുമുണ്ട്. പ്രാഥമീക തലത്തിലെ നിരക്ഷരത (വിദ്യാലയങ്ങളിലെ) നിർമ്മാർജനം ചെയ്യാൻ മാതൃസംഗമങ്ങൾ ഫലപ്രദമായി പ്രവർത്തിച്ചേ പറ്റൂ.

പ്രൈമറി ക്ലാസുകളിൽപ്പോലും കുട്ടികളെ ട്യൂഷനു വിടുന്ന പ്രവണതയും വർദ്ധിച്ചു വരുന്നു. ഇത് കുട്ടികളിൽ മാനസിക പിരിമുറുക്കവും വിദ്യാഭ്യാസത്തോടുള്ള വിരക്തിയും ഉണ്ടാക്കുന്നുണ്ട്. ഇംഗ്ലീഷ് മാധ്യമ സ്കൂളുകളുടെ പാഠ്യേതര മേഘലയിലെ മികവ്, സ്വന്തമായ വാഹനങ്ങൾ, മൊത്തത്തിലുള്ള

സ്കൂളിലെ ചിലവുകൾ

പട്ടിക - IV

		GUPS കീഴ്പ്പള്ളി	J.K.HS പുല്ലുവഴി	GLPS പുല്ലുവഴി	MTLP കീഴ്പ്പള്ളി	നിർമ്മല LPS മലയിറ്റി	St. തോമസ് HS കീഴ്പ്പള്ളി	MGM കുറുപ്പംപടി	GUPS വായ്ക്കര	St. ജോസ് മുടിയ്ക്കലായി	DIET Lab കുറുപ്പംപടി	MTLPS ഇരിങ്ങോൾ
ചിലവ്	കെട്ടിടത്തിന്റെ അറ്റകുറ്റപ്പണിക്ക്	5000	9300		3000	750	10000		1150	1200	7854	1750
	ഉപകരണത്തിന്റെ അറ്റകുറ്റപ്പണി		1218		1200	75	2000			300		
	രാസവസ്തുക്കൾ ഉപകരണങ്ങൾ		20701		75		1500	1200		13650	45	
	സ്പോർട്സ്	300	1196	250	250		2000	1040	105	450	182	
	കലാവിനോദം	1065	850	700	700		1500	135 800	63	3470		250
	ലൈബ്രറികൾക്ക്	240	25701				1550	962	240	178	463	
	ഉച്ചഭക്ഷണത്തിന്	3202	5765	2891	1850	4142	5000	4256	12500	5228	3829	3500
	മറ്റിനത്തിന്	10000	8000	8290	2500				300	8121		
വരവ് A	സർക്കാർ	8214	28721	5273	3505	1495		100	1721	980	1333	400
	തദ്ദേശ സ്ഥാപനങ്ങൾ	5000								3688	3000	
	ആകെ	13214	28721	5273	3505	1495		100	1721	5648		400
വരവ് B	ഫീസിനത്തിൽ	976	8560				3645		816	312		
	എൻഡോവ്മെൻറ്		1853	500		250				300		
	PTA ഫണ്ട്	11019	5765	1121	3500	2000	5000		10779	18878	8213	600
	മറ്റിനം	500						4256		150	325	1000

ആർഭാടം എന്നിവയും രക്ഷിതാക്കളെ അങ്ങോട്ടാകർഷിക്കുന്നു.

പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പാഠ്യേതര മേഘലകളിൽ വേണ്ടത്ര മികവ് പുലർത്താൻ കഴിയാത്തത് ഒരു വലിയ പ്രശ്നമാണ്. സ്പെഷ്യലിസ്റ്റ് അദ്ധ്യാപകതസ്തികൾ കുറഞ്ഞു വരികയാണ്. പുരുഷ അദ്ധ്യാപകരുടെ കുറവ് സ്കൂളുകളെ ബുദ്ധിമുട്ടിക്കുന്നുണ്ട്. കലാകായിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും മത്സരങ്ങളിൽ പങ്കുകൊള്ളുന്നതിനും വേണ്ടി വരുന്ന വലിയ പണച്ചിലവാണ് സ്കൂളുകളും രക്ഷിതാക്കളും ഈ രംഗത്തു നേരിടുന്ന പ്രധാന പ്രശ്നം. പ്രാദേശീക തലത്തിൽ സമർത്ഥരായ പരിശീലകരെ ലഭിക്കാത്തതും കലാകായിക പ്രവർത്തനങ്ങൾ അപ്രധാനമാണെന്ന ചില സ്കൂൾ അധികാരികളുടെ മനോഭാവവും ബുദ്ധിമുട്ട് സൃഷ്ടിക്കുന്നു.

ഡയറ്റ്

ജില്ലയിലെ ഏക ഡയറ്റ് പഞ്ചായത്തു പ്രദേശമായ കുറുപ്പംപടിയിലാണ് സ്ഥിതി ചെയ്യുന്നത്. കേന്ദ്ര ഗവ: ധനസഹായത്തോടു കൂടി നടത്തപ്പെടുന്ന ഈ സ്ഥാപനം ജില്ലയിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ മുഴുവൻ ബുദ്ധി കേന്ദ്രമായിട്ടാണ് വിഭാവനം ചെയ്യപ്പെടുന്നത്. ഇവിടെ ഇപ്പോൾ 10 ഫാക്കൽറ്റിക്കളുണ്ട്.

1991ൽ തുടങ്ങി ഈ സ്ഥാപനത്തിന് ഇതുവരെ സ്വന്തമായി കെട്ടിടമില്ല എന്നതാണ് ഏറ്റവും വലിയ പ്രശ്നം. പഞ്ചായത്തിലെ രണ്ടു സ്കൂളുകളിൽ ഡയറ്റിന്റെ മേൽനോട്ടത്തിൽ എം.എൽ.എൽ. പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുന്നുണ്ട്. ഇവിടെ ഒരു ടെക്നിഷ്യന്റെ പോസ്റ്റ് ഒഴിവായിക്കിടക്കുന്നുണ്ട്.

പഞ്ചായത്തിനാകെ അഭിമാനവും ഏറെ പ്രയോജനപ്രദവുമാകേണ്ട ഈ സ്ഥാപനം നാട്ടുകാരിൽ അത്രയൊന്നും മതിപ്പുളവാക്കുന്നില്ല എന്നത് ഖേദകരമാണ്. ഏറെ ഔദ്യോഗികത്തിരക്കുകളുള്ള ഡയറ്റിന് വളരെ കുട്ടികളുള്ള ലാബിന്റെ ദൈനംദിന കാര്യങ്ങളിൽ ശ്രദ്ധക്കാന്തിയോടെ ഇടപെടാൻ സാധിക്കുന്നില്ല. ഇത് അസുഖകരമായ സംഭവങ്ങൾക്കു വഴി തെളിക്കുന്നു. ഈ അവസ്ഥ ഉടനടി പരിഹരിക്കപ്പെടേണ്ടതാണ്. ലാബ്-സ്കൂളിന് ഒരു ഹെഡ്മാസ്റ്റരെ നിയമിക്കുക അടിയന്തിരമായി ചെയ്യേണ്ടതാണ്.

വിദ്യാർത്ഥികളുടെ പഠന നിലവാരം പൊതുവേ തൃപ്തികരമല്ല. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന എല്ലാ വിദ്യാർത്ഥികളേയും സമയബന്ധിതമായി മുഖ്യധാരയിലേക്കു കൊണ്ടു വരണം. പഞ്ചായത്തിലെ മൂന്ന് പ്രൈമറി വിദ്യാലയങ്ങളും ഒരു ഹൈസ്കൂളും അടിയന്തിര പ്രാധാന്യത്തോടെ നിലവാരം മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ നടത്തണം. സിശ്ചിത കാലയളവിനുള്ളിൽ, എല്ലാ വിദ്യാർത്ഥികൾക്കും പരീക്ഷയിൽ 50%-ത്തിൽ അധികം മാർക്കു നേടാൻ കഴിയണം.


പാഠപുസ്തകങ്ങൾ സമയത്തിനു ലഭിക്കുയ്ക, അദ്ധ്യാപികതസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത്, ഹെഡ്മാസ്റ്റർ മാർക്ക് ക്ലാസ്സിന്റെ ഉത്തരവാദിത്വമുള്ളത്, അദ്ധ്യാപകർക്ക് ഹാൻഡ് ബുക്കുകൾ ലഭിക്കാത്തത്, ഇവയെല്ലാം നിലവാരക്കുറവിന് കാരണമാണ്. അദ്ധ്യാപകരിലെ ആത്മാർഥതക്കുറവ്,മടുപ്പ്, വേണ്ടത്ര പരിഗണന കിട്ടായ്ക എന്നിവയെല്ലാം പരിഹരിക്കേപ്പെടേണ്ടതാണ്. ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി ആരംഭിച്ച കോംപ്ലക്സ് പരാജയപ്പെട്ടു. ചട്ടപ്പടിയുള്ള പ്രവർത്തന സംവിധാനം, സംഘാടനത്തിലും നടത്തിപ്പിലുള്ള ഔപചാരികത തുടങ്ങിയവയായിരുന്നു പരാജയകാരണങ്ങൾ. അശാസ്ത്രീയമായ പരീക്ഷാസമ്പ്രദായം, മാർക്ക് ലക്ഷ്യമാക്കിയുള്ള അദ്ധ്യാപനതന്ത്രങ്ങൾ, രക്ഷിതാക്കളുടെ അവബോധക്കുറവ് തുടങ്ങിയവമൂലം ഒരുവിഭാഗം വിദ്യാർത്ഥികൾ നിരന്തരം പിറകോട്ടു പോയിക്കൊണ്ടിരിക്കുന്നു.

മൂന്ന് സ്കൂളുകളിൽ രൂക്ഷമായ കുടി വെള്ളക്ഷാമമുണ്ട്. കളിസ്ഥലം മിക്കവാറും എൽ.പികളിൽ ഇല്ല. മിക്കവാറും സ്കൂളുകളിൽ ലൈബ്രറി ഉണ്ടെങ്കിലും കുട്ടികളിൽ വായനാശീലം വളർത്തുന്നതിനുള്ള പ്രവർത്തനങ്ങളൊന്നും നടക്കുന്നില്ല. ഒ.പി.ബി. കിറ്റിലെ സാധനങ്ങളെക്കുറിച്ചോ അവയുടെ പ്രയോജനങ്ങളെക്കുറിച്ചോ, പ്രൈമറി അദ്ധ്യാപകർ ബോധവാന്മാരല്ല. സ്കൂളിലെ പഠന ഉപകരണങ്ങൾ, ഒ.പി.ബി കിറ്റിലെ സാധനങ്ങൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവ ഫലപ്രദമായി ഉപയോഗിക്കപ്പെടാത്തതിനു ഒരു കാരണം. ഹെഡ്മാസ്റ്റർമാരുടെ അമിത ഉൽകണ്ഠയാണ്. ഉപയോഗത്തിനിടക്ക് നഷ്ടപ്പെടുകയോ കേടുപാടു സംഭവിക്കുകയോ ചെയ്യുന്ന വസ്തുക്കളെക്കുറിച്ചുള്ള ഓഡിറ്റ് ഒബ്ജക്ഷനുകൾ, മേലനേഷണങ്ങൾ എന്നിവയെക്കുറിച്ച് അവർക്ക് ഉൽകണഠയുണ്ട്.

എസ്.എസ്എൽ.സി. വിജയത്തിനു ശേഷം എല്ലാവരും ഹയർസെക്കൻഡറികളിലേക്കും, കോളേജുകളിലേക്കും തിരിയുകയാണ്. ഫലപ്രദമായ ഒരു ഗൈഡൻസ് പ്രോഗ്രാം ഈ മേഘലയിൽ നടപ്പാക്കേണ്ട ആവശ്യമുണ്ട്. (തുടർ വിദ്യാഭ്യാസത്തിന് മാർഗ്ഗനിർദ്ദേശത്തിനായി)

പ്രീ പ്രൈമറി വിദ്യാഭ്യാസത്തെക്കുറിച്ചുള്ള എല്ലാ വിദഗ്ദ്ധാഭിപ്രായങ്ങൾക്കും, തത്വങ്ങൾക്കും എതിരായ

രാമമംഗലം ഗ്രാമപഞ്ചായത്ത്. കുട്ടികളുടെ പഠന നിലവാരം
60% -ത്തിൽ അധികം മാർക്കു വാങ്ങുന്ന കുട്ടികൾ - ശതമാനക്കണക്കിൽ



ക്ലാസ്സ്	3	4	5	6	7	8	9	10

രായമംഗലം ഗ്രാമപഞ്ചായത്ത് വിദ്യാർത്ഥികളുടെ വിതരണക്രമം

10.9

പ്രവർത്തനങ്ങളാണ് നമ്മുടെ പ്രീപ്രൈമറികളിൽ നടക്കുന്നത്. അവിടെ നടക്കുന്നത് പഠനം മാത്രമാണ്, നടക്കാത്തത് കളിയും. വേണ്ടത്ര പഠന-വിനോദ ഉപകരണങ്ങൾ ലഭ്യമല്ലാത്തതും ഇവ സംഘടിപ്പിക്കാനുള്ള സാമ്പത്തീകശേഷിയില്ലാത്തതും, വേണ്ടത്ര സ്ഥലമില്ലാത്തതുമാണ് പ്രീപ്രൈമറികളുടെമുഖ്യ പ്രശ്നങ്ങൾ. അക്ഷരം പഠിപ്പിക്കണമെന്ന രക്ഷിതാക്കളുടെ നിർബന്ധവും, അദ്ധ്യാപികമാരുടെ/ആയമാരുടെ പരിശീലക്കുറവുമാണ് അടുത്ത പ്രശ്നങ്ങൾ. യാതൊരു പരിശീലനമോ, തയ്യാറെടുപ്പോ, മുതൽമുടക്കോ ഇല്ലാതെ ആർക്കും തുടങ്ങാവുന്നതാണ്. ശിശു വിദ്യാലയങ്ങൾ എന്ന കാഴ്ചപ്പാടു മാറണം. ഈ രംഗത്ത് വിപുലമായ പുന:സംഘാടനവും മോണിറ്ററിംഗും ആവശ്യമാണ്.

<u>സാധ്യതകളും നിർദ്ദേശങ്ങളും</u>

ത്രിതല പഞ്ചായത്തു തല സംവിധാനത്തിൽ സ്കൂളുകളെ സംബന്ധിക്കുന്ന അധികാരങ്ങളും മുന്നുതലത്തിൽ വിഭജിക്കപ്പെട്ടിരിക്കുകയാണ്. അതിനനുസൃതമായി ഓരോ തലത്തിലും ജന പ്രതിനിധികളുടെ നേതൃത്വത്തിൽ വിദ്യാഭ്യാസ സമിതികൾ രൂപീകരിക്കുക. ജില്ലാ വിദ്യാഭ്യാസ സമിതി, ബ്ലോക്ക്, വിദ്യാഭ്യാസ സമിതി, പഞ്ചായത്തു വിദ്യാഭ്യാസ സമിതി എന്നിങ്ങനെയും ഓരോ വിദ്യാലയത്തോടും അനുബന്ധിച്ച് പ്രാദേശിക വിദ്യാഭ്യാസ സമിതികളും രൂപീകരിക്കണം.

1000 കുട്ടികളിലധികമുള്ള ഹൈസ്കൂളുകളിൽ ഡപ്യൂട്ടി ഹെഡ്മാസ്റ്റർ പോസ്റ്റ് അനുവദിക്കുക.

അപ്പർ പ്രൈമറി സ്കൂളുകളിൽ ക്ലാർക്ക് പോസ്റ്റും, എൽ.പി. സ്കൂളുകളിൽ പ്യൂൺ പോസ്റ്റും അനുവദിക്കുക.

പ്രൈമറി ഹെഡ്മാസ്റ്റർമാരെ ക്ലാസ് ചാർജിൽ നിന്ന് ഒഴിവാക്കുക. കലാ കായിക അദ്ധ്യാപകരെ കൂടുതലായി നിയമിക്കുകയും ഉള്ള പോസ്റ്റുകൾ നിറുത്തലാക്കാതിരിക്കുകയും ചെയ്യുക. ഡയറ്റ്നോടു ചേർന്നുള്ള ലാബ് സ്കൂളുകളിൽ പ്രത്യേകം ഹെഡ്മാസ്റ്ററെ അനുവദിക്കുക. കുറുപ്പംപടി ഡയറ്റിന്റെ കെട്ടിടനിർമ്മാണം എത്രയും വേഗം പൂർത്തിയാക്കുക. എല്ലാ ഹൈസ്ക്കൂളുകളോടും ചേർന്ന് ഹയർ സെക്കൻഡറി ക്ലാസുകൾ ആരംഭിക്കുക. പുതിയ അൺ എയിഡഡ് സ്കൂളുകൾ അനുവദിക്കാതിരിക്കുക. പുതിയ എയിഡഡ് സ്കൂളുകൾ വിശദമായ വിദ്യാഭ്യാസ സർവേയുടെ അടിസ്ഥാനത്തിൽ മാത്രം അനുവദിക്കുക. അദ്ധ്യാപക വിദ്യാർത്ഥി അനുപാതം പരമാവധി 1:30 എന്നാക്കുക. അദ്ധ്യാപകരുടെ ഒഴിവുകൾ അപ്പപ്പോൾ നികത്തുക. അദ്ധ്യാപകരുടെ ഹാൻഡ് ബുക്കുകൾ, പാഠപുസ്തകങ്ങൾ, എന്നിവയുടെ വിതരണം സമയബന്ധിതമാക്കുക. അപ്പർ പ്രൈമറി വരെയുള്ള വിദ്യാലയങ്ങളുടെ ഭരണച്ചുമതല ഗ്രാമപഞ്ചായത്തുകളെ ഏൽപ്പിക്കുക.

ഗ്രാമപഞ്ചായത്തു തലത്തിൽ സംഘടിപ്പിക്കുന്ന പഞ്ചായത്തു വിദ്യാഭ്യാസ സമിതികൾ പഞ്ചായത്തിലെ പ്രൈമറി വിദ്യാഭ്യാസത്തിന്റെ മുഴുവൻ ചുമതലകളും ഏറ്റെടുക്കുക. പാഠ്യ,പാഠ്യേതര,പരിശീലന, പരിശോധനാ രംഗങ്ങളിലെല്ലാം ഈ സമിതി ശ്രദ്ധിക്കണം. ജനകീയ മോണിറ്ററിംഗ് ഉറപ്പു വരുത്താനും, അദ്ധ്യാപകരിലും രക്ഷകർത്താക്കളിലും ആത്മവിശ്വാസം ഉണർത്തുന്നതിനും സ്കൂളും സമൂഹവും തമ്മിലുള്ള ബന്ധം കൂടുതൽ ദൃഢതരമാക്കാനും ഇതു വഴി സാധിക്കും. ഹെഡ്മാസ്റ്റർമാർ, അദ്ധ്യാപകർ എന്നിവരുടെ പ്രതിനിധികളെ സമിതിയിൽ ഉൾപ്പെടുത്തണം.

പഞ്ചായത്തു വിദ്യാഭ്യാസ സമിതികൾക്ക് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്താവുന്നതാണ്.

സ്കൂളുകളെക്കുറിച്ച് വിശദവും സത്യസന്ധവുമായ സർവേ നടത്തി വിവരങ്ങൾ ശേഖരിക്കുക.

പ്രൈമറി വിദ്യാലയങ്ങളെ മാത്രം ഉൾപ്പെടുത്തി കോംപ്ലക്സ് സ്ഥാപിക്കുക. പഞ്ചായത്തിലെ ഡയറ്റ് ഹൈസ്കൂളുകൾ എന്നിവയുടെ സഹായം കോംപ്ലക്സിന് ലഭ്യമാക്കാൻ ശ്രമിക്കുക. ചോദ്യ പേപ്പർ നിർമ്മാണം, പ്രോഗ്രസ്കാർഡു നിർമ്മാണം എന്നിവ നടത്തുക. പഞ്ചായത്തു തലത്തിൽ കലാ കായിക മേളകൾ സംഘടിപ്പിക്കുക. പുസ്തക വിതരണം നേരിട്ടു നടത്തുകയോ വിതരണത്തിലെ പാകപ്പിഴകൾ അപ്പപ്പോൾ പരിഹരിക്കുകയോ ചെയ്യുക. മാസത്തിലൊരിക്കൽ ഓരോ വിഭാഗത്തിലും പെട്ട അദ്ധ്യാപരുടെ കൂടിച്ചേരലുകൾ സംഘടിപ്പിക്കുകയും അവക്ക് അനൗപചാരികഭാവം നൽകുകയും ചെയ്യുക. അസൻ ഇക്കോണമിക്കായ സ്കൂൾ ഏറ്റെടുത്ത് നിലവാരവും ഭൗതീകസാഹചര്യങ്ങളും മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ നടത്തി ഇക്കണോമിക്ക് ആക്കുക.

എയിഡഡ് സ്കൂളുകളുടെ മാനേജർമാരുമായി ബന്ധപ്പെടുകയും, അവരുടെ സഹകരണവും പങ്കാളിത്തവും സ്കൂൾ വികസനക്കാര്യങ്ങളിൽ ഉറപ്പു വരുത്തുകയും ചെയ്യുക. ഗവ:തലത്തിലോ,ബ്ലോക്ക്, ജില്ലാ തലത്തിലോ നടത്തേണ്ട കാര്യങ്ങളിൽ ശ്രദ്ധിക്കുകയും നടത്തിക്കുന്നതിന് സമ്മർദ്ദം ചെലത്തുകയും ചെയ്യുക.

മാസത്തിലൊരിക്കലെങ്കിലും സമിതിയംഗങ്ങൾ ഓരോ സ്കൂളും സന്ദർശിക്കുകയും, അദ്ധ്യാപകരും, പ്രാദേശിക

സമിതി പ്രവർത്തകരുമായി ചർച്ചകൾ നടത്തുകയും ചെയ്യുക. അപ്പർ പ്രൈമറി, ഹൈസ്കൂളുകൾ എന്നിവയിലെല്ലാം ബ്ലോക്ക്, ജില്ലാ സമിതികളുടെ അംഗീകാരത്തിനു വിധേയമായി നിലവാരവും ഭൗതീകസാഹചര്യങ്ങളും മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ നടത്തുക.

സ്കൂളുകളിൽ നിലവിലുള്ള പി.ടി.എ.കൾ പുന: സംഘടിപ്പിച്ചണ് പ്രാദേശീയ വികസന സമിതികൾ രൂപീകരിക്കേണ്ടത്. പഞ്ചായത്തു വിദ്യാഭ്യാസ സമിതിയുമായി ആലോചിച്ച് സ്കൂൾ നിലവാരം ഭേദപ്പെടുത്തേണ്ട ഉത്തരവാദിത്വം ഈ സമിതികൾക്കാണ്. സ്കൂളുകളിലെ സജീവ സാമൂഹ്യ ഇടപെടൽ ഉറപ്പു വരുത്തേണ്ടത് പ്രാദേശികസമിതികളാണ്.

ഇനി പറയുന്ന കാര്യങ്ങൾ പ്രാദേശികസമിതികൾ മുൻകൈ എടുത്ത് ചെയ്യേണ്ടതാണ്.

ഉച്ചഭക്ഷണ പരിപാടി കാര്യക്ഷമമാക്കുകയും, ഉച്ചഭക്ഷണനിധി രൂപീകരിക്കുകയും ചെയ്യുക.

കഴിയുന്നത്ര ക്ലാസ് റൂം പി.ടി.എ.കൾ സംഘടിപ്പിക്കുക. മാതൃസംഗമങ്ങൾ ഫലപ്രദമായി സംഘടിപ്പിക്കാൻ നടപടി എടക്കുക. പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളുടെ വീടുകൾ സന്ദർശിച്ച് രക്ഷിതാക്കളുമായി ചർച്ച ചെയ്യുക. ഇവർക്കു വേണ്ടി വാളൻറിറി ട്യൂഷൻ ഏർപ്പാടു ചെയ്യുക. വിദ്യാലയ പ്രവർത്തനവും സാമ്പത്തീക ഇടപാടുകളും പരമാവധി സുതാര്യമാക്കുക. വാഹന ഗതാഗത സൗകര്യമില്ലാത്ത സ്കൂളുകളിലേക്ക് അത് ഉണ്ടാക്കി കൊടുക്കുക.

സ്കൂളുകളുടെ ഭൗതീക സാഹചര്യം മെച്ചപ്പെടുത്താനുള്ള പണം കണ്ടെത്തി പരിപാടികൾ നടപ്പിലാക്കുക.

കലാ കായിക രംഗങ്ങളിൽ പ്രാദേശിക പരിശീലകരെ ലഭ്യമാക്കുകയും, ഇതിനുള്ള പണം കണ്ടെത്തുകയും ചെയ്യുക.

പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിൻെറ മുഴുവൻ ഉത്തരവാദിത്വവും പഞ്ചായത്ത് വിദ്യാഭ്യാസ സമിതിക്കായിരിക്കണം.

എല്ലാ പ്രൈമറി വിദ്യാലയങ്ങളോടും ചേർന്ന് പ്രീ-പ്രൈമറി വിദ്യാലയങ്ങൾ തുടങ്ങണം. ശാസ്ത്രീയമായി ശിശു വിദ്യാലയങ്ങൾ തുടങ്ങുന്നതിനുവേണ്ടി ഒരു ഫണ്ട് സ്വരൂപിക്കുക. ഇങ്ങനെ തുടങ്ങുന്ന ശിശു വിദ്യാലയങ്ങളിൽ ആവശ്യമായ വിനോദോപകരണങ്ങൾ, സ്ഥലം, കെട്ടിടം, പരിശീലനം ലഭിച്ച അദ്ധ്യാപികമാർ ഇവ ഉണ്ടെന്ന് ഉറപ്പു വരുത്തണം.


വിദഗദ്ധൻമാരെ സംഘടിപ്പിച്ച് പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിനായി ഒരു സിലബസ് രൂപീകരിക്കുക.

എല്ലാ പ്രീ-പ്രൈമറികളിലും ശരിയായ പരിശോധനയും ജനകീയസഹകരണവും ഉറപ്പുവരുത്തുക.

ഏതെങ്കിലും വിധത്തിൽ ധനസഹായം ലഭിക്കുന്ന ബാലവാടികളിലെ സാമ്പത്തീക ഇടപാടുകൾ ഫലപ്രദമായി പരിശോധിക്കുക.

പഞ്ചായത്തു വിദ്യാഭ്യാസ സമിതിയുടെ ആഭിമുഖ്യത്തിൽ വിശദവും സൂക്ഷമവുമായ സർവേ നടത്തി അക്ഷരം അറിയാത്തവരേയും കൂടുതൽ അറിയാനാഗ്രഹമുള്ളവരെയും കണ്ടെത്തണം. പ്രാദേശിക വിദ്യാഭ്യാസ സമിതികളുടെ ആഭിമുഖ്യത്തിൽ സ്കൂളുകളും മറ്റു പൊതു സ്ഥാപനങ്ങളും കേന്ദ്രമാക്കി തുടർ സാക്ഷരതാ പദ്ധതി നടപ്പിലാക്കണം.

❖❖❖❖❖❖



-11-

ഭവനനിർമ്മാണം സാമൂഹ്യക്ഷേമം

ഭവനനിർമ്മാണം

ആദ്യകാല ചരിത്രം പരിശോധിച്ചാൽ രായമംഗലം പഞ്ചായത്തിൽ വളരെ കുറച്ചുമാത്രമേ വാസയോഗ്യമായ വീടുകൾ ഉണ്ടായിരുന്നുള്ളു എന്നു കാണാം. 1972 വരെ ഉള്ള കാല ഘട്ടങ്ങളിൽ ജൻമികുടിയാൻ സംവിധാനം നിലവിലിരുന്നതുകൊണ്ട് വീടുവക്കുന്നതിന് സ്വന്തം സ്ഥലമോ സൗകര്യമോ ഉണ്ടായിരുന്നില്ല. മിക്ക വീടുകളും വയ്ക്കോൽ പനയോല മേഞ്ഞവയും തറയും ഭിത്തിയും മണ്ണുകൊണ്ട് നിർമ്മിച്ചവയും ആയിരുന്നു. 1972 നുശേഷം സാമൂഹ്യസാമ്പത്തിക രംഗങ്ങളിൽ വന്ന വിപ്ലവകരമായമാറ്റങ്ങൾ ഈ വിഭാഗങ്ങൾക്ക് ജീവിതസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതി നുള്ള സാഹചര്യം ഉണ്ടാക്കി. ഇതോടുകൂടി സ്വന്തമായ ഭൂമിയിൽ വാസയോഗ്യമായ വീടുകൾ നിർമ്മിക്കുവാനുള്ള താല്പര്യം വർദ്ധിക്കുകയും ഈ താല്പര്യം കെട്ടിടനിർമ്മാണത്തെ പടിപടിയായ പുരോഗതിലേക്കു നയിക്കുകയും ചെയ്തു. മാറി മാറി വന്ന ഗവർമെന്റുകൾ നടപ്പിലാക്കിയ വിവിധപദ്ധതികളിലൂടെ താഴ്ന്ന വരുമാനക്കാർക്ക് വീടു വക്കുവാൻ ഗ്രാന്റായും സബ്സിഡി അനുവദിച്ചും വിവിധധനകാര്യസ്ഥാപനങ്ങളുടെ വായ്പയിലൂടെയും സാഹായം ലഭ്യമാക്കി. സാമ്പത്തികനിലവാരം ഉയരുന്നതനുസരിച്ച് കെട്ടിട നിർമ്മാണത്തിൽ മേൽക്കൂര, ഭിത്തി, തറ, സാനിട്ടറി സൗകര്യങ്ങൾ വൈദ്യുതീകരണം ഇവയിൽ വലിയ മാറ്റങ്ങൾ വന്നു കൊണ്ടിരിക്കുന്നു. മേൽക്കൂര വയ്ക്കോലിൽനിന്ന് ഓടിലേക്കും ഓടിൽനിന്ന് കോൺക്രീറ്റിലേക്കും മാറികൊണ്ടിരുന്നു. മെഴുകിയ തറയിൽനിന്ന് സിമന്റ്, മൊസെക്ക്, മാർബിൾ, ഗ്രാനൈറ്റ് ഇവയിലേക്കും വൈദ്യുതീകരണം, എയർകണ്ടീഷൻ ഉപയോഗിക്കുന്നതുവരെയും എത്തിനിൽക്കുന്നു. ഗൾഫു പണത്തിന്റെ സിംഹഭാഗവും പ്രത്യുൽപാദനപരമല്ലാത്ത കെട്ടിടനിർമ്മാണരംഗത്ത് ചിലവഴിക്കുന്നു.

മേൽപറഞ്ഞ കാരണങ്ങളാൽ കെട്ടിടനിർമ്മാണത്തി നാവശ്യമായ മരം, കല്ല്, ഇഷ്ടിക മുതലായ വസ്തുക്കൾക്ക് ദൗർലഭ്യം നേരിടുന്നു. അതുകൊണ്ടുതന്നെ അമിതമായ വിലവർദ്ധനവ് ഉണ്ടാവുകയും സാധാരണക്കാരന് കെട്ടിടം നിർമ്മിക്കാൻ വലിയ തുക മുടക്കേണ്ടതായും വരുന്നു. കെട്ടിട നിർമ്മാണ തൊഴിലാളികളുടെ എണ്ണം വർദ്ധിക്കുന്നില്ല. ദൗർലഭ്യമനുഭവപ്പെടുന്ന മരം, ഇഷ്ടിക, ചെങ്കല്ല്, മുതലായവക്ക് പകരം സിമന്റ് കട്ടിള ജനൽ ഹോളോബ്രിക്കുകൾ മുതലായചിലവ് കുറഞ്ഞ നിർമ്മാണ സാമഗ്രികൾ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള സൗകര്യം ഉണ്ടാക്കിയേ തീരൂ. ഇത്തരത്തിലുള്ള ഏതാനും സംരഭങ്ങൾ പഞ്ചായത്തിൽ നിലവിലുണ്ട്.

പട്ടിക I

സംരഭം നിലവിലുള്ളത്	എണ്ണം	ഉല്പന്നലഭ്യത	
		ആവശ്യത്തിനനുസരിച്ച്	ഗുണനിലവാരത്തിന്റെ ഉറപ്പ്
ഹോളോബ്ലോക്കുകൾ	10	ലഭ്യമാണ്	ഇല്ല.
സിമന്റ് കട്ടിള, ജനൽ	4	അല്ല.	ഇല്ല.
സിമന്റ്, ക്രാസി	5	അതെ	ഇല്ല.
മൊസെക്ക്ടൈൽസ്	2	അതെ	ഇല്ല.
യന്ത്രവൽകൃത ചെങ്കൽ യൂണിറ്റ്	2	അല്ല.	ഉണ്ട്
കരിങ്കൽ മടകൾ	7	അല്ല.	ഉണ്ട്
മെറ്റൽ ക്രഷർ	5	അതെ	ഉണ്ട്

പഞ്ചായത്തിൽ നിലവിലുള്ള വീടുകളുടെ വിശദവിവരങ്ങൾ പട്ടികയാക്കി കൊടുത്തിരിക്കുന്നു.

പട്ടിക II

ക്രമ നമ്പർ		വയ്ക്കോൽ മേഞ്ഞത്	ഓല മേഞ്ഞത്	ഓട്	കോൺ ക്രീറ്റ്
1.	ഒരു നില		588	5928	2571
2.	രണ്ടു നില				331
3.	വൈദ്യുതികരീച്ചത് ആകെ = 7180				
	ആകെ വീടുകൾ = 9569				

പട്ടിക III

വീട് ആവശ്യമുള്ളവരുടെ എണ്ണം.

IRDP സർവേ	1) ആവശ്യമുള്ള വീടുകൾ - 74 2) വിവിധസ്കീമുകളിൽ അനുവദിച്ചവ - 263 3) പണിപൂർത്തീകരിച്ചത് - 141 4) പൂർത്തീകരിക്കാത്തത് - 21											
വാർഡ്	1	2	3	4	5	6	7	8	9	10	11	12
ജനകീയ സർവേ	144	110	69	148	104	85	47	103	65	56	81	57
ആകെ = 1169												

അമിതമായി പണം മുടക്കി എല്ലാവിധ ആധുനിക സജ്ജീകരണങ്ങളോടും കൂടി ഒരു മണിമാളിക ഒരു വശത്ത് പടുത്തുയർത്തുമ്പാൾ പഞ്ചായത്തിൽ ജനകീയസർവ്വേപ്രകാരം വാസയോഗ്യമല്ലാത്തതും വീടുവയ്ക്കാൻ സാമ്പത്തിക കഴിവില്ലാത്തവരുമായ 1169 കുടുംബങ്ങൾ ഉണ്ട് എന്ന ദുരവസ്ഥയുണ്ട്. അർഹതപ്പെട്ടവർക്ക് പാർപ്പിട ലഭ്യത ഉറപ്പുനൽകുന്ന സംവിധാനത്തിൽ (IRDP സർവ്വെ) അശാസ്ത്രീയമായരീതികൾ അവലംബിക്കുന്നതുകൊണ്ടാണ് സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ള വരെല്ലാം അർഹതയുള്ളവരുടെ ലിസ്റ്റിൽ പെടാത്തത്. അതുപോലെ ഭവന നിർമ്മാണത്തെക്കുറിച്ചുള്ള വിവിധസ്കീമുകളെക്കുറിച്ചും ഡിപ്പാർട്ടുമെന്റുകളെപറ്റിയും ജനങ്ങൾക്ക് ഉള്ള അറിവ് പരിമിതമാണ്.

ഗവൺമെന്റിന്റെ വിവിധ സ്കീമുകൾ വഴിലഭിക്കുന്ന പരിമിതതുകകൊണ്ട് പണി പൂർത്തീകരിക്കാൻ സാധാരണക്കാർക്ക് കഴിയാതെ വരുന്നു. സ്വന്തമായി ഭൂമിയില്ലാത്തവർക്കും പുറമ്പോക്കു നിവാസികൾക്കും കെട്ടിടനിർമ്മാണത്തിന് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് ധനസഹായം ലഭ്യമാകുന്നില്ല. ലക്ഷം വീടുകോളനികളിൽ 100 കുടുംബങ്ങൾ താമസിക്കുന്നുണ്ട്. ഇരുപത്തഞ്ചുകൊല്ലങ്ങളായി അറ്റകുറ്റപണികൾ ഇല്ലാത്തതു കൊണ്ട് ഭൂരിഭാഗവും ജീർണ്ണാവസ്ഥയിലാണ്. ഇരട്ട കുടുംബങ്ങളായതുകൊണ്ട് കൂട്ടുത്തരവാദത്വത്തിൽ അറ്റകുറ്റപണി നടത്തുവാൻ ഉടമസ്ഥർക്ക് കഴിയുന്നില്ല. എല്ലാവീടുകളിലും വൈദ്യുതിയും കൂടിവെള്ളവും കക്കൂസും, വഴി സൗകര്യം മുതലായവ ഏർപ്പെടുത്തിയിട്ടുണ്ട്. ലക്ഷം വീടുകൾ പലതും കൈമാറ്റം നടത്തുന്നുണ്ട്.

മൂന്ന് സെന്റ്, നാലു സെന്റ് കോളനികൾ 6 എണ്ണമുണ്ട്. 130 വീടുകളുമുണ്ട്. 50 എണ്ണമൊഴികെ മറ്റുള്ളവയെല്ലാം അടിസ്ഥാന സൗകര്യങ്ങൾ വളരെ കുറവുള്ളയാണ്.

10 സെന്റ് കോളനി ഒരെണ്ണവും ഇതിൽ 20 വീടുകളുമുണ്ട്. എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളുമുണ്ട്. ഭവനനിർമ്മാണ സഹകരണസംഘം പഞ്ചായത്തിലില്ല. കുന്നത്തുനാട് ഭവന നിർമ്മാണ സഹകരണസംഘത്തിന്റെ പ്രവർത്തനപരിധിയിൽ ആണ് ഈ പഞ്ചായത്ത്. പഞ്ചായത്തിലുള്ള രണ്ട് സഹകരണ ബാങ്കുകൾ, കീഴില്ലത്തുള്ള ഫെഡറൽബാങ്ക് ജില്ലാസഹകരണ ബാങ്ക് മുതലായ സ്ഥാപനങ്ങളിൽനിന്ന് ഭവനനിർമ്മാണവായ്പ അനുവദിക്കുന്നുണ്ട്. ഈ വായ്പകളുടെ വ്യവസ്ഥകൾ ദുഷ്ക്കരമാണ്. സാധാരണക്കാരന് പാലിക്കാൻ ബുദ്ധിമുട്ടുള്ള ജാമ്യവ്യവസ്ഥകളാണ് നിലവിലുള്ളത്.

ഈ ഭവനവായ്പകൾക്ക് വേണ്ട നടപടിക്രമങ്ങൾ സാധാരണക്കാരന് പാലിക്കത്തക്കരീതിയിൽ ഉദാരമാക്കേണ്ടതുണ്ട്. നിർമ്മിക്കുന്ന വീട് മാത്രം ഈടായി സ്വീകരിച്ച് വായ്പഅനുവദിക്കുക, പലിശനിരക്ക് കുറക്കുക വീടുനിർമ്മിക്കാനാവശ്യമായ മുഴുവൻ തുകയും ലഭ്യമാക്കുക മുതലായ കാര്യങ്ങൾ പരിഗണിക്കേണ്ടതാണ്.

സർക്കാർ സാമ്പത്തിക സഹായം നൽകി നിർമ്മിക്കപ്പെടുന്ന വീടുകൾ യഥാർത്ഥത്തിൽ നിർമ്മിക്കപ്പെടേണ്ടവയുടെ ചെറിയ ഒരംശം മാത്രമേ ആകുന്നുള്ളു. അതായത് ജനകീയ സർവ്വെപ്രകാരം 1150 വീടുകൾ നിർമ്മിക്കേണ്ടിടത്ത് കഴിഞ്ഞ 10 വർഷ് കൊണ്ട് 150 വീടുകൾ മാത്രമേ നിർമ്മിച്ചിട്ടുള്ളു. അതുകൊണ്ട് ഭവനനിർമ്മാണവായ്പ ഉദാരമാക്കേണ്ടത് അത്യാവശ്യമാണ്.

1970 കളിൽ ഒരു വിദഗ്ദ്ധതൊഴിലാളിക്ക് 12 രൂപയും അവിദഗ്ദ്ധതൊഴിലാളിക്ക് 7രൂപയുമായിരുന്നു കൂലി നിരക്ക് ഇപ്പോൾ അത് യഥാക്രമം 150ഉം 100ഉം ആണ്. സ്ത്രീകൾക്ക് 1970 കളിൽ 5രൂപയുടെ സ്ഥാനത്ത് ഇന്ന് 75 രൂപയാണ്. തൊഴിലാളികളുടെ കൂലി 12 ഇരട്ടിയോളവും സിമന്റ് കല്ല് ഓട്, മരം കമ്പി മുതലായ നിർമ്മാണസാമഗ്രാകളുടെ വില 6 ഇരട്ടിയിലധികവും വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ സർക്കാർ വിവിധ പദ്ധതികളിലൂടെ നടപ്പാക്കുന്ന വായ്പയുടെ പരിധി യാഥാർത്ഥ്യവുമായി പൊരുത്തപ്പെടത്തക്കരീതിയിൽ വർദ്ധിപ്പിക്കേണ്ടതാണ്.

പഞ്ചായത്തിലെ കുടിലുകൾക്കുപകരവും വീടില്ലാത്തവർക്കെല്ലാം വാസയോഗ്യമായ വീട് നിർമ്മിച്ച് നൽകാൻ നിലവിലുള്ള വായ്പാസംവിധാനങ്ങളും സർക്കാർ പദ്ധതികളുംകൊണ്ട് മാത്രം സാധിക്കുന്നില്ല എന്ന് കണക്കുകൾ പരിശോധിച്ചാൽ മനസ്സിലാകും. അതിന് വാർഡ് അടിസ്ഥാനത്തിൽ ഗുണഭോക്തക്കളുടേയും സന്നദ്ധസംഘടനകളുടെ.യും മറ്റും യോഗം വിളിച്ചുചേർത്ത് വീട് ആവശ്യമുള്ളവർക്ക് എത്രമാത്രം ധനം സ്വരൂപിക്കാമെന്നു മനസ്സിലാക്കി, സർക്കാർഫണ്ട്, വായ്പ മുതലായവയും സന്നദ്ധപ്രവർത്തനവും കോർത്തിണക്കി ഒരു ബൃഹദ് പദ്ധതി രൂപം നൽകേണ്ടതാണ്. അതുവഴി മനുഷ്യന്റെ ഏറ്റവും പ്രധാനപ്പെട്ട "ജീവിക്കാനൊരു വീട്" എന്ന സ്വപ്നം സാക്ഷത്കരിക്കുവാൻ സാധിക്കും.

ഗ്രാമസഭാ നിർദ്ദേശങ്ങൾ.

1. വിടില്ലാത്തവർക്ക് സൗജന്യമായോ സബ്സിഡി നിരക്കിലോ വീടുവക്കാൻ സഹായം നൽകുക.
2. സാമ്പത്തികപിന്നോക്കക്കാർക്ക് മുൻഗണന.
3. പുറമ്പോക്കിൽ താമസിക്കുന്നവർക്ക് സ്ഥലവും വീടും ഉണ്ടാക്കാനുള്ള പദ്ധതി,
4. ഭൂരഹിതകർഷകർക്ക് വീടുവക്കുന്നതിന് സൗജന്യമായി പ്ലോട്ടുകൾ കൊടുക്കുന്നത് അർഹരായവർക്കുതന്നെ കിട്ടുന്നതിനുള്ള നടപടി ഉറപ്പുവരുത്തണം.
5. എല്ലാവർക്കും വീട് എന്ന ജില്ലാ പഞ്ചായത്തിന്റെ സ്കീമിന്റെ വ്യവസ്ഥകൾ ലളിതമാക്കണം.
6. വിവിധ സ്കീമുകളിൽ സൗജന്യമായി കൊടുക്കുന്ന സ്ഥലവും വീടും അനർഹർ കൈക്കലാക്കി പിന്നീട് വിറ്റ് പണം വാങ്ങുന്നു. ഇത് തടയണം.
7. ഹരിജൻ വീടുകളുടെ അറ്റകുറ്റപണികൾക്ക് സഹായം അനുവദിക്കണം.
8. കെട്ടിട നിർമ്മാണ വായ്പാപരിധി ഉയർത്തുക.
9. ലക്ഷം വീടുകളുടെ അറ്റകുറ്റപണി അടിയന്തിരമായി ചെയ്യണം.
10. എല്ലാ വീടുകളും വൈദ്യുതീകരിക്കുവാനുള്ള നടപടി വേണം.
11. വിവിധകോളനികളിലെ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തണം.
12. ഭവന നിർമ്മാണ വായ്പകളുടെ നടപടി ക്രമം ലളിതവൽക്കരിക്കണം.

പൊതുനിർദ്ദേശങ്ങൾ / പരിഹാരമാർഗ്ഗങ്ങൾ

1. ഗ്രാമപഞ്ചായത്ത്തലത്തിൽ ഒരു ഭവനനിർമ്മാണ സഹകരണസംഘം രൂപീകരിച്ച് സർക്കാർ പദ്ധതി അനുസരിച്ചുള്ള വീടുകളുടെ നിർമ്മാണ ചുമതല ടി സംഘത്തെ ഏല്പിക്കുക.
2. ചിലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കുവാൻ പ്രേരിപ്പിക്കുക.
3. സാധാരണയിൽ കവിഞ്ഞ വലിപ്പമുള്ള വീടുകളുടെ നിർമ്മാണം കർശനമായി നിയന്ത്രിക്കുക.
4. സർക്കാർപദ്ധതികളിലെ സാങ്കേതിക ബുദ്ധിമുട്ടുകൾ ഒഴിവാക്കുക
5. ഭവനനിർമ്മാണ വായ്പാ പ്രമാണം രജിസ്റ്റർ ചെയ്യുന്നതിനുള്ള അമിതമായഫീസ് ഇല്ലാതാക്കുക.
6. സർക്കാർ പദ്ധതികളിലെ വീടുകളുടെ നിർമ്മാണപുരോഗതി റിപ്പോർട്ടുചെയ്യാൻ വാർഡു മെമ്പർ ഉൾപ്പെടെയുള്ള ജനകീയകമ്മറ്റിയെ ചുമതലപ്പെടുത്തുക
7. സർക്കാരിൽനിന്ന് ലഭ്യമാക്കുന്ന ഭവനനിർമ്മാണവായ്പയുടെ പരിധി കാലോചിതമായി പരിഷക്കരിക്കുക.
8. ഭൂരഹിതരായ കുടുംബങ്ങൾക്ക് ഭൂമികിട്ടാനുള്ള പദ്ധതി കാലോചിതമായി നടപ്പിലാക്കണം.
9. സർക്കാർ പദ്ധതികളിൽ ലഭ്യമാക്കുന്ന വീടുകൾ വിതരണം ചെയ്യുന്നതിന് കർശനമായ മാനദണ്ഡം ഉണ്ടാക്കുക.
10. സർക്കാർ ധനസഹായം കൊടുത്ത് നിർമ്മിച്ച വീടുകളുടെ കൈമാറ്റം പഞ്ചായത്തധികൃതരുടെ അനുവാദത്തോടു കൂടിയാകത്തക്കവിധം നിബന്ധന ഏർപ്പെടുത്തുക.
11. ലക്ഷം വീടുകൾ ഇരട്ടവീടുകളായതിനാൽ ഉള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കണം.
12. ഹൗസിംഗ് സഹകരണസംഘത്തിന്റെ കീഴിൽ കെട്ടിട നിർമ്മാണസാമഗ്രികൾ നിർമ്മാണം തുടങ്ങുക.

ഇന്ത്യൻ ഗ്രാമങ്ങളിലെ ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം വർദ്ധിച്ചു വന്നപ്പോൾ ഇല്ലാത്തവന് സമൂഹത്തിൽ പ്രതിബന്ധങ്ങൾ തരണം ചെയ്ത് നിലനിൽക്കുന്നതിനു വേണ്ടി 1980 കളിൽ കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച ഒരു കേന്ദ്രാവിഷ്ക്കരണ പരിപാടിയാണ് സംയോജിത ഗ്രാമവികസന പരിപാടി അഥവാ IRDP പദ്ധതി. ഇതിന് അർഹത നിർണ്ണയിക്കുന്നതിന് രൂപം കൊടുത്തിട്ടുള്ള, പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി തയ്യാറാക്കിയ, രേഖയാണ് IRDP സർവ്വേ ലിസ്റ്റ്. ഇത് ഒരു പഞ്ചവത്സര പദ്ധതി കാലത്തേക്കായി തയ്യാറാക്കപ്പെടുന്നു. ഇതിലുൾപ്പെട്ടിട്ടുള്ള കുടുംബങ്ങളെയാണ് ദാരിദ്രരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾ അഥവാ ലക്ഷ്യഗ്രൂപ്പുകൾ (Target Group) എന്നു വിവക്ഷിക്കുന്നത്. കാലാകാലങ്ങളിൽ ദാരിദ്ര രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളാകാൻ വേണ്ട വരുമാന പരിധി പുനർനിർണ്ണയം ചെയ്യപ്പെടാറുണ്ട്. ഇത് ഇപ്പോൾ 11,000 രൂപയിൽ എത്തി നിൽക്കുന്നു. ഈ പദ്ധതിക്കാവശ്യമായ തുക ചിലവിടുന്നത് കേന്ദ്ര സംസ്ഥാന സർക്കാരുകൾ തുല്യ തോതിലാണ്.

മേൽ പറഞ്ഞ വരുമാന പരിധി ഉത്തരേന്ത്യയിലെ പിന്നോക്ക ഗ്രാമങ്ങളെ മാത്രം മനസ്സിൽ കണ്ടു കൊണ്ട് തയ്യാറാക്കിയതാണ് എന്ന് രണ്ടാമത് ഒരു വട്ടം ആലോചിക്കാതെ നമുക്ക് മനസ്സിലാക്കാവുന്നതാണ്. കേരളത്തിൽ ഈ വരുമാന പരിധി എത്രയോ കാലം മുൻപ് പുനർനിർണ്ണയപ്പെടുത്തി ഉയർത്തേണ്ടതായിരുന്നു.

പദ്ധതിയുടെ ആരംഭകാലങ്ങളിൽ സ്വയം തൊഴിൽ പദ്ധതിയ്ക്കായി ഗുണഭോക്താക്കൾക്ക് പരമാവധി ശുപാർശ ചെയ്തിരുന്ന തുക 6000 ഉം പിന്നീട് 9000 ഉം ഇപ്പോൾ 15000 ഉം ആണ്. ഇതുതന്നെ ഒരു വ്യക്തിക്കോ കുടുംബത്തിനോ അവർ ഉദ്ദേശിക്കുന്ന പദ്ധതി ആ കുടുംബത്തിന്റെ നിത്യവൃത്തിക്ക് ഉതകുന്ന വരുമാന വർദ്ധനവിന് ഉതകും വിധം ആസൂത്രണം ചെയ്യാൻ സാധിക്കില്ല എന്ന് മനസ്സിലാക്കാവുന്നതാണ്. പ്രസ്തുത തുക എത്രയോ മടങ്ങു വർദ്ധിപ്പിച്ചാൽ മാത്രമേ ഇക്കാലത്ത് വരുമാന വർദ്ധനവിന് സഹായകരമാകും വിധത്തിൽ ഒരു സ്വയം തൊഴിൽ പദ്ധതി ഇന്നാട്ടിൽ നടത്തിക്കൊണ്ടുപോകാൻ കഴിയൂ.

രായമംഗലം ഗ്രാമപഞ്ചായത്തിലെ 12 വാർഡുകൾക്ക് വേണ്ടി തയ്യാറാക്കപ്പെട്ട്, ധനസഹായം നൽകികൊണ്ടിരിക്കുന്നതും ആയ IRDP ലിസ്റ്റ് പട്ടിക

സർവ്വേ നടത്തിയ വർഷം ആകെ	സർവ്വേപ്രകാരം ലിസ്റ്റിലുള്ള കുടുംബങ്ങൾ	SC/ST കുടുംബങ്ങൾ	നാളിതുവരെ സഹായം ലഭിച്ചവർ	ഇതിൽ sc/st കുടുംബങ്ങൾ	ദാരിദ്ര രേഖയ്ക്ക് മുകളിലെത്തിയ കുടുംബങ്ങൾ	ദാരിദ്ര രേഖയ്ക്ക താഴെയുള്ള ആകെകുടുംബങ്ങൾ (സഹായംലഭിച്ചവർ ഉൾപ്പെടെ)
1992 & 1995	1973	201	274	15	6	1967

മേൽ പറഞ്ഞ പട്ടിക പരിശോദിച്ചാൽ മനസ്സിലാക്കാവുന്ന ചില യാഥാർത്ഥ്യങ്ങൾ ഉണ്ട്. പ്രധാനമായി വരുമാന പരിധി ഉയർത്താത്തതു മൂലവും, അശാസ്ത്രീയമായ സർവ്വേ സംവിധാനവും പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യത്തെ തുരംങ്കം വച്ചിട്ടുണ്ട് എന്ന് കാണാം.

നിലവിൽ ഈ പദ്ധതി പ്രകാരം കുടുംബങ്ങൾക്ക് പരമാവധി സഹായധനം 6000/ രൂപയും മറ്റുള്ള വിഭാഗത്തിൽ പെടുന്നവർക്ക് 4000/ രൂപയും എന്നാൽ അംഗവൈകല്യമുള്ളവർക്ക് 6000/ രൂപയും ആണ്. ഒരു സാമ്പത്തിക വർഷം ഇപ്രകാരം സഹായം നൽകേണ്ട ആകെ കുടുംബങ്ങളുടെ 50% SC/ST വിഭാഗങ്ങളും 40% വനിതകളും 3% വികലാംഗർക്കും നീക്കി വയ്ക്കേണ്ടതാണ്. ഈ സംവിധാനത്തിൽ നിരവധി പോരായ്മകൾ ഉണ്ട്.

അപാകതകൾ

1. അശാസ്ത്രീയമായ വായ്പാവിതരണ പ്രക്രിയ.
2. ദാരിദ്രരേഖയ്ക്ക് താഴെയുള്ളവരോടുള്ള ബാങ്കുകളുടെ വിദ്വേഷ നയം.
3. പദ്ധതി തുകയുടെ അപര്യാപ്തത.
4. പദ്ധതിയുടെ ഗുണത്തെയും എണ്ണത്തെയും ബാധിക്കുന്ന രീതിയിലുള്ള നിർബന്ധിതമായി അടിച്ചേൽപ്പിക്കുന്ന "ടാർജന്റ്" സമ്പ്രദായം.
5. കാലഘട്ടത്തിനനുസൃതമായ നവീന രീതിയിലുള്ള സ്ക്കീമുകൾ കണ്ടെത്തി കൊടുക്കുന്നതിലെ പോരായ്മ.
6. നൽകപ്പെടുന്ന പദ്ധതികൾ സമയാസമയങ്ങളിൽ അന്വേഷണ ഉപദേശ, പരിശോധനകൾക്ക് വിധേയമാക്കാത്തതുകൊണ്ടും, പാളിച്ചകൾ സംഭവിച്ചിട്ടുണ്ട്.

ട്രൈസം

IRDP യുടെ അനുബന്ധ പദ്ധതി ആയ ട്രൈസം പരിപാടികൊണ്ട് ഉദ്ദേശിക്കുന്നത് ദാരിദ്ര രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ തൊഴിലില്ലാത്ത യുവതീ യുവാക്കൾക്ക് (18 നും 35 നും മദ്ധ്യേ) അഭിരുചിക്കനു സരിച്ച് തൊഴിലിൽ വിദഗ്ധ പരിശീലനം നൽകുക എന്നതും, പരിശീലന ശേഷം പ്രസ്തുത പദ്ധതി പ്രകാരം സ്വയം തൊഴിലിനായി (IRDP) വായ്പയും ധനസഹായ വും നൽകുക എന്നുള്ളതാണ്. കഴിഞ്ഞ 8 ാം പദ്ധതി യിൽ രായമംഗലം പഞ്ചായത്തിൽ 37 പേർക്ക് ഈ പദ്ധതിപ്രകാരം പരിശീലനം നൽകിയിട്ടുണ്ട്. അതിൽ 19 പേർ സ്വയം തൊഴിൽ പദ്ധതി വായ്പയും ധനസഹാ യവും എടുത്ത് നടത്തുന്നവരുണ്ട്.

ട്രൈസം പദ്ധതിയിൽ യുവതീ യുവാക്കളെ കണ്ടെത്തുന്ന സംവിധാനം കാലോചിതമായി പരിഷ്ക്ക രിച്ചിട്ടില്ല എന്നതാണ് ഇതിന്റെ പോരായ്മ. ഇതിൻ പ്രകാരം നൽകപ്പെടുന്ന പരിശീലനത്തിനുള്ള വിഷയ ങ്ങൾ ഈ കാലഘട്ടത്തിൽ പ്രാധാന്യമുള്ളതോ, സാങ്കേ തിക സൗകര്യങ്ങൾ ഉള്ളതൊ ആയ സ്ഥാപനങ്ങളിലും അല്ല എന്നുള്ളതാണ്. അതുപോലെ തന്നെ ചില പ്രത്യേക സാങ്കേതിക വിഷയങ്ങൾക്ക് അവയ്ക്കാവ ശ്യമായ പരിശീലന കാലാവധി അനുവദിക്കുന്നില്ല. ഇപ്ര കാരം നൽകപ്പെടുന്ന പരിശീലനത്തിനു ശേഷം വൈദ ഗ്ധ്യനിർണ്ണയ പരീക്ഷ നടത്തുന്നില്ല എന്നതും അംഗീ കൃത സർട്ടിഫിക്കറ്റ് നൽകുന്നില്ല എന്നതും ഇതിന്റെ വലിയ ഒരു പോരായ്മയാണ്.

ആനുകാലിക, പ്രാദേശിക പ്രാധാന്യമുള്ള സാങ്കേ തിക വിഷയങ്ങളിൽ പരിശീലനം നൽകുക, പരിശീ ലന ശേഷം സർക്കാർ അംഗീകൃത സർട്ടിഫിക്കറ്റുകൾ നൽകുക, പരിശീലനാർത്ഥികൾക്ക് നൽകുന്ന സ്റ്റൈഫന്റ് കാലോചിതമായി പരിഷ്ക്കരിക്കുക എന്നുള്ളവയാണ് ഈ പദ്ധതി പ്രാധാന്യമുള്ളതും ജനോപകാരപ്രദമാക്കാ നുള്ള മാർഗ്ഗങ്ങൾ.

DWCRA

ഇതും IRDP പദ്ധതിയെ അടിസ്ഥാനമാക്കി സംഘടിതരായ ഗ്രാമീണ വനിതകൾക്ക് സംഘടിതവു ആസൂത്രിതവുമായ ഒരു പൊതു വരുമാന പദ്ധതി ആ ഷ്ക്കരിക്കാൻ വേണ്ടി രൂപം കൊടുത്തിട്ടുള്ളതാണ്. ഇ അസംഘടിതരായ യുവതികളെ സംഘടിക്കുവാനു സാമൂഹ്യ സാംസ്ക്കാരിക പരിവർത്തനങ്ങളിൽ ഭാ മാക്കുവാനും കൂടി ലക്ഷ്യമിട്ടാണ് തയ്യാറാക്കിയിരിക്ക ന്നത്. അങ്ങനെ ഇവരെ ദേശീയ മുഖ്യധാരയിലേക് എത്തിക്കുക എന്ന ലക്ഷ്യവുമാണ് ഉദ്ദ്യേശിച്ചിട്ടുള്ള 10 വിവിധ കുടുംബങ്ങളിലെ 18 നും 35 നും മദ്ധ പ്രായമുള്ള യുവതികളെ കണ്ടെത്തിയാണ് ഒരു ഗ്രൂപ്പി രൂപം കൊടുക്കുന്നത്. ആയതിനാൽ 5 പേർ SC/S വിഭാഗത്തിൽ പെട്ടവരും ആയിരിക്കണം. ഈ പദ്ധത പ്രകാരം IRDP വായ്പാ നിബന്ധനകൾ അനുസരിച്ചുള വായ്പക്കും ധനസഹായത്തിനും ഇവരും അർഹരാണ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്റ്റനുസരിച്ച് രജിസ്റ്റ ചെയ്യുന്ന ഈ യൂണിറ്റുകളെയും അവരുടെ കുടുംബ ങ്ങളെയും ഉന്നതിയിലെത്തിക്കുന്നതിനായി ഓരോ യൂണ റ്റിനും 15200 (ഇപ്പോൾ 25000) രൂപ റിവോൾവിങ് ഫണ്ടായി ഒരു തുക കൂടി അധികം നൽകുന്നു. പ്രസ്തുത തുക ഈ അംഗങ്ങളുടെ കുട്ടികളുടെ വളർച്ചക്കു വിശ്രമത്തിനുമായി ക്രഷ് തുടങ്ങുന്നതിനൊ അല്ലെങ്കിൽ ആരംഭിച്ച പദ്ധതിയുടെ സുഗമമായ പ്രവർത്തനത്തിന അനുവദിച്ച വായ്പയും സഹായ ധനവും അപര്യാപ്തമ കുന്ന സാഹചര്യത്തിൽ കൃത്യതീയതിക്കകം തിരിച്ച ച്ചുകൊള്ളാമെന്ന കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥ നത്തിലൊ ഉപയോഗിക്കാവുന്നതാണ്.

DWCRA യൂണിറ്റുകൾ വഴി ഉദ്ദേശിക്കുന്ന ലക്ഷ ങ്ങൾ നേടാനാവാത്തത് സമൂഹത്തിലെ സ്ത്രീകളുടെ ഇത്തരം സംരംഭങ്ങളോടുള്ള താല്പര്യക്കുറവ്, ആവിഷ്ക രിച്ച് നടപ്പിലാക്കാവുന്ന പദ്ധതികളുടെ വിജയ സാദ്ധ തയെക്കുറിച്ച് ആശങ്ക, എന്നീ കാരണങ്ങളാലാണ് അസംസ്കൃത വസ്തുക്കൾ ആവശ്യമായി വരുന്ന യൂണി റ്റുകൾക്ക് മിതമായ വിലയ്ക്ക് സർക്കാരിൽ നിന്ന് നൽകാനുള്ള സംവിധാനം ഉണ്ടാകണം. ഇത്തരം യൂണി

നടപ്പ് DWCRA യൂണിറ്റുകൾ രായമംഗലം പഞ്ചായത്ത്

ആരംഭിച്ച വർഷം	യൂണിയന്റെ പേര്	അംഗങ്ങളുടെ എണ്ണം	പദ്ധതി തുക	റിവോൾവിങ്ങ് ഫണ്ട്
1994-95	ഗ്രാമലക്ഷ്മി പ്രിന്റേഴ്സ്	10	2,48,700	15200
94-95	ശില്പ റെഡിമെയ്ഡ്	10	1,26,594	15200
94-95	മൈത്രി ഡയറി യൂണിറ്റ് കീഴില്ലം	10	1,20,000	15200
95-96	ഗ്രാമദീപം ഡയറി, വട്ടയ്ക്കാട്ടുപടി	11	1,64000	25000

റ്റുകൾക്ക് പ്രവർത്തിക്കാനാവശ്യമായ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള സ്ഥലം സർക്കാർ പുറമ്പോക്കിൽ അനുവദിച്ചു നൽകേണ്ടതാണ്. ഡയറി യൂണിറ്റുകൾ തുടങ്ങാൻ സാധ്യതയുള്ള പൗൾട്ടറി യൂണിറ്റുകൾക്കും ആവശ്യമായ കാലിത്തീറ്റ, കോഴിത്തീറ്റ എന്നിവ സബ്സിഡി നിരക്കിൽ സർക്കാരിൽ നിന്നും നൽകുവാനുള്ള സംവിധാനം ഉണ്ടാകേണ്ടതാണ്.

തൊഴിലുപകരണങ്ങൾ

പരമ്പരാഗത ഗ്രാമീണ കൈതൊഴിലാളികൾക്ക് നവീന തൊഴിലുപകരണങ്ങൾ നൽകുന്ന പദ്ധതിയും നിലവിലുണ്ട്. ഇത് ട്രൈസം പദ്ധതിയിലെ തുക വക കൊള്ളിച്ചാണ് നടപ്പിലാക്കുന്നത്. 94-'95, 95-96 വർഷങ്ങളിൽ രായമംഗലം പഞ്ചായത്തിൽ 27 പേർക്ക് തൊഴിലുപകരണങ്ങൾ നൽകിയിട്ടുണ്ട്. ഇത് അർഹരായ എല്ലാ തൊഴിലാളികളെയും കണ്ടു പിടിച്ച് തൊഴിലുപകരണങ്ങൾ കൊടുത്ത് പ്രവർത്തനക്ഷമത വർദ്ധിപ്പിക്കേണ്ടതുണ്ട്.

ഭവന നിർമ്മാണം

ദാരിദ്ര രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് സ്വന്തമായി വാസയോഗ്യമായ ഭവനങ്ങൾ ഇല്ലാത്ത അവസ്ഥയിലും, സ്വന്തമായി രണ്ടു സെന്റ് ഭൂമി എങ്കിലും ഉള്ളവർക്കുമാണ് സർക്കാൻ സൗജന്യമായി വീട് നിർമ്മിക്കുന്നതിനുള്ള ധനസഹായം നൽകുന്നത്. ഈ പദ്ധതിയുടെ ആരംഭകാലത്ത് RLEGP, NREP എന്നീ പദ്ധതി നാമങ്ങളിലായിരുന്നു നൽകിയിരുന്നത്. ഇപ്പോൾ JRY പദ്ധതി പ്രകാരം IAY (ഇന്ദിരാ ആവാസ് യോജന MWS (മില്ല്യൺ വെൽ പദ്ധതി എന്നീ നാമങ്ങളിലാണ് അനുവദിക്കുന്നത്. 1996 ആഗസ്റ്റ് വരെ ഒരു വീടിന് 15800 രൂപ (വീട് കക്കൂസ് വയറിംഗ് പുകയില്ലാത്ത അടുപ്പ് മാത്രമാണ് നൽകിയിരുന്നത്. എന്നാൽ ആഗസ്റ്റ് മുതൽ 22000 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. വീട് അനുവദിക്കുന്നതിലും 70% sc/st ക്കും 30% ഇതര സമുദായങ്ങൾക്കുമാണ് നിലവിലുള്ള അനുപാതം.

നാളിതുവരെ നൽകിയിട്ടുള്ള വീടുകൾ രായമംഗലം പഞ്ചായത്ത്

വർഷം	വീടുകളുടെ എണ്ണം	ചിലവായ തുക
1991-92	12	1,35,600
92-93	15	1,58,200
93-94	16	1,69,500
94-95	17	2,5500
95-96	25	പണി നടന്നുകൊണ്ടിരിക്കുന്നു.

ഭവന നിർമ്മാണ പദ്ധതികൾക്ക് അനുവദിക്കുന്ന തുക അപര്യാപ്തമായതിനാൽ കുറച്ച് എണ്ണമെങ്കിലും പണി പൂർത്തീകരിക്കാൻ സാധിക്കാതെ വരുന്നു. ഈ പദ്ധതിയിലെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിലെ അപാകത പരിഹരിച്ചുകൊണ്ടും നിർമ്മിതി കേന്ദ്രത്തിന്റെ മേൽനോട്ടവും സാധനസാമഗ്രികൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കുകയും ചെയ്താൽ ഒരു പരിധി വരെ ഭവനനിർമ്മാണ പദ്ധതി വിജയപ്രദമാക്കാം.

CRSP (സെൻട്രൽ റൂറൽ സാനിറ്റേഷൻ പ്രോഗ്രാം)

ഇന്ത്യൻ ഗ്രാമങ്ങളിൽ ശുചിത്വം ഇല്ലായ്മ പകർച്ച വ്യാധികൾക്കും ഇടയ്ക്കിടെ അസുഖം മൂലം കൂട്ടമരണങ്ങൾക്കും കാരണമായിട്ടുണ്ട് എന്നതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ആവിഷ്ക്കരിച്ചു നടപ്പിലാക്കിയതാണ്. ദാരിദ്രരേഖയ്ക്കു താഴെയുള്ള കുടുംബങ്ങൾക്ക് നിലവിൽESP മാതൃകയിലുള്ള കക്കൂസുകളില്ല. എങ്കിൽ അവർക്കു നൽകാനായി ആവിഷ്ക്കരിച്ചു നടപ്പിലാക്കിയ പദ്ധതികളാണ് ഇത്. 2500 രൂപ ചിലവു പ്രതീക്ഷിക്കുന്ന ഇത്തരം കക്കൂസുകൾ നിർമ്മിക്കുമ്പോൾ സർക്കാർ 2000 രൂപ ഗ്രാന്റ് നൽകുന്നു. 500 രൂപ ഗുണഭോക്താവോ സന്നദ്ധസംഘടനയൊ ചിലവ് വഹിക്കേണ്ടി വരും. 2 കുഴി കക്കൂസുകളാണ് (VNDP) നിർദ്ദേശിക്കുന്ന മാതൃക. ഇതും 70% SC/ST 30% മറ്റുള്ളവർക്ക്. വിവിധ സ്ക്കീമുകളിലായി രായമംഗലം പഞ്ചായത്തിൽ നൽകിയിട്ടുള്ള കക്കൂസുകളുടെ എണ്ണം 47. സർവ്വേ പ്രകാരം കൊടുക്കേണ്ടവരുടെ എണ്ണം 1196. ഇതിൽ ഇനി അനുവദിക്കുവാൻ 1149 എണ്ണം. ഇതിന നുവദിക്കുന്ന തുക അപര്യാപ്തമാണ് എന്നതു കൊണ്ടും അർഹതയുള്ള ആവശ്യക്കാർക്ക് നൽകാനുള്ള ഫണ്ട് ലഭ്യമല്ലാത്തതും കാരണം ഈ പദ്ധതി വിജയപ്രദമായി നടപ്പിലാക്കാൻ കഴിയുന്നില്ല. കക്കൂസ് പണിയാൻ അനുവദിക്കുന്ന തുക വർദ്ധിപ്പിക്കുകയും കക്കൂസ് പണിതു കൊടുക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുക.

പോഷകാഹാരപരിപാടി

രായമംഗലം പഞ്ചായത്തിൽ ഏഴ് ബാലവാടികളും 3 ANP സെന്ററും പ്രവർത്തിക്കുന്നുണ്ട്. ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, ആറു മാസം മുതൽ അഞ്ചു വയസ്സു വരെയുള്ള കുട്ടികൾ എന്നിവരാണ് ഉപഭോക്താക്കൾ. എല്ലാ ബാലവാടികളിലും 3 മുതൽ 5 വയസ്സു വരെയുള്ള കുട്ടികൾക്ക് നേഴ്സറി വിദ്യാഭ്യാസം നൽകാനുള്ള അദ്ധ്യാപകരെയും അവരെ സഹായിക്കുന്നതിനും ഭക്ഷണം തയ്യാറാക്കി കൊടുക്കുന്നതിന് ഹെൽപർമാരും ഉണ്ട്. ഇവർക്ക് അലവൻസുകളും നൽകുന്നുണ്ട്.


ഇതിലേക്കുള്ള യഥാർത്ഥ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിലുള്ള പാളിച്ചകളും, കൃത്യമായ മേൽനോട്ടത്തിന്റെ അഭാവവും സ്ഥാപനങ്ങളുടെ നടത്തിപ്പ് ലക്ഷ്യങ്ങളിൽ നിന്ന് പുറകോട്ടു പോകുന്നു. ഇത്തരം സ്ഥാപനങ്ങളെ കേന്ദ്രീകരിച്ച് ഗുണഭോക്താക്കളുടെ സമിതി നിരീക്ഷണനിർദ്ദേശങ്ങൾക്ക് വേണ്ടി രൂപീകരിക്കണം.

കൂടാതെ ക്ഷേമപദ്ധതികൾ മാത്രമായി 18 നിധി

കൾ ഇന്ന് നിലവിലുണ്ട്. ഇതിൽ 15 പദ്ധതികളും ജനാധിപത്യപരമായ നിയന്ത്രണത്തിലുള്ള ബോർഡുകൾക്ക് കീഴിലാണ് ഇവ. ഭൂരിപക്ഷം നിധികളും ഏതെങ്കിലും പ്രത്യേക വിഭാഗം തൊഴിലാളികളെ ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ്.

നിർദ്ദേശങ്ങൾ

1. നിലവിലുള്ള ക്ഷേമ പദ്ധതികളെ കുറിച്ച് വാർഡുതോറും ക്യാബേയിൻ സംഘടിപ്പിച്ച് ബോധവൽക്കരിക്കുക.
2. തൊഴിലാളി വിഭാഗങ്ങളെ മുഴുവൻ ക്ഷേമ പദ്ധതിക്ക് കീഴിൽ കൊണ്ടു വരുന്നതിന് വേണ്ട നടപടി സ്വീകരിക്കുക.
3. എല്ലാവിധ ക്ഷേമ പദ്ധതികളുടേയും അന്വേഷണ നിയന്ത്രണങ്ങൾ പഞ്ചായത്തു തലത്തിൽ ഊർജ്ജിതമായി എത്തിക്കുക.
4. പഞ്ചായത്തിൽ വൃദ്ധമന്ദിരം പണിയുക.
5. വാർഡുതോറും ഓരോ അങ്കൺവാടികൾ നടത്തുവാൻ സംവിധാനം ഏർപ്പെടുത്തുകയും ശക്തമായ നിരീക്ഷണസംവിധാനം ഏർപ്പെടുത്തുക.
6. നടപ്പു മഹിളാസമാജങ്ങളുടെ പോരായ്മകൾ പരിഹരിക്കുവാൻ വേണ്ട നിർദ്ദേശങ്ങൾ പഞ്ചായത്തു തലത്തിൽ കൂട്ടായി ഉണ്ടാക്കുക.
7. അഴിമതിക്കും കരിഞ്ചന്തയ്ക്കും, പൂഴ്ത്തിവെയ്പ്പിനും നികുതിവെട്ടിപ്പിനും മറ്റും സാമൂഹ്യവിപത്തുകൾക്കെതിരായി പ്രചരണം നടത്തുന്നതിന് പഞ്ചായത്തുതലത്തിൽ കമ്മറ്റി ഉണ്ടാക്കുക.
8. സർക്കാർ ആനുകൂല്യങ്ങൾ യഥാസമയം അർഹരായവരുടെ കയ്യിൽ എത്തിക്കുന്നതിന് പഞ്ചായത്തിൽ നിന്ന് നടപടിയുണ്ടാക്കുക.
9. വികസനപരിപാടികൾ രൂപപ്പെടുത്തുന്നതിന്റെ ഭാഗമായി അംങ്കണവാടികൾക്ക് കീഴിൽ പ്രത്യേകം പുരയിട കൃഷിക്ക് നിർദ്ദേശം കൊടുക്കുക.
10. സർവ്വീസ് സഹകരണ ബാങ്കിൽ സ്ത്രീ നേതൃത്വം ഉറപ്പാക്കുക.
11. കൂടുതൽ വനിതാ വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുകയും മേൽനോട്ടം വ്യവസായവകുപ്പിന്റെ കീഴിൽ വരുത്തുകയും ചെയ്യുക.
12 പൊതുസ്ഥനങ്ങളിൽ ആവശ്യാനുസരണം പ്രാഥമിക സൗകര്യം ഉറപ്പുവരുത്തുക.
13. മഹിളാസമാജങ്ങൾ, ബാലവാടികൾ ഇവയെ കേന്ദ്രീകരിച്ച് പ്രതിരോധ ചികിത്സാ സംവിധാനം ഏർപ്പെടുത്തണം.
14. വനിതകളുടെ നേതൃത്വത്തിലുള്ള സംരംഭങ്ങളുടെ മേൽനോട്ടം ഉദ്യോഗസ്ഥന്മാരുടെയും, ജനപ്രതിനിധിയുടെയും സന്നദ്ധസംഘടനകളുടെയും കൂട്ടായ നിയന്ത്രണത്തിൽ ഏർപ്പെടുത്തുക.
15. സാമൂഹ്യ വനവൽക്കരണ പരിപാടിയിൽ ഉൽപാദിപ്പിച്ച് വിതരണം ചെയ്യുന്ന വൃക്ഷതൈകൾ വച്ചുപിടിപ്പിക്കുന്നതിനും അതിന്റെ തുടർന്നുള്ള പരിചരണത്തിനും ബഹുജനപങ്കാളിത്തം ഉറപ്പാക്കുക.



12

സംസ്ക്കാരം

സംസ്ക്കാരം

സാഹിത്യവും കലയും മാത്രമല്ല മനുഷ്യരുടെ ധാർമ്മിക വിശ്വാസങ്ങളും മൂല്യബോധവും അചാരനാചാരങ്ങളും ഉൾപ്പെടുന്നതാണ് സംസ്ക്കാരം. വർത്തമാനകാല തലമുറയ്ക്ക് ഭാവന ചെയ്യാൻ പോലും കഴിയാത്തത്ര സ്വയം സമ്പൂർണ്ണവും പ്രബുദ്ധവുമായ ഒരു സാംസ്ക്കാരിക ഭൂതകാലം നമുക്കുണ്ടായിരുന്നു. അതിപുരാതന കാലത്തിന്റെ ശേഷിപ്പുകളൊന്നും നമുക്ക് പഞ്ചായത്തിൽ നിന്നും കണ്ടുകിട്ടിയിട്ടില്ല. ഐതീഹ്യങ്ങളിലൂടെയും ചിന്തകളിലൂടെയും നീളുന്ന നമ്മുടെ ഭൂതകാല ചരിത്രത്തിന് ആയിരം കൊല്ലത്തിനപ്പുറം പഴക്കമില്ല. എങ്കിലും കല്ലിൽ ക്ഷേത്രവുമായി ബന്ധപ്പെട്ട പ്രബുദ്ധസംസ്ക്കാരത്തിന്റെ പ്രഭാവലയത്തിൽ പഞ്ചായത്തു പ്രദേശവും ഉൾപ്പെട്ടിരിക്കണം. കൃഷി, സ്ഥിരതാമസം, ക്ഷേത്രങ്ങൾ എന്നിവ ബ്രഹ്മസമൂഹവുമായി ബന്ധപ്പെട്ടാണ് ചിന്തിക്കേണ്ടി വരുന്നത്. ആ കാഴ്ചപ്പാടിലൂടെ നോക്കുമ്പോൾ പഞ്ചായത്തിലെ വളരെ പുരാതനമായ ചില ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് അവിടെ ജീവിച്ചിരുന്ന ഒരു ജനപദത്തെക്കുറിച്ച് ചിന്തിക്കേണ്ടിയിരിക്കുന്നു. പ്രാചീന നാഗരികതയുടെ ലക്ഷണങ്ങളായ ചില ജാറകൾ, ഭീമൻ കുടങ്ങൾ എന്നിവ പഞ്ചായത്തിലെ ചില ഭാഗങ്ങളിൽ കാണപ്പെട്ടിരുന്നു, മണ്ണിന് അത്ര ആഴത്തിലല്ലാതെ കാണപ്പെട്ടിരുന്ന ഇവയിൽ മിക്കതും പൊതുജനങ്ങളുടെ അജ്ഞത മൂലം നശിപ്പിക്കപ്പെട്ടു.

മറ്റേതു പ്രദേശവും പോലെ നമ്മുടെ പ്രദേശവും സംസ്ക്കാരത്തിന് സമാന്തരമായ രണ്ട് അന്തർധാരകൾ ഉൾക്കൊണ്ടിരുന്നു. ഭരിക്കുന്നവരും മേലാളന്മാരുമായ ഒരു വിഭാഗത്തിന്റെ കൂത്ത്, കൂടിയാട്ടം, കഥകളി തുടങ്ങിയ കലാരൂപങ്ങളും അധ്വാനവുമായി നാഭീനാള ബന്ധമുണ്ടായിരുന്ന നാടൻപാട്ടുകൾ, ചിന്ത്, കോൽക്കളി തുടങ്ങിയവയും . ഇവയുടെ ശേഷിപ്പുകാർ കുറെയെങ്കിലും പഞ്ചായത്തിലിന്നും നിലനിൽക്കുന്നു എന്നത് അഭിമാനകരമാണ്. കീഴില്ലം ക്ഷേത്രത്തോടനുബന്ധിച്ച് പതിവായി നടക്കാറുള്ള ചാക്യാർ കൂത്ത് ,കഥകളി ഇവയ്ക്കു ലഭിക്കുന്ന ചെറുതല്ലാത്ത ആസ്വാദന സമൂഹം, നാട്ടിൽ ചിതറികിടക്കുന്ന ചിന്തു പാട്ടുസംഘങ്ങൾ, പരിശമുട്ടു സംഘങ്ങൾ, വല്ലപ്പോഴും ഉയർന്നു കേൾക്കുന്ന പഴയ നാടൻ പാട്ടുകൾ ഇവയെല്ലാം ഇതിന്റെ തെളിവുകളാണ്.

1000 വർഷത്തിലധികം പഴക്കം പറയപ്പെടുന്ന കുറേ കാവുകളും ക്ഷേത്രങ്ങളും പഞ്ചായത്തിലുണ്ട്. വായ്ക്കരക്കാവിലെ മുടിയേറ്റ്, ഗരുഡൻതൂക്കം എന്നിവ ഇനിയും മുറിയാത്ത ഒരു ആചാരത്തിന്റെ പവിത്രശൃംഖലയാണ്. കുറുപ്പും പടി മർത്തമറിയം പള്ളിയുടെ പഴക്കം കൃത്യമായി നിർണ്ണയിക്കാൻ സാധിച്ചിട്ടില്ല. 350 വർഷം മുതൽ 750 വർഷം വരെ പഴക്കം അനുമാനിക്കപ്പെടുന്നു. ഏതായാലും പഞ്ചായത്തിലെ ആദ്യത്തെ ക്രൈസ്തവ ദേവാലയം അതാണെന്നത് നിസ്തർക്കമാണ്.

ക്രൈസ്തവ ദേവാലയ കാലഘട്ടത്തിൽ തന്നെ ക്രൈസ്തവ സമൂഹത്തിന്റെ കുടിയേറ്റവും ഉണ്ടായിരിക്കണം. കല്ലറയ്ക്കൽ കുടുംബത്തിന് ഉണ്ടായിരുന്ന സാമൂഹ്യ മേധാവിത്വം പഞ്ചായത്തിലെ ക്രൈസ്തവ വ്യാപനത്തിന് സഹായിച്ചു. സംസ്ഥാനാടിസ്ഥാനത്തിലെ സാഹചര്യമെന്തായിരുന്നാലും പഞ്ചായത്ത് പ്രദേശത്ത് ക്രൈസ്തവ സമൂഹം ജനജീവിതത്തിൽ സജീവമായ ഇടപെടൽ നടത്തിയിരുന്നു എന്നത് വസ്തുതയാണ്. മതപരമായ വിശ്വാസങ്ങൾക്കപ്പുറത്ത് ക്രിസ്ത്യൻ ഹിന്ദു സമൂഹങ്ങൾ തമ്മിൽ സജീവമായ സഹവർത്തിത്വം നിലനിന്നിരുന്നു. കൂട്ടുമഠം ക്ഷേത്രവും കല്ലറയ്ക്കൽ കുടുംബവുമായുള്ള സഹവർത്തിത്വം ഇതിന്റെ തുടർച്ചയാണ്. പഞ്ചായത്തിനു മുഴുവൻ അഭിമാനകരമായ ഇത്തരം സഹവർത്തിത്വങ്ങൾ നിലനിർത്താൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്. നമ്മുടെ മതസൗഹാർദ്ദത്തിന്റെ ഉത്തമനിർദ്ദേശങ്ങളാണിവ. ഇപ്പോൾ ഹിന്ദു ക്രൈസ്തവ സമൂഹങ്ങൾ അംഗസംഖ്യയിൽ വലിയ വ്യത്യാസമില്ലാതെ നിലനിൽക്കുന്നു.

വളരെ സമീപം കാലംവരെ സാമൂഹ്യജീവിതത്തിൽ നിന്ന് തീണ്ടാപ്പാട് അകലം പാലിക്കേണ്ടി വന്നിരുന്നവരാണ് ഹരിജനങ്ങൾ. ഭൂനയ ബില്ലുകൾ, വിവിധ ക്ഷേമപ്രവർത്തനങ്ങൾ, ആ സമൂഹത്തിൽ നിന്നു തന്നെ ഉയർന്നു വന്ന മുന്നേറ്റങ്ങൾ, പുരോഗമന പ്രസ്ഥാനങ്ങളുടെ പിന്തുണ ഇവയെല്ലാം ചേർന്ന് ഇന്ന് ഇവരും സമൂഹ്യജീവിതത്തിന്റെ മുഖ്യധാരയിലേക്കെത്തിനോക്കിത്തുടങ്ങിയിരിക്കുന്നു. ശ്രീ. പി.കെ.പി.നമ്പൂതിരിയുടെ നേതൃത്വത്തിൽ നടന്ന മിശ്രഭോജനം ഇക്കാര്യത്തിൽ ശ്രദ്ധേയമായ സംരംഭമായിരുന്നു. സാമൂഹ്യമായ ഉച്ച നീചത്വങ്ങൾ പൂർണ്ണമായും തുടച്ചു നീക്കാൻ കഴിഞ്ഞു എന്ന് അവകാശപ്പെടാൻ വയ്യ. ആധുനിക മനുഷ്യമനസ്സിന്റെ ഉൾക്കോണുകളിലും വിധേയത്വത്തിന്റേയും മേധാവിത്വത്തിന്റേയും അംശം ഉറങ്ങിക്കിടക്കുന്നുണ്ട്.

1890 ൽ ഒരു പ്രാഥമിക വിദ്യാലയം കീഴില്ലത്താരംഭിച്ചു. ക്രൈസ്തവ മിഷ്യനറി പ്രവർത്തനത്തോടൊപ്പം 1922 ൽ കീഴില്ലത്ത് ഇംഗ്ലീഷ് സ്കൂളും സ്ഥാപിക്കപ്പെട്ടു.

സ്വാതന്ത്ര്യ സമര കാലഘട്ടം പഞ്ചായത്തിലെ സാമൂഹ്യ സാംസ്ക്കാരിക ജീവിതത്തെ സജീവമാക്കി. പുല്ലുവഴി പബ്ലിക് ലൈബ്രറി, വളയൻചിറങ്ങര വി.എൻ.കെ മെമ്മോറിയൽ ലൈബ്രറി എന്നിവ കേന്ദ്രീകരിച്ച് സാമൂഹ്യ നവോത്ഥാന പ്രസ്ഥാനങ്ങൾ ആരംഭിച്ചു. കോൺഗ്രസ് പ്രവർത്തനം, നിശാപാഠശാലകൾ, വിദ്യാർത്ഥി യൂണിയൻ പ്രവർത്തനങ്ങൾ, പ്രാദേശിക കലാസംഘടനാ പ്രവർത്തനങ്ങൾ എന്നിവ സംയുക്തമായാണ് നടന്നിരുന്നത്. വി.എൻ.കെ. മെമ്മോറിയൽ ലൈബ്രറിയിൽ നിശാപാഠശാലകൾ, പുല്ലുവഴി ലൈബ്രറിയോടു ചേർന്ന് വയോജന വിദ്യാഭ്യാസം യുവജനങ്ങളുടെ കൂടിച്ചേരലുകൾ എന്നിവ പ്രത്യേകം പ്രസ്താവ്യമാണ്.

പഞ്ചായത്തിൽ ഇപ്പോൾ 11 ലൈബ്രറികൾ പ്രവർത്തിക്കുന്നുണ്ട്. വളയൻചിറങ്ങര വി.എൻ.കെ മെമ്മോറിയൽ ലൈബ്രറി മാതൃകാപരമായ പ്രവർത്തനം നടത്തുന്നുണ്ട്. 15000 ത്തിൽ അധികം പുസ്തകങ്ങളും ആയിരത്തോളം അംഗങ്ങളുമുള്ള ഈ ലൈബ്രറിയിൽ കുട്ടികളുടെ ലൈബ്രറി, മൊബൈൽ ലൈബ്രറി, വനിതാവിഭാഗം, കയ്യെഴുത്തു മാസിക എന്നിവയുണ്ട്. ഒരു ലൈബ്രറി പ്രവർത്തിക്കുന്നില്ല. നാലാം വാർഡിൽ

ലൈബ്രറിക്കു സ്ഥലമുണ്ടെങ്കിലും ലൈബ്രറിയില്ല. 5 വാർഡുകളിൽ ലൈബ്രറികൾ ഇല്ല. 10-ാം വാർഡിൽ 3 ലൈബ്രറികളുണ്ട്. കുറുപ്പുംപടി പബ്ലിക് ലൈബ്രറിക്കു മാത്രമാണ് സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്തത്. നെല്ലിമോളത്ത് പഞ്ചായത്തു വക ലൈബ്രറിയുണ്ട്. കുറുപ്പുംപടി ലൈബ്രറിയ്ക്കു മാത്രമാണ് റീഡിംഗ് റൂം ഇല്ലാത്തത്. എല്ലാ ലൈബ്രറികളിലും ചെറിയ തോതിൽ ആനുകാലിക പ്രസിദ്ധീകരണങ്ങളും പത്രവും വരുത്തുന്നുണ്ട്.

ജനങ്ങളുടെ വായനാശീലം കുറഞ്ഞുവരികയാണെന്നതാണ് ലൈബ്രറികൾ നേരിടുന്ന പ്രധാന പ്രശ്നം. ലൈബ്രറികൾ പ്രാദേശിക വിജ്ഞാനകേന്ദ്രങ്ങളായിരുന്ന ഒരു ഭൂതകാലമുണ്ടായിരുന്നു നമുക്ക്. ജീവിതത്തിലെ തിരക്ക് ടി.വി. തുടങ്ങിയവയായിരിക്കണം ലൈബ്രറിയിലേക്ക് ജനങ്ങൾ ആകർഷിക്കപ്പെടാത്തതിനു കാരണം. ലൈബ്രറി പ്രവർത്തകരുടെ ഉത്സാഹക്കുറവും ഒരു കാരണമാണ്. പ്രദേശത്തെ യുവജനങ്ങളെ മുഴുവൻ ലൈബ്രറിയിലേക്കു കൊണ്ടുവരുവാൻ കഴിയണം. ലൈബ്രറിയെക്കൂടാതെ പന്ത്രണ്ടോളം കലാ കായിക ക്ലബ്ബുകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ വളയൻചിറങ്ങരയിൽ പ്രവർത്തിക്കുന്ന സുവർണതീയേറ്റേഴ്സും, ഒളിമ്പിക് സ്പോർട്സ് ക്ലബ്ബും നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്.

നമ്മുടെ സാംസ്ക്കാരിക സ്ഥാപനങ്ങൾ നേരിടുന്ന പ്രധാന വെല്ലുവിളി ജനപങ്കാളിത്തക്കുറവാണ്.


പഞ്ചായത്തിലെ വിവിധ ദേവാലയങ്ങളുടെ ഉത്സവങ്ങളും, പെരുന്നാളുകളും നല്ല സാംസ്ക്കാരിക സംഗമങ്ങളാണ്. പുരാതന കാലം മുതൽ ഉള്ള ഒരു പിടി ആചാരങ്ങൾ ഇന്നും നിലനിൽക്കുന്നത് ഈ ആഘോഷങ്ങളിലാണ്. കൂട്ടുമഠം ക്ഷേത്രത്തിലെ കാവുടി ഇതിനൊരു ഉദാഹരണമാണ്. ഓണക്കാലത്ത് എല്ലാ വാർഡുകളിലും തന്നെ വിവിധ സ്ഥലങ്ങളിൽ ഓണാഘോഷങ്ങളുടെ ഭാഗമായി സാംസ്ക്കാരിക പരിപാടികൾ സംഘടിപ്പിക്കപ്പെടാറുണ്ട്.

ഈ മേഘലയിലെ പ്രധാന പ്രശ്നങ്ങൾ

1. എല്ലാ വാർഡുകളിലും ലൈബ്രറികൾ പ്രവർത്തിക്കുന്നില്ല.
2. കലാ കായിക സാംസ്ക്കാരിക ക്ലബുകൾക്ക് നിലനിൽക്കുവാനുള്ള സാമ്പത്തിക ശേഷിക്കുറവ്.
3. കായിക സംസ്ക്കാരം വളർത്തിയെടുക്കുന്നതിനുള്ള കളിസ്ഥലങ്ങളുടെ അഭാവം
4. പഞ്ചായത്തിലെ ലൈബ്രറികൾക്ക് കൂടുതൽ പുസ്തകം വാങ്ങുന്നതിനുള്ള സാമ്പത്തിക സാഹചര്യം ഇല്ലായ്മ.
5. പഞ്ചായത്തിലെ വിവിധ വാർഡുകളിലുള്ള വിവിധ ലൈബ്രറികൾ കലാ കായിക സാംസ്ക്കാരിക സമിതികൾ എന്നിവയുടെ പ്രവർത്തനങ്ങൾ വിപുലമാക്കുന്നതിനും, മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും സംവിധാനമില്ലായ്മ.

സാധ്യതകൾ, നിർദ്ദേശങ്ങൾ

1. പഞ്ചായത്തിനുള്ളിലെ കലാ കായിക സാംസ്ക്കാരിക, ഗ്രന്ഥശാലാ പ്രവർത്തനങ്ങളുടെ മാർഗ്ഗനിർദ്ദേശത്തിനായി പഞ്ചായത്തുതല സാംസ്ക്കാരിക സമിതി രൂപീകരിക്കുക. കേരളോത്സവം മുതലായ പരിപാടികളുടെ സംഘാടനത്തിന് ഈ സമിതി ഉപകരിക്കും.
2. പഞ്ചായത്തിലെ വിവിധ വാർഡുകളിലുള്ള കായികസ്ഥലങ്ങളുടെ നവീകരണത്തിന് പദ്ധതിയുണ്ടാക്കുക. കളിസ്ഥലം ഇല്ലാത്ത വാർഡുകളിൽ അവ ഉണ്ടാക്കുക.
3. ഗ്രന്ഥശാലകൾ ഇല്ലാത്ത വാർഡുകളിൽ സമയബന്ധിതമായി അവ ആരംഭിക്കുക.
4. സാംസ്ക്കാരിക സമിതികൾക്കാവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുക.
5. നിലവിലുള്ള ലൈബ്രറികൾക്ക് കൂടുതൽ പുസ്തകം വാങ്ങുന്നതിന് സഹായം ലഭ്യമാക്കുക.



13

വനിത

വനിത

ഭാരത ചരിത്രത്തിന്റെ ഗതി നിർണ്ണയിക്കുന്നതിൽ സ്ത്രീകൾ വഹിച്ച പങ്ക് ശ്രദ്ധേയമാണ്. സ്വാതന്ത്ര്യ സമര കാലഘട്ടം മുതൽ പരിശോധിച്ചാൽ സാമൂഹ്യ നീതിക്കു വേണ്ടിയുള്ള ബഹുജന മുന്നേറ്റത്തിൽ പോലും ഉണർന്ന മനസ്സാക്ഷിയും തളരാത്ത ആത്മവിശ്വാസവുമായി മുൻനിരയിൽ തന്നെ പ്രവർത്തിക്കുവാൻ സ്ത്രീകൾക്ക് കഴിഞ്ഞിട്ടുണ്ട്. എന്നിരുന്നാലും സ്ത്രീ സ്വാതന്ത്ര്യം പൂർണ്ണമായിട്ടില്ല. ഇന്നും ഒരു പരിധി വരെ സ്ത്രീ ചൂഷണത്തിനും പീഢനത്തിനും ഇരയായിക്കൊണ്ടിരിക്കുകയാണ്. 20-ാം നൂറ്റാണ്ടിന്റെ ആദ്യഘട്ടങ്ങളിൽ സ്ത്രീയ്ക്ക് പ്രാഥമിക വിദ്യാഭ്യാസം എന്നു പറയാൻ, അക്ഷരാഭ്യാസം മാത്രമാണുണ്ടായിരുന്നത്. അതുകഴിഞ്ഞാൽ ശൈശവ വിവാഹം, കെട്ടുകല്ല്യാണം ഇവയൊക്കെ സ്ത്രീകളെ അകത്തളങ്ങളിൽ തളച്ചിടുന്ന ചങ്ങലക്കെട്ടുകളായിരുന്നു. എന്നാൽ വിദ്യാഭ്യാസരംഗത്തെ നവീകരണത്തിന്റെ ഭാഗമായി സാർവ്വത്രീയ വിദ്യാഭ്യാസ നയം എടുത്തുപറയേണ്ടതാണ്. ഇതിന്റെ ഭാഗമായി സ്ത്രീ വിദ്യാഭ്യാസത്തിനും മുൻതൂക്കം കിട്ടി. നിരക്ഷരയായ സ്ത്രീ, സാക്ഷരയായി കർമ്മരംഗത്തു വന്നപ്പോൾ അവൾക്ക് രാഷ്ട്രത്തിനു വേണ്ടി സ്വയം ബലിയർപ്പിക്കാൻ കഴിയുന്ന വിധം ചിന്തിക്കുവാൻ കഴിഞ്ഞു. സ്വന്തം അവകാശങ്ങൾക്ക് വേണ്ടി പോരാടാനും ചൂഷണത്തിനും പീഢനത്തിനുമെതിരേ പോരാടാനും അതിലുമുപരിയായി സ്ത്രീയ്ക്ക് സ്ത്രീകളെ സംഘടിപ്പിച്ച് അണിനിരത്തി പോരാടാനും കഴിഞ്ഞു. "നഃ സ്ത്രീ സ്വാതന്ത്ര്യമർഹതേ" എന്ന മനുവിന്റെ ആപ്തവാക്യവുമായി സ്ത്രീ മുന്നോട്ടു പോയിരുന്നു എങ്കിൽ ഭാരത ചരിത്രത്തിൽ സ്ത്രീ ഇന്നും അടിമയും ചൂഷിതയും പീഢിതയുമായി കഴിഞ്ഞേനെ. സ്ത്രീ പുരുഷ വ്യത്യാസം കൂടാതെ സംഘടിതമായി പ്രവർത്തിയ്ക്കാനും പോരാടാനും ഇന്ന് സ്ത്രീയ്ക്ക് കഴിയുന്നുണ്ട് എന്നത് അഭിമാനാർഹമാണ്.

വോട്ടർമാർ എന്ന നിലയ്ക്ക് സ്ത്രീകൾ പുരുഷനോടൊപ്പം തന്നെ നിൽക്കുമ്പോൾ ഭരണ കാര്യങ്ങളിലും നയപരമായ മറ്റു കാര്യങ്ങളിലും സ്ത്രീ പങ്കാളിത്തം തുല്യമാക്കേണ്ടതുണ്ട്. ഇന്ന് 33% സംവരണം നിലനിൽക്കുന്നതിന്റെ ഫലമായി അടുക്കളയും അടുപ്പുമായി കഴിഞ്ഞിരുന്നവരടക്കം അനേകം വനിതകൾ പൊതുരംഗത്തേക്ക് കടന്നുവന്നിട്ടുണ്ട്. ഇവർ രാഷ്ട്ര താൽപ്പര്യം സംരക്ഷിയ്ക്കാനും നാടിന്റെ വികസന പോരാട്ടങ്ങളിലും സ്ത്രീ വിമോചന പ്രസ്ഥാനങ്ങളിലും നല്ലൊരു മുതൽക്കൂട്ടാണ്. വനിതകളുടെ അജ്ഞത മാറ്റി എടുത്ത് വേണ്ടവിധം പ്രോത്സാഹനം ഗവൺമെന്റിൽ നിന്നും, ബഹുജനസംഘടനകളിൽ നിന്നും, കൊടുത്താൽ ഒരു പടി കൂടി സ്ത്രീയെ ഉയർത്തിക്കൊണ്ടുവരുവാൻ നമുക്ക് സാധിക്കും. കാരണം സഹിക്കാനും, ത്യജിക്കാനും, പ്രതികരിക്കാനും വേണ്ട ആർജ്ജവമുള്ളവരാണ് ഭാരതസ്ത്രീകൾ എന്ന് പലവട്ടം തെളിയിച്ചുകഴിഞ്ഞു. എന്നിട്ടും വേണ്ടത്ര പരിഗണന സ്ത്രീക്കു കിട്ടുന്നുണ്ടോ എന്നു പരിശോധിച്ചാൽ ഇല്ല എന്നു നിസ്സംശയം പറയാം.

വിവിധ തൊഴിൽ മേഖലകൾ എടുത്താൽ സ്ത്രീയും പുരുഷനും ഒരേ ജോലി ചെയ്യുമ്പോഴും സ്ത്രീയ്ക്ക് പുരുഷനേക്കാൾ കുറഞ്ഞ വേതനമാണ് ലഭിയ്ക്കുന്നത് എന്നു കാണാം. ചില തൊഴിലുകൾ പുരുഷനു മാത്രമായി മാറ്റി വച്ചിരിക്കുന്നു. ഇതിനെല്ലാം എത്രയും വേഗം ശാശ്വതമായ പരിഹാരം പ്രവർത്തിയിലൂടെ തന്നെ ഉണ്ടാകണം. എന്നാലേ സ്ത്രീയെ സമൂഹത്തിൽ മുൻപന്തിയിലാക്കാൻ കഴിയൂ. ചില സർവ്വീസ് രംഗങ്ങളിൽ സ്ത്രീകൾ നല്ല നൈപുണ്യം കാണിക്കുമ്പോൾ പുരുഷൻ പിന്നിലാണെങ്കിൽപ്പോലും സ്ത്രീക്ക് വേണ്ട പരിഗണന നൽകാത്തതുമൂലം സ്ത്രീയായതുകൊണ്ട് അവൾ മുന്നേറിക്കൂടാ എന്നു കണക്കാക്കുന്നതുകൊണ്ട് സ്ത്രീയുടെ സേവനം പിൻതള്ളപ്പെടുന്നു. ഏതു രംഗത്തും സ്ത്രീയെ മുൻപന്തിയിൽ നിർത്തി പ്രത്യേകിച്ചും വികസന, സേവന മേഖലകളിൽ മുൻപോട്ടു പോകുകയും സ്ത്രീയുടെ സാമൂഹ്യ പദവി ഉയർത്താൻ വേണ്ട രീതിയിലുള്ള പ്രവർത്തനങ്ങൾ ഉണ്ടാവുകയും വേണം.

രായമംഗലം പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം വളരെ നല്ല രീതിയിൽ വികസന പ്രവർത്തനങ്ങൾ നടത്തുന്ന ഒരു സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്താണ്. ഉദ്ദേശിക്കുന്ന രീതിയിൽ സ്ത്രീകൾ പൊതുരംഗത്ത് എത്തിയിട്ടില്ലെങ്കിലും മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് സ്ത്രീകൾ പൊതുരംഗത്ത് പ്രവർത്തിയ്ക്കുന്നുണ്ട്. വികസന കാര്യങ്ങളിൽ സ്ത്രീ പങ്കാളിത്തം നടപ്പാക്കുന്നുണ്ട്. 12 വാർഡുകളുള്ള പഞ്ചായത്തിൽ നാലു വാർഡുകൾ വനിതാ വാർഡുകളാണ്. കൂടാതെ പഞ്ചായത്തിൽ നിന്നും ജില്ലാ പഞ്ചായത്തിലേക്കും വനിതാ പ്രതിനിധിയാണ് ഉള്ളത്. ഈ വിധത്തിൽ വനിതാ പ്രതിനിധികൾ ഉള്ളതു കൊണ്ട് വികസന കാര്യങ്ങളിൽ സജീവമായ പങ്കാളിത്തം ഇവരിൽ നിന്നും ലഭിയ്ക്കുകയും മറ്റു വനിതകളെ വികസന പ്രവർത്തനത്തിലേയ്ക്ക് ആകർഷിക്കാനും കഴിയുന്നുണ്ട്. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും തന്നെ ജനാധിപത്യ മഹിളാ അസോസിയേഷന്റെ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിലെ അംഗങ്ങൾ വികസന പ്രവർത്തനങ്ങൾക്ക് സഹായിക്കുന്നുമുണ്ട്.

പഞ്ചായത്തിലെ ജനസംഖ്യയിൽ 15000 ത്തോളം വനിതകൾ ഉണ്ട്. ഇവയിൽ വനിതാ തൊഴിലാളികളുടെ വിവരങ്ങൾ (1991 സെൻസസ് പ്രകാരം) താഴെ ചേർക്കുന്നു.

1.	ഒരു വർഷം 6 മാസത്തിൽ കൂടുതൽ തൊഴിൽ ലഭിയ്ക്കുന്നവർ	2540
2.	കൃഷിക്കാർ	280
3.	കർഷകതൊഴിലാളികൾ	1397
4.	മൃഗസംരക്ഷണം	18
5.	കരിങ്കൽ മേഖല	7
6.	കുടിൽ വ്യവസായം	31
	ആകെ	4273

വികലാഗരായ വനിതകളുടെ കണക്ക്

വാർഡ്	1	2	3	4	5	6	7	8	9	10	11	12
എണ്ണം	7	6	45	6	2	9	8	5	8	3	8	11

ആകെ 78 വികലാംഗരായിട്ടുള്ള വനിതകൾ പഞ്ചായത്തിലുണ്ട്. ഇവരുടെ ക്ഷേമപദ്ധതികൾ നടപ്പാക്കുന്നതിൽ ഒരു പാട് നൂലാമാലകളുണ്ട്. ഇവ ലഘൂകരിക്കുന്നതിനും ഇവർക്ക് തൊഴിൽ സാദ്ധ്യതകൾ ഉറപ്പു വരുത്തുന്നതിനും പഞ്ചായത്ത് മുൻകൈ എടുക്കണം. എന്നാലേ ഇവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനും അപകർഷതാബോധം ഇല്ലാതാക്കുവാനും കഴിയൂ.

വിദ്യാഭ്യാസം, തൊഴിൽ മേഖല എന്നീ രംഗങ്ങളിൽ സ്ത്രീക്ക് പ്രാമുഖ്യം നൽകി ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിച്ച് പഞ്ചായത്തിലെ മുഴുവൻ സ്ത്രീകളേയും ഇതിൽ പങ്കെടുപ്പിയ്ക്കണം. എങ്കിലേ വികസനകാര്യങ്ങളിലും മറ്റും സജീവമാക്കാനും സ്ത്രീകളുടെ പദവിയും തൊഴിൽമാന്യതയും ഉറപ്പു വരുത്താനും കഴിയൂ.

കാർഷിക വ്യാവസായിക മേഖലകളിലെ ശരാശരി കൂലിനിരക്ക് പരിശോധിച്ചാൽ സ്ത്രീയ്ക്ക് അവഗണനയാണ്. ഈ രംഗത്ത് സ്ത്രീകൾ അസംഘടിതരുമാണ്. ഇവരെ സംഘടിപ്പിച്ച് ബോധവൽക്കരണം നടത്തണം. കർഷക സംഘം, കർഷക തൊഴിലാളി തുടങ്ങി നിരവധി സംഘടനകളിൽ സ്ത്രീകൾ പ്രവർത്തിച്ചുവരുന്നുണ്ട്.

സ്ത്രീയ്ക്ക് തൊഴിലും വരുമാനവും ഉണ്ടെങ്കിലേ സ്വന്തം കാലിൽ നിൽക്കാനാവൂ. ആയതിലേയ്ക്ക് തൊഴിൽ സാദ്ധ്യത ഉറപ്പാക്കണം. സർക്കാരിന്റെ വിവിധ തൊഴിൽ പദ്ധതികൾ പഞ്ചായത്തും ബ്ലോക്കും സഹകരിച്ച് ഏർപ്പെടുത്തുകയും സ്ത്രീക്ക് തൊഴിലവസരങ്ങൾ ഉറപ്പാക്കുകയും വേണം. ഇപ്പോൾ പഞ്ചായത്തിൽ 4 DWCRA യൂണിറ്റുകളിലായി 41 പേർ സ്വയം തൊഴിൽ കണ്ടെത്തിയിട്ടുണ്ട്.

യൂണിറ്റിന്റെ പേര്	തൊഴിലാളികളുടെ എണ്ണം
1. പ്രിന്റിംഗ് പ്രസ്	10
2. റെഡിമെയ്ഡ്	10
3. ഡയറി യൂണിറ്റ് 2 എണ്ണം	21
ആകെ	41

കൂടുതൽ DWCRA യൂണിറ്റുകളും വനിതാ വ്യവസായ യൂണിറ്റുകളും തുടങ്ങുവാൻ പഞ്ചായത്ത് മുൻകൈ എടുക്കണം

പഞ്ചായത്തിലെ ജനസംഖ്യയിൽ പുരുഷന്മാരേക്കാൾ കുറവാണ് സ്ത്രീകളുടെ സംഖ്യ. കേരളത്തിന്റെ പൊതു അവസ്ഥയേക്കാൾ വ്യത്യസ്തമാണ് ഇത്. സാക്ഷരതയുടെ കാര്യത്തിലും സ്ത്രീകൾ പുരുഷന്മാരേക്കാൾ

ട്രൈസം പരിശീലനം ലഭിച്ച വനിതകളുടെ വിവരം

നമ്പർ	പരിശീലനംലഭിച്ച വിഷയം	പരിശീലനം ലഭിച്ചവരുടെ എണ്ണം	സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം	അവശേഷിക്കുന്നവർ
1.	ടൈപ്പ്റൈറ്റിംഗ്	1	1	–
2.	തയ്യൽ	38	15	23
3.	ലബോറട്ടറി	2	–	2
4.	ഫിറ്റർ	4	2	2
5.	റേഡിയോ, ടി.വി.മെക്കാനിസം	9	2	7
6.	പ്ലാസ്റ്റിക്വർക്ക്സ്	5	4	1
7.	എംബ്രോയ്ഡറി	2	1	1
8.	പ്രിന്റിംഗ്&പെയിന്റിംഗ്	16	10	6
9.	മരപ്പണി	5	–	5
10	ഇരുമ്പുപണി	1	1	–
11.	കൽപ്പണി	5	3	2
12.	സ്പ്രേവർക്ക്സ്	1	–	1
13.	പെയിന്റിംഗ്	1	–	1
14.	ടയർറീട്രേഡിംഗ്	1	–	–
15.	മോട്ടോർ റീവൈൻഡിംഗ്	1	–	1
16.	കമ്പോസിംഗ്	8	–	8
17.	കംപ്യൂട്ടർ	2	–	2
18.	വെൽഡിംഗ്	2	–	2
ആകെ		103	39	64

പുറകിലാണ്. എന്നാൽ പുതിയ തലമുറയുടെ കാര്യത്തിൽ ഇതിന് മാറ്റം വരുന്നതായി കാണാം.

തൊഴിൽ മേഖലയിൽ, പഞ്ചായത്ത് തലത്തിൽ പുരുഷന്മാരുടേതിനേക്കാൾ കൂടുതലാണ് തൊഴിലെടുക്കുന്ന സ്ത്രീകളുടെ എണ്ണം. പഞ്ചായത്തിലുള്ള ചെറുകിട, ഇടത്തരം, പരമ്പരാഗത വ്യവസായങ്ങളിൽ പ്രമുഖമായ തീപ്പെട്ടി, പ്ലൈവുഡ്, കരിങ്കൽക്വാറി, ട്രഷർ, തടിവ്യവസായം, പനമ്പ് നെയ്ത്ത്, തുടങ്ങിയ മേഖലകളിൽ എല്ലാം സ്ത്രീകളാണ് പുരുഷന്മാരേക്കാൾ കൂടുതലുള്ളത്. ഈ വ്യവസായങ്ങളുടെ പ്രത്യേകത കൊണ്ടാണ് സ്ത്രീ തൊഴിലാളികളുടെ എണ്ണം വർദ്ധിക്കുവാൻ കാരണമായിട്ടുള്ളത്. എന്നാൽ ഇവർക്ക് കിട്ടുന്ന കൂലി പുരുഷന്മാരുടേതിനേക്കാൾ കുറഞ്ഞതാണെന്നു കാണാം.

ഗൃഹജോലി മാത്രം ചെയ്യുന്നവരാണ് ബഹുഭൂരിപക്ഷം സ്ത്രീകളും. ഇതോടൊപ്പം കാർഷിക മേഖലയുടെ ഭാഗമായ ആട്, കോഴി, മാട് വളർത്തൽ സ്ത്രീകൾ ചെയ്യുന്നുണ്ട്. എങ്കിലും ശ്രദ്ധേയമായ വരുമാനം ഈ രംഗങ്ങളിൽ നിന്നും ഉണ്ടാക്കുവാൻ അവർക്ക് കഴിയുന്നില്ല. കൂടുകൂടി താൽപ്പര്യമെടുത്താൽ കോഴി വളർത്ത


ലും, പശു വളർത്തലും, പുഷ്പകൃഷിയും മറ്റും വീട്ടു ജോലിയോടൊപ്പം തന്നെ ആദായകരമാക്കിയെടുക്കാൻ ഇവർക്ക് സാധിക്കും. സ്ത്രീധനത്തിന്റെ പേരിലുള്ള ഗൗരവാവഹമായ പ്രശ്നങ്ങൾ കാര്യമായി ഇവിടെ ഉണ്ടാകാറില്ല.

പ്രശ്നങ്ങൾ

1. സ്ത്രീകളുടെ തൊഴിലില്ലായ്മ. അഭ്യസ്തവിദ്യരായ സ്ത്രീകൾ പലരും തൊഴിലില്ലാത്തവരാണ്. തൊഴിൽ മേഖലയിൽ, വിദ്യാലയങ്ങളിൽ മാത്രമാണ് സ്ത്രീകൾ കൂടുതലായി കണ്ടു വരുന്നത്.
2. പൊതുരംഗത്ത് സ്ത്രീകളുടെ പങ്കാളിത്തക്കുറവ്. സാമൂഹ്യ, സാംസ്ക്കാരിക, രാഷ്ട്രീയ രംഗങ്ങളിൽ കാര്യമായ പങ്കാളിത്തം സ്ത്രീകളുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല.
3. തൊഴിൽ രംഗത്ത് സ്ത്രീകളോടുള്ള വിവേചനം. ഒരേ തൊഴിൽ ചെയ്യുന്ന സ്ത്രീക്കും പുരുഷനും വ്യത്യസ്തമായ കൂലിനിരക്കാണ് നിലവിലുള്ളത്.
4. പൊതു സ്ഥലങ്ങളിൽ പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിന് സൗകര്യമില്ലായ്മ.
5. അനാചാരങ്ങൾ. നിരവധി അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും അടിമകളാണ് സ്ത്രീകളിൽ ബഹുഭൂരിപക്ഷവും.
6. കാർഷിക, വ്യാവസായിക മേഖലകളിലെ സ്ത്രീ പങ്കാളിത്തക്കുറവ്.
7. വിവിധങ്ങളായ തൊഴിൽ സ്ക്കീമുകളെക്കുറിച്ചുള്ള അജ്ഞത.
8. മഹിളാസമാജം പ്രവർത്തനങ്ങളുടെ അപര്യാപ്തത.
9. തൊഴിൽ പരിശീലനത്തിന്റെ അഭാവം.
10. വനിതാ വ്യവസായ സഹകരണസംഘങ്ങൾ ഇല്ലാത്ത അവസ്ഥ.

പരിഹാരങ്ങൾ, നിർദ്ദേശങ്ങൾ

1. പരമ്പരാഗത വ്യവസായങ്ങളായ പനമ്പ്, ഈറ്റ, ചൂരൽ, വ്യവസായങ്ങൾ പരമാവധി പരിപോഷിപ്പിക്കുക.
2. സഹകരണാടിസ്ഥാനത്തിലും അല്ലാതെയും കൂടുതൽ വനിതാ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക.
3. സമൂഹത്തിൽ നിലനിൽക്കുന്ന അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും എതിരേ ബോധവൽക്കരണം നടത്തുക.
4. മഹിളാസമാജം പ്രവർത്തനങ്ങൾ വിപുലീകരിക്കുകയും പരമാവധി വനിതകളെ സമാജം പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തുകയും ചെയ്യണം. എല്ലാ വാർഡിലും ചുരുങ്ങിയത് രണ്ട് മഹിളാസമാജങ്ങളെങ്കിലും സംഘടിപ്പിക്കുക.
5. വനിതകൾക്കായി തൊഴിൽ പരിശീലനപരിപാടികൾ സംഘടിപ്പിക്കുക.
6. തൊഴിൽ സംരംഭകത്വ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക.
7. കോഴി വളർത്തൽ, പുഷ്പകൃഷി, ഔഷധസസ്യ കൃഷി, പച്ചക്കറി കൃഷി, എന്നിവ നടത്തുന്നതിനാവശ്യമായ പരിശീലനം നൽകുകയും, വായ്പാസൗകര്യമുൾപ്പെടെയുള്ള മറ്റ് പശ്ചാത്തല സൗകര്യം ഏർപ്പെടുത്തുകയും, വിപണനത്തിനായി വനിതകളുടെ തന്നെ നേതൃത്വത്തിൽ സഹകരണ വിപണന സംഘങ്ങൾ ആരംഭിക്കുകയും ചെയ്യുക.
8. പൊതുസ്ഥലങ്ങളിൽ പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക.
9. തൊഴിൽ രംഗത്തെ സ്ത്രീ പുരുഷ വിവേചനം അവസാനിപ്പിക്കുന്നതിന് "തുല്യ ജോലിക്ക് തുല്യ വേതനം" എന്ന നയം പ്രാവർത്തികമാക്കുക.
10. സാമൂഹ്യ, സാംസ്ക്കാരിക, രാഷ്ട്രീയ രംഗങ്ങളിലേക്ക് കടന്നു വരുവാൻ സ്ത്രീകളെ പ്രേരിപ്പിക്കുക. ഈ രംഗത്ത് പുരുഷന്മാരുടെ സഹകരണവും, നിർദ്ദേശവും, ഉപദേശവും, വിലപ്പെട്ടതാണ്.
11. കൂടുതൽ വനിതാ സഹകരണസംഘങ്ങൾ ആരംഭിച്ച് സ്വയം തൊഴിൽ മേഖല ശക്തിപ്പെടുത്തുക.



14

സഹകരണ മേഖല

സഹകരണ മേഖല

പഞ്ചായത്തിലെ ആദ്യ സഹകരണ പ്രസ്ഥാനം കീഴില്ലം സർവ്വീസ് സഹകരണ ബാങ്കാണ്. തുടർന്ന് കുറുപ്പും പടി സർവ്വീസ് സഹകരണ ബാങ്ക് രൂപീകരിക്കപ്പെട്ടു. കുറുപ്പുംപടി കേന്ദ്രമാക്കി ജില്ലാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ലെമൺ ഗ്രാസ്സ് ഓയിൽ ആന്റ് ജനറൽ മാർക്കറ്റിംഗ് സഹകരണ സംഘം, 5 ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങൾ, ബെറ്റർ ഫാമിംഗ് സഹകരണ സംഘം (ഇരിങ്ങോൾ) കുറുപ്പുംപടി കേന്ദ്രമായുള്ള മോട്ടോർ തൊഴിലാളി സഹകരണ സംഘം, കുറുപ്പുംപടി ഹരിജൻ സഹകരണ സംഘം, പട്ടുനൂൽ വ്യവസായത്തിനുള്ള സെറികൾച്ചർ സഹകരണസംഘം, വനിതാവ്യവസായ സഹകരണസംഘം, എന്നിവയാണ് പഞ്ചായത്തിലെ മറ്റു സംഘംങ്ങൾ. സ്കൂളുകൾ കേന്ദ്രമായുള്ള സഹകരണസംഘങ്ങളും പ്രവർത്തിച്ചുവരുന്നു. ഇതിൽ വായ്പാസംഘങ്ങൾ കീഴില്ലം കുറുപ്പുംപടി സർവ്വീസ് സഹകരണ ബാങ്കുകൾ മാത്രമാണ്. ക്ഷീരസംഘങ്ങളും, മാർക്കറ്റിംഗ് സംഘവും ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. സഹകരണ ബാങ്കുകൾ രണ്ടെണ്ണവും കണക്കിൽ നഷ്ടത്തിലാണ്. എന്നാൽ ഭീമമായ വായ്പാകുടിശ്ശിഖയുള്ളതുകൊണ്ട് കരുതൽ ധനമായി നല്ലൊരു തുക രണ്ടു ബാങ്കുകളിലും മാറ്റിവയ്ക്കപ്പെട്ടിട്ടുള്ളതുകൊണ്ടാണ് കണക്കിൽ ലാഭം കാണാൻ കഴിയാത്തത്. വായ്പാകുടിശ്ശിഖ ഒഴിവാക്കാനായാൽ രണ്ട് ബാങ്കുകളും ലാഭാവസ്ഥയിൽ എത്തിക്കാൻ കഴിയും. സങ്കുചിതമായ ചേരിത്തിരിവുകൾ സഹകരണ മേഖലയിൽ നാളിതുവരെ ഉണ്ടായിട്ടില്ലെന്നത് അഭിമാനകരമാണ്. കാര്യക്ഷമമായ മാനേജ്മെന്റും, ഉയർന്ന തൊഴിലാളി പങ്കാളിത്തവും, ജനകീയ പിൻബലവും എടുത്തു പറയേണ്ടതാണ്. എന്നാൽ ഹരിജൻ സംഘം, സെറികൾച്ചർ സംഘം എന്നിവയിൽ കാര്യക്ഷമമായ മാനേജ്മെന്റിന്റെ അഭാവം ഉണ്ട്.

പഞ്ചായത്തിലുള്ള സർവ്വീസ് സഹകരണ ബാങ്കുകൾ രണ്ടെണ്ണവും നല്ല രീതിയിലുള്ള പ്രവർത്തനം നടത്തി വരുന്നുണ്ട്. കുറുപ്പുംപടി സർവ്വീസ് സഹകരണ ബാങ്കിന് പഞ്ചായത്തിലുൾപ്പെടുന്ന വായ്ക്കരയിൽ ഒരു ബ്രാഞ്ചും പ്രവർത്തിക്കുന്നുണ്ട്. കീഴില്ലം സർവ്വീസ് സഹകരണ ബാങ്കിന്റെ ഒരു ബ്രാഞ്ച് പുല്ലുവഴിയിലും പ്രവർത്തനം നടത്തിവരുന്നുണ്ട്. എങ്കിലും പഞ്ചായത്തിന്റെ വിസ്തൃതമായ എല്ലാ പ്രദേശങ്ങളിലും ഇതിന്റെ സേവനം പൂർണ്ണമായ തോതിൽ നൽകാൻ കഴിയുന്നില്ല. ഗതാഗത സൗകര്യം കുറവുള്ളതും ദൂരത്തിൽ സ്ഥിതി ചെയ്യുന്നതുമായ വാർഡുകളിൽ കൂടുതൽ ബ്രാഞ്ചുകൾ തുടങ്ങേണ്ടതാണ്. വളം, കീടനാശിനി, തുടങ്ങിയവയുടെ വിതരണവും കാര്യക്ഷമമായി നടക്കുന്നുണ്ട്. കാർഷിക ഹ്രസ്വകാല വായ്പകളാണ് പ്രധാനമായും ബാങ്കുകളിൽ നിന്നും വിതരണം ചെയ്തിട്ടുള്ളത്. വ്യാവസായിക വായ്പകളുടെ നടപടിക്രമങ്ങൾ കൂടുതൽ ഉദാരമാക്കി, വ്യാവസായിക സംരംഭകർക്ക് പ്രചോദനം നൽകേണ്ടതുണ്ട്.

എറണാകുളം ജില്ലയുടെ ഭൂരിഭാഗം പ്രദേശങ്ങളും പ്രവർത്തനപരിധിയായി പ്രവർത്തിക്കുന്ന ലെമൺ ഗ്രാസ്സ് ഓയിൽ ആന്റ് ജനറൽ മാർക്കറ്റിംഗ് സഹകരണ സംഘം പഞ്ചായത്തിലുള്ള കുറുപ്പുംപടിയിലാണ് സ്ഥിതി ചെയ്യുന്നത്. പുൽതൈല വ്യാപാരം പ്രധാന പ്രവർത്തനമായി കണക്കാക്കി തുടങ്ങിയ സംഘം, ഇഞ്ചിപ്പുൽ കൃഷി നാമാവശേഷമായതോടെ മറ്റു മേഖലകളിലേക്ക് തിരിഞ്ഞിരിക്കുകയാണ്. നാളീകേര കർഷകരുടെ സൗകര്യാർത്ഥം പച്ചത്തേങ്ങ വാങ്ങി കൊപ്രയാക്കുന്നുണ്ട്. കൂടുതൽ കാർഷിക ഉത്പന്നങ്ങളുടെ സംസ്ക്കരണ, വ്യവസായങ്ങളിലേയ്ക്ക് സംഘം പ്രവർത്തനം വൈവിധ്യവൽക്കരിക്കുകയും മൂലധന വർദ്ധനവ് ഉണ്ടാക്കുന്നതിനായി അംഗത്വം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലളിതമാക്കുകയും ചെയ്യേണ്ടതുണ്ട്.

പഞ്ചായത്തിനുള്ളിലെ ക്ഷീരോല്പാദകസംഘങ്ങൾ ശരിയായി പ്രവർത്തനം നടത്തുന്നുണ്ട്.

കാർഷിക മേഖലയുടെ വളർച്ച ഉറപ്പുവരുത്തുന്നതിനായി സഹകരണ സംഘങ്ങൾ സ്ഥാപിക്കേണ്ടതുണ്ട്. വ്യവസായ മേഖലയുടെ വികസനത്തിനും സഹകരണ സംഘങ്ങൾ രൂപീകരിക്കപ്പെടണം.

സഹകരണബാങ്കുകൾ

സ്ഥാപിച്ച വർഷം	അംഗങ്ങളുടെ എണ്ണം	ജീവനക്കാരുടെ എണ്ണം	ഓഹരി മൂലധനം
കീഴില്ലം സർവ്വീസ് സഹകരണ ബാങ്ക് 1956	7774	14	20,30,300
കുറുപ്പുംപടി സർവ്വീസ് സഹകരണ ബാങ്ക് 1968	12151	16	33,27,597


ഈ മേഖലയിലെ പ്രധാന പ്രശ്നങ്ങളെ താഴെ പറയും വിധം പട്ടികപ്പെടുത്താം

1. പുതിയ പ്രവർത്തന മേഖലയിലേക്ക് കടന്നു കയറാനുള്ള ധൈര്യക്കുറവ്.

2. അമിതമായ എസ്റ്റാബ്ലിഷ്മെന്റ് ചിലവ്.
3. സാങ്കേതിക നവീകരണത്തിന്റെ അഭാവം.
4. ഡിപ്പാർട്ടുമെന്റൽ മേധാവിത്വം.
5. ഒഴിവാക്കാവുന്ന ദുർവ്യയം.

സാധ്യതകൾ, നിർദ്ദേശങ്ങൾ

1. കാർഷിക, വ്യാവസായിക മേഖലകളിൽ പുതിയ സഹകരണസംഘങ്ങൾ രൂപീകരിക്കുക.
2. പഞ്ചായത്തിന്റെ വികസന പദ്ധതികളുമായി ബന്ധപ്പെടുത്തി സംസ്ക്കരണ, വിപണന സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.
3. ലേബർ കോൺട്രാക്ട് സഹകരണസംഘങ്ങൾ രൂപീകരിക്കുക.
4. സർവ്വീസ് സഹകരണ ബാങ്കുകളുടെ പ്രവർത്തനം വൈവിധ്യവൽക്കരിക്കുക.
5. തൊഴിലാളികൾക്ക് പ്രത്യേക പഠന ക്ലാസ്സുകൾ നടത്തുക.
6. പ്രഫഷനൽ മാനേജ്മെന്റ് പരിശീലനം ഏർപ്പെടുത്തുക.
7. ക്രെഡിറ്റ് സംഘങ്ങളിൽ, അംഗങ്ങളുടെ ആവശ്യത്തിനനുസരിച്ച് സ്കീമുകൾ തയ്യാറാക്കുക.
8. ലെമൺ ഗ്രാസ്സ് ഓയിൽ ആന്റ് മാർക്കറ്റിംഗ് സഹകരണ സംഘത്തിന്റെ പ്രവർത്തനം കൂടുതൽ കാർഷിക സംസ്ക്കരണ മേഖലകളിലേക്ക് വൈവിധ്യവൽക്കരിക്കുകയും, അംഗത്വം കിട്ടുന്നതിനുള്ള ബുദ്ധിമുട്ടുകൾ നീക്കം ചെയ്യുകയും ചെയ്യുക.



15

പട്ടികജാതി പട്ടികവർഗം

പട്ടികജാതി പട്ടികവർഗം

ഈ പഞ്ചായത്തിൽ 1991 ലെ കണക്കനുസരിച്ച് 6754 പട്ടികജാതിക്കാരും, 14 പട്ടികവർഗ്ഗക്കാരും ഉണ്ട്. ഇതിൽ പട്ടികജാതിക്കാർ മൊത്തം ജനസംഖ്യയുടെ 13.2% വരും. 25 അംഗീകൃത ഹരിജൻ കോളനികളും ഉണ്ട്. ഏതാണ്ട് 60% ഹരിജനങ്ങളും കോളനിയിലാണ് താമസിക്കുന്നത്. 40% പേർ മാത്രമാണ് ഇടകലർന്ന് ജീവിക്കുന്നത്.

മാറിമാറി വന്ന സർക്കാരുകളുടെ ശ്രമഫലമായും സാമൂഹ്യ പുരോഗമന പ്രസ്ഥാനങ്ങളുടെ ഫലമായും സാമൂഹ്യ, വിദ്യാഭ്യാസ രംഗങ്ങളിൽ ഒട്ടനവധി നേട്ടങ്ങൾ നേടാൻ ഇവർക്ക് കഴിഞ്ഞിട്ടുണ്ട്. കാർഷിക ഭൂപരിഷ്ക്കരണ നിയമം മൂലം ഉദ്ദേശിച്ച ഗുണം ഈ വിഭാഗത്തിന് ലഭിച്ചില്ല. എന്നാൽ സാമൂഹ്യ രംഗത്ത് പുരോഗതി നേടാനായിട്ടുണ്ട്. സ്വാതന്ത്ര്യ സമരം മുതൽ സാമൂഹ്യ രംഗത്ത് പ്രവർത്തിച്ച മുണ്ടപ്പിള്ളി കാളകുറുമ്പൻ ഒരു ഉദാഹരണമാണ്. ഭൂപരിഷ്ക്കരണ നിയമവും മിച്ച ഭൂമി വിതരണവും മൂലം ഭൂവുടമകളാകാൻ ഇവർക്ക് കഴിഞ്ഞിട്ടുണ്ട്. ജനകീയ പോരാട്ടങ്ങളുടേയും, ബഹുജന നേതാക്കളുടേയും ശ്രമഫലമായി സാമൂഹ്യരംഗത്ത് നിലനിന്നിരുന്ന ഉച്ചനീചത്വങ്ങൾ തൂത്തെറിയപ്പെട്ടു. ഹരിജന ക്ഷേമ വകുപ്പിൽ നിന്നും മറ്റ് സർക്കാർ ഏജൻസികളിൽ നിന്നും നിരവധി ക്ഷേമപ്രവർത്തനങ്ങളും സഹായ പദ്ധതികളും ഇവർക്കു വേണ്ടി വിഭാവനം ചെയ്യുന്നുണ്ടെങ്കിലും അവ പൂർണ്ണമായും ഇവരുടെ കൈകളിൽ എത്തുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.

സമീപ പഞ്ചായത്തുകളെ വച്ച് നോക്കുമ്പോൾ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ എണ്ണം കൂടുതലുള്ള പഞ്ചായത്താണ് നമ്മുടേത്. പഞ്ചായത്തിൽ ഏറ്റവും കൂടുതൽ ഹരിജനങ്ങൾ താമസിക്കുന്നത് മൂന്നാം വാർഡിലാണ്. ഈ പഞ്ചായത്തിലെ ഹരിജൻ സംവരണ വാർഡും അതുതന്നെയാണ്. നിലവിൽ അംഗീകാരം ലഭിച്ചിട്ടുള്ള 24 ഹരിജൻ കോളനികളിൽ ഏറ്റവും പിന്നോക്കാവസ്ഥ നിലനിൽക്കുന്ന കോളനി വള്ളോൻമുകൾ കോളനിയാണ്. ഇവിടെ ഗതാഗത, വൈദ്യുതി, പ്രാഥമിക സൗകര്യങ്ങൾ എത്തിക്കാൻ സാധിച്ചിട്ടില്ല.

പഞ്ചായത്തിൽ ഈ വിഭാഗങ്ങളുടെ അംഗസംഖ്യ വർദ്ധിച്ചതുകൊണ്ടും ഇവർക്ക് കിടപ്പാടം ഇല്ലാതിരുന്നതിനാലും പഞ്ചായത്ത് ഭരണസമിതികൾ മുൻകൈ എടുത്ത് മൂന്ന് സെന്റ്, നാലു സെന്റ് ഹരിജൻ കോളനികൾക്ക് സ്ഥലമെടുത്ത് വിതരണം നടത്താൻ കഴിഞ്ഞിട്ടുണ്ട്. വായ്ക്കര, പണിക്കരമ്പലം, വില്ലേജ് ഓഫീസ്, പുളിയാമ്പിള്ളി, ഇരിങ്ങോൾ, എന്നിവ ഇതിൽപ്പെടുന്നു. ലക്ഷം വീടുകളിൽ ഭൂരിഭാഗവും വസിക്കുന്നത് പട്ടികജാതിയിൽപ്പെട്ടവരാണ്. ഇങ്ങനെയൊക്കെയാണെങ്കിലും ഇവരുടെ പാർപ്പിട പ്രശ്നം മുഴുവൻ പൂർത്തീകരിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടില്ല എന്നുള്ളതാണ് വസ്തുത. ഈ പഞ്ചായത്തിലെ ഭൂരിഭാഗം പട്ടികജാതിക്കാരും കർഷകതൊഴിലാളികളാണ്. അപൂർവ്വം ചിലർ സർക്കാർ ഉദ്യോഗസ്ഥരും, വ്യവസായ തൊഴിലാളികളും, നിർമ്മാണ പ്രവർത്തന രംഗത്തും ബന്ധപ്പെട്ട് പ്രവർത്തിക്കുന്നു. ചുരുക്കം കൃഷിക്കാരായ പട്ടികജാതികുടുംബങ്ങളും ഈ പഞ്ചായത്തിൽ ഉണ്ട്.

ക്രമ നമ്പർ	ഹരിജൻകോളനികളുടെ പേരുവിവരം	വാർഡുകൾ
1.	പുലിമല ഹരിജൻ കോളനി	1
2.	കളർകോട് ഹരിജൻകോളനി	1
3.	ഇരവിച്ചിറ കോളനി	1
4.	ചീയംകുഴി ഹരിജൻ കോളനി	1
5.	ചക്കിക്കല്ലും പറമ്പ് ഹരിജൻകോളനി	1
6.	ടോഹരിജൻ കോളനി	1
7.	വള്ളോൻമുകൾ ഹരിജൻ കോളനി	3
8.	കരുപ്പപ്പാറ ഹരിജൻ കോളനി	4
9.	കോട്ടമല ഹരിജൻ കോളനി	4
10.	ആട്ടപ്പടി ഹരിജൻ കോളനി	4
11.	നെല്ലിമോളം ഹരിജൻ കോളനി	4
12.	നങ്കുളാത്ത് ഹരിജൻ കോളനി	5
13.	പുലിക്കല്ല് ഹരിജൻകോളനി	5
14.	വെള്ളാരംമോളം ഹരിജൻകോളനി	6
15.	606 ഹരിജൻകോളനി	6
16.	പാലക്കുഴിത്തടല ഹരിജൻ കോളനി	6
17.	കൊറ്റംകുളം ഹരിജൻകോളനി	6
18.	ഇന്ദിരാകോളനി	7
19.	പണിക്കരമ്പലം ഹരിജൻകോളനി	8
20	കല്ലുകുത്തിമോളം ഹരിജൻകോളനി	8
21.	ഗിരി കോളനി	9
22.	കാളബാലി കോളനി	9
23.	പുളിയാംപിള്ളി കോളനി	10
24.	പുളിക്കപ്പൊറകോളനി	11
25	പീച്ചനാംമോളം ഹരിജൻകോളനി	12

സമൂഹത്തിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന വിഭാഗമാണ് ഇവരെങ്കിലും അതിൽ നിന്നും വ്യത്യസ്തമായി നമ്മുടെ പഞ്ചായത്തിൽ ഉയർന്ന സ്ഥാനം ഇവർക്കു നൽകുവാനും അവരുടേതായ എല്ലാവിധ ചടങ്ങുകളിലും ജാതിമതഭേദമെന്യേ മുഴുവൻ ജനങ്ങളും പങ്കെടുക്കുവാൻ കഴിയുന്ന പ്രവർത്തനം ഈ പഞ്ചായത്തിൽ നടന്നിട്ടുണ്ട്. ഇതുപോലെ തന്നെ മറ്റു വിഭാഗത്തിൽപെട്ടവരുടെ ചടങ്ങുകളിലും ഉയർന്ന സ്ഥാനം തന്നെയാണ് ഇവർക്കു നൽകിവരുന്നതും.

കൃഷി ആവശ്യത്തിലേക്ക് വേണ്ടി 4 ഹരിജൻകോളനി ലിഫ്ട് ഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ള ഏക പഞ്ചായത്താണ് നമ്മുടേത്. വെള്ളാരംമോളം, ഗിരികോളനി, പുളിയാമ്പിള്ളി മോളം, കല്ലേത്തുമുകൾ എന്നിവയാണ് അവ. പഞ്ചായത്തിൽ നിന്നും സൗജന്യമായി വീടുകൾ വയറിംഗ് നടത്തി ഒരു പരിധിവരെ വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്. പഞ്ചായത്തിന്റെ തനതായ ഫണ്ട് ഉപയോഗപ്പെടുത്തിക്കൊണ്ട് കോളനികളിലേക്കുള്ള യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതിനാവശ്യമായ റോഡുകളും കുറെയൊക്കെ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഹരിജൻ കോളനികളുടെ എണ്ണവുമായി തട്ടിച്ചു നോക്കുമ്പോൾ ഇനിയും യാത്രാസൗകര്യങ്ങൾ മെച്ചമാക്കേണ്ടതുണ്ട്. പഞ്ചായത്തിലെ മുഴുവൻ ഹരിജൻ കോളനികളിലും വൈദ്യുതി എത്തി

ക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ സാമ്പത്തിക പിന്നോക്കാവസ്ഥ കാരണം ഇവരുടെ വീടുകളിൽ ഇനിയും വിദ്യുച്ഛക്തി എത്താനുണ്ട്. ഹരിജൻ കോളനികളിൽ പഞ്ചായത്ത് നിർമ്മിച്ചു കൊടുത്തിട്ടുള്ള വീടുകളിൽ പകുതിയോളം വീടുകളിൽ ഇന്ന് ഇന്ധനക്ഷമതയുള്ള പരിഷത്ത് അടുപ്പാണ് ഉപയോഗിക്കുന്നത്.


പഞ്ചായത്തിലെ പൊതുവേയുള്ള സ്ഥിതി വിലയിരുത്തുമ്പോൾ സാമൂഹ്യ പ്രവർത്തനങ്ങളുടെ നേതൃത്വത്തിൽ വളരെ കുറച്ചുപേരേ വന്നിട്ടുള്ളൂ. എന്നാൽ സമീപ പഞ്ചായത്തുകളുമായി തട്ടിച്ചു നോക്കുമ്പോൾ നമ്മൾ മുന്നിലാണ്. സർക്കാർ വകുപ്പുകളിൽ നിന്നും അനുവദിക്കുന്ന പല സഹായഫണ്ടുകളും ലാപ്സാകുന്ന അവസ്ഥ ഉണ്ട്. പല ഹരിജൻ കുടുംബാംഗങ്ങൾക്കും സ്വന്തമായി കൃഷിഭൂമി ഉണ്ടെങ്കിലും ഇവരിൽ പലരും ഇന്ന് മറ്റുള്ളവരുടെ സ്ഥലത്ത് കൂലിവേലയ്ക്ക് പോയി ജീവിക്കുന്നു. സ്വന്തം സമ്പാദ്യത്തിൽ നിന്നും മിച്ചം വയ്ക്കുന്ന സ്വഭാവവും ഇവർക്ക് വളരെ കുറവാണ്. ഈ പഞ്ചായത്തിൽ ഒരു ഹരിജൻ സഹകരണ സംഘം പ്രവർത്തിക്കുന്നുണ്ട്. ഒരു തയ്യൽ പരിശീലന കേന്ദ്രവും, സംഘത്തിന്റെ ഉടമസ്ഥതയിൽ ഒരു പവർട്രില്ലറും പ്രവർത്തിക്കുന്നുണ്ട്.

ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്ന പ്രശ്നങ്ങൾ

1. സുരക്ഷിതമായ പാർപ്പിടങ്ങളുടെ അപര്യാപ്തത.
2. വിദ്യാഭ്യാസ രംഗത്തെ പിന്നോക്കാവസ്ഥ ?
3. സുരക്ഷിത കക്കൂസുകളുടെ ഉപയോഗക്കുറവ്.
4. പ്രാഥമിക സൗകര്യങ്ങളുടെ പോരായ്മ.
5. വർദ്ധിച്ചതോതിലുള്ള ബോധവൽക്കരണക്കുറവ്.
6. സർക്കാർ നൽകുന്ന സഹായങ്ങളുടെ പ്രയാസമേറിയ നിബന്ധനകൾ.
7. പോഷകാഹാരങ്ങളുടെ കുറവ്.
8. സാമ്പത്തികമായ പിന്നോക്കാവസ്ഥ.
9. വികസന പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ.
10. ഇന്ന് നൽകി വരുന്ന പല സഹായപദ്ധതികളും ആവശ്യങ്ങൾക്ക് ഉതകുന്നതല്ല.
11. സാമ്പത്തിക ബുദ്ധിമുട്ടു മൂലം ഹരിജൻ വിദ്യാർത്ഥികൾക്ക് ഇടയ്ക്കു വച്ച് പഠനം നിർത്തേണ്ടി വരുന്നു.

സാദ്ധ്യതകൾ, നിർദ്ദേശങ്ങൾ

1. ഹരിജൻ കോളനികളിൽ റോഡ്, വൈദ്യുതി, കുടിവെള്ളം മുതലായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക.
2. ഹരിജൻ കുടുംബാംഗങ്ങളുടെ വരുമാന വർദ്ധനവിനുവേണ്ടി കുടുംബാടിസ്ഥാനത്തിലുള്ള തൊഴിൽ സ്ക്കീമുകൾ നടപ്പിലാക്കുക.
3. പട്ടികജാതി പട്ടികവർഗ്ഗ ജനസംഖ്യക്ക് ആനുപാതികമായി വികസന പദ്ധതികൾക്കുള്ള തുക നീക്കിവയ്ക്കുക.
4. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമത്തിനായുള്ള വിവിധ പദ്ധതികളുടെ വിശദവിവരങ്ങൾ പഞ്ചായത്താഫീസിൽ നിന്നും ലഭിക്കുന്നതിനാവശ്യമായ സംവിധാനം ഉണ്ടാക്കുക.
5. വീടില്ലാത്ത മുഴുവൻ ഹരിജനങ്ങൾക്കും സന്നദ്ധ സംഘടനകളോ, വിവിധ ഏജൻസികളോ വീട് നിർമ്മാണം പൂർത്തീകരിച്ചു കൊടുക്കുന്ന രീതി നടപ്പിൽ വരുത്തുക.
6. വിദ്യുച്ഛക്തി ലഭ്യമല്ലാത്ത ഹരിജൻകുടുംബങ്ങളിൽ വൈദ്യുതി എത്തിക്കുക.
7. വിദ്യാഭ്യാസത്തിന്റെ പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് പഠനോപകരണങ്ങൾ സൗജന്യമായി വിതരണം ചെയ്യുക.
8. സർക്കാർ ഏജൻസികൾ നൽകുന്ന ഗ്രാന്റുകളും, വായ്പകളും യഥാർത്ഥ ആവശ്യത്തിന് വേണ്ടി ഉപയോഗിച്ചു എന്ന് ഉറപ്പുവരുത്തുക.
9. ഹരിജൻ കോളനികളിൽ സാനിട്ടേഷൻ സൗകര്യം മെച്ചപ്പെടുത്തുക.
10. 5 വയസ്സുവരെയുള്ള ഹരിജൻ കുട്ടികൾക്ക് പോഷകാഹാരം വിതരണം ചെയ്യുക.
11. വനിതകളെ പങ്കെടുപ്പിച്ചു തയ്യൽ പരിശീലനം, പരമ്പരാഗത തൊഴിലുകൾ എന്നിവ അഭ്യസിപ്പിച്ച് എടുക്കുക.
12. ഇന്ധനക്ഷമതയുള്ള കൂടുതൽ അടുപ്പുകൾ നിർമ്മിക്കാൻ പ്രചാരണം സംഘടിപ്പിക്കുക.
13. ഹരിജൻ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് സഹായം ലഭ്യമാക്കുക.
14. തൊഴിലില്ലായ്മ പരിഹരിക്കാൻ ഹരിജൻ യുവാക്കളെ സംഘടിപ്പിച്ച് സഹകരണാടിസ്ഥാനത്തിൽ ചെറുകിട വ്യവസായങ്ങൾ തുടങ്ങുക.
15. പട്ടികജാതി വികസനവകുപ്പുകൾ നൽകി വരുന്ന വായ്പകൾക്കുള്ള നിബന്ധനകൾ ലഘൂകരിക്കുക.
16. ഹരിജൻ ശ്മശാനങ്ങൾക്ക് മതിൽ കെട്ടി സംരക്ഷിക്കുക.
17. പട്ടികജാതി വിദ്യാർത്ഥികൾക്ക് ബോർഡിംഗ് സ്കൂൾ സ്ഥാപിക്കുക.
18. സാമ്പത്തിക ബുദ്ധിമുട്ടുമൂലം ഇടയ്ക്കുവച്ച് പഠനം മുടക്കുന്ന വിദ്യാർത്ഥികൾക്ക് ധനസഹായം നൽകി തുടർന്നു വിദ്യാഭ്യാസം നൽകാൻ ശ്രദ്ധിക്കുക.



16


വിഭവസമാഹരണം

അവലോകനം:-

പഞ്ചായത്തിന്റെ മൊത്തവരുമാനത്തിൽ വർഷം തോറും ക്രമാനുഗതമായ വർദ്ധനവ് ഉണ്ടാകുന്നുണ്ട്. മൊത്തം വരുമാനത്തിൽ തനതു വരുമാനത്തിലും ഗ്രാൻറുകളിലും വർദ്ധനവ് ഉണ്ടാകുന്നതായി കണക്കുകളിൽ നിന്നും കാണുവാൻ സാധിക്കും.


പട്ടിക (വരവിനം)

ക്രമ നമ്പർ	വർഷം	തനതു വരുമാനം	ഗ്രാൻറുകൾ	മറ്റു വരുമാനം
1.	1993-1994	11,46,516 - 16	4,96,336	
2.	1994-1995	13,73,094 - 75	3,83,337	
3.	1995-1996	15,29,803 - 60	9,35,860	



പട്ടിക (ചിലവിനം)

ക്രമ നമ്പർ	വർഷം	എസ്റ്റാബ്ലിഷ്മെൻറ്	മരാമത്ത്	വഴിവിളക്ക്	വഴിശുദ്ധജല വിതരണംവിളക്ക്
1.	1993-1994	5,01,658	7,36,079	1,43,232	41,095
2.	1994-1995	5,35,677	8,04,965	1,55,244	53,189
3.	1995-1996	6,33,324	7,17,479	1,55,904	14,581



പട്ടികയനുസരിച്ച് പഞ്ചായത്തിന്റെ തനതു വരുമാനത്തിലും ഗ്രാൻറുകളുടെ ഇനത്തിലും വർദ്ധനവ് ഉണ്ടാകുന്നതായി കാണാം. ഇതിൽത്തന്നെ കെട്ടിട നികുതി ഇനത്തിലാണ് പ്രകടമായ വർദ്ധനവുള്ളത്. തൊഴിൽ നികുതിയിലും സാമാന്യം തരക്കേടില്ലാത്ത വർദ്ധനവ് ഉണ്ടാകുന്നുണ്ട്. എന്നാൽ രണ്ട് സിനിമാ തീയേറ്ററുകൾ ഉണ്ടായിട്ടും വിനോദ നികുതിയിൽ കാര്യമായ വർദ്ധനവ് ഉണ്ടാകുന്നില്ല. സർക്കാർ തലത്തിലുള്ള ഗ്രാൻറുകളിലും ക്രമാനുഗതമായ വർദ്ധനവ് ഉണ്ടാകുന്നുണ്ട്. എന്നാൽ പുതിയ പഞ്ചായത്ത് രാജ് നിയമം നിലവിൽ വന്ന ശേഷം 1996-'97 സാമ്പത്തിക വർഷത്തിലെ നാളിതു വരെയുള്ള പ്രവണത വച്ച് അൺടൈഡ് ഫണ്ടിൽ നല്ല വർദ്ധനവ് വന്നിട്ടുള്ളതായി കാണുന്നുണ്ട്. എസ്റ്റാബ്ലിഷ്മെൻറ് ഗ്രാൻറ് ഇനത്തിൽ കഴിഞ്ഞ കുറെ വർഷങ്ങളായി പഞ്ചായത്തിന് ഫണ്ടൊന്നും ലഭിച്ചിട്ടില്ല.

ചിലവുകൾ:- പഞ്ചായത്തിന്റെ ഏറ്റവും പ്രധാന ചിലവിനങ്ങളിലൊന്ന് എസ്റ്റാബ്ലിഷ്മെൻറ് ചിലവാണ്. 1993-'94-ൽ വരുമാനത്തിന്റെ 30 ശതമാനത്തോളവും, '94-'95 -ൽ 30 ശതമാനവും, '95-'96-ൽ 25 ശതമാനത്തിൽ താഴെയും എസ്റ്റാബ്ലിഷ്മെൻറ് ചിലവ് വന്നതായി കാണാം. ഈ ചിലവിന്റെ തോത് കുറഞ്ഞുകൊണ്ടിരിക്കുന്നത് എന്തുകൊണ്ടും ശുഭോദർക്കമാണ്.

പൊതുമരാമത്ത് ചിലവിനത്തിൽ വരുമാനത്തിന്റെ 40 ശതമാനത്തിനടുത്ത് ചിലവഴിക്കപ്പെടുന്നുണ്ട്. പ്രധാനമായും റോഡുകളുടെ നിർമ്മാണത്തിനും മെയിൻറൻസിനുമാണ് ഈ പണം ചിലവഴിക്കപ്പെടുന്നത്. പഞ്ചായത്ത് വക റോഡുകളുടെയും മറ്റ് മരാമത്തുകളുടെയും പണികൾ സാധാരണ ഗതിയിൽ പഞ്ചായത്ത് നേരിട്ട് നടത്താറില്ല. പ്രധാനമായും കോൺട്രാക്ടറേയും നോമിനിയേയും ഉപയോഗിച്ചാണ് ഈ പണികൾ നടത്തുന്നത്. എന്നാൽ പഞ്ചായത്ത് നേരിട്ട് മരാമത്തു പണികൾ ചെയ്യുന്നതായാൽ ഇടനിലക്കാരുടെ ലാഭം ഒഴിവാക്കാനും ചിലവ് കുറക്കാനും കഴിയുന്നതാണ്.

പഞ്ചായത്തിൽ നിന്നും വർഷം തോറും ഒന്നര ലക്ഷത്തോളം രൂപാ വഴിവിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ ചിലവഴിക്കപ്പെടുന്നുണ്ട്. യഥാർത്ഥത്തിൽ വഴിവിളക്കുകളിൽ 90 ശതമാനവും കത്താതിരിക്കുന്ന അവസ്ഥയാണുള്ളത്.

പഞ്ചായത്തിന് നിലവിൽ കട വായ്പകളൊന്നും നിലവിലില്ല. അതുകൊണ്ടു തന്നെ കടം തിരിച്ചടവിനായി പഞ്ചായത്ത് പണം ചിലവഴിക്കേണ്ടതായി വരുന്നില്ല.

പ്രത്യക്ഷ ഉല്പാദന മേഖലയിൽ അടുത്തകാലത്തൊന്നും പഞ്ചായത്ത് പണം ചിലവഴിച്ചിട്ടില്ല.

ധനകാര്യസ്ഥാപനങ്ങൾ

പഞ്ചായത്തിനുള്ളിൽ പ്രവർത്തിക്കുന്ന ധനകാര്യസ്ഥാപനങ്ങളെ താഴെപ്പറയുന്ന വിധം തിരിക്കാം.

1. വാണിജ്യബാങ്കുകൾ
2. സഹകരണബാങ്കുകൾ
3. ബാങ്കേതര ധനകാര്യ സ്ഥാപനങ്ങൾ (സ്വകാര്യ പണമിടപാടു സ്ഥാപനങ്ങൾ, ചിട്ടി സ്ഥാപനങ്ങൾ തുടങ്ങിയവ)

1. പഞ്ചായത്തിലുള്ള പ്രധാന വാണിജ്യബാങ്കുകൾ പഞ്ചായത്തിന്റെ അതിർത്തി പ്രദേശങ്ങളായ കുറുപ്പംപടി, വളയൻചിറങ്ങര, കീഴില്ലം എന്നീസ്ഥലങ്ങളിലാണ് സ്ഥിതി ചെയ്യുന്നത്.

10/01

ബാങ്ക് ഓഫ് ഇന്ത്യാ ബ്രാഞ്ച്- കുറുപ്പംപടി, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ-വളയൻചിറങ്ങര, ഫെഡറൽ ബാങ്ക് -കീഴില്ലം എന്നിവയാണ് പ്രധാന വാണിജ്യ ബാങ്ക് ശാഖകൾ. കാത്തലിക് സിറിയൻ ബാങ്കിന്റെ ഒരു എക്സ്റ്റൻഷൻ കൗണ്ടർ പുല്ലുവഴിയിലും പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ അതിർത്തി മേഖലകളിൽ പ്രവർത്തിക്കുന്ന ഈ ബാങ്കുകളിൽ ഇടപാടു നടത്തുന്നവരിൽ നല്ലൊരു ഭാഗം പഞ്ചായത്തിന് പുറമേയുള്ളവരാണ്. ആയതിനാൽ പഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ ശേഖരിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. കൂടാതെ പഞ്ചായത്തിലെ പലരും പെരുമ്പാവൂരിലെ വാണിജ്യബാങ്കുകളുമായി ബന്ധപ്പെട്ടും ഇടപാടുകൾ നടത്തുന്നുണ്ട്. എങ്കിലും പൊതു വിലയിരുത്തലനുസരിച്ച് പഞ്ചായത്തിലെ നിക്ഷേപ വർദ്ധനവ് സംസ്ഥാന ശരാശരിയേക്കാൾ അല്പം താഴെയാണെന്ന് കാണാം. പ്രധാനമായും കാർഷിക വായ്പകളാണ് പഞ്ചായത്ത് മേഖലയിൽ വിതരണം ചെയ്യപ്പെടുന്നത്. ചെറുകിട വ്യവസായ മേഖലയിൽ ചെറിയ തോതിൽ വായ്പ വിതരണം ചെയ്യപ്പെടുന്നുണ്ട്. എങ്കിലും പഞ്ചായത്തിൽ നിന്നുള്ള നിക്ഷേപത്തിന്റെ 50 ശതമാനത്തിൽ താഴേ മാത്രമാണ് വായ്പയായി ഇവിടെത്തന്നെ വിതരണം ചെയ്യപ്പെടുന്നത്.

സഹകരണ ബാങ്കുകൾ

പഞ്ചായത്തിനുള്ളിൽ രണ്ട് സഹകരണ ബാങ്കുകളാണ് പ്രവർത്തിക്കുന്നത്.

1. കുറുപ്പംപടി സർവ്വീസ് സഹകരണബാങ്ക്
2. കീഴില്ലം സർവ്വീസ് സഹകരണബാങ്ക്.

ഇതിൽ കീഴില്ലം സഹകരണ ബാങ്ക് പഞ്ചായത്തിലെ VI, VII, VIII, IX, X, XI വാർഡുകൾ പ്രവർത്തന പരിധിയാക്കിയാണ് പ്രവർത്തിക്കുന്നത്. കുറുപ്പം പടി ബാങ്ക് പഞ്ചായത്തിലെ 1, 2, 3, 4, 5, 12 വാർഡുകൾ പ്രവർത്തന പരിധിയാക്കിയും കൂടാതെ പെരുമ്പാവൂർ മുനിസിപ്പാലിറ്റിയിലെ വാർഡുകളും, കൂവപ്പടി പഞ്ചായത്തിലെ ഐമുറി പ്രദേശവും കൂടി പ്രവർത്തന പരിധിയായുണ്ട്. ഈ രണ്ട് സഹകരണ ബാങ്കുകളിൽ നിന്നും കൂടുതലായി നല്കിയിട്ടുള്ളത് ഹ്രസ്വകാല വായ്പകളാണ്. ഇത് പ്രധാനമായും കാർഷിക വായ്പാ ഇനത്തിലാണ് വരുന്നത്. കാർഷിക വായ്പകൾ ഒരു പരിധി വരെ നിശ്ചിത കാലാവധിക്കകം തിരിച്ചടക്കപ്പെടുന്നുണ്ട്. എന്നാൽ മദ്ധ്യകാല, ദീർഘകാല വായ്പകൾ നല്ലൊരു പങ്ക് കുടിശ്ശികയാവുന്ന പ്രവണതയുണ്ട്. സഹകരണ ബാങ്കുകളിൽ എത്തുന്ന നിക്ഷേപം ഏതാണ്ട് പൂർണ്ണമായും വായ്പയായി വിതരണം ചെയ്യപ്പെടുന്നുണ്ട്.

സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളും, അംഗീകാരമുള്ളതും ഇല്ലാത്തതുമായ ചിട്ടി സ്ഥാപനങ്ങളും പഞ്ചായത്തിൽ ധാരാളമായിട്ടുണ്ട്. ജനങ്ങളിൽ ഭൂരിഭാഗവും പെട്ടെന്നുള്ള പണാവശ്യങ്ങൾക്ക് ഇവയെയാണ് സമീപിക്കുന്നത്. പഞ്ചായത്തിനുള്ളിലെ പണമിടപാടിൽ നല്ലൊരു വിഭാഗവും സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളാണ് നടത്തി വരുന്നത്. ഇതിന്റെ കൃത്യമായ കണക്കുകൾ ലഭ്യമല്ലെങ്കിലും അംഗീകൃതബാങ്കുകളുടെ ഇടപാടിന് തുല്യമായ വിധം പണമിടപാട് ഇവർ നടത്തുന്നതായി കാണാം.

ഗ്രാമീൺ കുടിയേറ്റ ഫലമായി പഞ്ചായത്തിൽ വൻ തോതിലുള്ള സമ്പത്ത് എത്തിച്ചേരുന്നില്ല. ഏകദേശം അഞ്ഞൂറോളം പേർ വിദേശത്തുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. ബഹുഭൂരിപക്ഷവും ഗൾഫ് നാടുകളിലാണ്. പാവപ്പെട്ടവരും ഇടത്തരക്കാരുമായ കുടുംബങ്ങളിൽ നിന്നാണ് കുടിയേറ്റം ഉണ്ടായിട്ടുള്ളത്. കുടിയേറ്റ ഫലമായി അവരുടെ സാമൂഹ്യ, സാമ്പത്തിക ചുറ്റുപാടുകൾ മെച്ചപ്പെട്ടിട്ടുണ്ടെന്ന് കാണാം. ഗൾഫ് വരുമാനത്തിൽ നല്ലൊരു പങ്കും കെട്ടിട നിർമ്മാണം ഉൾപ്പെടെയുള്ള ആഡംബര കാര്യങ്ങൾക്കാണ് വിനിയോഗിക്കപ്പെടുന്നത്. ഉല്പാദന മേഖലയിൽ ഈ രംഗത്തുള്ളവരുടെ മുതൽ മുടക്ക് തീരെ കുറവാണ്. അനുയോജ്യമായ സാഹചര്യം സംജാതമായാൽ ഇവരുടെ സമ്പാദ്യങ്ങൾ വ്യവസായ കാർഷിക മേഖലകളിലേക്ക് തിരിച്ചു വിടാൻ കഴിയുന്നതാണ്.

മനുഷ്യന്റെ അദ്ധ്വാനമാണ് വികസന പ്രവർത്തനത്തിൽ ഉപയോഗപ്പെടുത്താൻ കഴിയുന്ന പ്രധാന വിഭവം. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും തന്നെ സംഭാവനയും സന്നദ്ധ പ്രവർത്തനവും ഫലപ്രദമായി ഉപയോഗപ്പെടുത്തിക്കൊണ്ട് കഴിഞ്ഞ കാലങ്ങളിൽ നിരവധി നിർമ്മാണ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. തുടർന്നുള്ള വികസന പ്രവർത്തനങ്ങളിലും ഈ ഘടകങ്ങൾ പ്രയോജനപ്പെടുത്താൻ കഴിയുന്നതാണ്. വിവിധ ഗ്രാമസഭകളിൽ നിന്നും ഇത്തരം വാഗ്ദാനങ്ങൾ നിർലോഭമായി ഉയർന്നു വന്നിട്ടുണ്ട്.

ഈ രംഗത്തുള്ള പ്രധാന പ്രശ്നങ്ങൾ താഴെപ്പറയും വിധം പട്ടികപ്പെടുത്താം.

1. പഞ്ചായത്തിന്റെ വരുമാന സാദ്ധ്യതകൾ പൂർണ്ണമായി ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.
2. കരാറുകാരും, മറ്റ് ഇടത്തട്ടുകാരും തട്ടിയെടുക്കുന്ന അമിത ലാഭം.
3. പ്രാദേശിക ആവശ്യങ്ങൾക്കനുസരിച്ച് പദ്ധതികൾ തയ്യാറാക്കാനുള്ള അസൗകര്യങ്ങൾ.
4. സന്നദ്ധ പ്രവർത്തനങ്ങളെ ഫലപ്രദമായി ഉപയോഗിക്കാൻ സാധിക്കാത്ത സാഹചര്യം.
5. വായ്പകൾ എടുക്കുന്നതിലുള്ള താല്പര്യക്കുറവ്.

സാധ്യതകൾ, നിർദ്ദേശങ്ങൾ.

1. നികുതി വെട്ടിപ്പ് തടഞ്ഞ് നികുതി പിരിവ് കാര്യക്ഷമമാക്കുക.
2. പുതിയ സേവനങ്ങൾ നല്കി അവയ്ക്ക് ചാർജ്ജ് ഈടാക്കുക.
3. ഭരണച്ചിലവ് നിയന്ത്രിക്കുക.
4. പൊതുമരാമത്ത് പണികൾ, ഇടത്തട്ടുകാരെ ഒഴിവാക്കി പ്രാദേശിക കമ്മറ്റിയെക്കൊണ്ട് നടത്തിക്കുക.
5. സന്നദ്ധപ്രവർത്തനങ്ങളെ ഫലപ്രദമായും വിപുലമായും ഉപയോഗപ്പെടുത്തുക.
6. പഞ്ചായത്ത് നിയമം നല്കുന്ന പുതിയ നികുതിയധികാരങ്ങൾ പ്രയോജനപ്പെടുത്തുക.
7. കുറഞ്ഞ പലിശയ്ക്ക് നേടിയെടുക്കാൻ കഴിയുന്ന വായ്പകൾ തരപ്പെടുത്തുക
8. ലഘുസമ്പാദ്യപദ്ധതിയിൽ പരമാവധി നിക്ഷേപം ഉറപ്പു

വരുത്തുക. ഇതുവഴി നിക്ഷേപത്തിന്റെ 20 ശതമാനം തുക പഞ്ചായത്തിന് ലഭിക്കുന്നതാണ്.

9. തൊഴിലെടുക്കുന്ന മുഴുവനാളുകളിൽ നിന്നും തൊഴിൽ നികുതി കാര്യക്ഷമമായി പിരിച്ചെടുക്കുക.

10. റബ്ബർ തോട്ടങ്ങളിൽ നിന്ന് സെസ്സ് പിരിക്കുക.

11. അടിസ്ഥാന നികുതി പിരിക്കുന്നത് കുടിശ്ശിക വരാതെ അതാതു വർഷം പഞ്ചായത്തിന് ലഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക.

12. പഞ്ചായത്തിനുള്ളിലെ കരിങ്കൽ ക്വാറികളിൽ നിന്നും സംഭരിക്കുന്ന ഓരോ ലോഡ് കരിങ്കല്ലിനും പ്രത്യേക സെസ്സ് ഈടാക്കുക.

13. പഞ്ചായത്തു വകയായി കുറുപ്പംപടിയിലുള്ള ചിറ നികത്തിയെടുത്ത സ്ഥലത്ത് ഷോപ്പിംഗ് കോംപ്ലക്സ് കം ബസ് സ്റ്റാൻഡ് പണി കഴിപ്പിക്കുക. പണിക്കാവശ്യമായ പണം, മുറികൾ വാടകക്ക് കൊടുക്കാമെന്ന ഉറപ്പിൻമേൽ വാടകക്കാരാവാൻ താല്പര്യക്കാരായവരിൽ നിന്നും അഡ്വാൻസ് നിക്ഷേപമായി സംഭരിക്കാവുന്നതും കെട്ടിടം പണി പൂർത്തീകരിച്ച് കഴിഞ്ഞ് വാടക ഇനത്തിൽ വർഷം തോറും കുറവു ചെയ്യാവുന്നതുമാണ്. അങ്ങിനെ പഞ്ചായത്തിന്റെ പ്രത്യക്ഷമായ മുതൽ മുടക്കില്ലാതെ നല്ലൊരു വരുമാനം ഉണ്ടാക്കാൻ സാധിക്കുന്നതാണ്.

ഉപസംഹാരം

അൻപതാണ്ടുകളായി നിലനിൽക്കുന്ന വികസന സങ്കൽപ്പം, നാടിന്റെ ഐശ്വര്യവും പുരോഗതിയും ഉറപ്പു വരുത്തുന്നില്ല. നാടിന്റേയും നാട്ടാരുടേയും ഉൾത്തുടിപ്പുകളറിയാതെ, ഉന്നതങ്ങളിൽ നിന്നും നിർദ്ദേശിക്കപ്പെടുന്ന പദ്ധതികൾ അശാസ്ത്രീയവും ജനവിരുദ്ധവുമാണ്. റോഡും, പാലവും വഴിവിളക്കുമായാൽ വികസനമായി എന്ന ധാരണ നാമറിയാതെ നമ്മളിൽ രൂഢമൂലമാക്കപ്പെട്ടിരിക്കുകയാണ്. ഉൽപ്പാദന മേഖലയെ വികസന സങ്കല്പത്തിൽ നിന്നും അകറ്റി നിർത്തുന്ന സമീപനമായിരുന്നു നാളിതുവരെ. വികസനം ബ്യൂറോക്രസിയുടെ സങ്കുചിത താൽപ്പര്യങ്ങൾക്ക് വിധേയമാക്കപ്പെട്ടിരിക്കുകയായിരുന്നു. ഈ നില മാറിയേ തീരൂ. അടിമുടി അഴിമതിയിൽ കുളിച്ചു നിൽക്കുന്ന ഈ മേഖല ശുദ്ധീകരിക്കപ്പെടണം. ജനങ്ങളുടെ ഉറങ്ങിക്കിടക്കുന്ന സംഘശേഷിയെ തട്ടിയുണർത്തി, അവരുടെ നിതാന്ത ജാഗ്രതയെ ഊർജ്ജസ്വലമാക്കി, വികസന പ്രിക്രിയ പൂർണ്ണമാക്കുന്നതിലൂടെ പോരായ്മകൾ പരിഹരിക്കാനാവും.

ജനങ്ങളുടെ ജീവിത നിലവാരത്തെ പടിപടിയായി ഉയർത്തുന്ന സാമൂഹ്യ പ്രിക്രിയയാണ് വികസനം എന്ന യാഥാർത്ഥ്യം മനസ്സിലാകുമ്പോൾ സാമ്പത്തിക ഉൽപാദന മേഖലയിലെ നമ്മുടെ ദയനീയാവസ്ഥയെപ്പറ്റി ചിന്തിക്കാൻ ജനങ്ങൾ നിർബന്ധിതരാവുകതന്നെ ചെയ്യും. കാർഷിക വ്യാവസായിക മേഖല മുരടിച്ചാൽ വികസനം പുറകോട്ടാവും. ഈ യാഥാർത്ഥ്യത്തിന്റെ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് ഉദ്പാദന മേഖലയിൽ വളർച്ചയുടെ കുതിച്ചുചാട്ടം ഉറപ്പു വരുത്താൻ മുൻഗണന കൊടുക്കേണ്ടിയിരിക്കുന്നു. സാമൂഹ്യ രാഷ്ട്രീയ രംഗങ്ങളിലെ മുഴുവൻ തർക്കങ്ങളും മാറ്റിവച്ചുകൊണ്ട് വസ്തുനിഷ്ഠമായ തെളിവുകളുടെ അടിസ്ഥാനത്തിൽ പ്രശ്നങ്ങൾക്ക് പരിഹാരം കാണണം. അങ്ങിനെ പുതിയൊരു വികസന സംസ്ക്കാരം വളർത്തിയെടുക്കണം. കക്ഷി രാഷ്ട്രീയ ചിന്താഗതികൾക്കതീതമായി സമൂഹം ഒറ്റക്കെട്ടായി ഒരു മനസ്സോടെ വികസനത്തിന്റെ രാഷ്ട്രീയത്തിൽ സജീവമാകുമ്പോൾ നാടിന്റെ മുഖച്ഛായ തന്നെ മാറും. അങ്ങിനെ ഐശ്വര്യത്തിന്റെ, പുരോഗതിയുടെ, സമ്പൽ സമൃദ്ധിയുടെ ഒരു നവ കേരളം സൃഷ്ടിക്കാനുള്ള മഹത്തായ ജനമുന്നേറ്റത്തിൽ നമുക്കും പങ്കാളികളാകാം.

ഇന്നലെകളിലെ അനുഭവങ്ങളിൽ നിന്നും പഠിച്ച വിലയേറിയ പാഠങ്ങൾ ഉൾക്കൊണ്ടു കൊണ്ട്, ഇന്നിന്റെ യാഥാർത്ഥ്യങ്ങളെ വസ്തുതകളുടെ അടിസ്ഥാനത്തിൽ തിരിച്ചറിഞ്ഞുകൊണ്ട്, നാളെയുടെ നാളുകളെ, പുതിയ വികസന ദർശനത്തിന്റെ പശ്ചാത്തലത്തിൽ, സമ്പന്നവും, സമ്പൽസമൃദ്ധവുമാക്കാൻ കഴിയുമെന്ന നിറഞ്ഞ പ്രതീക്ഷയോടെ, ഈ വികസന റിപ്പോർട്ട്, രായമംഗലം ഗ്രാമ പഞ്ചായത്ത് വികസന സെമിനാർ മുമ്പാകെ സമർപ്പിക്കുന്നു. സമഗ്രമായ വിശകലനത്തിലൂടെ, ക്രിയാത്മകമായ വിമർശനങ്ങളിലൂടെ, സമ്പുഷ്ടമായ നിർദ്ദേശങ്ങളിലൂടെ, ഫലപ്രദമായ പരിഷ്ക്കരണത്തിലൂടെ ഈ റിപ്പോർട്ടിനെ സമ്പൂർണ്ണമാക്കുമെന്ന പ്രത്യാശയോടെ ....

Ajanthk

അഡ്വ: ആർ. അജന്തകുമാർ
(കൺവീനർ)



അധികാരം ജനങ്ങൾക്ക്

9-ാം പദ്ധതിയുടെ 35-40 ശതമാനം തുക തദ്ദേശ സ്ഥാപനങ്ങൾക്ക്.

ആസൂത്രണത്തിലും നിർവ്വഹണത്തിലും ജനപങ്കാളിത്തം.

ആസൂത്രണം താഴെ നിന്നും മുകളിലോട്ട്.

ജനലക്ഷങ്ങൾ കർമ്മരംഗത്തേക്ക്.

സമഗ്ര വികസനം നമ്മുടെ ലക്ഷ്യം

Cologne Graphics, Pbr, Phone : 525450